സ്വാതന്ത്ര്യത്തിന്റെ ചിത്രീകരണം

സ്വാതന്ത്ര്യത്തിന്റെ മാനിഫെസ്റ്റോ (ഭാഗം II)
Unni R; Benyamin (editors)
(Malayalam: Article)

© 2018–2020, Unni R; Benyamin

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Anselm Kiefer Ave Maria, an installation by Anselm Kiefer (b. 1945). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

എഴുത്തുകാരോട്ട് 4

പ്രാകൃതരെയും കാത്ത് 5

കടിയേറ്റം സ്വത്വം സ്വാതന്ത്ര്യം 6

പാമുക് സംസാരിക്കുമ്പോൾ 7

സ്വാതന്ത്ര്യത്തിന്റെ റേഷൻ 8

മൂന്ന് ചോദ്യങ്ങൾ 9

കെ. പി. കൃഷ്ണകുമാർ 10

ടാഗോറിന്റെ പ്രാർത്ഥന 11

ആനത്താരകളിൽ നിന്നും 12

ഭൂതകാലത്തിൽ നിന്നുള്ള 13

പ്രിയരഞ്ജൻലാൽ 14

ഡയറി 15

പച്ചില/പഴുത്തില, ... 16

ഈ നായ്ക്കളോടൊത്തുള്ള നടത്തം 17

സൈക്കിളും ഗിത്താർ സഞ്ചിയും 18

രക്തബന്ധങ്ങൾ / ചോരപ്പാടുകൾ 19

സാർത്രിന് അയച്ച കത്ത് 20

സ്വാതന്ത്ര്യം സ്നേഹമാണ് 21

ശരീരത്തിന്റെ ഊർജ്ജം 22

ചാർകോൾ സ്കെച്ച് 23

സ്വാതന്ത്ര്യത്തെ ഭാവനചെയ്യൽ 24

വിലയ്ക്കു വാങ്ങിയ സ്വാതന്ത്ര്യം 25

രക്ഷപെട്ട തടവുകാരൻ 26

ഇനിയും മരിച്ചിട്ടില്ലാത്ത 'സ്വാതന്ത്ര്യം' . . . 27

പെയിന്റിംഗ്, കന്യാസ്ത്രീ 28

എഴുത്തിന്റെ ഋതുക്കൾ 29

സത്യം സമത്വം സ്വാതന്ത്ര്യം 30

അതിമനോഹരമായ ഒരു 31

കലാകുശലനും അയാളുടെ വാച്ചും 32

സ്റ്റാലിന്റെ പ്രതിരോധകർക്ക് 33

ഒരു ചോദ്യം: 34

സാഫോയ്ക്ക് ഒരടിക്കുറിപ്പ് 35

ശോശ ജോസഫ് 36

സ്റ്റാലിനെതിരേ 37

മനസ്സ് എന്ന ഭാരം 38

ഇവൻ എന്റെ പ്രിയ സിജെ 39

പരിഭാഷകരുടെ രണ്ടാം പൗരത്വം 40

അവസാനത്തെ പാനോപചാരം 41

ഫോട്ടോ 42

വള്ളത്തോൾ, മോഹിനിയാട്ടം, ... 43

പെണ്ണൊരുമ്പെട്ടാൽ 44

'ഒറ്റപ്പെട്ട ആനന്ദങ്ങളി'ൽ നിന്ന് 45

സ്വാതന്ത്ര്യം തന്നെ ജീവിതം 46

പൊറുതിയും പൊറുതികേടും 47

ഹിറ്റ്ലറുടെ ആദ്യ ഫോട്ടോ 48

രണ്ടു ചോദ്യങ്ങൾ: 49

പ്രഭാകരൻ 50

സ്വാതന്ത്ര്യം, അരിപ്പക്കടലാസ് 51

ബറോഡ: രണ്ടു കാലങ്ങൾ 52

നോബൽ സമ്മാനം 53

പക്ഷം പിടിച്ചേ മതിയാകൂ 54

പോസ്റ്റുകാർഡ് സ്കെച്ച് 55

എഴുത്തുകാരോട്

—എൻ. എസ്. മാധവൻ

എഴുത്തുകാർ നേരിടുന്ന പ്രധാന വെല്ലുവിളി പൊതുബോധം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയമായ ശരികളെ അതിജീവിക്കുക എന്നതാണ്. ഇന്നത്തെ കാലത്ത് സെൻസറിങ് നേരിട്ട് ആരും നടത്തുന്നില്ല, പകരം എഴുത്തുകാരെക്കൊണ്ട് അതു സ്വയം ചെയ്യിക്കുന്നു. ഒരു കഥാപാത്രത്തിന്റെ പേര്, അല്ലെങ്കിൽ ഒരു സംഭാഷണ ശകലം, ചിലപ്പോൾ ഒരു കൃതി മുഴുവനും തന്നെ രാഷ്ട്രീയമായ ശരിതെറ്റുകളുടെ പേരിൽ ആക്രമിക്കപ്പെടുന്നു. അവരുടെ ലക്ഷ്യം എഴുത്തിന്റെ മുനയൊടിക്കുക എന്നതാണ്. അതുകൊണ്ട് സ്വയം സെൻസർ ചെയ്യാനുള്ള ത്വരയിൽ നിന്നുള്ള മോചനമാണ് എഴുത്തുകാർ ലക്ഷ്യമാക്കേണ്ട പരമമായ സ്വാതന്ത്ര്യം.

പ്രാകൃതരേയും കാത്ത്

—സി. പി. കവാഫി

ഈ പൊതുവേദിയിൽ നമ്മളാരെയാണ്
കാക്കുന്നത്?
പ്രാകൃതർ ഇന്നിവിടെ എത്തും.

സെനറ്റിലെന്താണ് ഒന്നും സംഭവിക്കാത്തത്?
സെനറ്റർമാരെന്താണ് നിയമങ്ങൾ
പാസ്സാക്കാത്തത്?

കാരണം പ്രാകൃതർ ഇന്നിവിടെ എത്തും.
ഇനിയെന്ത് നിയമങ്ങളാണ് സെനറ്റർമാർ
പാസ്സാക്കാൻ പോകുന്നത്?
പ്രാകൃതർ വന്ന് നിയമനിർമ്മാണം നടത്തിക്കോളും.

നമ്മുടെ ചക്രവർത്തി
എന്തിനാണിന്നിത്രനേരത്തേ എഴുന്നേറ്റ്,
നഗരത്തിന്റെ പ്രധാന കവാടത്തിൽ
പ്രൗഢിയോടെ, കിരീടവും ധരിച്ച്
സിംഹാസനത്തിലിരിക്കുന്നത്?

കാരണം പ്രാകൃതർ ഇന്നിവിടെ എത്തും.
ചക്രവർത്തി അവരുടെ സേനാപതിയെ
വരവേൽക്കാനായി കാത്തിരിക്കുന്നു.
അയാൾക്ക് കൊടുക്കാനായി
കുറെയേറെ പദവികളും ബഹുമതികളും മുദ്രവെച്ച
ആധാരച്ചുരുളുകളും നേരത്തെതന്നെ
അദ്ദേഹം തയ്യാറാക്കിയിരിക്കുന്നു.

എന്തിനാണ് നമ്മുടെ രണ്ട്
രാജ്യപ്രതിനിധികളും നീതിപതികളും
ചുവന്ന ചിത്രലങ്കാരമുള്ള മേലങ്കിയണിഞ്ഞുവരുന്നത്;
എന്തിനാണവർ സുഗന്ധക്കല്ല് പതിച്ചകൈവളകളും
തിളങ്ങുന്ന മരതകമോതിരവും അണിഞ്ഞിരിക്കുന്നത്;
എന്തിന്നാണവർ വിലപിടിപ്പുള്ള,
സ്വർണ്ണവും വെള്ളിയാലും
കൊത്തിയ ഊന്നുവടിയുമായിവരുന്നത്?

കാരണം പ്രാകൃതർ ഇന്നിവിടെ എത്തും.
മാത്രമല്ല അതവരുടെ കണ്ണ് മഞ്ഞളിപ്പിക്കും.

എന്തുകൊണ്ടാണ് യോഗ്യരായ പ്രഭാഷകർ
അവരുടെ പ്രസംഗത്തിനായി,
അവർക്ക് പറയാനുള്ളതുമായി
സാധാരണപോലെ പുറത്തിറങ്ങാത്തത്?

കാരണം പ്രാകൃതർ ഇന്നിവിടെ എത്തും.
പിന്നെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും
അവരെ ബോറടിപ്പിക്കും.

എന്തുകൊണ്ടാണ് പെട്ടെന്നീ
അസ്വസ്ഥതയും ആകുലതയും?
(ആളുകളുടെ മുഖം എത്ര ഗൗരവപൂർണ്ണമാണ്.)
നിരത്തുകളും നാൽക്കവലകളും
എന്താണിത്രെ പെട്ടെന്ന് ആളൊഴിഞ്ഞിരിക്കുന്നത്?
എല്ലാവരും വീടണഞ്ഞിരിക്കുന്നു, ചിന്തയിലാണ്ട്.

കാരണം രാത്രിയായെങ്കിലും
പ്രാകൃതരിവിടെ എത്തിയിട്ടില്ല.
കുറച്ചുപേർ രാജ്യാതിർത്തിയിൽ നിന്ന് വന്നിരുന്നു,
പ്രാകൃതരാരും ബാക്കിയില്ലെന്നവർ അറിയിച്ചു.

പ്രാകൃതരില്ലാത്ത നമ്മുടെ സ്ഥിതി എന്താവും?
അവർ ഒരുതരത്തിൽ ഒരു പരിഹാരമായിരുന്നു.

പരിഭാഷ: റാഫേൽ ജോസഫ്

കുടിയേറ്റം സ്വത്വം സ്വാതന്ത്ര്യം

—ദിവ്യ ബാലൻ

അനാദികാലം മുതൽ മനുഷ്യന്റെ രക്തത്തിലലിഞ്ഞു ചേർന്ന ചോദനകളിലൊന്നാണ് യാത്രകൾ. പറുദീസാ നഷ്ടത്തിൽ തുടങ്ങിയ അവന്റെ, അവളുടെ, അവരുടെ, അവർക്കുശേഷം വന്നവരുടെ പ്രയാണങ്ങൾ വൻകരകളെ ജനാധിവാസമുള്ളതാക്കി, സംസ്കാരങ്ങളെ ബഹുകരമാക്കി. അടക്കാനാവാത്തതും തടുക്കാനാവാത്തതുമായ വിവിധ ഘടകങ്ങൾ പലകാലങ്ങളിൽ മനുഷ്യനെ അനേക ദേശങ്ങളിലേക്ക് നയിച്ചുകൊണ്ടേയിരുന്നു. ആ ദേശാന്തരഗമനങ്ങൾ ചിലർക്ക് സ്വയം തെരഞ്ഞെടുപ്പുകൾ ആയിരുന്നെങ്കിൽ മറ്റു ചിലർക്ക് നിർബന്ധിത പ്രവർത്തിയായിരുന്നു. അവരെത്തിച്ചേർന്ന അപരിചിതനാടുകളിലെ സവിശേഷസാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് സ്വീകരണവും നിരാസവും നേരിട്ടവർ അസാധാരമായ വൈദഗ്ധ്യത്തോടെ തങ്ങളുടേതായ ഇടം കണ്ടെത്തുകയും അവിടങ്ങളിൽ താമസമാക്കുകയും ചെയ്തു. എന്നാൽ മടങ്ങിവന്നവരുടെ കൂടി ചരിത്രമാണ് പ്രവാസം. വൈരുധ്യങ്ങളുടെ ആകത്തുകയാണത് എന്നു പറഞ്ഞാലും തെറ്റാവില്ല. ജനിച്ചു വളർന്ന വീടും നാടുമുപേക്ഷിച്ചു ഗൃഹാതുരത്വത്തിന്റെ കെട്ടുമാറാപ്പും ചുമന്ന് അന്യദേശങ്ങളിൽ കുടിയേറിപ്പാർക്കേണ്ടി വന്നവന്റെ കഠിനയത്നങ്ങൾ പലപ്പോഴും അംഗീകരിക്കപ്പെട്ടപ്പോഴും പൊതുവിൽ പ്രവാസമെന്ന സാമൂഹിക പ്രക്രിയയുടെ സ്വീകാര്യത ചോദ്യം ചെയ്യപ്പെട്ടുകൊണ്ടേയിരിക്കുന്നു. പ്രത്യേകിച്ചും കുടിയേറ്റനിയമങ്ങളുടെ നിർവ്വഹണാധികാരം വെസ്റ്റ്ഫേലിയൻ നേഷൻ-സ്റ്റേറ്റുകളിൽ അധിഷ്ഠിതമാണെന്നിരിക്കെ. ഏതാണ്ട് രണ്ടു ദശാബ്ദം മുൻപുവരെ പിന്തുടർന്നിരുന്ന, കുടിയേറ്റം എന്നാൽ മൗലികമായും ഒരു സാമ്പത്തിക പ്രക്രിയയാണെന്ന, ചർച്ചകളിൽ നിന്ന് വ്യത്യസ്തമായി വർത്തമാനകാല കുടിയേറ്റങ്ങളെ രാഷ്ട്രങ്ങൾ അതിന്റെ ദേശീയവ്യവഹാരങ്ങളിൽ എങ്ങനെയാണ് രാജ്യസുരക്ഷയുമായി ബന്ധപ്പെടുത്തുന്നതെന്നതും ഇതിനോടനുബന്ധിച്ച് ചർച്ച ചെയ്യപ്പെടേണ്ടതാണ്.

ഒരു സ്റ്റേറ്റിന്റെ അടിസ്ഥാനപരമായ ഘടകങ്ങളായ ജനങ്ങൾ, ഭൂപ്രദേശം, പരമാധികാരം എന്നിവയെ ഏതുവിധേനയും സംരക്ഷിക്കുവാനുള്ള അധികാരം മറ്റൊരു മൂലഘടകമായ ഭരണകൂടത്തിൽ നിക്ഷിപ്തമാണ്. എന്തുതരം ഭരണവ്യവസ്ഥ നിലനിൽക്കുന്നു എന്നതനുസരിച്ച് നിയമങ്ങൾ ചുമത്തിയോ ബലം പ്രയോഗിച്ചോ ഒക്കെ ഭരണകൂടം ദേശീയതാൽപര്യം സാധിച്ചെടുക്കുകയും ചെയ്യും. സൈനിക-സമാന്തര സൈനിക-പോലീസ് ശക്തികളുടെ ഉപയോഗം എല്ലായിപ്പോഴും നീതീകരിക്കപ്പെടുന്നതും ഇതേ അടിസ്ഥാനത്തിലാണ്. ഇന്നു നിലനിൽക്കുന്ന ബഹുഭൂരിപക്ഷം ഭരണകൂടങ്ങളും തത്വത്തിലെങ്കിലും ജനാധിപത്യാധിഷ്ഠിതമായതിനാൽ ജനങ്ങളുടെ തിരഞ്ഞെടുപ്പിനെ കാലാകാലങ്ങളിൽ നേരിടേണ്ടതുണ്ട്. അധികാരം നേടിയെടുക്കുക എന്നതുപോലെ തന്നെ അധികാരത്തിൽ നിലനിൽക്കുക എന്നതും ദുർഘടമായതിനാൽ ജനങ്ങളെ വൈകാരികമായി കൂടെനിർത്തി രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ കഴിയുന്ന വിഷയങ്ങൾ അത്യന്താപേക്ഷിതമാണ്. ചിലപ്പോൾ അത് വർഗീയതയാവാം അല്ലെങ്കിൽ വംശീയത. ഇതു രണ്ടും കൂടിക്കുഴഞ്ഞ് എല്ലാത്തരം അരക്ഷിതത്വങ്ങൾക്കും വളക്കൂറുണ്ട് എന്നതിനാൽ വർത്തമാന കാലഘട്ടത്തിൽ ഏറ്റവുമധികം രാഷ്ട്രീയവൽക്കരിക്കപ്പെട്ട വാദവിഷയമാണ് കുടിയേറ്റം. 2001ലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണം മുതൽ കുടിയേറ്റമെന്നാൽ രാജ്യത്തിന്റേയും ജനങ്ങളുടെയും സുരക്ഷയെത്തന്നെ ബാധിക്കുന്ന വിപത്താണെന്ന രീതിയിലുള്ള സംഘടിത പ്രചാരണം സാമ്പത്തിക-വംശീയ വ്യാഖ്യാനങ്ങൾക്കപ്പുറമൊരുമാനംതന്നെ കൊടുത്തു. ഇത് ആഗോള-ഉദാരവത്ക്കരണത്തിന്റെ ഈ കാലത്തു പോലും നേഷൻ-സ്റ്റേറ്റുകളെ ശക്തിപ്പെടുത്തുകയും എവിടേക്ക് ആർക്കൊക്കെ എപ്പോഴൊക്കെ കടന്നുചെല്ലാമെന്ൻ തീരുമാനിക്കുന്നത് സ്റ്റേറ്റിന്റെ വിശേഷാധികാരമായി മാറുകയും ചെയ്തു. 1992-ൽ രൂപംകൊണ്ട, ഭാഗികമെങ്കിലും സ്വേച്ഛാനുസാരപരമായ പരമാധികാര സമർപ്പണം മുഖ്യതത്വങ്ങളിലൊന്നായ അതിദേശീയ/ 'സുപ്രാനാഷണൽ' സംഘടനയായ യൂറോപ്യൻ യൂണിയൻ പോലും എല്ലാ അംഗരാജ്യങ്ങൾക്കും ഒരേപോലെ സ്വീകാര്യമായ കുടിയേറ്റ നിയമം നടപ്പിൽ വരുത്തുന്നതിൽ വിജയിച്ചിട്ടില്ല എന്നത് ഈ വിഷയത്തിന്റെ വിവാദസ്വഭാവം വ്യക്തമാക്കുന്നുണ്ട്.

ഈയൊരു പശ്ചാത്തലത്തിൽനിന്ന് നോക്കിയാൽ, കുടിയേറ്റമെന്നത് മിക്കകാലത്തും അതാതു രാഷ്ട്രങ്ങളുടെ തീരുമാനങ്ങൾ ആണെന്നും പ്രവാസിയെന്നത് അവന്റെ തീരുമാനങ്ങൾക്കും വ്യവഹാരങ്ങൾക്കുമപ്പുറം ഒരു നിർമിതിയാണെന്നും വാദിക്കാവുന്നതാണ്. കൊളോണിയൽ കാലത്തെ കൂലിത്തൊഴിലാളി സമ്പ്രദായമായാലും ലോകയുദ്ധാനന്തരകാലത്തെ 'ഗസ്റ്റ് ആർബിറ്റർ' സമ്പ്രദായമായാലും ഇപ്പോൾ ബ്രിട്ടൺ അടക്കമുള്ള പലരാജ്യങ്ങളിലും നിലനിൽക്കുന്ന വൈദഗ്ദ്ധ്യാധിഷ്ഠിത തിരഞ്ഞെടുപ്പായാലും ഇത് ശരിവെക്കുന്നതാണ്. നിലവിൽ ഉൽപാദനക്ഷമതയുള്ള യുവജനതതിയുടെ കമ്മി വികസിതരാജ്യങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ ആണെന്നിരിക്കെ പ്രത്യേകിച്ചും. എന്നാൽ രാഷ്ട്രങ്ങളുടെ ഇത്തരത്തിലുള്ള സമ്പദ്ഘടന സംബന്ധമായ ആവശ്യങ്ങൾക്കപ്പുറം കുടിയേറ്റത്തിന് സാമൂഹികവും സാംസ്കാരികവുമായ തലങ്ങൾ ഉണ്ടെന്നത് ഗൗനിക്കാതിരിക്കാനാവില്ല. ഉദാഹരണത്തിന്, കൊളോണിയൽ ബ്രിട്ടണിലേക്ക് പതിനേഴാം നൂറ്റാണ്ടിലും പത്തൊൻപതാം നൂറ്റാണ്ടിലും സാവധാനത്തിൽ കുടിയേറിയ എണ്ണത്തിൽ നിസ്സാരമായ ഇന്ത്യക്കാരെ തദ്ദേശീയർ നോക്കിക്കണ്ടത് അവരുടെ അപ്രമാദിത്വത്തിന്റെ കീർത്തിമുദ്രകൾ എന്ന രീതിയിൽ ആയിരുന്നെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടു കൂടിത്തന്നെ മനോഭാവത്തിലെ മാറ്റം പ്രകടമാണെന്ന് അമർത്യ സെൻ അടക്കമുള്ളവർ നിരീക്ഷിക്കുന്നുണ്ട്. കുടിയേറ്റക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിത്തുടങ്ങുന്നതോടെ ബ്രിട്ടൺ അടക്കമുള്ള മിക്ക യൂറോപ്യൻ രാജ്യങ്ങളും അവരുടെ നിയമങ്ങൾ ശക്തമാക്കുകയാണ് ചെയ്തത്. വംശീയത അടിസ്ഥാനമാക്കിയുള്ള തിരഞ്ഞെടുപ്പുകളും തിരസ്കരണങ്ങളും വർഗ്ഗബന്ധനിയമങ്ങളും ആ കാലഘട്ടത്തിന്റെ സവിശേഷതകളായിരുന്നെങ്കിൽ അവയെയൊക്കെ അട്ടിമറിച്ച് കുടിയേറ്റങ്ങൾ നടന്നുകൊണ്ടേയിരുന്നു. ആദ്യകാല താത്ക്കാലിക-കൊളോണിയൽ കുടിയേറ്റങ്ങൾക്കു വിരുദ്ധമായി കുടുംബത്തോടൊത്തുള്ള വരവ് തുടങ്ങുന്നതും ഇതേ സമയത്തു തന്നെയാണ്.

കുടുംബത്തിന്റെ സാന്നിദ്ധ്യം അതുവരെയും സ്വകാര്യ സംഗതിയായി നിവർത്തിച്ചുപോന്ന ഗോത്ര-മത-സാംസ്കാരികമായ ശീലാചാരങ്ങൾ പൊതു ഇടങ്ങളിലേക്കു കൂടി വ്യാപിക്കുകയും കുടിയേറ്റത്തിന്റെ സ്വഭാവം സ്ഥിരമായതാവുകയും ചെയ്തു. പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളുടെ പൊതുവിൽ കരുതപ്പെടുന്ന സാംസ്കാരിക ഏകാത്മകതയെ തച്ചുടച്ച് അവിടങ്ങളെ ഭിന്നജാതീയമാക്കിത്തീർക്കുകയും റദ്ദാക്കാൻ സാധിക്കാത്തവിധം പരിസരങ്ങളെ മാറ്റിത്തീർക്കുകയും ചെയ്തു. ബൃഹത്തായ ദേവാലയങ്ങളുടെ നിർമ്മാണങ്ങൾ, പ്രാദേശിക സംഘടനകളുടെ ആവിർഭാവം, സാംസ്കാരികാവശ്യങ്ങൾ നിവർത്തിക്കുന്നതിനാവശ്യമായ വ്യവസായ സംരംഭങ്ങളുടെയും ചെറിയ ചെറിയ കടകളുടെയും സ്ഥാപിക്കൽ, ഒറ്റതിരിഞ്ഞു പാർക്കൽ എന്നിങ്ങനെ ഒരുവശത്ത് പ്രവാസി സമൂഹം തങ്ങളുടേതായ ഒരിടം നേടിയെടുത്തപ്പോൾ മറുവശത്ത് ഇവയെയൊക്കെ പ്രതിരോധിക്കാൻ സ്റ്റേറ്റ് അതിന്റെ അധികാരങ്ങളെ ഉപയോഗിക്കുകയാണ് ചെയ്തത്. ഇതിന്റെ ദൂരവ്യാപകമായ പരിണതഫലം കുടിയേറ്റം മനുഷ്യവികസനത്തിന്റെ അടിസ്ഥാനാവകാശമാണെന്ന കാന്റിയൻ (Kantian) സങ്കൽപ്പത്തെ അട്ടിമറിച്ചുകൊണ്ടും വംശീയവാദമായി മാറിയെന്നുള്ളതാണ്. കുടിയേറ്റം അതിനുവശപ്പെട്ട എല്ലായിടങ്ങളെയും ദൃഷ്ടാന്തമില്ലാത്തവണ്ണം 'അതിവൈവിധ്യ'വൽക്കരിക്കുന്നതിനാൽ ദേശീയസ്വത്വം കളങ്കപെട്ട് ക്ഷയിച്ചുപോകുന്നതായും രാഷ്ട്രം ശിഥിലീകരിക്കുന്നതായുമുള്ള തീവ്രദേശീയവാദികളുടെ പ്രചാരണം പ്രവാസികളെ ഒന്നടങ്കം പ്രതിക്കൂട്ടിൽ ആക്കുന്നുണ്ട്. മതാധിഷ്ഠിത ഭീകരപ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം കൂടി ഇവരുടെ ചുമലിലേക്കാവുന്നതോടുകൂടി ജീവിതനിലവാരം മെച്ചപ്പെടുത്താനായി സ്വന്തം നാടുവിട്ടെത്തിയവർ അവരെത്തിപ്പെട്ട സമൂഹത്തിലെ എല്ലാ ദുഷിപ്പുകൾക്കും സാമൂഹിക അസമത്വങ്ങൾക്കും വരെ ഉത്തരം പറയേണ്ടിവരുന്നു. ഇതിനൊക്കെ ശക്തി പകർന്നുകൊണ്ട് മാധ്യമങ്ങളും പൗരവൃന്ദവും ഇവർക്കെതിരെ തിരിയുകയും ചെയ്യുന്നു. പൊതുവിൽ ലോകത്തെവിടെ നോക്കിയാലുമിന്ന് കാണാൻ കഴിയുന്ന വംശീയ വിദ്വേഷത്തിനും കുടിയേറ്റ വിരുദ്ധതയ്ക്കുമുള്ള വമ്പൻ സ്വീകാര്യത പ്രവാസികളുടെ ജീവിതത്തെയും ഒട്ടൊന്നുമല്ല ബാധിക്കുന്നത്. അവന്റെ സ്വത്വം പുനർനിർമ്മിക്കപ്പെടുന്നതിൽ ഈ സാഹചര്യങ്ങൾക്കുള്ള പങ്ക് ചെറുതല്ലാത്തതുകൊണ്ട്തന്നെ പ്രവാസിയെന്ന വിളിപ്പേരിൽ ഊറ്റം കൊണ്ടിരുന്ന ഒരു തലമുറയ്ക്ക് മുന്നും പിന്നും എന്നൊരടയാളപ്പെടുത്തൽ ആവശ്യമാണെന്ന് തോന്നുന്നു.

ഗൾഫ് രാജ്യങ്ങളെയെടുത്താൽ അവിടങ്ങളിലേക്കു പോകുന്ന മറ്റു വികസ്വരരാജ്യങ്ങളിലെ അർദ്ധവിദഗ്ധ-അവിദഗ്ധ തൊഴിലാളിസമൂഹം പൗരത്വം ലഭിക്കാത്തതിനാൽ തങ്ങളുടെ പറിച്ചുനടലിനെ താത്ക്കാലികമായ ഒരു പ്രക്രിയയായാണ് കാണുന്നത്. ഉള്ളകാലം കൊണ്ട് പറ്റാവുന്നിടത്തോളം സമ്പാദിച്ച് നാട്ടിലേക്ക് തിരിച്ചുവരാനായി പോകുന്ന എക്സ്പാടിയേറ്റുകളാണവർ. ആ താത്ക്കാലികത അവരെ അവിടുത്തെ പൊതുസമൂഹത്തിൽ നിന്ന് ഒരുതരത്തിൽ അകലംപാലിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. തിരിച്ചുവരവ് മറ്റു ദേശങ്ങളിലേക്ക് ചേക്കേറിയവരെ സംബന്ധിച്ച് നടക്കാൻ സാധ്യതകുറവായ ഒരു മിഥ്യയാണെങ്കിൽ ഗൾഫിലേക്ക് പോകുന്നവർക്കതൊരു അനിവാര്യതയാണ്. തൊഴിൽ നിയമങ്ങളുടെ മാറ്റമാണവരെ അധികമായി ബാധിക്കുന്നത്. എന്നാൽ പ്രവാസി ജീവിതത്തിന്റേതായ എല്ലാ ഗൃഹാതുരത്വവും അനിശ്ചിതത്വവും അരക്ഷിതത്വവും ഇവരിലും കാണാം.

പ്രവാസിയെ സംബന്ധിച്ചിടത്തോളം അവന്റെ സ്വത്വം വലിയൊരളവിൽ നിർണയിക്കപ്പെടുന്നത് പ്രവാസത്തിന് മുൻപും അതിനുശേഷവുമുള്ള സ്വാനുഭവങ്ങളുടെ ആകെത്തുകയായാണ്. പ്രവാസത്തിന് മുൻപ് അസ്തിത്വപരമായ പ്രതിസന്ധിഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ടാവാമെങ്കിലും പ്രവാസത്തിനുശേഷമുള്ള വ്യക്തിത്വം നഷ്ടപ്പെടലോ പുതുക്കിപ്പണിയലോ അവനെ എന്നന്നേക്കുമായി മാറ്റിമറിക്കുന്നുണ്ട്. അവന് ചിരപരിചിതങ്ങളായ ഒരുപാട് സ്വാതന്ത്ര്യങ്ങളെ ഇല്ലാതാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, മതാചാരപ്രകാരമുള്ള ചില ചിഹ്നങ്ങളുടെ പൊതുഇടങ്ങളിൽ ഉപയോഗം അതുമല്ലെങ്കിൽ ചില പ്രത്യേക വസ്ത്രധാരണരീതികളൊക്കെ ഈയൊരു ഡിസ്ക്കോഴ്സിലെ പ്രധാനപ്പെട്ട ദൃഷ്ടാന്തങ്ങളാണ്. അതുപോലെ തന്നെ ചെന്നെത്തുന്നയിടങ്ങളിലെ പൗരസമൂഹം എങ്ങനെകാണുന്നു എന്നതും പ്രവാസികളുടെ സ്വത്വരൂപീകരണത്തിന്റെ അളവുകോലാണ്. ഇങ്ങനെയൊക്കെ ഉണ്ടായിവരുന്ന പല അടരുകളുള്ള പ്രവാസസ്വത്വം മിക്കപ്പോഴും അവനെ ചെന്നയിടങ്ങൾക്ക് അനുരൂപപ്പെടുത്തുന്നുണ്ട്. അപരത്വവൽക്കരിക്കപ്പെടുന്നൊരു സമൂഹത്തിലെ അതിജീവനത്തിന് അതവനെ പ്രാപ്തനാക്കുന്നുമുണ്ട്. അത്തരത്തിൽ നോക്കിയാൽ അതിജീവനത്തിന്റെ ചരിത്രമാണ് പ്രവാസത്തിന്റെ ചരിത്രം.

പാമുക് സംസാരിക്കുമ്പോൾ

—കൃഷ്ണ അനുജൻ

കൊച്ചിയിൽ നിറയെ പുസ്തകങ്ങളുള്ള ഒരു വീട്ടിലാണ് ഞാൻ വളർന്നത്. പോയ സ്ഥലങ്ങളിൽ നിന്നെല്ലാം ഞാനും അമ്മയും ചേർന്ന് പുസ്തകങ്ങൾ വാങ്ങിച്ചു കൂട്ടി പുസ്തകപ്രദർശനങ്ങൾ, പഴയ പുസ്തകങ്ങൾ വിൽക്കുന്ന കടകൾ, ഒരിക്കൽ ഡൽഹിയിലെ വഴിയോരങ്ങളിൽ നിന്നു പോലും. പതുക്കെ, മുക്കും മൂലയും വായിച്ചവയും വായിക്കാത്തവയും ആലോചിച്ചുവാങ്ങിയവയും വെറുതെ സമ്മാനമായി കിട്ടിയവയുമായ പുസ്തകങ്ങൾകൊണ്ട് നിറഞ്ഞു. വൈദ്യുതിബിൽ അടച്ചതിന്റെ രശീതികളും നനച്ചുണക്കിയ വസ്ത്രങ്ങളും ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഉപകരണങ്ങളും അമ്മൂമ്മ ഒളിപ്പിച്ചുവെക്കുന്ന സുഗന്ധദ്രവ്യങ്ങളും പുസ്തകങ്ങൾക്കൊപ്പം ഇടം പങ്കിട്ടു. അങ്ങനെയാണ്, പതിനാലുവയസ്സിൽ ഞാൻ ഓർഹൻ പാമുക്കിന്റെ ഇസ്താൻബുൾ വായിക്കാൻ ഇടയായത്. ഇംഗ്ലീഷ്, അമേരിക്കൻ സാഹിത്യം പതിവായി വായിച്ചുവളരവേയാണ് പാമുക് ഒരു മുഴുവൻ പുതിയ ലോകം എനിക്കു മുൻപിൽ തുറന്നിട്ടത്. പെട്ടെന്ന്, കൊച്ചിയോടു കിടക്കുന്ന ഒരു പട്ടണത്തിലെ പെൺകുട്ടിക്ക് ടർക്കിയിലെ ഇസ്താൻബൂളിൽ വളരുന്ന ഒരു ആൺകുട്ടിയെ മനസ്സിലാക്കാൻ സാധിച്ചു. ആദ്യത്തെ പരിചയപ്പെടൽ അതായിരുന്നു.

പതിനൊന്നു കൊല്ലങ്ങൾക്കും ആയിരക്കണക്കിനു കിലോമീറ്ററുകൾക്കും സ്നോ. മൈ നെയിം ഈസ് റെഡ് എന്നീ രചനകൾക്കും (മറ്റു ചില ആഗോളനോവലുകൾക്കും) ഇപ്പുറം ഞാൻ കൊളംബിയ യൂണിവേഴ്സിറ്റിയിലെ പുലിസ്റ്റർ ഹാളിൽ ഓർഹൻ പാമുകുമായി ആദം കിർഷ് സംവദിക്കുന്നതിനു സാക്ഷിയായി. ആദം കിർഷ് ആയിടെയാണ് ആഗോളനോവൽ എന്ന വിഷയത്തെക്കുറിച്ചുള്ള ഏതാനും ലേഖനങ്ങളുടെ സമാഹാരം പുറത്തിറക്കിയത്. കൊളംബിയ യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് ജേർണലിസം പ്രശസ്തരായ പ്രാസംഗികരുടെ ആവേശം കൊള്ളിക്കുന്ന പ്രഭാഷണങ്ങൾ സംഘടിപ്പിക്കുമ്പോൾ പല തുറകളിലുമുള്ള സദസ്യർ എത്തിച്ചേരാറുണ്ട്. അറിവിന്റെ ശരിയായ ഇരിപ്പിടം തന്നെയാണത്. ശിശിരം അവസാനിക്കാറായിരുന്നു. വല്ലാത്ത തണുപ്പുള്ള ആ സന്ധ്യയിലും ഹാൾ നിറഞ്ഞു കവിഞ്ഞിരുന്നു. എന്റെ സുഹൃത്ത് എനിക്കായി കരുതിവെച്ചിരുന്ന ഇരിപ്പിടത്തിലേക്ക് പാമുകിന്റെ ഓട്ടോഗ്രാഫിനായി കയ്യിലെടുത്തിരുന്ന ദി ബ്ലാക്ക് ബുക്കിന്റെ കോപ്പിയുമായി ഞാൻ നീങ്ങി.

ഓർഹൻ പാമുക് വേദിയിൽ ഇരിക്കുകയാണ്. സ്യൂട്ട് ധരിച്ച, മെലിഞ്ഞു നീണ്ട, ഒരു പശ്ചിമേഷ്യൻ സ്റ്റീഫൻ ഹോക്കിങ്ങിനെ എവിടെയോ ഓർമ്മിപ്പിക്കുന്ന രൂപം. കുറച്ചുകൂടി ചെറുപ്പവും വലിപ്പവുമുള്ള ആദം കിർഷ്-ന്യൂയോർക്കുകാരൻ എന്നു സംശയം—അദ്ദേഹത്തിന്റെ വലതുവശത്തും. രണ്ടു വൈജ്ഞാനികൾ തമ്മിലുള്ള ഒരു സംസാരമാണ് നടക്കാൻ പോകുന്നത്; പാമുക് അത്ര വാഗ്മിയൊന്നുമല്ല എന്ന് ആരോ എനിക്കൊരു താക്കീതും തന്നിരുന്നു. നീണ്ട ഏകതാനമായ ഒരു സംഭാഷണത്തിന്റെ സൂചനകളെല്ലാം വായുവിലുണ്ടായിരുന്നു. എങ്കിലും, വളർന്നു എന്നു തോന്നിച്ചകാലത്ത് ഞാൻ ആരാധിച്ചിരുന്ന ഈ മനുഷ്യനെ കേൾക്കുവാൻ തന്നെ ഞാൻ ഉറച്ചിരുന്നു. എന്താണ് ആഗോളനോവൽ? എന്ന പൊള്ളിക്കുന്ന ചോദ്യവുമായാണ് പാമുക് സംഭാഷണം ആരംഭിച്ചത്. വൈജ്ഞാനികർക്ക് തുടക്കത്തിൽതന്നെ നിർവചനങ്ങൾ ലഭിക്കണം. ഞങ്ങൾ അങ്ങനെയാണ് പ്രവർത്തിക്കുന്നത്. പ്രകോപിപ്പിക്കുന്ന, അധികവും നല്ലതല്ലാത്ത രീതിയിൽ ഉപയോഗിക്കുന്ന ഒരു വാക്കാണ് അത് എങ്കിലും, സാഹിത്യത്തിലെ നല്ല സംജ്ഞകളിൽ ഒന്നാണതെന്ന് ആദം കിർഷ് വിശദീകരിച്ചു. ദേശീയ സാഹിത്യത്തിന്റെ കാലം അവസാനിച്ചിരിക്കുന്നു. എങ്കിലും പരക്കെ വായിക്കപ്പെടുന്ന പലതും ആഴത്തിൽ വായിക്കപ്പെടുന്നില്ല എന്നത് ആശങ്കയുണർത്തുന്നു. സാഹിത്യത്തിന്റെ ആഗോള സ്വഭാവവും അതിന്റെ അന്താരാഷ്ട്രപ്രശസ്തിയും തമ്മിൽ ബന്ധപ്പെട്ടാണിരിക്കുന്നതെന്ന് പാമുക് ചൂണ്ടിക്കാട്ടി. ഇതിനു വളംവെച്ചു കൊടുക്കുന്ന എഴുത്തുകാരൻ നഷ്ടമാകുന്നത് സമർപ്പണമനോഭാവമുള്ള ദേശീയ വായനക്കാരാണോ അതോ അന്താരാഷ്ട്ര വായനസമൂഹമാണോ എന്ന് പലരും എന്നോടും ചോദിക്കാറുണ്ട്. എഴുത്തുഭാഷ തന്നെ ഇംഗ്ലീഷ് ആയ ഇംഗ്ലീഷ്-അമേരിക്കൻ എഴുത്തുകാർക്ക് ഇതു കുറച്ചുകൂടി എളുപ്പമാണ്. കാരണം ഇംഗ്ലീഷ് ഇന്നൊരു ആഗോള-മാദ്ധ്യമമാണ്. പ്രത്യേക ദേശങ്ങൾ, ഇടങ്ങൾ, സംസ്കാരങ്ങൾ ഇവയെക്കുറിച്ചെഴുതുന്ന ആഗോള എഴുത്തുകാരിൽ രണ്ടു തരക്കാരുണ്ട് എന്ന തന്റെ അഭിപ്രായത്തെക്കുറിച്ചും പാമുക് സംസാരിച്ചു. ഒരു കൂട്ടർ ഒരു പ്രത്യേക പ്രദേശത്തെ വായനക്കാർക്കുവേണ്ടി മാത്രം എഴുതുകയും അതിൽനിന്ന് പ്രശസ്തിയാർജ്ജിക്കുകയും ചെയ്യുന്നു. മറ്റേക്കൂട്ടർ, കസുവോ ഇഷിഗുരോവിനെപ്പോലെയുള്ള ചിലർ, ആഗോളവായനാസമൂഹത്തെ ലക്ഷ്യമാക്കിത്തന്നെ എഴുതുന്നു.

ആഗോളവായനാസമൂഹത്തെ മാത്രം ഉദ്ദേശിച്ചെഴുതുന്ന ഒരു നോവൽ പ്രാദേശികവും സവിശേഷവുമായ വിശദാംശങ്ങളെ പെരുപ്പിച്ചുകാട്ടുന്നു. എന്നാൽ ഒരു പാമുക് നോവലിൽ നിന്ന് എപ്പോഴും ഞാൻ പുറത്തുകടക്കുക ടർക്കിയിലെ തെരുവുകളുടെ ഗന്ധം ചുമന്നുകൊണ്ടാവും. ആഗോളവായനക്കാരൻ ഒരു ദേശത്തിന്റെ ആധികാരികതയിൽ വളരെയധികം ശ്രദ്ധിക്കുന്നുണ്ടോന്നതിനെക്കുറിച്ച അദ്ദേഹം തികച്ചും ബോധവാനാണെന്നു തോന്നി. എന്നാൽ ഇത് നോവലിന്റെ ചരിത്രവുമായാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ദേശരാഷ്ട്രങ്ങളുടെ ഉയർച്ചക്കൊപ്പം തന്നെയാണ് നോവലിന്റെ പ്രശസ്തിയും വർദ്ധിച്ചത്. പുഷ്പിപ്പെട്ടുവരുന്ന മദ്ധ്യവർഗ്ഗത്തിന് ആസ്വദിക്കാൻ സാധിക്കുന്നതും വിലകുറഞ്ഞതും സുലഭവുമായ ഒരു മാദ്ധ്യമമായിരുന്നു നോവൽ. ഉപയോഗിച്ച പുസ്തകങ്ങൾക്കിടയിൽ നിന്നു വാങ്ങിയ ദി ബ്ലാക്ക് ബുക്ക് നോക്കി ഞാൻ നന്നായൊന്നു തലകുലുക്കി. പക്ഷേ, വിശദാംശങ്ങൾ പ്രാദേശികതലത്തിൽ മാത്രമേ ആസ്വദിക്കപ്പെടുന്നുള്ളൂ, അദ്ദേഹം പറഞ്ഞു. തങ്ങളുടെ ജീവിതത്തിന്റെ കൊച്ചു കൊച്ചു വിശദാംശങ്ങൾ കലയുടെ ഉയർന്ന തലങ്ങലിലേക്ക് ഉയർത്തപ്പെട്ടു കാണുന്നത് ആളുകൾക്ക് ഇഷ്ടമാണ്. തികച്ചും സാധാരണമായതിന്റെ വിവരങ്ങളാണ് വായനക്കാരെ അദ്ദേഹത്തിന്റെ കൃതികളിലേക്ക് ഇത്രയും വലിച്ചടുപ്പിക്കുന്നത് എന്നു ഞാൻ അനുമാനിച്ചു.

ഒരു നോവലിനെ ആഗോളവത്ക്കരിക്കുന്നതിന് രണ്ടു മാർഗ്ഗങ്ങൾ ഉണ്ടെന്ന് കിർഷ് വാദിച്ചു; ഒരു ജനവിഭാഗത്തെയോ ഒരു പ്രദേശത്തെയോ ബന്ധപ്പെടുത്താതെ കഥ പറയാം-കാഫ്ക ചെയ്യുന്നതു പോലെ- അല്ലെങ്കിൽ ഫോക്നറോ പാമുകോ ചെയ്യുന്നതുപോലെ വിശാംശങ്ങളുടെ സമൃദ്ധികൊണ്ട് ആഗോളവായനാസമൂഹത്തെ പ്രാദേശികമായ അനുഭങ്ങളിലേക്ക് ഉയർത്തിക്കൊണ്ടുവരാം. ഒരു എഴുത്തുകാരൻ അതിനു ശ്രമിക്കുകതന്നെ വേണമെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്. വിജയം നേടിയ ഒരു കൃതി ഒരിക്കലും ഒരു ഗൂഢാലോചനയല്ല, അദ്ദേഹം പറഞ്ഞു. എന്തുകൊണ്ടാണ് നമുക്ക് അവ്യക്തമായ വിവരണങ്ങൾ നിറഞ്ഞ ഒരു കൃതി ഇഷ്ടപ്പെടാൻ കഴിയാത്തത് എന്നതിനെക്കുറിച്ച് അദ്ദേഹം വളരെ എളുപ്പമായി എന്നാൽ വളരെ കൃത്യമായി നടത്തിയ വിശകലനം എന്നെ ഞെട്ടിച്ചുകളഞ്ഞു—നാം അന്യരാണെന്ന തോന്നൽ ഉണ്ടാകുന്നതുകൊണ്ട്. ഉള്ളടക്കത്തെ ആധാരമാക്കിയാണ് ആസ്വാദനം സംഭവിക്കുന്നതെന്നും അദ്ദേഹം നിരീക്ഷിച്ചു. അദ്ദേഹത്തിന്റെ നോവലുകളിൽ പലതിനും വ്യത്യസ്ത രാജ്യങ്ങളിൽ ലഭിച്ചിട്ടുള്ള പ്രശസ്തിയുടെ അളവിനും വ്യത്യാസമുണ്ടത്രേ. 9 / 11 ന്റെ കാലത്ത് അദ്ദേഹത്തിന്റെ സ്നോ എന്ന നോവലിന്, അത് ടർക്കിയിലെ ഇസ്ലാം തീവ്രവാദ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതായതുകൊണ്ട് അമേരിക്കയിൽ നല്ല പ്രചാരം ലഭിച്ചു. ടർക്കിയിലാകട്ടെ, ഇതിവൃത്തം പുതുമയില്ലാത്തതായതുകൊണ്ടാവാം, വായനക്കാരെ അത്രക്ക് ആകർഷിച്ചില്ല.

ചില സംസ്കാരങ്ങളുടെ അടച്ചുറപ്പാക്കിയ സ്വഭാവത്തെക്കുറിച്ച് പാമുക് സൂചിപ്പിച്ചിട്ടുള്ളതുകൊണ്ട് കിർഷ് 'സ്നോ'യിലെ അവസാനവാചകത്തെക്കുറിച്ച് ചോദിച്ചു; അതിലെ പ്രധാന കഥാപാത്രമായ ഫാസിൽ 'ഞങ്ങളെ ആർക്കും മനസ്സിലാവില്ല' എന്ന പ്രസ്താവനയോടെയാണ് നോവൽ അവസാനിപ്പിക്കുന്നത്. പുസ്തകം വായിച്ച് അവിടംവരെയെത്തിയിട്ടും മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് നിങ്ങൾ എങ്കിൽ വായിച്ചത് വെറുതെയായി എന്നാണ് അർത്ഥമെന്ന് പാമുക് ലളിതമായി ഉത്തരം നൽകി. ഫാസിൽ ദേശീയമായ തീവ്രവാദത്തിൽ വിശ്വസിക്കുന്ന ആളാണ്, അത് ഞാനല്ല, അവനെ ആരെങ്കിലും മനസ്സിലാക്കണമെന്നു അവൻ ആശിച്ചിരുന്നു. അത് അവന്റെ ആഗ്രഹമാണ്. പിന്നെ ഫാസിലിന്റെ പ്രതിധ്വനിയെന്നപോലെ അദ്ദേഹം ചോദിച്ചു. ആഗോളം എന്ന വാക്ക് നല്ല അർത്ഥത്തിൽ തന്നെ ഉപയോഗിക്കണം എന്നുണ്ടോ? ടർക്കിയും യൂറോപ്പും തമ്മിലുള്ള ബന്ധം വേണ്ടവിധം നിർവചിക്കപ്പെടാതിരുന്ന ഒരു കാലഘട്ടത്തിൽ ടർക്കിയിൽ വളരാൻ ഇടയായതിൽ നിന്നാണോ ദേശീയവാദവും ആഗോളവാദവും തമ്മിലുള്ള ഈ ഉരസൽ ഉണ്ടായിട്ടുണ്ടാവുക എന്ന് കിർഷ് ശങ്കിച്ചു. ആ ഉരസലല്ല ഇവിടെ പരാമർശിക്കപ്പെട്ടത് എന്ന് പാമുക് മറുവാദം ഉന്നയിച്ചു. ആഗോളവത്ക്കരിക്കപ്പെടാതിരിക്കുക എന്നതായിരുന്നു മാതൃക. അമേരിക്കൻ എഴുത്തുകാർക്ക് അവരുടെ വിവരണങ്ങളുടെ വിശദാംശങ്ങളിലേക്ക് കടക്കേണ്ട ആവശ്യം സാധാരണയായി ഉണ്ടാകുന്നില്ല. എന്നാൽ വിയറ്റ്നാമിലെയോ ഹങ്കറിയിലെയോ ഒരു എഴുത്തുകാരന് ബുദ്ധിപൂർവ്വം കണക്കുകൂട്ടി വിവരിക്കേണ്ടിവരുന്നു. ഈ നിരീക്ഷണം എത്ര പൊതുസ്വഭാവമുള്ളതാണ് എന്നത് എന്നെ ആഴത്തിൽ സ്പർശിച്ചു. അമേരിക്കയിലെത്തി രണ്ടുകൊല്ലം കഴിഞ്ഞിട്ടും എന്റെ പെരുമാറ്റം മറ്റുള്ളവർക്ക് ദഹിക്കണമെങ്കിൽ പല വിശദീകരണങ്ങളും നൽകേണ്ടിവരാറുണ്ട്. ഇതിന്റെ തെളിച്ചമുള്ള വശം എന്താണെന്നാൽ അടിസ്ഥാനപരമായ അനുമനത്തിന്റെ പുറത്താണ് നാമെല്ലാവരും പ്രവർത്തിക്കുന്നത്. വിശദാംശങ്ങളെ ഒഴിവാക്കിയാലും വികാരങ്ങൾ സാർവലൗകികമാണ്. അദ്ദേഹം നിരീക്ഷിച്ചു.

കിർഷ് വിശുദ്ധമല്ലാത്ത ഒരു ചോദ്യത്തിലേക്ക് കടന്നു. അറിവ് എന്ന പ്രതീക്ഷ പ്രതിഫലിപ്പിക്കുന്നത് ഭൗമരാഷ്ട്രീയമായ അറിവാണ്. സാമ്രാജ്യത്തിന്റെ ബാക്കിപത്രമാണോ ഇതു? എന്നും കിഴക്കിന്റെ വക്താവായ പാമുക് ആ ചോദ്യത്തെ തടുത്തത്, അത് സമയംകൊണ്ടുമാത്രം തെളിയുന്ന ഒന്നാണെന്നു പറഞ്ഞാണ്. നല്ല എഴുത്തുകാർ ധാരാളമുണ്ട്. എന്നാൽ മദ്ധ്യവർഗ്ഗം എന്നത് ഇംഗ്ലണ്ടിന്റെയും ഫ്രാൻസിന്റെയും സൃഷ്ടിയായതുകൊണ്ട് അവർക്ക് കുറച്ചു മേൽക്കൈ ലഭിച്ചു എന്നുമാത്രം. കിർഷ് തന്റെ അഭിപ്രായങ്ങൾക്ക് തിളങ്ങുന്ന ഒരു അടിവരയിട്ടു. നമ്മുടെ മനസ്സാക്ഷി ആഗോളവത്ക്കരിക്കപ്പെടുമ്പോൾ നമ്മുടെ സാഹിത്യത്തിലും അതുതന്നെ സംഭവിക്കും.

പുലിസ്റ്റർ ഹാളിലെ പതിവുപോലെ, കാണികൾക്ക് ചോദ്യങ്ങൾ ചോദിക്കാനായി സദസ്സിലെ ഇരിപ്പിടങ്ങൾക്കിടയിലെ നടപ്പാതയിലും മൈക്കുകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. കിർഷ് വാക്കുകൾ അവസാനിപ്പിക്കുമ്പോഴേക്കും തന്നെ ഈ മൈക്കുകൾക്കരികിൽ സദസ്യരുടെ നീളൻ വരികൾ രൂപംകൊണ്ടുകഴിഞ്ഞിരുന്നു. സമയമില്ലാത്തതുകൊണ്ട് ഇവരിൽ പലർക്കും പിന്നീട് ഇരിപ്പിടങ്ങളിലേക്ക് മടങ്ങേണ്ടിവന്നു. ആരോ ചോദിച്ചു. ഒരു പുസ്തകത്തിൻ ഒരു സംസ്കൃതിയെ വഞ്ചിക്കാനാകുമോ? ഒരിക്കൽ ടർക്കിക്കാരനല്ലാത്ത ഒരു വായനക്കാരൻ തന്നെ സമീപിച്ച് മിനിയേച്ചർ ചിത്രകലയെക്കുറിച്ച് ഒന്നുമറിയില്ലെങ്കിലും മൈ നെയിം ഈസ് റെഡ് നന്നായി ആസ്വദിച്ചു എന്ന പറഞ്ഞത് പാമുക് ഓർമ്മിച്ചു. ഒരു ടർക്കിക്കാരന് അത് കുറച്ചുകൂടി ആസ്വദിക്കാനായേക്കും എന്ന് ആ വായനക്കാരനു തോന്നിയത്രേ. എന്നാൽ ടർക്കിയിലെ വായനക്കാർക്കും അതൊന്നും ഓർമ്മയുണ്ടാവില്ല എന്നാണ് പാമുകിന്റെ തോന്നൽ. വിസ്മൃതമായ ഒരു സംസ്കാരത്തെ ആർക്കാണ് വഞ്ചിക്കാനാവുക?

സ്വയം ഏർപ്പെടുത്തുന്നതും രാജ്യം ഏർപ്പെടുത്തുന്നതുമായ സെൻസർഷിപ്പ് അദ്ദേഹത്തിന്റെ കൃതികളെ എങ്ങനെ ബാധിക്കുന്നു എന്നായിരുന്നു മറ്റൊരാൾക്ക് അറിയേണ്ടത്. ഉത്തരം ഉടൻ വന്നു. ഒരു നോവലിസ്റ്റ് എന്ന നിലക്ക് വളരെക്കുറച്ചു മാത്രം. എന്നാൽ ഒരു രാഷ്ട്രീയ നിരീക്ഷകൻ എന്ന നിലക്ക് വളരെയധികം. ഒരു രസകരമായ ചോദ്യം ഉയർന്നുവന്നു- പ്രാദേശിക സാഹിത്യം എന്ന ഇടനില അളവുകോൽ യഥാർത്ഥത്തിലുണ്ടോ? സ്വന്തം പ്രദേശത്തുനിന്ന് വായിക്കുവാൻ പാമുക് സദസ്യരെ പ്രോത്സാഹിപ്പിച്ചുവെങ്കിലും അത് കൂടുതൽ ആഴത്തിലുള്ള വായനക്ക് തടസ്സമാകരുതെന്ന് താക്കീതു നൽകുകയും ചെയ്തു. ഞാൻ ഇസ്താൻബുളിനെക്കുറിച്ച് എഴുതുന്നു-65 വർഷങ്ങൾ ഞാൻ ചെലവഴിച്ചത് അവിടെയാണ്. ഞാൻ ഇംഗ്ലീഷിൽ എഴുതുന്നതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ട്, ശ്രമിച്ചിട്ടുമുണ്ട്. എങ്കിലും ടർക്കിഷ് ഭാഷയിൽ എഴുതുന്നതാണ് ഞാൻ കൂടുതൽ ആസ്വദിക്കുന്നത്. പിന്നെ ഞാനെന്തിന് ഇംഗ്ലീഷിൽ എഴുതണം? പലർക്കും അവരുടെ സ്വന്തം ഭാഷയിൽ എഴുതാൻ സാധിക്കുന്നില്ല എന്ന് അദ്ദേഹം പറഞ്ഞപ്പോൾ നോക്കുന്നത് എന്നെയാണോ എന്നു തോന്നിപ്പോയി- സ്വന്തം അമ്മമാരോട് അവർ ഏതു ഭാഷയിലാണോ സംസാരിക്കുന്നത്, അതിൽ ഒന്നുകിൽ അവർക്ക് എങ്ങനെയെഴുതണമെന്നറിയില്ല, അല്ലെങ്കിൽ അവർ പ്രവാസത്തിലാണ്, അതുമല്ലെങ്കിൽ നാട്ടിൽ അവർക്ക് വായനക്കാരില്ല എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ടർക്കിഷ് ഭാഷയിലാൺ സ്വപ്നം കാണുന്നത്. നിങ്ങൾ സ്വപ്നം കാണുന്നത് ഏതു ഭാഷയിലാണോ ആ ഭാഷയിൽ എഴുതുക എന്നത് നല്ലൊരാശയമാണ്.

പരിപാടി കഴിയാറായപ്പോൾ ഇന്ത്യാക്കാരനാണെന്ന് തോന്നിഷ് ഒരു പിങ്ക് ഷർട്ടുകാരൻ നടവഴിയിലേക്കെത്തി. മൈക്കിലേക്ക് കുനിഞ്ഞ് അദ്ദേഹം ചോദിച്ചു. എനിക്ക് ഒരു നല്ല അവസാന ചോദ്യം ചോദിക്കാനുണ്ട്. എന്താണ് ജീവിതം എന്നതിന്റെ അർത്ഥം? സദസ്സിലെ ചിരിയടങ്ങിയപ്പോൾ പാമുക് സദസ്യരെ നോക്കി പുഞ്ചിരിച്ചു. ജീവിതത്തിന്റെ അർത്ഥം എന്നത് ഒരു ആഗോള ചോദ്യമാൺ. ഈ ചോദ്യം ഉള്ളതുകൊണ്ടാൺ ആഗോളസാഹിത്യം സാദ്ധ്യമാകുന്നത്. ഒരു നിമിഷം- ആ വലിയ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്ന നോബൽ സമ്മാനജേതാവായ ടർക്കിഷ് എഴുത്തുകാരനെ അതേ ചോദ്യത്തിന് ഉത്തരം തേടുന്ന എന്റെ ഉള്ളിലെ പരിസ്ഥിതി ഗവേഷക ആഴത്തിൽ തൊട്ടറിഞ്ഞു. ഞങ്ങൾ രണ്ടുപേരും ഒരു വ്യത്തം മുഴുവനാകിയിരിക്കുന്നു.

പരിഭാഷ: പ്രസന്ന. കെ. വർമ്മ

സ്വാതന്ത്ര്യത്തിന്റെ റേഷൻ

—സന്തോഷ് ഏച്ചിക്കാനം

വയലിൽ നെൽച്ചെടി വിളഞ്ഞു നിൽക്കുന്നത് ലോകത്ത് വിശന്നുകൊണ്ടിരിക്കുന്ന എല്ലാവർക്കും വേണ്ടിയാണ്.

അതുപോലെയാണ് സ്വാതന്ത്ര്യവും.

ആ നെന്മണികളിൽ ഒന്നിന്റെ മുകളിൽ പോലും പ്രകൃതി ആരുടെയും പേര് കൊത്തിവച്ചിട്ടില്ല.

പക്ഷേ ഈ ധാന്യമണികൾ ഓരോന്നും ആര് എപ്പോൾ എങ്ങനെ ഏതളവിൽ തിന്നണമെന്ന രീതിയിൽ റേഷൻ സമ്പ്രദായം ഏർപ്പെടുത്തുന്നിടത്താണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

ആത്മാവിന്റെ വിശപ്പടക്കാൻ സ്വാതന്ത്ര്യം ഭക്ഷിച്ചേ പറ്റൂ.

അരിയോ ഗോതമ്പോ പോലെ സ്വാതന്ത്ര്യം വിതരണം ചെയ്യാൻ ഇന്ന് മതം, ജാതി, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, മാധ്യമ ഭീകരത, സോഷ്യൽമീഡിയ, സദാചാര പ്പോലീസിന്റെ തൊപ്പി വച്ച സംഘടിത ആൾക്കൂട്ടങ്ങൾ എന്നിങ്ങനെ പലരും പല രൂപത്തിലും ഭാവത്തിലും റേഷൻ കടയുടെ ഷട്ടറും പൊക്കി തുലാസും കൈയ്യിൽ പിടിച്ചോണ്ട് നിൽപ്പുണ്ട്.

ഇവരുടെ ഒക്കെ മുന്നിൽ പട്ടിണിക്കോലങ്ങളെപ്പോലെ സഞ്ചിയും കക്ഷത്തിൽ വച്ച മഞ്ഞത്തും മഴയത്തും വെയിലത്തും മരണം വരെ കാത്തിരിക്കേണ്ട ഗതികേടിലാണ് നമ്മൾ.

അഡാർ തത്വജ്ഞാനികളൊക്കെ പറയുന്ന അത്യന്തികമായ സ്വാതന്ത്ര്യം അവിടെ നില്ക്കട്ടെ

അത്രയൊന്നും വേണ്ട

എങ്കിലും ജീവിക്കുന്ന രാജ്യത്ത് അവിടത്തെ ഭരണഘടന പ്രദാനം ചെയ്യുന്ന മിനിമം സ്വാതന്ത്ര്യമെങ്കിലും അളന്നു മേടിക്കാനുള്ള അവകാശം നമുക്കില്ലേ?

വീട്ട്, നാട്ട്, രാജ്യം, ലോകം, എന്നിങ്ങനെ അതാതു സ്ഥലത്തെ സാമൂഹികാവസ്ഥ അനുസരിച്ച് സ്വാതന്ത്ര്യത്തിനു രൂപപരിണാമം ഉണ്ടായിക്കൊണ്ടിരിക്കുമെന്നും അത് കേവലം ആപേക്ഷികമാണെന്നും നമുക്കറിയാം.

ഇന്ത്യയിൽ ഒരു പൗരന് പ്രദാനം ചെയ്യുന്ന സ്വാതന്ത്ര്യം മതാതിഷ്ഠിത ഭരണം നിലനിൽക്കുന്ന ഒരു അറബ് രാജ്യത്തിൽ ചെന്നാൽ കിട്ടില്ല.

ജനാധിപത്യസംവിധാനത്തിനുള്ളിൽ സ്വാതന്ത്ര്യത്തിന് ഒരു മദയാനയുടെ ഇമേജാണെന്നൊക്കെയാണ് പറയുന്നത്. അറബ് രാജ്യങ്ങളിൽ അത് കഴിയാന ആവും.

പക്ഷേ, ഇന്ന് സ്വന്തം നാട്ടിൽ ആന പോയിട്ട് ഒരു കുഴിയാനയുടെ സ്വാതന്ത്ര്യം പോലും നമുക്ക് ലഭിക്കുന്നില്ല. അതേസമയം ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ പൗരന്മാരാണെന്ന പരിവേഷത്തിനകത്ത് തുമ്പിക്കൈയും പൊക്കി ചെവിയാട്ടിക്കൊണ്ട് നില്ക്കുകയും വേണം.

സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ ഒരാളുടെ ചങ്ങല പൊട്ടിക്കുന്നതു മാത്രമല്ല. മറ്റൊരാളിന്റെ സ്വാതന്ത്ര്യത്തെ ആദരിക്കുന്നതും അതിനെ ഉദ്ദീപിപ്പിക്കുന്നതും കൂടിയാണെന്ന് നെൽസൺ മണ്ടേല പറഞ്ഞിട്ടുണ്ട്.

ഇവിടെ ആരാണ് മറ്റൊരാളാൽ ആദരിക്കപ്പെടുന്നത്...? ഏതു മൂല്യങ്ങളാണ് അന്യരാൽ ഉയിർത്തെഴുന്നേൽക്കപ്പെടുന്നത്?

നാനാത്വത്തിൽ ഏകത്വം എന്നൊക്കെ വലിയ വായിൽ ഡയലോഗ് അടിക്കുമെങ്കിലും ഒരു ഹിന്ദുവിനു മുസ്ലീമിനെയോ മുസ്ലീമിനു ക്രിസ്ത്യാനിയെയോ ആശയപരമായി വിമർശിക്കാനുള്ള സ്വാതന്ത്ര്യം ഇവിടെയുണ്ടോ...? എന്തിനധികം ഹിന്ദുവാണെന്നൊക്കെ പറയപ്പെടുന്ന ഞാൻ സ്വന്തം കഥയിലെ കഥാപാത്രങ്ങൾക്ക് മുസ്ലീം പേരുകൾ നൽകിയപ്പോൾ ഈ പറയുന്ന റേഷൻ കടക്കാർ എന്നെ ഇസ്ലാമോഫോബിയക്കാരനും തീവ്രസംഘിയുമാക്കി മാറ്റി.

'മീശ'യിൽ എത്തിയപ്പോൾ കഥാപാത്രങ്ങളെ നേരെ ചൊവ്വേ സംസാരിക്കാൻ പോലും സമ്മതിക്കാതെ നാവിൽ സെൻസർഷിപ്പിന്റെ ചെന്നിനായകം തേച്ചു കൊടുത്തു. മനുഷ്യർക്ക് നേരാവണ്ണം തിന്നാനോ മുള്ളാനോ മനസ്സു തുറന്നു പ്രേമിക്കാനോ പറ്റാത്ത സ്ഥിതിവിശേഷങ്ങളിലേക്ക് കാര്യങ്ങൾ എത്തിക്കഴിഞ്ഞു. ഇപ്പോൾ കിട്ടിയ വാർത്തയിൽ പറയുന്നത് ജാതിയും മതവും ഒക്കെ അവരുടെ വ്യാപാരമേഖല ഹോട്ടൽ ശൃംഖലയിലേക്കും വസ്തുവിപണി രംഗത്തേക്കും വരെ വ്യാപിപ്പിക്കുന്നു എന്നാണ്. ഇനി മുതൽ ഹിന്ദുക്കൾ ഹിന്ദുക്കളുടെ തുണിക്കടയിലും മുസ്ലീങ്ങൾ സ്വമതസ്ഥരുടെ ഹോട്ടലിലും മാത്രമേ കയറൂ. കൃപ്പായം തുന്നുന്നവരും പൊറോട്ട അടിക്കുന്നവനും സ്വന്തം പേരിലെങ്കിലും തന്റെ മതത്തിന്റെയും ജാതിയുടെയും പേർ നിർബന്ധമായും എഴുതി കഴുത്തിൽ തൂക്കേണ്ടി വരും.

ഇങ്ങനെ ഈ വക റേഷൻ കടക്കാരുടെ ഔദാര്യവും കാത്ത് ജീവിതകാലം മുഴുവൻ സഞ്ചിയും കക്ഷത്തിൽ വച്ച് അടിമകളെപ്പോലെ ജീവിച്ചിരിക്കുന്നതിനേക്കാളും നല്ലത് ബോബ് മർലി പറഞ്ഞതുപോലെ ജനങ്ങൾക്കും ജനാധിപത്യത്തിനും ഇടയിൽ സ്വാതന്ത്ര്യത്തിന്റെ ഇടനിലക്കാരായ ഇവരോട് സന്ധിയില്ലാത്ത യുദ്ധം പ്രഖ്യാപിച്ച് മരിക്കുന്നതാണ്.

മൂന്ന് ചോദ്യങ്ങൾ

—സി. എസ്. വെങ്കിടേശ്വരൻ

1. താങ്കളുടെ പുതിയ പുസ്തകത്തിന്റെ പേര് 'മലയാളിയുടെ നവ മാധ്യമജീവിതം' എന്നാണ്. ആരാണ് മലയാളി? നാട്ടിൽ പാർക്കുന്നവർ? മലയാളം സംസാരിക്കുന്നവർ?
2. അറിയാതെ (അറിഞ്ഞു കൊണ്ടോ?) തടവിലാക്കപ്പെടുന്ന ഒരു പൗരസമൂഹത്തെക്കുറിച്ചാണ് താങ്കളുടെ ആലുലത. എന്തുകൊണ്ട് അങ്ങനെ?
3. ആധുനിക മലയാളി സാങ്കേതിക ശരീരമായി മാറിയവരാണോ?



പരസ്പര വിനിമയത്തിലൂടെ തിരിച്ചറിയുന്നതും അറിഞ്ഞുമറിയാതെയും പങ്കിടുന്നതുമായ സ്വത്വകേളികളിലൂടെയാണ് ഒരു കൂട്ടം മനുഷ്യർ ഒരു ജനതയായി സ്വയം ഭാവന ചെയ്യുന്നത് എങ്കിൽ നവമാധ്യമങ്ങൾ 'മലയാളി' എന്ന സ്വത്വത്തിന് അല്ലെങ്കിൽ സംഘബോധത്തിന് ഒരു പുതിയ വേദിയും വേഗവും രൂപവും നൽകിയിട്ടുണ്ട്. സംസ്കാരവിനിമയവും പങ്കിടലും അതിൽ നിന്നൊക്കെയുളവാകുന്ന സമാനതാബോധവും ബോധ്യവുമൊക്കെക്കൂടി നിർമ്മിക്കുന്ന / നിർമ്മിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഈ മലയാളി ആഗോളീയവ്യഗ്രതയുള്ള ഒരു സ്വത്വമോ സ്വത്വസാധ്യതയോ ആണ്. മുമ്പ് പരസ്പരവിനിമയത്തിന് ഭൂമിശാസ്ത്രപരവും സമയപരവുമായ പരിമിതികൾ ഉണ്ടായിരുന്നു എങ്കിൽ ഇന്ന് വിവരസാങ്കേതികവിദ്യ അവയെയൊക്കെ അതിവർത്തിക്കുന്ന ഒന്നാണ്. മലയാളം ടെലിവിഷൻ ചാനലുകൾ ആഗോളവ്യാപകമായി ലഭ്യമായതോടെയാണ് ഇവിടുത്തെ ദൈനംദിനജീവിതവും രാഷ്ട്രീയവിവാദങ്ങളും പാരഡികളും ഒപ്പം പാട്ടും സിനിമയും എല്ലാം ലോകമെമ്പാടുമുള്ള മലയാളികളുടെ നിത്യജീവിതത്തിന്റെയും ചിന്തയുടെയും ഭാഗമായത്. കേരളത്തിൽ നടക്കുന്ന സംഭവങ്ങളോടുള്ള ഈ തത്സമയാഭിമുഖ്യം അതുവരെ 'പ്രാദേശിക'മായിരുന്ന നമ്മുടെ ദൃശ്യമാധ്യമസമ്പദ്വ്യവസ്ഥയെ ആഗോളീകരിച്ചു. മലയാളിപ്രേക്ഷകരുടെ ആ ലോകവിപണി ഉരുവായതോടെ മാധ്യമങ്ങൾ ആ ആഗോള മലയാളിയെ അഭിസംബോധന ചെയ്യാനും അതിലൂടെ അതിനെ കൂടുതൽ ഇഴയടുപ്പമുള്ളതാക്കാനും തുടങ്ങി.

കഴിഞ്ഞ ദശകങ്ങളിൽ ഇന്റർനെറ്റ് സാധ്യമാക്കിയ നിരന്തരവും തൽക്ഷണവുമായ സാമൂഹ്യമാധ്യമസമ്പർക്കം അതിനെ കൂടുതൽ ദൃഢവും ബഹുലവും ഒപ്പം കലുഷവും വിഭാഗീയവുമാക്കി.

അവരവർക്കു ചുറ്റും പണിയുന്ന ഒരു കണ്ണാടിച്ചുവരായി ഫേസ്ബ്ബുക്കും വാട്സപ്പും ഇന്നു മാറിയിരിക്കുന്നു. അവനവന്റെ തന്നെ അഭിപ്രായങ്ങളും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും പ്രതിഫലിപ്പിക്കുന്നതും പെരുപ്പിക്കുന്നതും ആയ ഒരു കണ്ണാടിക്കൂടാണത്. ആ കൂട്ടിൽനിന്നുകൊണ്ട് നമുക്ക് ആരെയും അധിക്ഷേപിക്കാം, തെറിവിളിക്കാം, വളരെ സ്വകാര്യമെന്നു കരുതിയിരുന്ന രഹസ്യങ്ങൾ വിളിച്ചുപറയാം, സ്വയം വെളിപ്പെടുത്തുകയോ മറഞ്ഞുനിൽക്കുകയോ ചെയ്യാം; അതിനൊന്നും ആരുടെയും തെറി പറയുന്നയാളുടെയും ലക്ഷ്യമാക്കുന്നയാളുടെയും—ഭൂതകാലമോ കർമ്മപാരമ്പര്യമോ തടസ്സമാകുന്നില്ല.

ഇന്ന് രാഷ്ട്രീയത്തിലും സിനിമയിലും സാമ്പത്തികരംഗത്തും സ്വാധീനമുള്ളവർ സമൂഹമാധ്യമങ്ങളിൽ സ്വന്തം ഗ്രൂപ്പുകൾ സംഘങ്ങളെയിറക്കി ആ പൊതുഇടത്തെ സ്വന്തം വരുതിയ്ക്കു നിർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. അപ്പോൾ ഒരർത്ഥത്തിൽ അത് ഭൂമിയിൽ ജീവിക്കുന്ന മലയാളിസമൂഹത്തിന്റെ വിർച്വൽ പതിപ്പോ പ്രതിഫലനമോ ആയിത്തീർന്നിരിക്കുന്നു, ഒരേ സമയം 'സ്വതന്ത്ര'മെന്നും 'ജനാധിപത്യപര'മെന്നും തോന്നിപ്പിക്കുന്നതും എന്നാൽ വളരെയാഴത്തിൽ വിക്ഷിപ്താതാല്പര്യങ്ങൾക്ക് സ്വാധീനമുള്ളതും അവർ പൊതുവ്യവഹാരങ്ങളെ നിരീക്ഷിക്കുന്നതും നിയന്ത്രിക്കുന്നതുമായ ഒന്ന്.

സാമൂഹ്യമാധ്യമങ്ങളും ടെലിവിഷന്റെ സർവ്വമണ്ഡലങ്ങളിലുമുള്ള സ്വാധീനവും നമുക്ക് വ്യാജമായ ഒരുതരം തുല്യതാബോധമോ പൗരാവകാശപ്രതീതിയോ നൽകുന്നുണ്ട്. അതായത് മാധ്യമങ്ങളുടെ തുറന്നരശിൽ നമ്മളെല്ലാവരും തുല്യരും ഒരേ അവകാശാധികാരങ്ങളുള്ള മനുഷ്യരുമാണ് എന്ന തോന്നൽ ഉണ്ട്. നമ്മുടെ മാധ്യമങ്ങൾ വ്യക്തികളുടെ രാഷ്ട്രീയജീവിതത്തിന് അങ്ങിനെയൊരു തിരശ്ചീനപ്രതീതിയാണ് നൽകുന്നത്. എന്നാൽ നമ്മൾ ജീവിക്കുന്ന നമ്മുടെ ജീവിതവും ഇടപെടുന്ന സമൂഹവും പലതരത്തിലും തലത്തിലും തട്ടുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം, നിത്യജീവിതാനുഭവം. ജാതി, മതം, വർഗ്ഗം, ലിംഗം എന്നു തുടങ്ങി അനവധി ഗണങ്ങളാൽ നമ്മൾ മേൽക്കീഴ് തട്ടുകളിലായി അടുക്കപ്പെട്ടിരിക്കയാണ്; ഓരോ കള്ളിയിലുള്ളവർക്കും അവകാശപ്പെടാവുന്ന പൗരാവകാശങ്ങൾ, സ്വാതന്ത്ര്യം, സാമ്പത്തികനീതി, തുല്യത, അവസരങ്ങൾ, എന്നിവയും ശ്രേണീബദ്ധമാണ്. എങ്കിലും നമ്മൾ നിരന്തരം മാധ്യമങ്ങളൊരുക്കുന്ന വ്യാജതിരശ്ചീനതയിൽ അഭിരമിച്ചുകൊണ്ടേയിരിക്കുന്നു, അവിടെ നടക്കുന്ന മധ്യവർഗ്ഗ / ഉപരിജാതി കോലാഹലങ്ങൾ 'മലയാളി' സമൂഹത്തിന്റേയാകെയാണെന്ന മട്ടിൽ.

മാധ്യമങ്ങളൊരുക്കുന്ന മറ്റൊരു തടവറ സമവായത്തിന്റേതാണ്. സാമൂഹ്യമാധ്യമങ്ങളിൽ നടക്കുന്നത് പരസ്പരമുള്ള തെറിപറച്ചിലുകളും അവനവനെ നിരന്തരം എഴുന്നള്ളിക്കലുമാണെങ്കിൽ, ടെലിവിഷനാണ് നമ്മുടെ രാഷ്ട്രീയചർച്ചകളുടെ മറ്റൊരു സജീവവേദി; അതാണ് നമ്മുടെ രാഷ്ട്രീയ അജണ്ടകളെയും ജനാധിപത്യത്തിന്റെ ഭാവിയെയും പൊതുമണ്ഡലത്തിലെ സമവായങ്ങളെയും നയിക്കുന്നതും നിർണ്ണയിക്കുന്നതും. എന്നും പ്രശ്നങ്ങളും വിവാദങ്ങളും നിറഞ്ഞുനിൽക്കുന്ന ആ അരങ്ങിൽ നിരന്തരം തർക്കങ്ങളും അഭിപ്രായസംഘട്ടനങ്ങളും നടക്കുന്നുണ്ട് എങ്കിലും ഈ അഭിപ്രായവ്യത്യാസങ്ങളുടെയെല്ലാം ഭാവനാചക്രവാളം, അല്ലെങ്കിൽ രാഷ്ട്രീയബോധ്യം എന്നത് അതീവസമാനമായ ഒന്നാണ്. ജനായത്തത്തെയും സമൂഹജീവിതത്തെയും സമ്പദ്വ്യവസ്ഥയെയും സംബന്ധിക്കുന്ന നിർണ്ണായകവിഷയങ്ങളിൽ അവ ഐകമത്യം പുലർത്തുന്നു. വികസനം, ദേശരാഷ്ട്രം, ന്യൂനപക്ഷങ്ങൾ, ഇതരലൈംഗികത, പ്രവാസിതൊഴിലാളികൾ, തുടങ്ങി ഏതു വിഷയമെടുത്താലും ഈ തർക്കിക്കുന്നവരെല്ലാം തന്നെ ഒരേ അഭിപ്രായങ്ങളും നിലപാടുകളും പങ്കിടുന്നവരാണ് എന്നു കാണാം. ഈ സമവായത്തിനു പുറത്തോ അതിനെതിരോ അതിൽനിന്ന് വ്യത്യസ്തമോ ആയ അഭിപ്രായങ്ങൾക്കും നിലപാടുകൾക്കും ആശയങ്ങൾക്കും പ്രത്യക്ഷത്തിൽ തർക്കനിർഭരമായ ഈ അരങ്ങിൽ പ്രകാശനമോ ഇടമോ ഇല്ല. നിരന്തരമായ ഈ കോലാഹലം അന്നന്ന് നടക്കുന്ന ചൂടുപിടിച്ച തർക്കങ്ങളിലും വിവാദങ്ങളിലും നമ്മെയെല്ലാം 'പങ്കെടുപ്പിച്ച്'കൊണ്ട് ഒരൊറ്റ അഭിപ്രായസമന്വയത്തിന്റെ ചക്രവാളത്തിനകത്ത് അറിഞ്ഞുമറിയാതെയും ബോധപൂർവ്വവും അബോധപൂർവ്വവുമായി നമ്മെ ബന്ധിച്ചുകൊണ്ടേയിരിക്കുന്നു. ഇതിനു പുറത്തുള്ള ലോകത്തെ, അനുഭവങ്ങളെ, അറിവുകളെ അത് കാഴ്ചയിൽ നിന്ന്, കേൾവിയിൽനിന്ന് മറ(യ്)ക്കുന്നു. അങ്ങിനെ അവനവനെ മാത്രം പ്രതിഫലിപ്പിക്കുന്ന, പ്രതിനിധീകരിക്കുന്ന മറ്റൊരു കണ്ണാടിക്കൂടായി അവ മാറിയിരിക്കുന്നു.

സ്വാതന്ത്ര്യം എന്നത് ഞാൻ, ലോകം, ജീവൻ / ജീവിതം എന്നിവയുമായുള്ള എറ്റവും സർഗ്ഗാത്മകവും വികസ്വരവുമായ കെട്ടിമറിച്ചിലാണെങ്കിൽ മലയാളിയുടെ ജീവിതം രൂക്ഷമായ അസ്വാതന്ത്ര്യത്തിലൂടെയാണ് കടന്നുപോകുന്നത്. അപരാഭിമുഖ്യമാണ് ജീവനെ ജീവിതമാക്കി മാറ്റുന്നത്; എന്നിൻനിന്ന് വ്യത്യസ്തമായതെല്ലാം എനിക്കെതിരാണ് എന്ന് കരുതുന്ന ഒരു മാനസികാവയിലാണ് നാമിപ്പോൾ; എല്ലാം ഞാനെന്ന ഭാവത്തിലുള്ള ഈ ജീവിതം അപരത്തെ ഭയക്കുന്നതും അന്യത്തെ അഭിമുഖീകരിക്കാത്തതുമായ ഒന്നാണ്; ഞാൻ എന്നത് ഒരു സെൽഫി മാത്രമായിത്തീരുന്ന അവസ്ഥ. ലോകം എന്ന അപരത്തിലേക്ക് ഒരു തുറസ്സമില്ലാത്ത അതിന്റെ അതാര്യവും അടഞ്ഞതുമായ അവസ്ഥയിൽ ജീവിതം എന്നത് ജീവനം മാത്രമായി ചുരുങ്ങുന്നു.

കെ. പി. കൃഷ്ണകുമാർ

ശില്പം, അമൃത്കടീർ, കൽക്കത്ത. (ഫോട്ടോ: ഉണ്ണി ആർ)

ടാഗോറിന്റെ പ്രാർത്ഥന

—ടി. എം. യേശുദാസൻ

നമ്മുടെ രാജ്യം എഴുപത്തൊന്നാം സ്വാതന്ത്ര്യദിനം ആചരിക്കുമ്പോൾ ആഹ്ലാദത്തെക്കാളേറെ ആശങ്കകളാണ് സ്വകാര്യചിന്തകളിൽ തിങ്ങിവിങ്ങുന്നത്. ദേശീയബോധത്തിന്റെ ആപത്തുകളെക്കുറിച്ച് ഫാനനും ടഗോറും നൽകിയ മുന്നറിയിപ്പുകൾ ശരിവയ്ക്കുന്ന തരത്തിലാണ് കാര്യങ്ങൾ നമ്മളെ അതിവേഗത്തിൽ ഓവർടേക്ക് ചെയ്യുന്നത്. മനോഭാവം കൊണ്ടും നിലപാടുകൊണ്ടും യൂറോപ്യൻ ബൂർഷ്വാസിയോടാണ് ദേശീയ ബൂർഷ്വാസിയ്ക്ക് കൂടുതൽ അടുപ്പമെന്നും കോളനിയനന്തര രാജ്യങ്ങളിൽ അവർ അധികാരം കയ്യാളുന്നതോടെ വിടപറഞ്ഞ യജമാനവർഗ്ഗത്തെ അനുകരിക്കുമെന്നും കടുത്ത ആഭ്യന്തരസംഘർഷത്തിനും അടിച്ചമർത്തലിനും ഇത് ഇടയാക്കുമെന്നുമാണ് ഫാനൻ പ്രവചിച്ചത്. ദരിദ്ര കർഷകരുടെയും അസംഘടിത തൊഴിലാളികളുടെയും ഓരങ്ങളിലെ ജാതി-ഗോത്രവിഭാഗങ്ങളുടെയും അഭയാർത്ഥികളുടെയും മറ്റും അതിദയനീയമായ മർദ്ദിതസഹചര്യങ്ങൾ ഇക്കാര്യം അടിവരയിട്ട് ഉറപ്പിയ്ക്കുന്നു. അടിസ്ഥാന സൗകര്യവികസനത്തിലും ശാസ്ത്ര-സാങ്കേതികരംഗങ്ങളിലും മറ്റും രാജ്യം കൈവരിച്ച നേട്ടങ്ങളെ മറന്നുകൊണ്ടല്ല ഇതു പറയുന്നത്. ജനാധിപത്യസംവിധാനങ്ങളുടെ തകർച്ചയും പെരുകിവരുന്ന മനുഷ്യാവകാശധ്വംസനങ്ങളും വിതരണസംവിധാനങ്ങളുടെ അപര്യാപ്തതയും നീതിന്യായവ്യവസ്ഥയുടെ പ്രതിസന്ധിയും ഉൽക്കണ്ഠാജനകമായ മാനം കൈവരിക്കുന്നു.

ഇതിനൊക്കെ പുറമേ, വർദ്ധിച്ചുവരുന്ന ആൾക്കൂട്ടക്കൊലപാതകങ്ങളും ദുരഭിമാനക്കൊലകളും ബീഫ് നിരോധനവും അതുമായി ബന്ധപ്പെട്ട അക്രമങ്ങളും ഖാപ് പഞ്ചായത്തുകളുടെ തുക്കിക്കൊലകളും ബലാൽക്കാരങ്ങളും സാംസ്കാരികപ്രവർത്തകരുടെ ഉന്മൂലനവും പുസ്തകനിരോധനങ്ങളും ചുട്ടെരിക്കലും ആദിവാസി-ദലിത്-ന്യൂനപക്ഷ പീഢനങ്ങളും ഖർ വാപസിയും വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ വെറുപ്പും വിദ്വേഷവും വർദ്ധിപ്പിക്കുന്ന രാഷ്ട്രീയപാർട്ടികൾ നയിക്കുന്ന ഗവണ്മെന്റുകളും ആസാം നാഷണൽ രജിസ്റ്റർ ഓഫ് സിറ്റിസൺസ് ബില്ലും ഉന്നതവിദ്യാഭ്യാസരംഗത്തെ കൈകടത്തലുമൊക്കെ ദേശപൂജയുടെ ഇരുണ്ടശക്തികളെക്കുറിച്ച് ടഗോർ നൽകിയ മുന്നറിയിപ്പുകളുമായി ഒത്തുപോകുന്നതാണ്. രാഷ്ട്രത്തെ ദേശത്തോടും ദേശത്തെ മതത്തോടും മതത്തെ ജാതിയോടും സമീകരിച്ചുകൊണ്ടാണ് ഹിന്ദുത്വവാദികൾ ഇതൊക്കെ ചെയ്യുന്നതും ചെയ്യിക്കുന്നതും. എം. എഫ്. ഹുസൈനും ദാദ്രിയിലെ അഖ്‌ലാക്കും ധബോൽക്കറും പൻസാരെയും കലബുർഗിയും രോഹ്ത് വെമൂലയും ഗൗരി ലങ്കേഷും മതേതരത്വത്തിന്റേയും മാനവികതയുടെയും രക്തസാക്ഷികളാണ്. ടഗോർ പറഞ്ഞത് എത്ര ശരിയാണ്: ദേശപൂജയുടെ അന്ധമായ ആൾക്കൂട്ട മന:ശാസ്ത്രം ഉന്നതമായ മാനവികാദർശങ്ങളിൽ നിന്ന് ആളുകളെ പിൻതിരിപ്പിക്കുകയും സങ്കുചിതമായ ലക്ഷ്യത്തിനുവേണ്ടി അവരെ സജ്ജമാക്കുകയും ചെയ്യും. ഇത് ധാർമ്മികമായ അധഃപതനത്തിലേയ്ക്കും ബൗദ്ധികമായ അന്ധതയിലേയ്ക്കുമാകും അവരെ നയിക്കുക.

ധാർമ്മികമായി അധഃപതിച്ച, ബൗദ്ധികമായി അന്ധതബാധിച്ച ഒരു ജനതയാകാനാണോ നാം സ്വാതന്ത്ര്യത്തിന്റെ എഴുപതു വർഷങ്ങൾ പിന്നിട്ടത്? വിവേകം കൊണ്ട് പക്വമാകേണ്ട പ്രായം.

സ്വാതന്ത്ര്യം എന്നത് വ്യാകരണത്തിൽ നാമപദമാണെങ്കിലും, സംസ്കാരത്തിലും രാഷ്ട്രീയത്തിലും ഒരു സകർമ്മക ക്രിയാപദത്തിന്റെ ധർമ്മവും ശക്തിയും സ്വഭാവവുമാണ് അതു പുലർത്തുന്നത്. നിഷ്പക്ഷതയും നിർവികാരത്വവും അതിന്റെ പ്രമാണങ്ങളല്ല. നിഷേധം, വിയോജിപ്പ്, ഖണ്ഡനം, തർക്കം, വിവാദം, തുടങ്ങിയ രീതികൾ ചേർന്നതാണ് അതിന്റെ പ്രവൃത്തിസമ്പ്രദായം. കൂടാതെ, നെഞ്ചൂറ്റം / ചങ്കുറപ്പ് / ദൃഢത അതിന്റെ മുഖമുദ്രയും. സൽമാൻ റുഷ്ദി പറയുംപോലെ, വ്രണപ്പെടുത്താനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ ആവിഷ്കാരസ്വാതന്ത്ര്യം ഇല്ലാതാകും.

തടസ്സങ്ങളാണ് സ്വാതന്ത്ര്യത്തിന്റെ മാറ്റുരയ്ക്കുന്നത്. പാരമ്പര്യത്തിന്റെ ഒഴുക്കിനൊപ്പം അലസമായി നീന്തുന്ന വിധേയപ്പെടലിനു ലഭിക്കുന്ന പ്രതിഫലങ്ങളെയാണ് പലപ്പോഴും നാം സ്വാതന്ത്ര്യമായി മനസ്സിലാക്കുന്നത്. വേറൊരു തരത്തിൽ പറഞ്ഞാൽ, സ്വാതന്ത്ര്യത്തിന് അതിന്റെ ഉത്ഭവമനുസരിച്ച് രണ്ടു പ്രകാരങ്ങളുണ്ട്: ഒന്ന്, കീഴ്വഴക്കങ്ങളോടു കൂറുപുലർത്തുകവഴി ലഭിക്കുന്ന അകർമ്മക സ്വാതന്ത്ര്യം; രണ്ട്, പ്രതിബന്ധങ്ങളോടുള്ള ഏറ്റുമുട്ടലിൽ വെളിപ്പെടുന്ന സകർമ്മക സ്വാതന്ത്ര്യം. ഒന്നാമത്തേത് ദാനമായ് കിട്ടുന്നതും രണ്ടാമത്തേത് വൈരുദ്ധ്യാത്മകമായി നേടുന്നതുമാണ്. അമൂർത്തമായ വെറും ആശയമല്ല സ്വാതന്ത്ര്യം. ഇവിടെ ഇപ്പോൾ സമൂർത്തമായും ഭൗതികമായും സാക്ഷാൽക്കരിക്കപ്പെടേണ്ട അനുഭവമാണ്. വിമർശനാത്മകമായ ഇച്ഛകൾ പിൻതുടരുന്നവരുടെ പാതയിൽ ഉയരുന്ന തടസ്സങ്ങളോടുള്ള അവരുടെ പ്രതികരണങ്ങളാണ് മേൽപ്പറഞ്ഞ രണ്ടു സ്വാതന്ത്ര്യപ്രകാരങ്ങളെ വേർതിരിയ്ക്കുന്നത്.

സർവപ്രധാനമായ നാല് മനുഷ്യസ്വാതന്ത്ര്യങ്ങളായി ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ള അഭിപ്രായ-ആവിഷ്കാര സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, ഇല്ലായ്മയിൽ നിന്നുള്ള സ്വാതന്ത്ര്യം, ഭയത്തിൽനിന്നുള്ള സ്വാതന്ത്ര്യം എന്നിവയിൽ ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ് യഥാർത്ഥ സ്വാതന്ത്ര്യമെന്ന് ഓങ് സാൻ സൂ ചീയെപ്പോലുള്ളവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഭയത്തിന്റെ കീഴിൽ അഭിമാനത്തൊടുകൂടി ജീവിക്കാൻ ആർക്കും കഴിയുകയില്ല. നിർഭയമായ മനസ്സും ഉയർന്ന ശിരസ്സും അടിസ്ഥാനഘടകങ്ങളായ സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗരാജ്യത്തിലേക്ക് എന്റെ രാജ്യത്തെ ഉണർത്തേണമേ എന്ന രബീന്ദ്രനാഥ ടഗോറിന്റെ പ്രാർത്ഥന എക്കാലത്തും പ്രസക്തമാണ്.

ആഗോളീകരണത്തിന്റെ ബൃഹദാക്രമണങ്ങൾക്കും ഫാസിസത്തിന്റെ പ്രത്യക്ഷാക്രമണങ്ങൾക്കും ഇടയിൽ ദേശീയഗാനത്തിന്റെ ബഹുസ്വരതയും മാനവികതയും മതേതരത്വവുമാണ് ഞാൻ ധ്യാനിക്കുന്നത്.

ആനത്താരകളിൽ നിന്നും ആനത്താരങ്ങളിലേക്ക്

— ശ്രീധർ വിജയകൃഷ്ണൻ

ഇറ്റോർഫിന്റെയോ സൈലസീന്റെയോ പ്രവർത്തനം നിമിത്തം ഒരു ചെറു മയക്കത്തിലായിരുന്നു; മയക്കം പാതി വിട്ടുണർന്നത് പിൻകാലിലെ മുറിപ്പാടിൽ പ്രൊവിഡൻ അയഡിൻ സൊല്യൂഷനിൽ മുക്കിയ പഞ്ഞി ആഴ്ന്നിറങ്ങിയപ്പോഴാണ്. വേപ്പെണ്ണയുടെ മണം കലർന്ന സ്പ്രേ അടിച്ചപ്പോൾ കണ്ണിൽ നിന്ന് പൊന്നീച്ച പറന്നു; പണ്ട് കൂട്ടത്തിലെ മറ്റൊരു പ്രമുഖൻ കേറി കുത്തി വാൽ കടിച്ചെടുത്തപ്പോഴുണ്ടായ നീറ്റൽ ഓർമപ്പെടുത്തിയ പോലെ തോന്നി അവന്. മുറിപ്പാടിന് ദിവസങ്ങളുടെ പഴക്കമേയുള്ളൂ; പണ്ടായിരുന്നെങ്കിൽ മുളങ്കൂട്ടങ്ങളുടെ നടുക്കുള്ള വയലിലെ ചെളിയോ പുഴയുടെയോ ഡാമിന്റെയോ കരകളിൽ കാണുന്ന മണ്ണോ സഹായകരമായേനെ. ഇടയ്ക്കെപ്പോഴോ കണ്ണോടിച്ചപ്പോൾ തന്റെ ചുറ്റിനും നിരത്തി വെച്ചിരിക്കുന്ന പ്രാഥമിക ശുശ്രൂഷക്കാവശ്യമായ വസ്തുക്കൾ കണ്ടപ്പോഴായിരിക്കണം അവൻ സ്ഥിതിഗതികളുടെ ഗൗരവം മനസ്സിലായിട്ടുണ്ടാവുക. നടയമരങ്ങൾ നീട്ടി ചുറ്റിനും നിന്നിരുന്നവരെ ആട്ടിയോടിച്ചിരുന്നത് അതോടു് കൂടി നിർത്തി; സഹകരിക്കാൻ തീരുമാനിച്ചു. മുറിവ് വൃത്തിയായി കഴുകി മരുന്ന് വെച്ച് മയക്കം വിട്ടുണരാനുള്ള മറുമരുന്ന് കൊടുത്ത് ചികിത്സകരും പരിചാരകരും മടങ്ങി അല്പനിമിഷത്തിനുള്ളിൽ അവൻ ആ തിരിച്ചറിവിലേക്ക് വന്നു, താൻ കിടക്കുന്നത് ഒരു വലിയ കൂട്ടിനകത്താണ്. പണ്ട് കുത്തിക്കീറി ഉള്ളിലെ മധുരം ആസ്വദിച്ചിരുന്ന തൈലമരം എന്നറിയപ്പെടുന്ന യൂക്കാലിപ്റ്റസ് മരങ്ങളുടെ. അവയുടെ കഴകളുടെ സുഗന്ധം അവനിൽ വനവ്യഥകളുണർത്തി. മയക്കം പൂർണമായി വിട്ട നേരം എതിർത്തിട്ട് കാര്യമില്ലെന്ന തിരിച്ചറിവ് വന്നിരുന്നു. തന്റെ കൂട്ടത്തിലെ മറ്റൊരുവൻ സ്വാതന്ത്ര്യത്തിന്റെ മധുരം നുകരാൻ കഴകൾ പൊളിക്കാനുള്ള ശ്രമത്തിനിടെ തന്റെ ഗംഭീര മസ്തകത്തിലേറ്റ ആഘാതത്തെ തുടർന്ന് ഇഹലോകവാസം വെടിഞ്ഞ കഥ അവൻ കേട്ടിരുന്നു.

കുരിക്കൊമ്പന്റെ വാശിയൊക്കെ അടങ്ങിയമട്ടേ ഉറക്കെ ഉയർന്ന് കേട്ടത് മലയവിഭാഗത്തിൽപ്പെട്ട ഒരുവന്റെ ശബ്ദമായിരുന്നു. തന്റെ മേലുദ്യോഗസ്ഥനോടു് കാട്ടുകൊമ്പന്റെ സ്വഭാവത്തിൽ വന്ന പ്രകടമായ മാറ്റം എടുത്ത് പറഞ്ഞപ്പോൾ അവനിൽ ഉത്സാഹം.

> ...ഉദ്വിഗ്നാശ്ച മനഃശരീരജനിതൈർ
> ദുഃഖൈരതീവാക്ഷമാഃ
> പ്രാണൻ ധാരയിതും ചിരം നരവശം
> പ്രാപ്തഃ സ്വയൂഥാദഥ...

നൂറ്റാണ്ടുകൾക്ക് മുന്നേ ഗജശാസ്ത്രം രചിച്ച പാലകാപ്യ മഹർഷിയുടെ വരികളാണ് ആനകൾ തങ്ങളുടെ പ്രാണൻ നിലനിർത്താൻ ചിരകാലം മനുഷ്യരുടെ അധീനതയിൽ വസിക്കേണ്ടതായി വരുന്നു എന്ന് സാരം. കുരിക്കൊമ്പനെ പോലുള്ളവരുടെ ഈ തിരിച്ചറിവ്വ് തന്റെ വിജയമായി കാണുന്ന മനുഷ്യർ പലപ്പോഴും. തന്റെ ആധിപത്യം സ്ഥാപിച്ചു എന്ന് കരുതുന്ന മനുഷ്യർ പക്ഷെ തുടർന്ന് പാലകാപ്യൻ പരാമർശിച്ചത് എന്ത് കൊണ്ടോ ഒരിക്കലും ശ്രദ്ധിച്ചില്ല, അല്ലെങ്കിൽ മുഖവിലയ്ക്കെടുത്തില്ല. രാജ്യഭ്രഷ്ടനായ രാജാവിന് സമനായി പാലകാപ്യൻ വർണ്ണിക്കുന്ന കാട്ട് കൈവിട്ട കരി സ്വതന്ത്ര ജീവിതത്തിൽ അനുഭവിച്ച സുഖങ്ങളെ കുറിച്ചും ചെയ്തു പോന്നിരുന്ന ക്രീഡകളെ കുറിച്ചും ചിന്തിച്ച് വിഷണ്ണനായി മരണത്തെ വരിക്കാൻ സാധ്യത ഉള്ളതിനാൽ അവയുടെ ധാതുപുഷ്ടിക്ക് ജലക്രീഡയും പാംസുസ്നാനവും ദേഹരക്ഷയും ചെയ്യേണ്ടിയിരിക്കുന്നു. ഇതെല്ലാം വനവിരഹിതനായ കളഭചരിതം. ഈയൊരവസ്ഥ ഇവർക്കെങ്ങനെ കൈവന്നു, അല്ലെങ്കിൽ ഗജക്ലേശവും മൃത്യുപയാനവും എവിടെ തുടങ്ങുന്നു എന്നതിൽ പ്രാമുഖ്യം കൊടുക്കാംവിളക്കുമാടത്തിൽ നിന്നുള്ള വെളിച്ചം ആ ദിശയിലേക്ക് തിരിച്ച് നോക്കാം.

പാലകാപ്യൻ കുറിച്ചതിങ്ങനെ, കൃഷി സ്ഥലങ്ങളിലെ ക്രീഡ മൂലം ജനങ്ങൾക്ക് ക്ലേശം സൃഷ്ടിച്ചിരുന്ന ആനകളെ രോമപാദ മഹാരാജന്റെ സേന ബന്ധനസ്ഥരാക്കി കൊട്ടാരക്കൊട്ടിലിൽ കൊണ്ട് വന്ന് തളച്ചു. രാജകല്പനയ്ക്കപ്പുറം ഒന്നുമില്ലെന്നൊരു കാലഘട്ടത്തിൽ ഇത്തരമൊരു നടപടിയുടെ ഉറവിടവും പ്രചോദനവും ഊഹിക്കാം. തുടർന്ന് വന്യതയുടെ ഈ സ്വരൂപങ്ങളെ എങ്ങനെ രാജ്യപുരോഗതിക്കും മനുഷ്യോപയോഗങ്ങൾക്കും നിയോഗിക്കാമെന്ന വിശദമായ കുറിപ്പുകൾ പദ്യരൂപേണ രചിച്ച് ഗജശാസ്ത്രത്തിന്റെ വേരുകൾ ആഴത്തിൽ നാട്ടി, പാലകാപ്യമഹർഷി. എന്നാൽ അർത്ഥശാസ്ത്രത്തിൽ കൗടില്യൻ ഊന്നൽ നൽകിയ പോലെ ഗജവനങ്ങൾ, വന്യഗജസംരക്ഷണത്തിനായി, സ്ഥാപിക്കുന്നതിന് നൽകേണ്ട പ്രാധാന്യത്തെ കുറിച്ച് പിന്നീടൊരു ശാസ്ത്രത്തിലും പ്രതിപാദിച്ച് കണ്ടില്ല. ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ നേതൃത്വത്തിൽ രാജ്യത്തുടനീളം വനങ്ങൾ ഉപഭോഗവസ്തുക്കളുടെ ഉല്പാദനത്തിനായി വെട്ടി തെളിച്ചപ്പോൾ അപൂർവയിനം ജീവജാലങ്ങൾ വംശനാശം കൈവരിച്ച് പട്ടികയിൽ നിന്നും മാഞ്ഞ് പോയത് പലരുടേയും ശ്രദ്ധയിൽ പെട്ടില്ലായിരിക്കാം. ഇമ്പീരിയൽ ഫോറസ്റ്റ് ഡിപ്പാർട്മെന്റിന്റെ ലക്ഷ്യം രാജ്യത്തെ റെയിൽവെ ഉൾപ്പെടെയുള്ള വ്യാവസായിക സംരംഭങ്ങൾക്ക് വേണ്ട തടിയുൽപാദനം മാത്രമായിരുന്നു. 1800കളുടെ അവസാനപാദത്തിൽ സർക്കാർ ആവശ്യങ്ങൾക്കായി ഖെദ്ദ മുറയിൽ അനവധി ആനകളെ മൈസൂർ കാടുകളിൽ നിന്നും പിടിക്കുകയും വിനോദാവശ്യങ്ങൾക്കായി വെടി വെക്കുകയും (ട്രോഫി ഹണ്ടിങ്) ചെയ്തപ്പോൾ പക്ഷെ അന്നത്തെ മദ്രാസ് പ്രെസിഡെൻസി ഇതിൽനിന്നും വ്യത്യസ്തമായി 1873 ൽ മദ്രാസ് എലിഫന്റ് പ്രിസർവേഷൻ ആക്ട് നടപ്പിലാക്കുകയും നിയമലംഘനം നടത്തുന്നവരെ ക്രൂശിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തുവത്രേ. നൂറ്റാണ്ടിനിപ്പുറം ശ്രീമതി ഇന്ദിരാ ഗാന്ധിയുടെ അശ്രാന്തപരിശ്രമങ്ങളുടെ ഫലമായി 1972 ൽ രാജ്യത്തെ ഏറ്റവും വലിയ വന്യമൃഗസംരക്ഷണ മാർഗരേഖയായി വന്യജീവിസംരക്ഷണ നിയമം (1972) നിലവിൽ വന്നപ്പോൾ ഒന്നാം പട്ടികയിലുൾപ്പെട്ട ആനയുൾപ്പെടെയുള്ള ജീവികളുടെ സംരക്ഷണത്തിന് പ്രതീക്ഷ കൈവന്നുവെങ്കിലും തുടർന്നും അനധികൃത വനനശീകരണം സ്വാഭാവിക ആവാസവ്യവസ്ഥകൾക്ക് ഭേദമാക്കാൻ കഴിയാത്തവണ്ണം ക്ഷതമേല്പിച്ചു.

ഒരു പ്രധാന വനമേഖലയിൽ നിന്നും മറ്റൊന്നിലേക്ക് ആനകൾക്ക് നീങ്ങാനുള്ള ഇടനാഴികൾ, അഥവാ പാതകളാണ് ആനത്താരകൾ എന്നറിയപ്പെടുന്നത്. വനമേഖലയ്ക്കത്തും ചുറ്റിനുമായി ഏറി വന്ന സമ്മർദ്ദങ്ങൾ ഇത്തരം ഇടനാഴികളെക്കാർന്ന് തിന്നപ്പോൾ അവിടം മനുഷ്യവാസകേന്ദ്രങ്ങളായി. ആനകളും മറ്റ് വന്യമൃഗങ്ങളും പക്ഷെ തങ്ങളുടെ ആ ആവാസമേഖലയെ വിട്ട് പോവാൻ തയ്യാറായില്ല. മാറ്റങ്ങൾക്കനുസൃതമായി സ്വഭാവവ്യതിയാനങ്ങൾ കൈവരുത്തിയ ജീവജാലങ്ങൾ ഇത്തരം വൻകിട മാറ്റങ്ങളെ അതിജീവിച്ചു. അത്തരം ജീവജാലങ്ങളിൽ പ്രഥമസ്ഥാനീയർ തന്നെ ആനകൾ. തൊണ്ണൂറുകളോടെ മനുഷ്യ-വന്യജീവി സംഘർഷം സമകാലീനപ്രശ്നങ്ങളിൽ ഏറ്റവും വലുതായി വളർന്ന / ചിത്രീകരിക്കപ്പെട്ട സാഹചര്യത്തിൽ ആനകൾ വീണ്ടും പഴയ രോമപാദയുഗത്തിലേക്ക് തള്ളപ്പെട്ടു. പ്രശ്നബാധിതമേഖലകളിൽ നിന്നും ആനകളെ പിടികൂടുകയോ നാടുകടത്തുകയോ ആണ് മാർഗമെന്ന് വരുത്തിത്തീർക്കപ്പെട്ടു. മറ്റേതെങ്കിലും സാധ്യമായ മാർഗങ്ങൾ പരീക്ഷിക്കാനോ സ്വീകരിക്കാനോ ബന്ധപ്പെട്ട അധികൃതരെ അനുവദിക്കാത്തവണ്ണം രാഷ്ട്രീയ-സാമൂഹ്യ സമ്മർദ്ദങ്ങൾ വർധിച്ച് കൊണ്ടേയിരുന്നു. മുൻപേ പരാമർശിച്ച സ്വഭാവവ്യതിയാനങ്ങളും ആവാസവ്യവസ്ഥാനാശവും കൃഷിസ്ഥലങ്ങളിലെ പോഷകക്കൂട്ടുതലുള്ള വിളകളും കാട്ടാനകളെ നിരന്തരം മനുഷ്യവാസകേന്ദ്രങ്ങൾക്കരികെ എത്തിച്ച് കൊണ്ടിരുന്നു. എന്നാൽ പ്രശ്നം ആനകൾക്കല്ലെന്നും അതാത് സ്ഥലങ്ങൾക്കാണെന്നും വർഷങ്ങൾക്കിപ്പുറവും തിരിച്ചറിവ് ഉണ്ടായിട്ടില്ല എന്നത് തികച്ചും ഖേദകരം തന്നെ, ഒട്ടനവധി ശാസ്ത്രസാങ്കേതിക പുരോഗതികൾക്ക് ശേഷവും!

കർണാടകയിലെ ഹാസൻ-കുടക് മേഖല ഇതിന്റെ ഉദാത്തമായ ഉദാഹരണമാണ്. രണ്ട് പതിറ്റാണ്ടിനുള്ളിൽ അൻപതോളം ആനകളെ പിടികൂടി കൂട്ടിലടയ്ക്കുകയും നാടുകടത്തുകയും ചെയ്തിട്ടും ഇന്നും അവിടെ കാട്ടാനകൾ മൂലമുള്ള കൃഷി, മനുഷ്യ ജീവനഷ്ടങ്ങൾക്ക് അറുതി വന്നിട്ടില്ല. ആനകളില്ലാതിരുന്ന മേഖലയായിരുന്ന ഹാസനിൽ എവിടെ നിന്നും ആനകൾ വന്നു എന്ന് ചോദിക്കുന്ന തോട്ടമുടമകളും കർഷകരും പക്ഷെ 1970 കളിൽ വരെ ആ മേഖലയിൽ നിന്ന് സർക്കാർ കാട്ടാനകളെ പിന്തുടരുകയും ആനപിടുത്തം നടത്തുകയും ചെയ്തിരുന്നത് അറിയാത്തതോ അവഗണിക്കുന്നതോ? തോട്ടം മേഖല വികസിച്ചപ്പോൾ നഷ്ടപ്പെട്ട് പോയ കട്ടേപുരക്കാടുകളും, ദൊഡ്ഡബെട്ട വനംപ്രദേശവും ഒരു കാലത്ത്, ഒരുപാട് മുൻപല്ലതാനും, ആനകൾ സ്വൈര്യവിഹാരം നടത്തിയിരുന്ന മേഖലയായിരുന്നു.

സഞ്ചാരസ്വാതന്ത്ര്യ നിഷേധത്തിന് നിയമപ്പോരാട്ടങ്ങൾ നടക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ അട്ടപ്പാടിയിലെയും ആനക്കട്ടിയിലെയും വാളയാറിലെയും ആനകൾക്ക് ഒരു വിധത്തിൽ പറഞ്ഞാൽ നീതി നിഷേധിക്കപ്പെടുകയാണ്; ഒരു വലിയ 'ജ'യുടെ മാതൃകയിലേക്ക് ചുരുങ്ങിക്കൂടിക്കൊണ്ടിരിക്കുന്ന കോയമ്പത്തൂർ വനമേഖലയിലെ ഈ തലമുറയിലെ ആനകൾക്ക് കാടുകളേക്കാൾ ഒരുപക്ഷെ ചോളനിലങ്ങളും കരിമ്പിൻ തോട്ടങ്ങളും ചെങ്കൽ ചൂളകളുമാവാം കൂടുതൽ പരിചയം. വാലിൽതൂങ്ങിയും ആർത്ത വിളിച്ച കൂകിയും കുടിയേറ്റ തൊഴിലാളികൾ നിത്യേന ആനകളെ കാട്ട് കയറ്റുമ്പോൾ അരും മനസ്സിലാക്കുന്നില്ല, ഇത്തരം പ്രവൃത്തികളുടെ ഭവിഷ്യത്തുകൾ. ആനകൾക്ക് ഭയം തീർത്തും നഷ്ടപ്പെട്ട് കഴിയുമ്പോ ആക്രമണങ്ങൾ ഒഴിച്ച് കൂടാനാവാത്ത ഒരു പ്രശ്നമായി മാറിയേക്കാം. ഇതിന്റെ തെളിവുകൾ മേൽപ്പറഞ്ഞ മേഖലയിൽ തന്നെ വർധിച്ച് വരുന്ന മനുഷ്യ ജീവഹാനിയുടെ രൂപത്തിൽ ഉടലെടുത്തത് കഴിഞ്ഞു. പകൽ മുഴുവനും ഒരർത്ഥത്തിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ഇടക്കാടുകളിൽ മറ പിടിച് നിന്ന് രാത്രിയുടെ മറവിൽ തങ്ങളുടെ പെരുവയർ നിറയ്ക്കാൻ ഇറങ്ങുമ്പോഴാണ് വീണ്ടും മനുഷ്യരുടെ മുന്നിൽപ്പെടുന്നതും അപകടങ്ങൾ സംഭവിക്കുന്നതും. താരതമ്യേന ധൈര്യക്കൂടുതൽ (bolder) ഉള്ള ചില ആനകൾ പകൽ പുറത്തിറങ്ങുന്നതോടെ അവ ആക്രമണകാരികളായി. പിന്നെ സ്ഥിരം നടപടികൾതെളിയാത്ത എല്ലാ 'ആനക്കൊലകളും' അവന്റെ / അവളുടെ തലയിൽ വെച്ച് കെട്ടി കൊലയാന പട്ടം ചാർത്തി ആഘോഷിക്കുകയായി. മാധ്യമങ്ങലിൽ ചർച്ചകൾ കൊടുമ്പിരിക്കൊണ്ടുതുടങ്ങിയാൽ മേൽനടപടിയെന്നോണം അറസ്റ്റും ജയിൽവാസവുമായി.

ഇത്തരം സന്ദർഭങ്ങളിലെ അറസ്റ്റ് അഥവാ ആനപിടുത്തത്തിന് എത്തുന്ന ആനപൊലീസാണ് താപ്പാനകൾ അഥവാ കുങ്കിയാനകൾ. കഥയിലെ കുരിക്കൊമ്പൻ ഉൾപ്പെടെ ഒട്ടനവധി ആനകൾക്ക് കടിഞ്ഞാണിടാൻ ഉതകുന്ന ഈ ആനപ്പട്ടാളം കഠിനപരിശീലനങ്ങൾക്കൊടുവിലാണ് ഈ പദവി നേടുന്നത്. എല്ലാ ആനകളും കുംകികൾ ആവാറില്ല. ആദിവാസികളായ ആനക്കാർക്ക് ആനകളുടെ മട്ടും മാതിരിയും കണ്ടാൽ അറിയാൻ അവ ഈ ഗണത്തിൽപ്പെടുത്താൻ പോന്നവയാണോ എന്ന്. ഇടിച്ചും തള്ളിയും ഓടിച്ചും കുരുക്കിടാൻ കുടുക്കിപ്പിടിച്ചും ആരോമൽ ചേകവരുടെ അഭ്യാസപാടവത്തോടെ പയറ്റുന്ന കുംകിയാനകളുടെ ചേഷ്ടകൾ തന്നെ വീരകഥകൾ കണക്കെ പാടി നടക്കാറുണ്ട് മലയരും കാട്ടുനായ്ക്കരും കുറുമ്പരും മറ്റും. പലപ്പോഴും കാട്ടാനകൾ ബന്ധവസ്സ് ആക്കാൻ വഴങ്ങെക്കൊടുക്കുന്നത് താപ്പാനകളുടെ പ്രഹരം സഹിക്കാവയ്യാതെ തന്നെ. അതാത് ഇടങ്ങളിലെ ആദിവാസിവിഭാഗങ്ങളുടെ ഗജപരിപാലനരീതികൾക്കനുസരിച്ച് ഓരോ മേഖലകളിലും താപ്പാന പരിശീലനത്തിലും അവയുടെ മോഡസ് ഓപ്പറാന്റിയിലും ഗണ്യമായ മാറ്റമുണ്ട്.

കുരിക്കൊമ്പൻ എന്തുകൊണ്ടോ, ഭാഗ്യവശാൽ മലയരുടെ കൈവശം എത്തിപ്പെട്ടു. ഇവിടുത്തെ ആനപ്പോലീസുകാർ ജനകീയ നയക്കാരത്രേ! അതുകൊണ്ട് വളരെ കുറച്ച് മുറിപ്പാടുകളിൽ മാത്രമേ പ്രൊവിഡൻ അയഡിൻ-ടോപ്പിക്കൂർ സ്പ്രേ പ്രയോഗങ്ങൾ വേണ്ടി വന്നുള്ളൂ. കാട്ടാനയുടെ ഇരുവശത്തും വടം കെട്ടി കടിച്ച് പിടിച്ച് അവയെ സുരക്ഷിതമായി ക്രാൽ അഥവാ പന്തിക്കകത്തേക്ക് ആക്കുന്നത് വരെ ആനപ്പോലീസ് കൂടെയുണ്ടാവും. ഇവയുടെ സേവനം പിന്നീട് ഉതകുക കൂടിന്റെ കഴകൾ മാറ്റാനോ പരിശീലനം കഴിഞ്ഞ ആനയെ പുറത്തേക്കിറക്കാൻ സഹായിക്കാനോ ആണ്.

അപ്പോഴാണവൻ അത് ശ്രദ്ധിച്ചത് മലയൻ തന്നെ കുരിക്കൊമ്പൻ എന്നാണ് വിളിച്ചത്; പുതിയൊരു പേരുമായി. മയക്കം തീർത്തും വിട്ട് മാറിയപ്പോഴേക്കും മുഖത്തും ശരീരത്തിലും ചിലർ കുടി വെള്ളം ഒഴിച്ച് കൊണ്ടിരിക്കുകയായിരുന്നു. മലയൻ തുണികഷ്ണം വെച്ച കെട്ടിയ ഒരു കോലുകൊണ്ട് എന്തോ ദ്രാവകം നഖത്തിനിടയിലും ചീളിയിലും ചങ്ങലപ്പറ്റിലും തേച്ച് കൊണ്ടിരുന്നു. ഓരോന്ന് ചെയ്യുന്നതിനിടയ്ക്കും അവർ എന്തെക്കെയോ പറയുകയും ആന പൊടുന്നനെ എന്തെങ്കിലും ചെയ്താൽ കരിമ്പ് കൊടുത്ത് കൊണ്ടിരിക്കുകയും ചെയ്തു. മുൻ നിശ്ചയിച്ച വണ്ണം സഹകരണം തന്നെ മുൻപോട്ടുള്ള വഴി എന്ന തീരുമാനിച്ചത് കൊണ്ടോ എന്തോ ആഴ്ചകൾക്കുള്ളിൽ ആ അഴികൾക്കിടയിൽ നിന്നും അവന് മോചനമുണ്ടായി. പുറത്തിറങ്ങിയപ്പോഴേക്കും ക്യാമറകൾ മിഴികൾ ചിമ്മിത്തുറന്നു. അവന് ചുറ്റും ഒരു മായാവലയം തീർത്ത പോലെ തോന്നി അവൻ. ആ മിഥ്യ അവന്റെ കാലിലെ നീട്ടുചങ്ങലയുടെ പിടുത്തത്തിൽ നിന്നും അവനെ മോചിതനാക്കി.

കൈയിൽ പിടിച്ചിട്ടുള്ള കരിന്തുവര കോൽ കണക്കെയുള്ള ആ മലയൻ അവന്റെ ചങ്ങാതിയായി വർത്തിച്ചു, സന്തതസഹചാരി; അവർ കാട്ടും കാട്ടാറും കണ്ടു, പിന്നിട്ട വഴികളിലൂടെ അവൻ വീണ്ടും നടന്നു, മലയനോടൊപ്പം, കൂട്ടാനയുടെ വാലിന് പകരം തുവരക്കോലിന്റെ തുമ്പായിരുന്നു കൈയ്യിൽ. ദ്രുതഗതിയിൽ കാര്യങ്ങൾ മനസ്സിലാക്കി, 'വിദ്യാഭ്യാസം' പുരോഗമിച്ചപ്പോൾ എല്ലാവരും വട്ടം കൂടി നിന്നാവർത്തിച്ചു, ഇവനാണ് അടുത്ത താരമെന്ന്. താരകൾ നഷ്ടപ്പെട്ട്, ഗജയൂഥവിരഹിതനായി, വനവ്യഥാബാധിതനായി അതിജീവനപാത പിന്തുടർന്നവൻ പിന്നീടങ്ങോട്ട് താരമാണത്രെ.

> ഉന്നിദ്രം തഴയ്ക്കുമീ താഴ്വര പോലൊന്നുണ്ടോ
> തന്നെപ്പോലൊരാനയ്ക്കു തിരിയാൻ വേറിട്ടിടം?
> – സഹ്യന്റെ മകൻ, വൈലോപ്പിള്ളി

ഭൂതകാലത്തിൽ നിന്നുള്ള പലായനമാണ് സ്വാതന്ത്ര്യം

—ജെ. രഘു

ഫാസിസത്തോട് ഉദാസീനരാകാൻ ഒരു ജനതയെ പരിശീലിപ്പിക്കുന്നത്, അവരുടെ ചിന്തയ്ക്കുമേൽ 'പോലീസിംഗ്' ഏർപ്പെടുത്തുന്നതിലൂടെയാണ്. ഇത് മിക്കപ്പോഴും പ്രത്യക്ഷമാവണമെന്നില്ല. ഭാവനയുടേയും ചിന്തയുടേയും മേഖലയിൽ സർഗ്ഗാത്മകമായി പ്രവർത്തിക്കുന്ന എഴുത്തുകാരെയും ചിന്തകരെയും ഭയപ്പെടുത്തുന്നതിലൂടെയും 'ചിന്താപോലീസിംഗ്' നടപ്പാക്കാം. സ്വന്തം ആവിഷ്കാരങ്ങളെ തന്നെ ഭയപ്പെടേണ്ടിവരുന്ന എഴുത്തുകാരിലൂടെ ഫാസിസം ജനതയ്ക്ക് ഒരു നിഷേധമാതൃക നൽകുന്നു. സ്വതന്ത്രമായ ഭാവനയ്ക്കും ചിന്തയ്ക്കും നൽകേണ്ടി വരുന്നത് കനത്ത വിലയായിരിക്കും. അങ്ങനെ ഒരു ജനതയുടെ ജീവിതം 'ദൈനംദിനജീവിത'മായി ചുരുങ്ങുന്നതോടെ ഫാസിസത്തിന്റെ മുന്നേറ്റം പ്രതിരോധ ശൂന്യമായി മാറുന്നു. ഇന്ത്യയിലും കേരളത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്.

ഫാസിസത്തെ ജനപ്രിയമാക്കുന്ന മറ്റൊരു മാർഗ്ഗം 'ഭൂതകാല പൂജ'യാണ്. ഒരു വിദൂര 'സുവർണ്ണ ഭൂതകാല'ത്തെ നിർമ്മിക്കുകയും ആദർശവത്ക്കരിക്കുകയും ചെയ്യുന്നതിലൂടെ വർത്തമാനഭാവികൾ ഈ സുവർണ്ണയുഗത്തിൽ നിന്നുള്ള ക്രമാനുഗത അപചയമാണെന്ന് സ്ഥാപിക്കുന്നു. വർത്തമാന കാലത്തിന്റെ ഭാഗമായ ഭരണഘടന, ജനാധിപത്യം, മതേതരത്വം, ശാസ്ത്രീയത, ആവിഷ്കാരസ്വാതന്ത്ര്യം, സഹിഷ്ണുത തുടങ്ങിയ ആധുനിക മൂല്യങ്ങളെ ഈ ഭൂതകാലോന്മുഖത സംശയത്തോടെ വീക്ഷിക്കുന്നു. സുവർണ്ണ ഭൂതകാലത്തിന്റേതായ ഗോത്ര-ജാതി മൂല്യങ്ങളും ഭാവുകത്വങ്ങളും വീണ്ടെടുക്കപ്പെടേണ്ടവയാണെന്ന് ഉൽഘോഷിക്കപ്പെടുന്നു. അങ്ങനെയാണ് സമകാല ഇന്ത്യൻ ജീവിതത്തിന്റെ മാതൃകയായി 'പ്രാകൃത ജാതി ഇന്ത്യ' ആദർശവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ പ്രാകൃത ജാതി ഇന്ത്യയുടെ രാഷ്ട്രീയ സൈദ്ധാന്തിക വക്താക്കൾക്ക് സമകാലിക ഇന്ത്യയിൽ ഇത്രത്തോളം ബഹുജനസമ്മിതി ലഭിക്കാനുള്ള കാരണം, ബഹുജനങ്ങളെ വർത്തമാനത്തിന്റെ കാലബോധത്തിൽനിന്ന് പിഴുതെറിയാനും (de-temporalize) അവരിൽ അജ്ഞാനവും, വിദൂരവും അയഥാർത്ഥവുമായ ഒരു ഭൂതകാല ബോധവും നിക്ഷേപിക്കുവാനും കഴിഞ്ഞതുകൊണ്ടാണ്. മിത്തുകളിലെയും പുരാണങ്ങളിലെയും കഥാപാത്രങ്ങളും സംഭവങ്ങളും 'യഥാർത്ഥ'മായി ജനങ്ങൾ അനുഭവിക്കാൻ തുടങ്ങുന്നു. ഈ 'മിത്തിക്കൽ യാഥാർത്ഥ്യങ്ങളെ' മാനദണ്ഡമായി സ്വീകരിക്കുന്ന ബഹുജനങ്ങൾ, ഒരുവശത്ത് ആധുനികതയുടെ ആശയലോകത്തെ നിരാകരിക്കുകയും മറുവശത്ത്, നിത്യജീവിതത്തിൽ ഒഴിവാക്കാനാവാത്ത ആധുനിക ഉപകരണങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നു. ആധുനിക ഉപകരണ സ്വീകാരത്തെ ന്യായീകരിക്കുന്നത്, അവ പണ്ടുപണ്ടേ ഞങ്ങളുടെ സുവർണ്ണ ഭൂതകാലത്തിൽ ഉണ്ടായിരുന്നു എന്ന അവകാസവാദത്തിലൂടെയാണ്.

ഈ കാലബോധഭ്രംശം മനുഷ്യരിൽ സൃഷ്ടിക്കുന്ന ആഘാതം അഗാധമാണ്. ഭൂതികമായും ശാരീരികമായും വർത്തമാനത്തിൽ ജീവിക്കുകയും മാനസികമായി ഭൂതകാലത്തിൽ ജീവിക്കുകയും ചെയ്യുന്നവരായി മനുഷ്യർ പിളരുന്നു. മനസും ചിന്തയും ഭൂതകാലത്തിൽ നങ്കൂരമിട്ടിരിക്കുന്നതിനാൽ, തങ്ങളുടെ വർത്തമാനത്തിൽ തങ്ങൾക്കുചുറ്റും സംഭവിക്കുന്ന അനീതികളും സ്വാതന്ത്ര്യ നിഷേധങ്ങളും മനുഷ്യാവകാശധ്വംസനങ്ങളും ഈ മനുഷ്യരെ അലോസരപ്പെടുത്തുന്നില്ല. അവരുടെ ചിന്തയും ഭാവനയും രാമായണ മഹാഭാരതങ്ങളിലെ ദൈവങ്ങൾക്കും വീരന്മാർക്കും ഒപ്പമാണ്. ഈ ദൈവങ്ങൾക്കും വീരയോദ്ധാക്കൾക്കും വേണ്ടി യുദ്ധം ചെയ്യുന്ന സന്നദ്ധ പോരാളികളായി ഭാവന ചെയ്യുന്ന ജനക്കൂട്ടത്തിന് അത് നിർവഹിക്കണമെങ്കിൽ, വീണ്ടും വർത്തമാനത്തിലേക്ക് തിരികെ സഞ്ചരിക്കേണ്ടതുണ്ട്. വർത്തമാന സമൂഹത്തിലെ ദളിതനും മുസ്ലീങ്ങളും പിന്നോക്കജാതികളും കമ്യൂണിസ്റ്റുകാരും മതേതരവാദികളും എഴുത്തുകാരും ശാസ്ത്രജ്ഞരും ഒക്കെ രാവണന്മാരുടെയും കൗരവന്മാരുടേയും പ്രച്ഛന്നരൂപങ്ങളായി ഈ ജനക്കൂട്ടം അനുഭവിക്കുന്നു. തങ്ങളുടെ സുവർണ്ണ ഭൂതകാലത്തിന് അന്യമായ എന്തിനെയും അത് ആശയമാകാം, മനുഷ്യരാകാം ഇല്ലായ്മ ചെയ്യാനുള്ള രോഗാതുരമായ ഒരു വാസനയാണ് ഈ ആൾക്കൂട്ടങ്ങളുടെ മുഖമുദ്ര. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഫാസിസ്റ്റുകളുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യുന്ന ആൾക്കൂട്ടക്കൊലകൾ, ഇന്ന് സാധാരണ സംഭവങ്ങളായി മാറിയിരിക്കുന്നു.

ഇന്ത്യയുടെയും കേരളത്തിന്റേയും വർത്തമാനവും ഭാവിയും നേരിടുന്ന മഹാവിപത്താണിത്. മനുഷ്യസ്വാതന്ത്ര്യം എന്നത് ഭൂതകാലത്തിൽ നിന്നുള്ള ബോധപൂർവമായ 'പലായന'മാണ്. സ്വാതന്ത്ര്യം വാസ്തവമാകണമെങ്കിൽ, വർത്തമാനത്തിന്മേലുള്ള ഭൂതകാലാധിനിവേശത്തെ മനസ്സിലാക്കാനും പ്രതിരോധിക്കാനും കഴിയേണ്ടതുണ്ട്. ഭൂതകാലം ജീവിതത്തെ അധിനിവേശിക്കുന്നത് മിത്തുകളിലൂടെയും ഇതിഹാസങ്ങളിലൂടെയും ദൈവങ്ങലിലൂടെയും രാമനെപ്പോലെയുള്ള കഥാപാത്രങ്ങളിലൂടെയുമാണ്. രാമായണ മാസാചരണവും രാമായണ പാരായണവും ഭൂതകാലാധിനിവേശത്തിന്റെ പുതിയ രൂപങ്ങളാണ്. കാലബോധ ഭ്രംശത്തിനു വിധേയമാക്കപ്പെടുന്ന ജനങ്ങൾ എപ്പോഴും ഫാസിസത്തിന്റെ അസംസ്കൃത പദാർത്ഥങ്ങളാണ്. അതിനാൽ ജീവിതത്തിന്റെ സമകാലീനതയേയും സ്വാതന്ത്ര്യത്തെയും സംരക്ഷിക്കാനുള്ള പൂർവോപാധി, ഭൂതകാലാധിനിവേശത്തിന്റെ അദൃശ്യവും സൂക്ഷ്മവുമായ രൂപങ്ങളെ തിരിച്ചറിയാനും പ്രതിരോധിക്കാനുമുള്ള ചിന്താശേഷിയാണ്.

പ്രിയരഞ്ജൻലാൽ

അക്സസറീസ് സീരീസ് 1, പേപ്പർ കൊളാഷ്, 1999.

ഡയറി

—എൻ. എൻ. റിംസൺ



1990.

ഒരാൾ ചിത്രകാരനാവട്ടെ, ആവാതിരിക്കട്ടെ അബോധമായി ചിലപ്പോൾ ചില ചിത്രങ്ങൾ വരച്ചുവെന്ന് വരാം. ഉദാഹരണത്തിന് ഫോൺ ചെയ്യുമ്പോൾ (പുതിയ കാലത്തെ സെൽ ഫോൺ സംഭാഷണത്തിൽ അത് കുറവാണ്. ലാൻഡ് ലൈൻ സംഭാഷണങ്ങളിൽ) ടാഗോറിന്റെ എഴുത്ത് പുസ്തകങ്ങളുടെ അരികിൽ അദ്ദേഹം വരച്ച ചിത്രങ്ങൾ കാണാം. എന്നെ സംബന്ധിച്ച്, ഉള്ളിലെ ഇമേജസിനെ പുറത്തേക്ക് കൊണ്ടുവരാനുള്ള ഒരു വഴിയാണിത്. പ്രൈമോഡിയൽ ഇമേജസ് എന്നു പറയാം. പിന്നീട് ഈ രൂപങ്ങൾക്ക് മറ്റൊരു പരിണാമം ഉണ്ടാവാം. ഉണ്ടാവാതെ ഇരിക്കാം. തൊണ്ണൂറുകളിൽ ഞാൻ വരച്ചിട്ട ഇമേജുകളാണ് ഇത്. എന്റെ പിൽക്കാല ചിത്രങ്ങളുടെ വികാസത്തിലേക്കുള്ള ആദിരൂപങ്ങൾ.





പച്ചില/പഴുത്തില, സ്വാതന്ത്ര്യം/വിഭജനം

—എം. എച്ച്. ഇല്യാസ്

തൊണ്ണൂറുകളുടെ അവസാനം. ജെ. എൻ. യുവിലെ കൂട്ടുകാരൊത്തുള്ള രാത്രി നടത്തത്തിനിടയിൽ ഒരു ഡയറി കളഞ്ഞുകിട്ടുന്നു. പാക്കിസ്ഥാനിലെ ഒരു രാഷ്ട്രീയ പ്രവർത്തകത്തിന്റേതായിരുന്നു ഈ ഡയറി. കാർഗിൽ യുദ്ധത്തിന്റെയും അതുയർത്തിയ കപട ദേശീയ വികാരതള്ളിച്ചയുടേയും ഭീതിദമായ അന്തരീക്ഷത്തിലായിരുന്നു ദില്ലിയെന്നതിനാൽ 'പാക്കിസ്ഥാനി ഡയറി' ഉടൻ തന്നെ ജെ. എൻ. യു അധികൃതരെ ഏല്പിക്കാൻ തീരുമാനിച്ചു. ഡയറി മറിച്ചുനോക്കിയ ഉദ്യോഗസ്ഥൻ ശ്രദ്ധിച്ചത് അതിൽകുറിച്ചുവെച്ചിരിക്കുന്ന ഇന്ത്യയിലെ പലപ്രദേശത്തുനിന്നുമുള്ള പ്രശസ്തരും, അപ്രശസ്തരുമായ ഒരുപാട് പേരുടെ വിലാസങ്ങളും ഫോൺ നമ്പറുകളുമാണ്. അതിൽ കൂടുതലും പടിഞ്ഞാറൻ യു. പിയുടെ ചില പ്രത്യേക പ്രദേശങ്ങളിൽ നിന്നുള്ള 'അപ്രശസ്തരായ' ഹിന്ദു നാമധാരികളുടേതായിരുന്നു.

ഈ സംഭവത്തിനും ഏതാണ്ട് രണ്ടു ദിവസം മുൻപാണ് ജെ. എൻ. യു ഒരു ചരിത്ര സംഭവത്തിന് സാക്ഷ്യം വഹിച്ചത്. കാർഗിൽ യുദ്ധത്തെ തുടർന്ന വഷളായ ഇന്ത്യ-പാക് ബന്ധം മെച്ചപ്പെടുത്താൻ മുന്നിട്ടിറങ്ങിയ ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിൽ നിന്നുമുള്ള പൊതുപ്രവർത്തകരുടേയും, കലാകാരന്മാരുടേയും ഒരൊത്തുചേരൽ. ഇന്ത്യ-പാക് പീപ്പിൾസ് ഫോറം ഫോർ പീസ് ആൻഡ് ഡേമോക്രസി എന്ന സംഘടനയുടെയും, ഇന്ത്യാടുഡേയുടെയും മുൻകൈയിൽ നടത്തിയ കൂടിച്ചേരലിൽ പാക്കിസ്ഥാൻ സംഘത്തെ നയിച്ചിരുന്നത്, പാക്കിസ്ഥാന്റെ മുൻ ധനകാര്യമന്ത്രിയായിരുന്ന മുബഷിർ ഹസ്സൻ ആയിരുന്നു. കൂടിച്ചേരൽ സത്യത്തിൽ പലർക്കും ഒരു പുനഃസമാഗമമായി മാറുകയിരുന്നു. ഇരു രാജ്യങ്ങളിൽ നിന്നുവന്നവർക്കും അതിർത്തിക്കപ്പുറം വിഭജനാന്തരം നഷ്ടപ്പെട്ട കുടുംബക്കാരോ, ബന്ധുക്കളോ, സുഹൃത്തുക്കളോ ഉണ്ട്. അതുകൊണ്ടുതന്നെ, സമാധാനം പുനഃസ്ഥാപനത്തിനപ്പുറം നഷ്ടപ്പെട്ടവരെ തിരയാനുള്ള അവസരമായാണ് പലരും ഇതിനെ കണ്ടത്. തിരിച്ചിലിനുള്ള സഹായം പരസ്പരം വാഗ്ദാനം ചെയ്ത്, വിലാസങ്ങൾ കൈമാറി അവർ പിരിയുമ്പോൾ, കണ്ടുനിന്ന ദക്ഷിണേന്ത്യക്കാരായ ഞങ്ങളാണ് സത്യത്തിൽ 'രാജ്യത്തിന്' പുറത്തായത്. ആ കൂടിച്ചേരലിന് ഇന്ത്യയിൽ എത്തിയതായിരുന്നു കളഞ്ഞുകിട്ടിയ ഡയറിയുടെ ഉടമസ്ഥനായ രാഷ്ട്രീയക്കാരൻ. അയാൾ കുറിച്ചിട്ട ഹിന്ദു മേൽവിലാസങ്ങളാണ് ജെ. എൻ. യുവിലെ സെക്യൂരിറ്റി ഉദ്യോഗസ്ഥന്റെ സംശയങ്ങളായി മാറിയത്.

മറ്റൊരനുഭവം. കള്ളലാഞ്ചിൽ കടൽ കടന്നു ഗൾഫിലേക്കുപോയ ആദ്യകാല ഇന്ത്യൻ പ്രവാസികളെ കുറിച്ചു പഠനം നടത്തുന്നതിന്റെ ഭാഗമായി അടുത്തിടെ ചില ഓർമ്മക്കുറിപ്പുകളിലൂടെയും കത്തുകളിലൂടെയും ഡയറികുറിപ്പുകളിലൂടെയും കടന്നുപോയിരുന്നു. തൊള്ളായിരത്തി ഇരുപതുകളുടെ അവസാനം, പാക്കിസ്ഥാൻ വഴി കടൽ കടന്ന് ഗൾഫിലെത്തിയ എന്റെ ഉമ്മയുടെ അമ്മാവന്റേതാണ് ഇതിൽ ഏറ്റവും വേദനിപ്പിക്കുന്ന അനുഭവം. വിഭജനാന്തരം പൗരത്വപ്രശ്നത്തിന്റെ പേരിൽ നാട്ടിലേക്ക് തിരിച്ചുവരാതെ മരണംവരെ ഗൾഫിൽതന്നെ തങ്ങുകയായിരുന്നു മാമ. കാലങ്ങളായുള്ള ഗൾഫിലെ 'പാകിസ്ഥാനി' ജീവിതത്തിൽ ഭാഷ തന്നെ മറന്നു. മലയാളത്തിൽ എഴുതാനും വായിക്കുവാനും പ്രയാസപ്പെട്ടിരുന്നു. പരസഹായത്തോടെയാണ് മാമ പലപ്പോഴും നാട്ടിലേക്ക് എഴുതിയിരുന്നത്. തൊള്ളായിരത്തി അറുപത്തിമൂന്നിൽ യു എ ഇയുടെ ഭാഗമായ അജ്മാനിൽ നിന്നുമുള്ള അത്തരത്തിലൊരു കത്ത് സഹോദരിയായ എന്റെ വെല്ലുമ്മ ഏറെക്കാലം സൂക്ഷിച്ചിരുന്നു.

എന്റെ ഉമ്മയും സഹോദരങ്ങളും മാമയെ നേരിട്ട് കണ്ടിട്ടില്ല. മാമ തിരിച്ചുവരാൻ വെല്ലുമ്മ ദിവ്യന്മാരുടെ ഖബറിടങ്ങളിലേക്ക് മുടങ്ങാതെ നേർച്ച നേർന്നിരുന്നു. കത്തിലൂടെ മാത്രം അവരറിഞ്ഞു മാമയുടെ പൗരത്വപ്രതിസന്ധികളെ കുറിച്ച്. ഓരോ കത്തും നാടണയാൻ പറ്റാത്തവന്റെ സങ്കട കാവ്യങ്ങളായിരുന്നെന്നു ഉമ്മ ഓർക്കുന്നു.

നാട്ടിലേക്കു തിരിച്ചെത്താനാകാതെ ഗൾഫിൽ കിടന്നു മരിക്കെണ്ടി വന്ന മാമയുടേതുപോലുള്ള അസഖ്യം നിലവിളികൾ ഞാൻ കടന്നുപോയ കത്തുകളിലും ഓർമക്കുറിപ്പുകളിമുണ്ടായിരുന്നു. വിഭജനത്തിനു മുൻപ് ഇന്ത്യയുടെ ഭാഗമായിരുന്ന, പിന്നീട് പാകിസ്ഥനിലേക്കു മാറിയ സിന്ധ് പ്രവിശ്യയിൽ നിന്നും കുടിയേറി, വിഭജനത്തെ തുടർന്ന് എവിടേക്കു തിരിച്ചുവരുമെന്ന വ്യാകുലതയിൽ ഗൾഫിൽ തന്നെ സ്ഥിരതാമസമാക്കിയ ഭാട്ടിയ കമ്യൂണിറ്റിയിൽപെടുന്ന കിഷോർ അസർപോട്ടയുടേതായിരുന്നു മനസ്സിനെ ഉലച്ച മറ്റൊരു ഓർമ.

സ്വാതന്ത്ര്യത്തിൻ എഴുപത്തിയൊന്നു വയസ്സാവുമ്പോൾ, വിഭജനത്തിനും അത്രതന്നെ വയസ്സാവുകയാണ്. സ്വാതന്ത്രത്തിന്റെ മൂപ്പിന് വിഭജനമുണ്ടായേക്കിയ മുറിവുകൾ ഉണക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഒരു യാഥാർഥ്യമാണ്. ഇന്ത്യയുടെ രാഷ്ട്ര ശരീരത്തിൽ അതുണ്ടാക്കിയ പാടുകൾ വീണ്ടും വീണ്ടും വെളിപ്പെടുന്ന ഒരു രാഷ്ട്രീയ സാഹചര്യത്തിലാണ് വിഭജനത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള ചർച്ച കൂടുതൽ പ്രസക്തമാവുന്നത്.

ജർമ്മനിയെ അഞ്ചുപതിറ്റാണ്ടു വിഭജിച്ച ബെർലിൻ മതിലിന്റെ തകർച്ച പുതിയൊരു ലോകരാഷ്ട്രീയക്രമത്തിന്റെ തുടക്കമായി ലോകം മുഴുവൻ ആഘോഷിച്ചത് ഏതാണ്ട് മുപ്പത് വർഷം മുൻപാണ്. എന്നാൽ ഏഷ്യൻ-ആഫ്രിക്കൻ ഭൂഖണ്ഡങ്ങളിൽ യൂറോപ്യൻ കൊളോണിയലിസം വരച്ച പല അതിർത്തി രേഖകകളും കാലം തോറും തെളിയുന്നത് ഒരു പോസ്റ്റ്കൊളോണീയൽ യാഥാർഥ്യമായി ഐജാസ് അഹമ്മദ് നിരീക്ഷിക്കുന്നുണ്ട്. ഏഴുപതിറ്റാണ്ടായിട്ടും അത്തരമൊരു ചർച്ചക്കിടനൽകാതെ ബെർലിൻ മതിലിനേക്കാൾ എത്രയോ മടങ്ങു മനുഷ്യത്വരഹിതമായ ഇന്ത്യ-പാക് വിഭജന രേഖയായ 'റാഡ്ക്ലിഫ് ലൈൻ', അതിർത്തിക്ക് ഇരുവശവും ജനജീവിതം ദുസ്സഹമാക്കിക്കൊണ്ടു നിലകൊള്ളുകയാണ്. ഒരേ സമയത്തു സംഭവിച്ച ഇന്ത്യ-പാക് വിഭജനത്തോടും സ്വാതന്ത്ര്യലബ്ധിയോടുമുള്ള ഗാന്ധിയുടെ നിലപാടുകൾ ഈയൊരു രാഷ്ട്രിയ പ്രശ്നത്തെ തുടക്കത്തിൽ തന്നെ അഭിമുഖീകരിച്ചിട്ടുണ്ട്.

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ മുൻനിരയിലുണ്ടായിരുന്ന ഏതൊരാളെയും രാഷ്ട്രീയമായി അളക്കുന്നതിൽ, വിഭജനത്തെയും അതുണ്ടാക്കിയ സാമുദായിക-രാഷ്ട്രീയ പ്രശ്നങ്ങളെയും അവരെങ്ങിനെ രാഷ്ട്രീയമായി നേരിട്ടു എന്നത് ഒരു മാനകമായി ഉപയോഗിക്കാവുന്നതാണെന്ന് ഫൈസൽ ദേവ്ജി സമർഥിക്കുന്നുണ്ട്. ഈയർത്ഥത്തിൽ ഗാന്ധിയുടെ രാഷ്ട്രീയ-പൊതുജീവിതത്തെ ദേവ്ജി രണ്ടായി വിഭജിക്കുന്നു. വിഭജനത്തിനു മുൻപും, ശേഷവും. വിഭജനാന്തരമുള്ള ഗാന്ധിയുടെ ജീവിതത്തിലെ 'നൗഖലി എപ്പിസോഡ്" ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു.

അനുബന്ധമായി ഒരു കഥയുണ്ട്. സ്വാതന്ത്രം കിട്ടിയതിനുശേഷം നെഹ്റു ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായി അധികാരമേൽക്കുമ്പോൾ ഗാന്ധി നൗഖലിയിലായിരുന്നു. ഭരണകൈമാറ്റത്തിന് സാക്ഷിയാകാൻ ഗാന്ധിയെ ക്ഷണിക്കാനെത്തിയ ദൂതനെ പക്ഷെ ക്ഷണം നിരസിച്ചു മടക്കിയയക്കുകയാണ് ഗാന്ധി ചെയ്തത്. വിഭജനമുണ്ടാക്കിയ ദ്രുവീകരണത്തിൽ മനംനൊന്ത ഗാന്ധി ദില്ലിയിൽ നെഹ്റുവിനെ ഏല്പിക്കാൻ ഒരു കൊഴിഞ്ഞ പഴുത്തിലയും കൊടുക്കുന്നുണ്ട്. ഈ പഴുത്തില യഥാർത്ഥത്തിൽ ഒരു പ്രതീകമാണ്. സ്വാതന്ത്ര്യലബ്ധി ആഘോഷിക്കണോ, വിഭജനത്തിൽ സങ്കടപ്പെടണോ എന്ന കുഴക്കുന്ന ചോദ്യത്തിന് ഗാന്ധി കണ്ടെത്തിയ ഉത്തരം. ഇന്ത്യൻ റിപ്പബ്ലിക്കിന് എഴുപത്തിയൊന്നു വയസാകുമ്പോഴും ഈ ചോദ്യവും, ഗാന്ധിയുടെ ഉത്തരവും പ്രസക്തമായി തന്നെ തുടരുന്നു.

ഈ നായ്ക്കളോടൊത്തുള്ള നടത്തം

—ഇ. സന്തോഷ് കുമാർ

മുമ്പ താമസിച്ചിരുന്നിടത്ത് കുറച്ചടുത്തായി പാടങ്ങൾക്കിടയിലൂടെ പോകുന്ന ഒരു പാതയുണ്ടായിരുന്നു. പലപ്പോഴും കാലത്തെ നടത്തം അതു വഴിയാകും. വൈദ്യുതശ്മശാനത്തിലേക്കു പോകുന്ന വഴിയായതുകൊണ്ടോ എന്തോ, സാധാരണയായി അധികമാരും അതിലേ വരാറില്ല. ഇടയ്ക്കൊരു ഇരുചക്രവാഹനം, ചിലപ്പോൾ ഒരു പാൽവണ്ടി: കഴിഞ്ഞു. പുകയുടെ രൂപത്തിൽ മുകളിലേക്കാണെന്നു തോന്നുന്ന മരിച്ചവരുടെ ഗതാഗതം. ആ വയലുകൾ കുറേക്കാലമായി ആരും കൃഷി ചെയ്തിരുന്നില്ല. അതറിയാതിരുന്ന പടിഞ്ഞാറൻ കാറ്റുകൾ മാത്രം എപ്പോഴും പരിസരങ്ങളിൽ ചുറ്റിക്കറങ്ങുന്നുണ്ടാവും.

പിന്നെപ്പിന്നെ ആ വഴിയിൽ അലഞ്ഞുതിരിയുന്ന നായ്ക്കളെ കാണാൻ തുടങ്ങി. ആദ്യം ഒന്നോ രണ്ടോ, പിന്നെ നാലഞ്ചായി പെരുകി, ഒടുവിൽ വലിയൊരു കൂട്ടം തന്നെയായി മാറി. അവയ്ക്ക് അവയുടേതായ കാരണങ്ങളുണ്ടായിരുന്നു. ഇത്രയും ഒഴിഞ്ഞ പാടങ്ങളിലും പാതയിലുമല്ലാതെ മറ്റെവിടെയാണ് ആളുകൾ ഗാർഹികമാലിന്യങ്ങൾ നിക്ഷേപിക്കുക? ഈ അവശിഷ്ടങ്ങൾക്കിടയിൽ നിന്നും കണ്ടെടുക്കാൻ സാദ്ധ്യതയുള്ള ഭക്ഷണപദാർത്ഥങ്ങളിലാണ് നായ്ക്കളുടെ കണ്ണ്. അതന്വേഷിച്ച് അവയിങ്ങനെ റോന്തുചുറ്റിക്കൊണ്ടിരിക്കും. അപ്പോൾ അതിലൂടെ കടന്നുവരുന്ന ഓരോ വ്യക്തിയെയും തങ്ങളെപ്പോലെത്തന്നെ ഇര തേടിയെത്തുന്നതാണെന്നാണ് അവരുടെ വിചാരം. സ്വാഭാവികമായും എന്റെ നടത്തം അവരുടെ റഡാറിൽ വന്നുപെട്ടു.

നായ്ക്കളുടെ സാന്നിദ്ധ്യം, മാലിന്യങ്ങൾ കൊണ്ടു തള്ളുന്നവരുടേ എണ്ണം കുറച്ചു. ഭക്ഷണലഭ്യത കുറയുന്നത് നായ്ക്കളെ കൂടുതൽ ആക്രമോത്സുകരാക്കി മാറ്റുകയും. മണ്ണുത്തി വെറ്ററിനറി കോളേജിൽ അധ്യാപകനായ ഡോ. നാരായണൻ ആയിടെ നായ്ക്കൾ ചെന്നായ്ക്കളുടെ സ്വഭാവത്തിലേക്കു കൂടു മാറുന്നതിനെക്കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിലോ മറ്റോ ഒരു ലേഖനം എഴുതിയിരുന്നു, ആയിടെ. അദ്ദേഹത്തെ എനിക്കു പരിചയമുണ്ടായിരുന്നു. ഒരിക്കൽ അവരുടെ കോളേജിലെ ഒരു പരിപാടിക്ക് ഞാൻ പോയിട്ടുണ്ട്. ശരിക്കും നായ്ക്കൾ ചെന്നായ്ക്കളായിത്തന്നെ മാറുകയാണോ എന്നുള്ള സംശയം തീർക്കാമെന്നു വിചാരിച്ച് അദ്ദേഹത്തെ വിളിക്കാൻ നോക്കിയിട്ടു കിട്ടിയില്ല. ഏതായാലും നടത്തം തുടരാനുറച്ചു. പക്ഷേ, കാലുകൾക്ക് പഴയ ആവിഷ്കാരസ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ആരോ തുടലിട്ടു പിടിച്ചതുപോലെ വേഗം കുറഞ്ഞു. കൂടുതൽ വേഗത്തിൽ നടന്നാൽ നായ്ക്കൾക്കു സംശയം തോന്നിയാലോ എന്നു പേടിച്ചു. ഇപ്പോൾ അവ എന്നെ മാറിനിന്നു നിരീക്ഷിക്കുകയാണ്. നേർക്കുനേർക്കു വരുന്നില്ല. കടക്കണ്ണുകൊണ്ടു നോക്കുന്നുണ്ട്, പലപ്പോഴും. എവിടേക്കാണ് ദൃഢമായ നീക്കങ്ങൾ എന്ന് അറിയാനായിരിക്കണം. അവരുടെ ഇലയിലേക്ക് എന്റെ ദൃഷ്ടികൾ പായുന്നുണ്ടോ എന്നുള്ളതാണ് പ്രാഥമികമായ വേവലാതി. അതില്ലെന്നു കാണുമ്പോൾ കുറച്ചു ദൂരം കഴിഞ്ഞാൽ അവരെന്നെ വിട്ടേക്കും. കാലിലെ തുടൽ ഒരല്പം അയഞ്ഞേക്കും, നടത്തം കുറേക്കൂടി വേഗത്തിലാവും.

ഇതു വളരെനാൾ തുടർന്നു പോന്നു. ഇരുപക്ഷത്തിനും മറ്റുമാർഗമുണ്ടായിരുന്നില്ല. വേറെ എല്ലാ പാതകൾക്കരികിലും അപകടം കൈണിവച്ചിരിപ്പുണ്ടായിരുന്നു. വലിയ ധൃതിയിൽ പോകുന്ന വാഹനങ്ങൾ പൊതുവേ, നടത്തക്കാരെ പരിഗണിക്കാറേയില്ല. രാവിലെ ഒന്നും ആലോചിക്കാതെയോ, തെറ്റി ആലോചിച്ചുകൊണ്ടോ വേറെ എവിടേക്കു നടക്കും? നായ്ക്കളെ സംബന്ധിച്ചുമതേ. കുറച്ചെങ്കിലും ഭക്ഷണവും സമാധാനവും ഒരുമിച്ച് മറ്റെവിടെ കിട്ടും? ശ്മശാനത്തിന്റെ പരിസരത്തുള്ള ആത്മാക്കളാണെങ്കിൽ പണ്ടേ മൃഗങ്ങളോട് ഉടമ്പടിയുണ്ടാക്കിയിരുന്നു. രാത്രികളിൽ അവർക്കുവേണ്ടി കരയാൻ അവർ മാത്രമല്ലേ ഉണ്ടായിരുന്നുള്ളൂ. ഒരു പ്രഭാതത്തിൽ ഒരു വയസ്സൻ നായയുടെ ശവം വഴിയോരത്തു കിടക്കുന്നതു കണ്ടു. അതിന്റെ കണ്ണുകൾ തുറന്നുകിടന്നിരുന്നു. ചെവികളിൽ നിന്നും രക്തം ഒലിച്ചു കട്ട പിടിച്ചിരുന്നു. രാത്രിയിൽ ചിലപ്പോൾ ഒരു ശവവാഹനം ഇടിച്ചുതെറിപ്പിച്ചതാവാം. പക്ഷേ, ആ തെരുവിലെ പട്ടികളാരും തന്നെ അതിനെ തിരിഞ്ഞു നോക്കിയില്ല. അനാഥത്വം കൊണ്ട് അതിന്റെ ജഡം പതിവിൽകൂടുതൽ വീർത്തു കെട്ടിനിന്നു.

ആ നടത്തങ്ങൾ അവസാനിപ്പിച്ചതു പിന്നീടാണ്. ഒരിക്കൽ ദൂരദേശത്തുള്ള ഒരു കൂട്ടുകാരൻ തലേന്ന് വീട്ടിൽ തങ്ങി. പിറ്റേന്നു വെളുപ്പിന് അയാൾ കൂടി എന്റെ കൂടെ വന്നു. നായ്ക്കൾ കാണും, ശ്രദ്ധിക്കാതെ നടന്നാൽ മതി എന്നു ഞാൻ അയാളോടു പറഞ്ഞുകൊടുത്തു. പാതയ്ക്കിരുവശത്തുമുള്ള വയലുകളിലെ പുൽച്ചെടികളേയും പാഴമരങ്ങളേയും സ്പർശിച്ചെത്തിയ കാറ്റ് അന്നു ഞങ്ങൾക്കൊപ്പം നടന്നു. ഇരുട്ടു വിട്ടുപോയിക്കഴിഞ്ഞു. ശ്മശാനത്തിന്റെ മുകളിൽ മേഘരഹിതമായ, വിളറിയ ആകാശം. പാതയിൽ കുറേ ദൂരം പോന്നപ്പോൾ ആരോ ഞങ്ങളെ പിന്തുടരുന്നുണ്ടെന്നു തോന്നി. പതുക്കെ തിരിഞ്ഞു നോക്കിയപ്പോൾ നാലഞ്ചു നായ്ക്കൾ. ഞങ്ങൾ നിന്നപ്പോൾ അവയും നിന്നു; നിങ്ങളെയല്ല പിന്തുടരുന്നത് എന്നു കാണിക്കാനെന്നോണം, മറ്റെവിടേക്കോ നോട്ടം പായിച്ചു. ഞങ്ങൾ വീണ്ടും നടന്നു. പിന്നിലുള്ളവരുടെ പാദപതനങ്ങൾ അപ്പോൾ കേൾക്കാം. തീർച്ചയായും അവർ പിറകേയുണ്ട് എന്നു മനസ്സിലായി.

പുതിയൊരാളെക്കൂടിക്കൂട്ടി ഞങ്ങളുടെ പരിസരങ്ങൾ നിരീക്ഷിക്കാൻ വന്നിരിക്കുകയാണല്ലേ എന്നൊരു അപായസൂചന ആ പിന്തുടരുന്നവരുടെ കണ്ണുകളിൽ വായിക്കാമായിരുന്നു. ഭയം ഞങ്ങളെ ഇടയ്ക്കിടെ കൂടുതൽ സംസാരിപ്പിച്ചു. അല്ലെങ്കിൽ ഞങ്ങൾ ഒട്ടും സംസാരിക്കാതായി. രണ്ടായാലും സ്വാഭാവികത നഷ്ടപ്പെട്ടു. നിത്യവും ഈ ഭീതിക്കിടയിൽത്തന്നെയായിരുന്നു നടത്തം എന്നുണ്ടായിരുന്നുവെങ്കിലും അന്നപ്പോൾ അതു കൂടുതൽ അസാധാരണമായിത്തോന്നിച്ചിരുന്നു. ഭയം വായുവിൽ ഈർപ്പം പോലെ കെട്ടിനിൽക്കുന്നു. വാക്കുകൾ പോലും വിയർക്കുന്നു. നമുക്ക് ഓടിയാലോ? സുഹൃത്തു ചോദിച്ചു. പക്ഷേ, അവയ്ക്ക് നമ്മേക്കാൾ വേഗത്തിൽ ഓടാൻ കഴിയുമല്ലോ. അല്ലെങ്കിൽത്തന്നെ എത്രദൂരം നമ്മൾ ഓടും? അപ്പോൾ ഞങ്ങളുടെ സംഭാഷണം കേട്ടതുപോലെ മറ്റൊരു നായ ഇടവഴിയിലൊരിടത്തുനിന്നും തൊട്ടു മുന്നിലായി പ്രത്യക്ഷപ്പെട്ടു. പിന്നെ ഇരുവശങ്ങളിൽ നിന്നും. ഞങ്ങൾ വലയം ചെയ്യപ്പെട്ടു കഴിഞ്ഞു എന്നു മനസ്സിലായി. അദൃശ്യമായ ചങ്ങലച്ചുറ്റുകളിൽ കുടുങ്ങി ഞങ്ങൾ ഇടംവലം തിരിയാനാവാതെ നിശ്ചലം നിന്നു. എത്രനേരം അങ്ങനെ നിന്നു എന്ന് ഓർമ്മിക്കാനാവുന്നില്ല.

അപ്പോൾ ശ്മശാനത്തിലേക്കുള്ള അന്നത്തെ ആദ്യത്തെ ശവവണ്ടി അതിലൂടെ പാഞ്ഞു വന്നു. വഴിയുടെ മധ്യത്തിൽ നായ്ക്കളുടെ നടുക്കുപെട്ട രണ്ടു മനുഷ്യരെ കണ്ടിട്ടോ, അതോ മാറിപ്പോകാൻ വഴിയില്ലാഞ്ഞിട്ടോ എന്തോ, വണ്ടി പെട്ടെന്ന് ചവിട്ടി നിർത്തി. ടയർ കരിയുന്ന മണം പരന്നു. എന്തൊരു നാശം! ഉറക്കെപ്പറഞ്ഞുകൊണ്ട് എന്തോ നീളമുള്ള ഒരു ദണ്ഡെടുത്ത് ഡ്രൈവർ ചാടിയിറങ്ങി. അപ്രതീക്ഷിതമായ അയാളുടെ നീക്കം കണ്ടപ്പോൾ നായ്ക്കൾ പിരിഞ്ഞുപോയി. പോരുന്നോ? അയാൾ തിരക്കി. ആ ഭാഗത്ത് ഇറക്കാം. ഇവിടെക്കൂടി നടന്നാൽ ഈ ജന്തുക്കളെക്കൊണ്ടു വലിയ ശല്യമാണ്. വാഹനത്തിനുള്ളിൽ കയറിയപ്പോൾ മൃതശരീരത്തോടൊപ്പം കൂട്ടുവന്നിരുന്നവർ ഞങ്ങളെ തലയുയർത്തി നോക്കി. അതൊരു വൃദ്ധന്റെ ശരീരമായിരുന്നു. ശവദാഹത്തിനു ശേഷം എളുപ്പത്തിൽ തിരിച്ചുപോകണമെന്ന ചിന്ത ആ മുഖങ്ങളിൽ തെളിഞ്ഞു കണ്ടു.

ആ വഴിയിലൂടെയുള്ള പോക്ക് ഉപേക്ഷിച്ചു. വാഹനങ്ങളിൽ നിന്നും ആവുന്നത്ര ദൂരം പാലിച്ച് പതുക്കെ, പിന്നെയും ഏതൊക്കെയോ തുടലുകൾ സ്വയം അണിഞ്ഞ് റോഡുകളിൽകൂടെയായി പിന്നീടുള്ള നടത്തം. അധികം കഴിയുന്നതിനു മുമ്പ് പരിചിതമല്ലാത്ത നഗരത്തിൽ വന്നുചേർന്നു. ഉയരങ്ങളിൽ ചെന്നു പാർത്തു. മനുഷ്യരെക്കൊണ്ടു നിറച്ചു പള്ള വീർപ്പിച്ച തീവണ്ടികളിൽ പോക്കുവരവു ചെയ്തു. പലതരം രുചികൾ ശീലിച്ചു. മാറ്റവെള്ളത്തിൽ കുളിച്ചു മുടികൊഴിഞ്ഞു. നരച്ചു. ഗർജ്ജിക്കുന്നവരൊന്നും സിംഹങ്ങളായിരുന്നില്ലെന്നു മനസ്സിലായി. ധൃതിയിൽ അവർ ഉലാത്തിയിരുന്നത് കൂടിന്റെ അതിർത്തികൾ വരെ മാത്രമായിരുന്നു എന്നു തെളിഞ്ഞു.

രാവിലെയോ പകലോ സന്ധ്യക്കോ എന്നില്ലാതെ പലപ്പോഴും നടക്കാനിറങ്ങും. നഗരത്തിൽ രാത്രിയിൽ കുറവായിരുന്നു. നടക്കാൻ പോകുമ്പോൾ വരമ്പുകളോ വയലുകളോ ഉള്ള പാതകൾ ഓർമ്മകൾ മാത്രമായി. വഴികൾക്ക് കെട്ടിടങ്ങൾ അതിരു നിന്നു. ഭയം തീണ്ടിയ കാറ്റ് അവയ്ക്കുള്ളിൽ കെട്ടിക്കിടന്നു. അല്ലെങ്കിൽത്തന്നെ നമ്മുടെ യാത്രകൾക്കെല്ലാം കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പീടികകളിലേക്കും സ്കൂളിലേക്കും വല്യതായപ്പോൾ കോളെജിലേക്കു പോകുന്ന ബസ്സുകളിലേക്കുമായിരുന്നു നമ്മുടേ പഴയ നടത്തം. വന്നുവന്ന് ഒരാവശ്യവുമില്ലാതെയുള്ള യാത്രകളെയാണ് നാമിപ്പോൾ നടത്തമായി പരിഗണിക്കുന്നത്. ഒരുപക്ഷേ, ശരീരത്തിലേക്കുള്ള, ശരീരത്തിനുവേണ്ടിയുള്ള പ്രാണസഞ്ചാരം.

അങ്ങനെ നടക്കുമ്പോൾ, ഒരവധി ദിവസം വഴി മാറി സഞ്ചരിച്ചു. ഞായറാഴ്ചയിലെ നഗരം ഉണർന്നുവരുന്നതിനു സമയമെടുക്കും. ഉറക്കച്ചടവുള്ള ചില വാഹനങ്ങൾ മാത്രം സാവധാനം കടന്നുപോയി. ആ വഴി അധികം പോയില്ല, അതു വലിയൊരു എടുപ്പിനു മുന്നിൽ ചെന്നുമുട്ടുന്നു. അറ്റത്തെത്തിയപ്പോൾ വലിയൊരു കരിങ്കൽക്കൂന കണ്ടു. ഏതോ മരാമത്തുപണിക്കായി കൂട്ടിയിട്ടിരിക്കുകയാണ്. പൊടുന്നനെ, അതിനു മുകളിലേക്ക് ഒരു വലിയ നായ ചാടിയിറങ്ങി വന്നു. കൽച്ചീളുകളുടെ ഏറ്റവും ഉയരമുള്ള ഭാഗത്തു കയറിനിന്ന് അത് എന്റെ നേരെ കണ്ണെടുക്കാതെ നോക്കി. കണ്ണു ചിമ്മിയാൽ അതു സംശയിക്കും. ഞാൻ നിർന്നിമേഷനായി അവിടെത്തന്നെ നിന്നു.

നാട്ടിൽ നിന്നും പോന്നാൽ ഞ്ങ്ങൾ അറിയില്ലെന്നു വിചാരിച്ചു അല്ലേ? അതു ചോദിക്കുന്നു. നാവിൽ ഉപ്പു നുണയുന്നു; എനിക്കു വാക്കുകൾ കിട്ടിയില്ല.

തിരിഞ്ഞുനോക്കാൻ തോന്നിയില്ല; പിന്നിൽ ശ്വാസോച്ഛ്വാസത്തിന്റെ മുരടനക്കം. നിങ്ങൾ നിരീക്ഷിക്കപ്പെടുകയാണ്, നിരീക്ഷിക്കപ്പെടുകയാണ്. നേരിയ അനക്കം പോലും ആപത്തിലേക്കു കൊണ്ടു പോകാം. ചുറ്റും മനുഷ്യരാരും ഇല്ല. ഒരു പക്ഷേ, ആത്മാക്കളും.

—ഞാൻ മറ്റൊരു ശവവണ്ടി കാത്തു നിന്നു.

സൈക്കിളും ഗിത്താർസഞ്ചിയും

—യോൻ ഫോസേ

ആസിൽ അവന്റെ അമ്മയുടെ പഴയ സൈക്കിളിൽ ചുറ്റിയടിക്കുമായിരുന്നു, അവനതിന്റെ നിറം നീലയാക്കിയിരുന്നു. മിക്കപ്പോഴും അവന്റെ കൈയിൽ ഗിത്താർ സഞ്ചി ഉണ്ടായ്രിരുന്നു. സൈക്കിൾ ചവിട്ടിപ്പോകുമ്പോൾ അവന്റെ നീണ്ട മുടി പിന്നിൽ പറന്നു കളിക്കുമായിരുന്നു.

ഞാൻ സന്തോഷവാനാണ്

എനിക്കായി കുറച്ച് പുതിയ വസ്തുങ്ങൾ വാങ്ങാനാണ് ഞാൻ ടൗണിൽ പോയത്. കാറൽ മാർക്സ് എഴുതിയ ഒരു പുസ്തകം ഞാൻ വാങ്ങി. കിടക്കയിൽ കിടന്നുകൊണ്ട് ഞാനതിലെ ഓരോ വാക്കുകളും വാചകങ്ങളും വായിച്ചെങ്കിലും എനിക്കൊന്നും തന്നെ മനസ്സിലായില്ല. അടുത്ത ദിവസം, ഞാൻ പോകുന്ന സ്കൂളിൽ നിന്നും വീട്ടിലേക്ക് ഒരു ഡിഷണറി കൊണ്ടുവന്നു. ഞാൻ ഒരുപാട് വാക്കുകൾ നോക്കി. എനിക്കു കുറച്ചൊക്കെ പിടി കിട്ടി. ഞാൻ സന്തോഷവാനായി.

ആസിൽ ഒരിക്കലും ഒരു പുസ്തകം വായിച്ചിരുന്നില്ല

ആസിൽ ഒരിക്കലും ഒരു പുസ്തകം വായിച്ചിട്ടില്ല. അപ്പോഴാണ് അവർ സ്കൂളിലേക്കായി ഒരു നോവൽ വായിച്ചത്. ആസിൽ കണ്ടെത്തി അവനത് നന്നായി ഇഷ്ടമായെന്ന്, എന്തുകൊണ്ടെന്നാൽ ജീവിതത്തിൽ ഉള്ളതെല്ലാം സംഗീതത്തിലെ ആരോഹണാവരോഹണങ്ങൾ പോലെ സഞ്ചരിക്കുകയാണ് നോവലിൽ, അതുകൊണ്ട് അവനത് നന്നായി ഇഷ്ടപ്പെട്ടു, എന്നാലത് കൃത്യമായ സംഗീതം പോലെ അല്ല താനും, എന്തുകൊണ്ടെന്നാൽ അവന് സംഗീതം എന്താണെന്നറിയാം പക്ഷേ, ഇതൊരുതരം സംഗീതമാണ് അതിലെ ആരോഹണാവരോഹണങ്ങൾ എല്ലാം നിശ്ശബ്ദമാണ്, അതിനെക്കുറിച്ച് ചിന്തിക്കാൻ രസമാണ്.

പരിഭാഷ: ഉണ്ണി ആർ.

മേൽവിലാസങ്ങൾ ചോദ്യപ്പേപ്പറുകൾ

—എ. ജെ. തോമസ്

ഇതെന്തൊരു തമാശ
എന്റെ പേര് എനിക്കൊരു പ്രശ്നം!

വല്യപ്പന്റെ പേരാണ് എനിക്കിട്ടത്
അങ്ങേർക്ക് തന്റെ വല്യപ്പന്റെ,
ആ മുതുമുത്തച്ഛന് സ്വന്തം വല്യപ്പന്റെ,
നീണ്ടു നീണ്ടു പോകുന്ന കണ്ണികൾ
നൂറ്റാണ്ടുകൾ നൂഴന്നു.

ആദ്യത്തെയാൾക്ക് യേശുക്രിസ്തുവിന്റെ
തീപ്പൊരി അപ്പോസ്തലന്റെ പേര്
അതെ
മുസിരിസ്സിൽ കപ്പലിറങ്ങിയെന്ന് കേൾവിപ്പെട്ട
അതേ തോമസ്–'മാർത്തോമ്മാ ക്രിസ്ത്യാനികൾ'
എന്ന പ്രശ്നഭരിതമാം നാമധേയത്തിന്നുറവിടം.

തല തിരിഞ്ഞ ഒരു എബ്രായപ്പേരായിരുന്നു
അങ്ങേർക്ക്
('താമാ' എന്നറിയപ്പെടുന്ന 'തോമാ')
അതിലൂന്നി എന്റെ മധുരമൂറും
സുറിയാനിക്രിസ്ത്യാനിപ്പേര്
പിന്നത് ആംഗലേയത്തിൽ 'തോമസ്"
–അതും വലിയ കഥ–
'സന്ദേഹിത്തോമസ്-ആംഗലേയശൈലിയാൽ
ആൾക്കാർ എന്നെ കളിയാക്കിക്കളിയാക്കി
അതൊരു പതിവാക്കി.

എന്റെ രചനകളിൽ
എന്റെ പേരു കണ്ട്
ഞാൻ ചൂളി:
'ശരിയാകുമോ ഈ പേര്?'

ഫേസ്ബുക്കിന്നപേക്ഷയിൽ
എന്റെ പേരും ഇരട്ടപ്പേരും പൂരിപ്പിച്ചു

അടിച്ചുവന്നത് എന്റെ മുഴുവൻ പേര്
വീട്ടുപേരാച്ഛൻപേരടക്കം ഒരു നാവുളുക്കിപ്പേര്
എല്ലാവരേയും പോലെ ഞാനുമത് കടിച്ചിറക്കി.

അടുത്ത കാലത്ത് പരദേശത്ത്
എന്റെ പേര്
എന്നെ വീണ്ടും പെടുത്തി.
'പേരു മാറ്റുക അല്ലെങ്കിൽ
കഴുത്തറക്കാൻ നീട്ടുക.'
അല്ലല്ല നാമിവിടെ ഇടക്കിടെ കേൾക്കുംപോൽ
വെറുമൊരു വീൺവാക്കല്ലേയല്ലിത്.
കഴുത്തിൽ തല നിലനിർത്താൻ, സത്യം.

അപ്പോഴെല്ലാം ഒരേയൊരു സാന്ത്വനചിന്ത-
എന്റെ ഭാരതത്തിലേക്കു ഞാൻ മടങ്ങും
പൂർണ്ണസ്വാതന്ത്ര്യത്തിന്റെ വായു ശ്വസിക്കും ഞാൻ.

തിരിച്ചു ഞാനിവിടെയെത്തി
പാർപ്പും തുടങ്ങി. എന്താണിതു?
ഒരെത്തും പിടിയുമില്ല...
ഇവിടെയും അവിടുത്തേക്കാൾ
വ്യത്യസ്തമല്ലേ, ഒട്ടും?

ചില മനസ്സുകളിലെങ്കിലും
എന്റെ പേര് കൊട്ടിയടക്കുന്നുവോ
പല സഹസ്രാബ്ദങ്ങളായ് എന്നിൽ പുലരും
ഭാരതീയസംസ്കാരത്തിലേക്കു തുറക്കേണ്ട ജാലകം?

എനിക്കെന്റെ പേരാകാമോ?

എന്തൊക്കെയാണെങ്കിലും
ഒരു പേരിലല്ലേ എല്ലാം!

പരിഭാഷ: ഡോ. ജ്യോതി ഗോപു

സാർത്രിന് അയച്ച കത്ത്

—ഷെനേ

സ്വവർഗ ലൈംഗികതയുടെ സ്വഭാവത്തെക്കുറിച്ചുള്ള ഈ കത്ത് 1952-ൽ ആയിരിക്കണം എഴുതപ്പെട്ടത്. സെയ്ന്റ് ഷെനേ എന്ന പുസ്തകത്തിൽ സാർത്ര് അവതരിപ്പിക്കുന്ന സ്വതന്ത്ര ഇച്ഛാസിദ്ധാന്തത്തിനുള്ള ഒരു പ്രതിവാദം ആണ് ഇത്.

പ്രിയ സാർത്ര്,

നമുക്ക് സംസാരിക്കാൻ സമയം കിട്ടിയില്ല. സ്വവർഗ ലൈംഗികതയെപ്പറ്റി എനിക്ക് നിങ്ങളോടുപറയാൻ ഉള്ളത് ഇതാണ്. അത്ര അടുക്കും ചിട്ടയും ഉള്ള രൂപത്തിൽ ആയിരിക്കില്ല എന്റെ ചിന്തകൾ. നിങ്ങളുടെ അഭിപ്രായം എന്നെ അറിയിക്കുക.

ലൈംഗിക ചോദനയെപ്പറ്റിയല്ല നമ്മൾ ആദ്യം സംസാരിക്കേണ്ടത്. പ്രത്യുത, ജീവിതത്തിന്റെ തുടർച്ചയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു നിയമത്തെപ്പറ്റിയാണ് അത്.

ഈ നിയമ പ്രകാരം, കുട്ടിക്കാലം തൊട്ടു തന്നെ നിഗൂഢമാം വണ്ണം നാം സ്ത്രീക്ക് നേരെതിരിയുന്നു. ലൈംഗികത ആദ്യം അവനവനിലേക്കു തന്നെ പ്രസരിപ്പിക്കപ്പെടുന്നു. പിന്നീട് അത് മറ്റൊരു ജീവിയിലേക്കു (മിക്കവാറും) നീങ്ങുന്നു. ക്രമേണ അതു സ്ത്രീയിലേക്ക് എന്ന രീതിയിൽ വിവേചിക്കപ്പെടുന്നു.

യൗവ്വനാരംഭത്തോടെ ചോദനാപൂർവ്വം തന്നെ ലൈംഗിക മോഹം സ്ത്രീയിൽ കേന്ദ്രീകൃതമാവുന്നു. സ്ത്രൈണ സവിശേഷതകളോട് അത് ആകർഷിക്കപ്പെടുന്നു. പുരുഷ സവിശേഷതകളെ അത് അവഗണിക്കുന്നു. നിഷ്ഫലതയുടെ സൂചകങ്ങളായി അത് വിവക്ഷിക്കാപ്പെടുന്നു. ആ നിമിഷം എത്തുമ്പോൾ, അല്ലെങ്കിൽ എത്താറാവുമ്പോൾ ചിത്തം പ്രതീകാത്മകമായ പ്രമേയങ്ങളുടെ ഒരു ശേണി മുന്നോട്ടു വയ്ക്കുന്നു. ഇവ ജീവിതത്തിന്റെ പ്രമേയങ്ങൾ ആയിരിക്കും. അതായത്, ജീവിതവൃത്തികളുടെ സാമൂഹ്യ വൃത്തികൾ മാത്രം. സ്ത്രീ എന്ന നിർണായകമായ തിരഞ്ഞെടുപ്പ സൂചിപ്പിക്കുന്നത് സാമൂഹ്യമായ ഒരു പൊരുത്തം മാത്രമല്ല, ഈ നിയമപ്രകാരമാണ് ഒരു സാമൂഹ്യ ക്രമം വ്യവസ്ഥാപിതമാവുന്നത്.

എന്നാൽ കുട്ടിക്കാലം മുതൽ, ഒരു ആഘാതം ആത്മാവിനെ ആശയക്കുഴപ്പത്തിലാക്കുന്നു. അത് ഇപ്രകാരമാണ് സംഭവിക്കുന്നത് എന്നാണു ഞാൻ കരുതുന്നത്: ഒരു പ്രത്യേക ഭയപ്പാടിന് ശേഷം ഞാൻ ജീവിക്കാൻ വിസമ്മതിക്കുന്നു. എന്നാൽ എന്റെ മരണത്തെപ്പറ്റി യുക്തിയുക്തം, സുവ്യക്തം ചിന്തിക്കാൻ കഴിയാത്തതിനാൽ ഞാൻ അതിനെ പ്രതീകാത്മകമായി കാണുന്നു, ലോകത്തെ തുടരാൻ അനുവദിക്കാതെ, സഹജവാസന എന്നെ എന്റെ തന്നെ ലിംഗത്തിൽ ഉള്ളവരിലേക്കു നയിക്കുന്നു. എന്റെ ആഹ്ലാദങ്ങൾ അനന്തമായിരിക്കും. നൈരന്തര്യത്തിന്റെ തത്വത്തെ ഞാൻ സാക്ഷാത്ക്കരിക്കുകയില്ല. അതൊരു വിഷണ്ണമായ മനോഭാവമാണ്. ക്രമേണ സഹജവാസന എന്നെ പുരുഷപ്രകൃതിയിലേക്ക് നയിക്കുന്നു. ക്രമേണ, എന്റെ ചിന്ത വിഷാദ വിഷയങ്ങൾ എനിക്ക് നൽകുന്നു. വാസ്തവത്തിൽ ഞാൻ ജീവിക്കുന്ന ഈ ലോകത്തിൽ തുടരാൻ എനിക്കാവില്ല എന്ന് ആദ്യം എനിക്കറിയാം. എന്നാൽ ഞാൻ തുടരുക തന്നെ ചെയ്യുന്നു, മരിച്ചവന്റെ ചേഷ്ടകളോടെ. ഈ വിഷാദ വിഷയങ്ങൾ, അവയും ഓജസ്സുള്ളവയും പരിപൂർണ്ണവും ആയിരിക്കും. അല്ലെങ്കിൽ ഭ്രാന്തിന്റെ വിസ്ഫോടനം ആയിരിക്കും ഫലം. ഇപ്രകാരമുള്ള മരണത്തിന്റെ പ്രതീകാത്മകബിംബങ്ങൾ വളരെ ഇടുങ്ങിയവ ആയിരിക്കും. (സ്വവർഗലൈംഗിക ലോകത്തിന്റെ അസാധാരണമായ ഒരു പരിമിതി)

(ആത്മഹത്യ, കൊലപാതകം, മോഷണം, സകല സാമൂഹ്യ വിരുദ്ധ പ്രവർത്തികളും, യഥാർത്ഥത്തിൽ ഉള്ളതല്ലെങ്കിലും പ്രതീകാത്മകമോ സാമൂഹ്യമോ ആയ- തടവറ-മരണത്തെ തരാൻ ശേഷിയുള്ളവ.)

ഇതിൽ ഏതെങ്കിലും ഒരു വിഷയം സജീവം ആണെങ്കിൽ, സത്യത്തിൽ. സാക്ഷാത്ക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതെന്റെ യഥാർത്ഥ മരണത്തിനു കാരണമാകും. അതിനാൽ അതിനെ സങ്കൽപ്പ തലത്തിൽ മാത്രം സാക്ഷാത്ക്കരിക്കുക എന്നത് അത്യന്താപേക്ഷിതം ആണ്; എന്നാൽ അത് ഭാവനയിൽ ഉണ്ടെങ്കിൽ, അതായത് ലൈംഗികജീവിതത്തിന്റെ തലത്തിൽ (അനന്തമായി തുടങ്ങുന്നത്, കാര്യം ഇല്ലാത്തതും) അല്ലെങ്കിൽ ദിവാസ്വപ്നങ്ങളിൽ, അത് ഒന്നിനും പരിഹാരം ആവുന്നില്ല.

അങ്ങനെ വരുമ്പോൾ ആകെ അവശേഷിക്കുന്നത് ഈ വിഷാദ വിഷയങ്ങളെ ഭാവനയിൽ ഉത്തേജിപ്പിക്കുക എന്നതാണ്, എന്നിട്ട് അവയെ സാക്ഷാത്ക്കരിക്കുക: കവിതയിൽ. അപ്പോൾ കവിതയുടെ ധർമ്മം ഇതായിരിക്കും.

1. വേട്ടയാടുന്ന വിഷാദ വിഷയങ്ങളിൽ നിന്നും എന്നെ മോചിപ്പിക്കുക
2. അതിനെ ഒരു സാങ്കൽപ്പിക വൃത്തിയായി രൂപാന്തരപ്പെടുത്തുക
3. ആ വൃത്തിയിൽ അപൂർവ്വവും പരിമിതവും ആയതിനെ എടുത്തു കളഞ്ഞ് അതിനൊരു സാർവ്വ ലൗകിക മാനം നൽകുക.
4. എന്റെ വിഷാദ മാനസത്തെ ഒരു സാമൂഹ്യ യാഥാർഥ്യവുമായി പുതുക്കി ചേർക്കുക
5. ബാല്യത്തെ പിന്നിൽ ഉപേക്ഷിച്ച്, പൗരുഷം നിറഞ്ഞ, സാമൂഹ്യമായ ഒരു പക്വതയിൽ എത്തുക.

സ്വവർഗ ലൈംഗികതയ്ക്കുള്ള ഏക പ്രതിവിധി ഇത് മാത്രമാണെന്ന് ഞാൻ കരുതുന്നു. എന്നാൽ ഈ ഓരോ പ്രമേയവും ഉല്ലംഘിക്കപ്പെടേണ്ടതുണ്ട്, വൃത്തിയുടെ പരിധി വരെ എത്തേണ്ടതുണ്ട് (ഇതിനെപ്പറ്റി നാം കൂടുതൽ സംസാരിക്കണം)

ഏതു സന്ദർഭത്തിലും സ്വവർഗ ലൈംഗികതയുടെ സാംഗത്യം ഇതാണ്: ലോകം തുടരുന്നതിനോടുള്ള എതിർപ്പ്. പിന്നെ ലൈംഗികതയെ രൂപാന്തരപ്പെടുത്തുക. താൻ ആണായി കഴിഞ്ഞു എന്ന് അറിഞ്ഞുകൊണ്ട് ലോകത്തെ നിരാകരിച്ച സ്വന്തം ലിംഗത്തിൽപെട്ടവരിലേക്കു തിരിയുന്ന കുട്ടിയോ കൗമാരക്കാരനോ ഉപയോഗശൂന്യമായ തന്റെ ആണത്തം അതിനെ നശിപ്പിക്കാൻ പോവുകയാണെന്നതിനോട് പൊരുതിക്കൊണ്ടു അതിനെ രൂപാന്തരപ്പെടുത്തുന്നു; ഒരു വഴി മാത്രമേയുള്ളൂ, അത് ഒരു വ്യാജ സ്ത്രൈണപെരുമാറ്റത്തിലൂടെ അതിനെ വഴിതെറ്റിക്കുക എന്നതാണ്. അതാണ് സ്ത്രീവേഷം കെട്ടുന്നവരുടെ ചേഷ്ടകളുടെ അർത്ഥം. അത് സ്ത്രൈണതയോടുള്ള ഒരു ഗൃഹാതുരത്വം അല്ല, പ്രത്യുത, പൗരുഷത്തെ പരിഹസിയ്ക്കാനുള്ള തീവ്രമായ ആവശ്യകതയിൽ നിന്നും വരുന്നതാണ്. ഇത് കൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട്- നമ്മുടെ സാഹചര്യത്തിൽ മാത്രം. സത്യമായിട്ടുള്ള ഒന്ന്- ജീവിതത്തെ നിരാകരിക്കുക എന്നത് ഏകാന്തവും നിഷ്ക്രിയവും ആയ ഒരു മനോഭാവം എടുക്കലാണ്: സമൂഹത്തിൽ വിധേയത്വം ഉള്ള ഒരു സ്ത്രീയാവുക എന്നതും തന്റെ സ്ഥാനത്തു തന്നെ വയ്ക്കാൻ ഒരു പുരുഷനെ കാത്തിരിക്കുക എന്നതും.

സ്വവർഗ ലൈംഗികതയുടെ പ്രസക്തി: തന്റെ പങ്കാളിയുടെ വിധി അല്ലാതെ മറ്റൊരു വിധി ഇല്ലാത്ത ഒരു വ്യക്തിയെ സ്വന്തമാക്കലാണത്. മരണത്തെ 'സൂചിപ്പിക്കാൻ' വിധിക്കപ്പെട്ട വസ്തുവായി പ്രിയതമൻ മാറുന്നു. അതിനാലാണ് അവൻ സുന്ദരൻ ആവണം എന്ന് ഞാൻ കരുതുന്നത്. ഞാൻ മരിച്ചു കഴിയുമ്പോൾ അയാൾക്ക് പ്രകടമായ ലക്ഷണങ്ങൾ ഉണ്ടാവണം. എന്റെ സ്ഥാനത്തു ജീവിക്കാൻ ഞാൻ അയാളെ ഏർപ്പാടാക്കുന്നു, എന്റെ അനന്തരാവകാശി.

ലൈംഗികതയുടെ വീക്ഷണത്തിൽ അല്ല ഞാൻ സ്വവർഗാനുരാഗിയെ വിശദീകരിക്കുന്നത് എന്ന് നിങ്ങൾ കാണണം. അത് മരണത്തിന്റെ വീക്ഷണത്തിൽ ആണ്. ഷണ്ഡരെയും വരി ഉടയ്ക്കപ്പെട്ടവരെയും പറ്റി നേരിൽ കാണുമ്പോൾ ഞാൻ പറയാൻ ശ്രമിക്കാം. അത് ഒരേപോലെ ഉള്ളത് തന്നെയാണ്. ശസ്ത്രക്രിയ തൊട്ട് അവരുടെ മരണം തുടങ്ങുന്നു എന്നതൊഴിച്ചാൽ.

അവരുടെ ജീവിതം മരണത്തിൽ ആണ് എന്നതിനാൽ സ്വവർഗാനുരാഗികളുടെ സാമൂഹ്യപ്രവർത്തികൾ അത്യന്താപേക്ഷിതമാണ് എനിക്ക് വ്യക്തമാണത്.

ഈ വിഷാദ വിഷയങ്ങൾ എല്ലാം സ്വവർഗാനുരാഗിയുടെ പെരുമാറ്റത്തിൽ തിരികെ എത്തുന്നു. ഉദാഹരണങ്ങൾ അസംഖ്യം ഞാൻ നൽകാം.

ഒരു സാധാരണ മനുഷ്യന്റെ ജീവിതത്തിൽ സ്വവർഗ ലൈംഗികത എന്നത് ജീവശക്തിയുടെ പൊട്ടുന്നനെയുള്ള (അല്ലെങ്കിൽ പതിയെ) തകർച്ചയാൽ മുദ്രിതമാക്കപ്പെട്ടതാണ്: ഒരു ദുരന്തം, ജീവിത ഭീതി. ജീവിക്കാനുള്ള ഉത്തരവാദിത്തത്തോടുള്ള ഒരു നിരാസം. അത്ര അപ്രധാനമായ, വിവിധാഭിലാഷങ്ങളുടെ ലൈംഗികത. പിന്നെ.

എല്ലാം വളരെ തിടുക്കത്തിലാണ് ഞാൻ അവതരിപ്പിച്ചത്. ഞാൻ നാട്ടിലേക്ക് പോവുകയാണ്. നിങ്ങളെ കാണാൻ ഇടയില്ല. അതിനാൽ നിങ്ങളുടെ അഭിപ്രായം അറിയിക്കുക.

ഒരു സാമൂഹ്യ പ്രശ്നത്തെപ്പറ്റി ഒരു സ്വവർഗാനുരാഗി ചിലപ്പോൾ ബൗദ്ധിക ഭാഷണം നടത്തിയേക്കാം. അതിനു കാരണം അയാൾ തന്റെ വിഘടിതമായ മനസ്സിനെ അനുകരിക്കുകയാണ്. (ഞാൻ എന്താണ് ഉദേശിച്ചത് എന്ന് നിങ്ങൾക്ക് അറിയാം) അല്ലെങ്കിൽ ഉള്ളടക്കത്തിന്റെ തുടർച്ചയുടെ ഔന്നത്യത്തിൽ നിൽക്കുന്ന ഒരു മനസ്സിന്റെ പ്രഭാവത്തെ. എന്നാൽ രാഷ്ട്രീയത്തിൽ ഒരു സ്വവർഗാനുരാഗിക്ക് പുതിയതായി ഒന്നും തന്നെ സംഭാവന ചെയ്യാനില്ല. യഥാതഥമായ രീതിയിൽ ഒരു സാമൂഹ്യപ്രശ്നത്തെപ്പറ്റി ആലോചിക്കാൻ അവർക്കു കഴിയില്ല (ഷിദും കമ്മ്യൂണിസവും). അതേ, വാൾട്ട് വിറ്റ്മാൻ ഉണ്ട്. (എന്നാൽ കാമ്പുള്ള ഉള്ളടക്കം ഇല്ലാത്ത വെറും ഭാവഗാന വർഷം മാത്രം ആണത്)

മിഷെലിനു എന്റെ സ്നേഹം
താങ്കളുടെ
ഷെനെ

സ്വവർഗാനുരാഗികളോടുള്ള വിദ്വേഷത്തെപ്പറ്റി: അപരൻ ഒരു ഹാസ്യ ചിത്രം ആണെന്ന് നിങ്ങൾ പറയും. അത് ശരിയാണ്. എന്നാൽ ആ ഹാസ്യ ചിത്രത്തിന്റെ അർഥം എന്താണെന്നെന്നോട് പറയൂ: അത് ഞാൻ കാണുമ്പോൾ എന്നിലുള്ള ഒരു തെറ്റിലൂടെ- നിന്ദ്യമായി, ക്രൂരമായി- ഞാൻ ജീവിക്കുകയാണന്നല്ലേ?

കവിത എന്നത് വിഷാദ വിഷയത്തിന്റെ ഒരു പ്രവൃത്തി മാത്രമാണ്. അത് (തീർച്ചയായും) ഒരു സാമൂഹ്യവത്ക്കരണ പ്രക്രിയാണ്, മരണത്തിനെതിരെയുള്ള പോരാട്ടം. ജീവിത വിഷയങ്ങൾ പ്രവൃത്തിയെ പിന്താങ്ങുന്നു, അത് കവിതയെ തടയുന്നു.

പരിഭാഷ: ഡെന്നീസ് ജോസഫ്

സ്വാതന്ത്ര്യം സ്നേഹമാണ്

—ഡോ. വിനോദ് കെ. ജോസ്

തുറന്നു പറയാനും ചോദ്യം ചോദിക്കാനും തിരുത്താനും നന്നായി ജീവിക്കുവാനും കൂട്ടുത്തരവാദിത്വം ഉണ്ടാക്കുവാനും അറിയേണ്ടവനിലേക്ക് വിശദാംശങ്ങൾ സത്യസന്ധമായി എത്തിക്കുന്നതിനും മനുഷ്യൻ കണ്ടെത്തിയ തൊഴിലാണ് പത്രപ്രവർത്തനം. സ്വാതന്ത്ര്യമാണ് അതിന്റെ അത്താണി.

സ്വാതന്ത്ര്യത്തിന്റെ വിപരീതപദം അടിമത്തമാണ്. ഇംഗ്ലീഷിലും freedom എന്നതിന്റെ antonym, slavery എന്ന് പഠിപ്പിക്കുന്നതുപോലെ. മനുഷ്യനെ വെറുക്കാൻ പഠിപ്പിക്കുന്നത് അടിമത്തത്തിൽ എത്തിക്കാനാണ്. തുറന്നു പറയാനും അന്വേഷിക്കാനും അനുവദിക്കാതിരിക്കുന്നതും പൗരനിലേക്ക് വിശദാംശങ്ങൾ സത്യസന്ധമായി എത്തിക്കുക എന്ന ദൗത്യം ചെയ്യിപ്പിക്കതിരിക്കുന്നതും ഒരു അടിമത്തമാണ്.

ഇന്ത്യ ആ അടിമത്തത്തിലൂടെ പോകുന്നു. ചില വിദ്വാന്മാർ 'എന്നെ ചങ്ങലയ്ക്കിട്ടു' എന്നു പറയുന്നു. ചിലർ ചങ്ങല ആഭരണമായി കണ്ട് അത് ബലമായി വാങ്ങി കഴുത്തിലണിയുന്നു. ചിലരുടെ പുറകെ ചങ്ങലയും കൊണ്ട് ഓടി നടന്ന് കഴുത്തും കാലും ആഞ്ഞു മുറുക്കുന്നു. ചങ്ങല ശബ്ദം അരികത്തുനിന്ന് കേട്ടുകൊണ്ട് സ്വാതന്ത്ര്യത്തിനു വേണ്ടി ജോലി ചെയ്യുമ്പോൾ വലിയ ജോലി ചെയ്യുമ്പോൾ വലിയ തലവേദനയാണ്, ഉറക്കമില്ലായ്മയാണ്. ഭയമല്ല, മറ്റുള്ളവരുടെ ഭയം കാണുമ്പോൾ, മനുഷ്യന്റെ ഭയ കാണുമ്പോൾ, മനുഷ്യന്റെ ഭയമെന്ന ചിന്തയാണ് അടിമത്തത്തിലെത്തിക്കുന്നത് എന്ന് മനസ്സിലാവുന്നു.

മരിക്കുന്നതും സ്വാതന്ത്ര്യമാണ്. ചങ്ങല അണിഞ്ഞാലും മരിക്കും ചങ്ങല അണിഞ്ഞില്ലെങ്കിലും മരിക്കും. വലുതും ചെറുതുമായ ഒരുപാട്ട് ചങ്ങലകൾ ഒച്ചപ്പാടുണ്ടാക്കുന്ന ഒരു വലിയ മുറിയിൽ ചെറിയ ജീവിതങ്ങളായി ജീവിക്കുന്നതാണ് സ്വതന്ത്ര പത്രപ്രവർത്തനത്തിന്റെ 2018 ലെ നിർവ്വചനം.

ശരീരത്തിന്റെ ഊർജ്ജം

—മുരളി ചീരോത്ത്

'എന്തിനാ കുട്ടി അത് തൊട്ട് അശുദ്ധമാക്കിയത്... ശ്ശൊ...'

ജീവിതത്തിൽ തെറ്റും ശരിയും എന്തെന്നറിയാത്ത പ്രായത്തിൽ, വർണവിവേചനത്തിന്റെ സ്വഭാവമുള്ള ആ പറച്ചിൽ ശരീരത്തിന്റെ വർണങ്ങളെക്കുറിച്ചുള്ള (അതോ വർണരാഹിത്യമോ) ഒരുതരം വല്ലായ്മയായി എനിക്ക് തോന്നി.

ആകാശത്തിനു കീഴെ എല്ലാം ഒന്ന് എന്ന ബാലിശമായ തോന്നലുകളുടെ നീക്കപോക്കായി എന്റെ ശരീരം എനിക്ക് തന്നെ അനുഭവപ്പെട്ടിരുന്നു. ശരീരത്തിന് അതിന്റെ സംവേദകാത്മകത ഒരു സാമുദായിക വ്യാകരണ ശാസ്ത്രോപകരണം ആണെന്നു മനസ്സിലായി. ഇതേ ശരീരം തന്നെ പിന്നീട് എന്റെ സാമൂഹ്യ രാഷ്ട്രീയനിലപാടുകൾ സമൂഹവുമായി വിനിമയം ചെയ്യാനുള്ള ഉപകരണമാണ് മാറി.

'എന്തിനാ കുട്ടി അതിലെയൊക്കെ പോണെ!'

വിവേചനം എന്നാൽ എന്താണെന്നും തന്റെ ഇടത്തിൽ നിന്നും അന്യവൽക്കരണത്തിലേക്കുള്ള വഴിയാണ് അതെന്നും ഒരുപക്ഷെ എന്നെ മനസ്സിലാക്കിത്തന്നത് ആ ചോദ്യങ്ങളായിരിക്കാം. അതു തന്നെയാകാം ഒരോ മിഡിയവും അസംതൃപ്തി തന്നപ്പോൾ (സാങ്കേതികമായും സബ്ജക്ടീവായും) ഇനി എന്ത് എന്ന ചോദ്യം മനസ്സിൽ ബാക്കി വെച്ചത്.

പെർഫോമൻസ് ആർട്ട് വളരെ ജീവസ്സാർന്ന ഒന്നാണ്. ശരീരമാണ് എല്ലാ അളവുകളെയും ഖണ്ഡിച്ച് അതിനു ആ ജീവസ്സു നൽകുന്നത്. അതുകൊണ്ടാണ് പെർഫോമൻസ് ആർട്ട് ശരീരത്തിന്റെ കലയായി നിൽക്കുന്നത്. ശരീരത്തിന്റെ സാധ്യതകളിൽ നിന്നും സ്വതന്ത്ര്യത്തിൽ നിന്നുമാണ് അത് രൂപപ്പെടുന്നത്. അത് സമയ നിബിഡമാണ്. ഇപ്പോൾ ഇവിടെ നടക്കുന്ന അതിന്റെ സാധ്യതകളും വെല്ലുവിളികളും ഓരോ വേളകളിലും മാറിവരാം. പെർഫോമൻസ് ആർട്ട് ഒരു തരത്തിൽ പറഞ്ഞാൽ വെളിപ്പെടലാണ്, വെളിപ്പെടുത്തലും. ഒരു സൃഷ്ടിയുടെ വേദനകളും വേപഥുക്കളും ഞാൻ ഓരോ തവണയും അനുഭവിക്കുന്നു.

അതിന്റെ വെളിപ്പെടുത്തലുകൾ ഒരിക്കലും മുൻകൂറായി അറിയാനോ പ്രവചിക്കാനോ കഴിയില്ല.

ശരീരം അതിന്റെ പരമ്പരാഗതവും ഭാവത്മകവുമായ പ്രവണതകളെ മറികടന്നിട്ട് അതിന്റെ സാഹസത്തിലേക്കു എത്തി നിൽക്കുന്നിടത്ത് മാത്രമാണ് പെർഫോമൻസ് ആർട്ട് ഉണ്ടാകുന്നത്. അടുത്ത നിമിഷം എന്ത് എന്നതിനെ കുറിച്ച് പ്രവചിക്കാനാവാത്ത ഒരുതരം അനിശ്ചിതാവസ്ഥയുണ്ടല്ലോ, അതാണ് പെർഫോമൻസിന്റെ സൗന്ദര്യം. ശരീരത്തിലൂടെ, അതിന്റെ ഭാഷയിലൂടെ അത് ഉരുത്തിരിയുകയാണ്. അതുകൊണ്ടാണ് പെർഫോമൻസ് ആർട്ട് ആത്യന്തികമായി ശരീരത്തിനെ കലയാവുന്നതും ശരീരത്തിന്റെ രാഷ്ട്രീയവും സ്വാതന്ത്ര്യവും അതിൽ വെളിപ്പെടുന്നതും.

പെർഫോമൻസ് ആർട്ടിൽ എന്റെ സ്വാതന്ത്ര്യം എന്താണ്? അതിനു വിവിധ തലങ്ങളുണ്ട്—അത് ഒരേ സമയം മാനസികവും ശാരീരികവുമാണ്. ഒരേ സമയം എന്റെ ശരീരത്തെ ഉപയോഗിച്ച് ഒരു റിസ്ക് എടുക്കുന്നതോടൊപ്പം മനഃശാസ്ത്രപരമായ റിസ്കുകളും ഞാൻ എടുക്കുന്നു എന്ന് മാത്രമല്ല, പലപ്പോഴും ഒരുതരം അവബോധജന്യമായ രീതിയിൽ എന്റെ ശരീരത്തിന്റെ പരിമിതികളെ പ്പോലും ഉല്ലംഘിച്ച അതിന്റെ സാധ്യതകളെ കണ്ടെത്തുകയാണ്. സത്യത്തിൽ, പെർഫോർമറിൽ മാത്രം ഒതുങ്ങുന്നതല്ല പെർഫോമൻസ്. അതിനു സാക്ഷിയാകുന്ന പ്രേക്ഷകർ കൂടി അതിന്റെ ഭാഗമാവുകയാണ്. ഒരു തരത്തിൽ പ്രേക്ഷകരുടെ ആത്മബോധത്തെ കൂടി വെല്ലുവിളിക്കുകയും ഉണർത്തുകയുമാണ് ഇതിലൂടെ ചെയ്യുന്നത്. പ്രവചനാതീതമായ ഒരു പാലം ഇവിടെ സൃഷ്ടിക്കപ്പെടുകയാണ്.

ഒരു പെർഫോമൻസ് നടത്തുമ്പോൾ പരാജയ സാദ്ധ്യതകൾ ഏറെയാണ്, കാരണം ഓരോ തവണയും അതൊരു പുതിയ നദിയാണ്—അതിനെ പിടിച്ചു നിർത്താനോ സൂക്ഷിച്ചുവെക്കാനോ, എന്തിനധികം പുനരാവിഷ്കരിക്കാനോ ആവില്ല. പെർഫോമൻസും പെർഫോമറും തമ്മിലുള്ള നാഭീനാള ബന്ധം വേർപിരിക്കാനും ആവില്ല. പിന്നെ, ചിത്ര ശില്പ കലകൾ പോലെ ഇതിൽ വില്പനയില്ല എന്ന് മാത്രമല്ല 'ബയർ' എന്ന സങ്കൽപ്പത്തെത്തന്നെ അത് തകർത്തെറിയുന്നു. ഇത് ശരീരത്തിന്റെ മാത്രം കലയാണ് അതിനെ ഫ്രെയിം ചെയ്തു ചുവരിൽ തൂക്കാനാവില്ല. പെർഫോമൻസിനെ ഊർജ്ജത്തിന്റെ പാരമ്യം എന്ന് വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം.

പെർഫോമൻസ് കലയിൽ ശരീരം ഒരു അനുഭവം ആണെന്ന് എനിക്കെപ്പോഴും തോന്നാറുണ്ട്. അത് സമയത്തെയും ഇടങ്ങളെയും പ്രവർത്തികളെയും ജനങ്ങളുമായി പങ്കുവെക്കുന്നു. ഒരു പെർഫോമൻസിന്റെ രേഖകൾ കുടികൊള്ളുന്നത് കലാകാരന്റെയും പ്രേക്ഷകന്റെയും ശരീരത്തിലാണ്. കാഴ്ചക്കാരൻ ഇവിടെ പെർഫോമൻസിന്റെ ഭാഗം കൂടിയാവുന്നതിനാൽ ഇത് 'എന്റെ' കലയല്ല, മറിച്ചു നമ്മുടെ കലയാണ്. അതുകൊണ്ടാണ് പെർഫോമൻസ് ഒരു തരത്തിൽ സാർവലൗകികമായ ശരീരത്തിന്റെ ഊർജ്ജപ്രവാഹമാവുന്നതും.

ചാർകോൾ സ്കെച്ച്

—ഗായത്രി ആറ്റൂർ

സ്വാതന്ത്ര്യത്തെ ഭാവനചെയ്യൽ

—ചന്ദ്രമോഹൻ എസ്.

ചരിത്രപരമായി പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള ഒരു സ്വത്വത്തിൽനിന്നു വരുന്ന കലാകാരൻ എന്ന നിലയിലാണ് ഞാൻ സ്വാതന്ത്ര്യത്തെ ഭാവനചെയ്യുന്നത്; അതുകൊണ്ടുതന്നെയാണ് 'ഇംഗ്ലീഷിലെഴുതുന്ന ഒരു ദളിത് കവി' എന്ന് ഞാൻ ഉറപ്പിച്ചുപറയുന്നതും. ഇത് വലിയ ഒരു വിശേഷാവകാശമാണ്, എന്തെന്നാൽ അത് എന്റെ കവിതയിലൂടെ ഒരു വലിയ വായനാസമൂഹവുമായി സംഭാഷണത്തിലേർപ്പെടാൻ എനിക്ക് അവസരം നൽകുന്നു. ഇംഗ്ലീഷിൽ കവിതയെഴുതുന്ന വളരെച്ചുരുക്കം കവികളിലൊരാളെന്ന നിലയിൽ അനന്യമായൊരു ചരിത്രമുഹൂർത്തത്തിൽ ഇടപെടുന്ന ആദ്യനിരകവികളിലൊരാളാണ് ഞാൻ. എന്റെ കവിതകൾ ലാവണ്യത്തെക്കുറിച്ചുള്ള ബദൽ അനുഭവങ്ങൾക്കായി ശ്രമിക്കുന്നു, ഭാഷാപരവും സാംസ്കാരനീതിപരവുമായ ഒരു ബദൽ. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള എന്റെ ധാരണയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ആവശ്യമോ മറികടക്കേണ്ടത് ആവശ്യമോ ആണെന്നു ഞാൻ കരുതുന്നു.

സ്വന്തം നിർവാഹകത്വം തിരിച്ചുപിടിക്കുക

പാശ്ചാത്യലോകത്ത് ഒരു കറുത്തവർഗ്ഗത്തിൽപെട്ട രചയിതാവിനും, ഇന്ത്യയിൽ ദളിത് രചയിതാവിനും സ്വന്തം സ്വത്വമുറപ്പിക്കൽ എന്നത് വ്യവസ്ഥയുടെ തിരിച്ചടി നേരിടേണ്ടിവരുന്ന ഒരു സംഗതിയാണ്. അല്ലെങ്കിൽ അയാൾക്ക് അത്തരം കവിതാസരണിയും സാഹിത്യജീവിതവും മുഖ്യധാരയായിത്തീരുന്നതുവരെ കാത്തിരിക്കേണ്ടിവരുന്നു. സ്വന്തം ആത്മനിഷ്ഠതയെ ഈ രീതിയിൽ നിർവചിക്കാനുള്ള വ്യക്തിയുടെ തീരുമാനം/തിരഞ്ഞെടുപ്പ് എന്നത് അയാളുടെ രാഷ്ട്രീയസ്വത്വവുമായി ആഴത്തിൽ കെട്ടുപിണഞ്ഞിരിക്കുന്നു. രണ്ടുതരം സാഹചര്യങ്ങളിൽ ഏതെങ്കിലുമൊന്ന് അയാൾക്ക് അല്ലെങ്കിൽ അവൾക്ക് തിരഞ്ഞെടുക്കേണ്ടിവരും: 1. ഞാനൊരു കവിയാണ്, ദളിതനും, 2. ഞാനൊരു ദളിത് കവിയാണ്. രണ്ടാമത്തെ നില ഒരു പ്രകോപനത്തിലേക്കാണ് നയിക്കുക, അതിനെ അതിവർത്തിക്കുകയാണെങ്കിൽ ഒരുപക്ഷെ പൊതുവായ പരിപ്രേക്ഷ്യങ്ങളെ മാറ്റുവാനുമിടയുണ്ട്. ഇത്തരം നിരീക്ഷണങ്ങൾ പലപ്പോഴും ഇത്തരം സ്വത്വമുള്ള രണ്ട് 'നിറമുള്ള' കവികളെ താരതമ്യപ്പെടുത്തുമ്പോൾ കടന്നുവരാറുണ്ട്: ഡെറിക് വാൾകോട്ടും ഐമേ സെസയറും. വാൾക്കോട്ട് വലിയതോതിൽ ജനകീയ ഭാവനയുടെ ഭാഗമാണ് എന്ന് വാദിക്കാവുന്നതാണ്, എന്തെന്നാൽ അദ്ദേഹം 'നെഗ്രിറ്റ്യൂഡ്' എന്ന ഗണത്തെ നിർവചിച്ചെടുത്ത ഐമേ സെസയറെപ്പോലെ തന്റെ 'കറുപ്പത്വ'ത്തെ സ്ഥാപിച്ചുറപ്പിക്കുന്നില്ല. ഇത് അങ്ങിനെ സ്വയം സ്ഥാപിച്ചെടുക്കുന്നതിനു നൽകേണ്ടിവരുന്ന വിലയുമാകാം.

വിപണിയുടെ സമ്മർദ്ദങ്ങലിൽനിന്നുള്ള സ്വാതന്ത്ര്യം

കലാപരമായ വീക്ഷണങ്ങളിലുള്ള സ്വാതന്ത്ര്യം എന്നത് സ്വീകാര്യതയ്ക്കും വായനക്കാരുടെ ഭാവുകത്വശിലങ്ങൾക്കുമപ്പുറം സ്വന്തം പ്രമേയങ്ങൾ തിരഞ്ഞെടുക്കലാണ്. യു. എസ്. എസ്. ആർ, ചൈന പോലുള്ള ജനാധിപത്യേതര രാഷ്ട്രങ്ങളിൽ സെൻസർഷിപ്പ് വ്യാപകമായി അപലപിക്കപ്പെടാറുണ്ട് എങ്കിലും, ലോകത്തെ മറ്റ് മുതലാളിത്ത സമൂഹങ്ങളിലെ അന്തർഹിതമായ സെൻസർഷിപ്പ് പലപ്പോഴും കാണപ്പെടുന്നില്ല. പല എഴുത്തുകാരും വിപണനത്തിന്റെ അത്തരം അദൃശ്യവും അന്തർലീനവുമായ ചരടുകളാൽ നയിക്കപ്പെടുന്നവരാണ് എന്നു കാണാം. ഇത്, എന്റെ അഭിപ്രായത്തിൽ എന്റെ സ്വാതന്ത്ര്യസങ്കല്പത്തിന്റെ അവിഭാജ്യഘടകമാണ്.

രാഷ്ട്രീയശരിയുടെ ഭാവന

ഏത് കലാകാരനും ആവിഷ്കാരസ്വാതന്ത്ര്യം എന്നത് രാഷ്ട്രീയമായി ശരിയല്ലാത്ത ഭാവനയുടെ പേരിൽ വിചാരണ നേരിടുന്ന അവസ്ഥയെ മറികടക്കാനുള്ള കഴിവിനെകൂടി ആശ്രയിച്ചിരിക്കുന്നു. ഇത് നമ്മുടെ സമൂഹത്തിലെ വായനക്കാരുടെ സഹിഷ്ണുതയുടെ തോതിന്റെ കൂടി സൂചനയാണ്. ഒരു തടസ്സങ്ങളുമില്ലാതെ തന്റെ ഭാവനയെ പിന്തുടരാനുള്ള സ്വാതന്ത്ര്യം ഉള്ള ഒരു സാമൂഹ്യരാഷ്ട്രീയസ്ഥിതി തീർച്ചയായും ഒരു എഴുത്തുകാരന് ഉത്തേജകമാണ്.

ഉൾക്കൊള്ളൽ ശേഷിയുള്ള ഭാഷ

ഒരു കവി ശ്രമിക്കുന്നത് 'ഭാഷ'യുമായി ആഴത്തിലുള്ള ഒരു ഇടപെടൽ ആണെങ്കിൽ നീതിയെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള എന്റെ ധാരണയെ ആ 'ഭാഷ'യുടെ ഭാഗമായും കാണേണ്ടതുണ്ട്. ഞാൻ ഐമെ സെസയറെപ്പോലെ ആചാര്യപദവിയുള്ള ലോകപ്രശസ്തനായ ഒരു കവിയായിത്തീരുകയാണെങ്കിൽ ആരെയും ഒഴിവാക്കാത്ത വാക്കിഷ്ടികകളാൽ നിർമ്മിക്കപ്പെടുന്ന ഒരു ലോകത്തെക്കുറിച്ചാണ് സ്വപ്നം കാണുക. ഒരു രാഷ്ട്രത്തിനോ സമൂഹത്തിനോ സ്വന്തമായ ഒരു ഭാഷയുണ്ടെങ്കിൽ, അത് ഒരിക്കലും സമൂഹത്തിലെ ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കുന്നതായിരിക്കരുത്. അല്ലെങ്കിൽ അത് ഇതരശേഷിയുള്ളവരെക്കൂടി കയറ്റാനിടമില്ലാത്ത ഒരു എലവേറ്റർ പോലെയാകും. ഇന്നത്തെ സമൂഹത്തിൽ, ഒരുപക്ഷെ സ്വവർഗ്ഗലൈംഗികതയുടെ ശബ്ദമാണ് ഭാഷാപരമായ പ്രകാശനങ്ങളെ ഏറ്റവുമധികം വിവൃതമാക്കുന്നത്. അത്തരത്തിലുള്ള ഓരോ പ്രസ്ഥാനവും ഓരോ വാക്കിനെയും അതിനു സഹജമായ ലോകത്തെയും തീണ്ടുക്കൂടായ്മയിൽ നിന്ന് മോചിപ്പിക്കുന്നു. അതിനർത്ഥം ഈ ലോകത്ത് (ഭൗതികവും അല്ലാത്തതും) ഞാൻ സ്വപ്നത്തിൽപോലും സന്ദർശിച്ചിട്ടില്ലാത്ത ഇടങ്ങളുണ്ട് എന്നു പറയുന്നതുപോലെയാണ്. ഈ പരിമിതി ഒരുപക്ഷെ മറ്റെന്തിനേക്കാളും 'ഭാഷാപരം' ആയിരിക്കാം. അത്തരം ഒരു ഭാഷ കണ്ടെത്തുന്നതാണ് എന്റെ ലക്ഷ്യവും സ്വാതന്ത്ര്യവും.

വിലയ്ക്കു വാങ്ങിയ സ്വാതന്ത്ര്യം

—പി. കൃഷ്ണനുണ്ണി

കലങ്ങിമറിഞ്ഞ മേഘക്കൂട്ടങ്ങൾക്കു താഴെ ചുമലിൽ ഭീമാകാരങ്ങളായ കല്ലുകളും കൊത്തിമിനുക്കിയ രൂപങ്ങളുമായി ഏഥൻസിലെ അടിമകൾ നടന്നു നീങ്ങുമ്പോൾ അവരുടെ പുറത്ത് വീണിരുന്ന ചാട്ടവാറടികളെ സ്വാഭാവികമായും എതിർക്കുവാനവർക്ക് കഴിഞ്ഞിരുന്നില്ല. പുരാതന ഗ്രീസിലും റോമിലും ഉയർന്നുവന്ന ദേവാലയങ്ങളുടെ പിറകിൽ ജീവിതമൊടുക്കിയ അടിമകളെത്രയുണ്ടാകാമെന്ന് ആർക്കുമറിയില്ല. പക്ഷേ ഒന്നറിയാം. രാത്രിയുടെ അറിയപ്പെടാത്ത യാമങ്ങളിലേക്ക് നീങ്ങിയ വിരുന്നുസൽക്കാരങ്ങലിലും ഉന്മാദ നൃത്തച്ചുവടുകളിലും അവർ അകലെ നിന്നുള്ള കാണികൾ മാത്രമായിരുന്നു. സമൃദ്ധിയുടെ നിലവറകളിൽ കുഴഞ്ഞുവീഴുന്ന ശരീരങ്ങളെ നോക്കി മോഹം പൂണ്ടുനിന്ന വേദനിക്കാത്ത ശരീരങ്ങളാലും മനസ്സുകളാലും നാളെയെക്കുറിച്ചുള്ള ചിന്തകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും സ്വാതന്ത്ര്യമെന്നെന്നേക്കുമായി നിഷേധിക്കപ്പെട്ട അവരെ വിമോചിപ്പിക്കുവാനും ചരിത്രത്തിൽ ഒരു സ്പാർട്ടക്കസുണ്ടായി. യവനരുടെ രഥ്യകളിൽ ആദാരമായി വരും നാളുകളിലെ വിജയങ്ങളെക്കുറിച്ചോർത്ത് മനോരാജ്യമൊരുക്കിയ ചക്രവർത്തിമാർക്ക് അവരുടെ നാടുകളും ആളുകളും നഷ്ടപ്പെട്ടു. എങ്കിലും പിന്നീട് ഇതിഹാസങ്ങളിൽ സ്വാതന്ത്ര്യത്തെ അടിവരയിട്ടുറപ്പിക്കുവാൻ ഭൂമിയിലേക്ക് അഗ്നിയുമായി കടന്നുവന്ന പ്രൊമിത്യൂസിനെ (Prometheys) സൃഷ്ടിക്കുവാനും അവർ മറന്നില്ല. എക്കാലത്തും സ്വാതന്ത്ര്യത്തിന്റെ മനനങ്ങൾ ഒട്ടനവധി മാറ്റത്തിലേക്ക് നമ്മെക്കൊണ്ടെത്തിക്കുന്നു.

പൗരാണിക ഗ്രീക്കോ-റോമൻ സാമ്രാജ്യങ്ങളുടെ കഥ അതായിരുന്നെങ്കിൽ അതിലും ഭയാനകമായ പീഢനങ്ങളുടെ കഥകളാണ് നമുക്കുള്ളത്. ശൂദ്രന്റേയും ചണ്ഡാളന്റേയും ചെവികൾക്കുള്ളിൽ അവൾ / അവൻ വേദോച്ചാരണം കേൾക്കാതിരിക്കാൻ ഒഴിച്ചിരുന്നത് ഉരുക്കിയ ഈയലായിനിയായിരുന്നത്രേ. ചൂട്ടു പഴപ്പിച്ച ഇരുമ്പാൽ ദണ്ഡുകൊണ്ട് തുടയിലെ മാംസം കരിച്ചു ജാതിക്കോമരങ്ങൾ നമ്മുടെ രാജ്യത്തിൽ പലയിടത്തുമുണ്ട്. തൊട്ടുകൂടാത്തവൻ അവസാന അത്താഴത്തിനായെങ്കിലും ചത്ത പശുവിന്റെ തോലുരിഞ്ഞ് കൊണ്ടുപോകുമ്പോൾ അവൻ നടന്ന വഴിക്കുപിറകെ രഹസ്യമായി അവനെ ആക്രമിക്കാനൊരുക്കിയ നായകളുടെ കൂട്ടത്തെ ഒരു ജാതിയുടേയും കണ്ണുകളാൽ അളക്കാനാവില്ല. നീതി ലഭിക്കാത്ത ഏകലവ്യനും ഗ്രഹനും ചണ്ഡാളന്റെ ഓർമ്മകളിൽ നിറഞ്ഞിരുന്നില്ല. അവന്റെ കറുത്ത വാവുകൾ മാറി ഒരിക്കലും മറ്റൊരു നക്ഷത്രത്താൽ ഉദയമുണ്ടായിട്ടുമില്ല.

വാസ്തവത്തിൽ, എന്താണ് സ്വാതന്ത്ര്യം?

പരദേശികളുടെ കടന്നുവരവിനാളോ ഇതര മതസ്ഥരുടെ ആധിപത്യത്താലോ നഷ്ടമായ ഒന്നാണോ? അതോ റൂസ്സോ (Jeans Jaccques Rousseau) പറഞ്ഞപോലെ മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നുവെങ്കിലും എവിടെയും അവൻ ചങ്ങലയ്ക്കുള്ളിലാണെന്ന അവസ്ഥയോ?

സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്. ഞാനത് നേടുക തന്നെ ചെയ്യുമെന്ന് പറഞ്ഞ ബാലഗംഗാധര തിലകന് പരദേശികളുടെ കൈയിൽ നിന്നും ഇന്ത്യയെ രക്ഷിക്കണമെന്ന ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. സ്വാതന്ത്ര്യത്തിന്റെ വിശാല അർത്ഥങ്ങളെ ചൊല്ലി ദേശീയതയുടെ കാര്യത്തിൽ ഗാന്ധി വിയോഗിച്ചത് ടാഗോറിനോടും ബോസിനോടും ചെറിയ തോതിൽ നെഹ്റുവിനോടും മാത്രമായിരുന്നില്ല. അംബേകറിനോടും കൂടിയായിരുന്നുവെന്ന് നാമോർക്കണം. ദേശബോധം ഉത്പ്പാദിപ്പിച്ച സ്വാതന്ത്ര്യബോധം പിന്നീട് നമ്മെക്കൊണ്ടു ചെന്നെത്തിച്ചത് സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികാവുമായ അസ്വാതന്ത്ര്യത്തിലേക്കായിരുന്നു. വിറോടെയും വാശിയോടെയും വിളിച്ച ദേശഭക്തി ഗാനങ്ങളും മുദ്രാവാക്യങ്ങളും ചിതലരിക്കുന്നതും നമ്മൾ കണ്ടു. വ്യക്തിയിൽനിന്നും സമഷ്ടിയിലേക്കുള്ള പരിവർത്തനത്തിൽ ആന്തരിക സ്വാതന്ത്ര്യമെന്ന ആശയത്തെ ആഗ്രഹത്തെ നാമറിയാതെ പോയി. അർദ്ധരാത്രിയിൽ ലഭിച്ച സ്വാതന്ത്ര്യം (Freedom at Midnight) അർദ്ധരാത്രിക്കുള്ളിൽ തന്നെ ഒതുങ്ങുന്നതാണിതിനു കാരണം. അർദ്ധരാത്രിയിൽനിന്നും നമുക്ക് സ്വാതന്ത്ര്യം ലഭിക്കാത്തതെന്തുകൊണ്ടാണ്?

പടിഞ്ഞാറിന്റെ ചരിത്രത്തിൽ ഫ്രഞ്ച് വിപ്ലവാനന്തരം സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നൂതന ആശയങ്ങൾ ഉടലെടുക്കുകയുണ്ടായി. അവിടെ സംഭവിച്ചത് പടിഞ്ഞാറിലെ കൊളോണിയൽ മേധാവിത്വമേറ്റുന്ന രാജ്യങ്ങൾക്ക് സ്വയം ചിന്തിക്കുവാനുള്ള പരിസ്ഥിതി അതൊരുക്കിക്കൊടുത്തുവെന്നുള്ളതാണ്. ദേശ-രാഷ്ട്ര (Nation-State) സങ്കൽപ്പനങ്ങളെക്കുറിച്ച് പൗരന്മാരെ ബോധവത്ക്കരിക്കുമ്പോൾത്തന്നെ അവയുടെ നിർമ്മാണത്തിനാവശ്യമായ ശാരീരിക-ബൗദ്ധിക ഘടകങ്ങളെക്കുറിച്ചും ചിന്തയുടേ വേറിട്ടൊരു അനിവാര്യതയെക്കുറിച്ചുമെല്ലാമുള്ള ബോധം, അതോടെ സംജാതമായി. നവോത്ഥാന കാലങ്ങളോടെ ഉദയം കൊണ്ട ഒട്ടനവധി തത്വചിന്തകൾ അവയ്ക്ക് ആക്കമേറുകയുമുണ്ടായി. എന്നിരുന്നാലും സമർത്ഥമായി വർഗ്ഗങ്ങളെ വേർതിരിക്കുകയും വർഗ്ഗസഹകരണത്തിലൂടെ രാഷ്ട്രത്തിന്റെ ഭാവി നിർണ്ണയിക്കുകയും ചെയ്യുന്ന ഭരണകൂടങ്ങൾ പടിഞ്ഞാറിൽ വളർന്നുവന്നത് ആകസ്മികമല്ല. ലിങ്കന്റെയോ (Abraham Lincon) മാർട്ടിൻ ലൂഥർ കിംഗിന്റേയോ പ്രഭാഷണങ്ങളിലൂടെയോ പ്രവർത്തനങ്ങളിലൂടെയോ മാത്രം സ്വതന്ത്രരായിരുന്നവരല്ല കറുത്തവർ. കറുത്തവരെക്കുറിച്ച് ബോധപൂർവ്വം തന്നെ മുൻവിധികൾ കാത്തു സൂക്ഷിച്ചിരുന്നവരായിരുന്നു കാന്റും (Immanuel Kant) ഇരുപതാം നൂറ്റാണ്ടിൽ വെൽസുമെന്നത് (H. G. Wells) നമ്മെ അമ്പരിപ്പിക്കുന്നുണ്ട്.

1968 ലെ സുപ്രധാന ചരിത്ര മുഹൂർത്തങ്ങളിലേക്ക് കടക്കുകയാണെങ്കിൽ പാരീസിലുണ്ടായ ലുംപൻ പ്രോളിറ്റേറിയറ്റ (Limpen Politeriat)കളുടെ അവസ്ഥ സ്വാതന്ത്ര്യവാഞ്ച മാത്രമായിരുന്നുവോ എന്നത് ചിന്ത്യമാണ്. സർവ്വകലാശാലകൾക്കുള്ളിലെ അധീശത്വത്തിനും അടിച്ചേൽപ്പിക്കപ്പെട്ട സാന്മാർഗികതയ്ക്കുമെല്ലാമെതിരായി തെരുവിലിറങ്ങിയ തത്വചിന്തകർ, കലാകാരന്മാർ പ്രക്ഷോഭകാരികൾ, സാഹിത്യകാരന്മാർ-ഇവരെല്ലാവരും ഒരേ സ്വരത്തിൽ കാംക്ഷിച്ചിരുന്നത്, അത്യന്തികമായും മാനസിക സ്വാതന്ത്ര്യമാണ്. ദേശ-രാഷ്ട്ര നിർമ്മിതവും പട്ടാളാധിഷ്ഠിതവുമായ ഇടങ്ങളെ ഭേദിക്കുന്നതിലൂടെ ചിന്തയുടെ പുതിയ തുറസ്സുകൾ തേടുകതന്നെയാണവർ ചെയ്തതും. ലിംഗാധിഷ്ഠിത മനനങ്ങളും ലൈംഗിക വിമോചന സ്വരങ്ങളും ശരീരസംബന്ധിയായ ഉൾചിന്തകളും അവരെ സ്റ്റേറ്റിനെതിരെ പ്രതിരോധിക്കുവാൻ പ്രാപ്തരാക്കി. സാർത്ര് (Jean Paul Sartre) ഉൾപ്പെടെ ഇന്നു ജീവിച്ചിരിപ്പുള്ള പ്രമുഖ തത്വചിന്തകരിലൊരാളായ ബാദ്യു (Alain Badiou) വരെയുള്ളവരുടെ താത്വികവും ശാരീരികവുമായ പ്രകടന / പ്രതിഷേധത്തിന്റെ വേറിട്ട അനുരണനങ്ങളാണ് ഈയിടെ നടന്ന ലോക ഫുട്ബോൾ മത്സരത്തിൽ കളിക്കളത്തിലേക്കോടിയിറങ്ങിയ പിങ്ക്-പുസ്സി പ്രതിരോധത്തിൽ (Pink Pussy Resistance) നാം കാണാനിടയായതും. ചിന്തയുടെ ബഹുലതകളിലൂടെ ഫുക്കോ (Michael Faucault) യെപ്പോലുള്ള ചരിത്രകാരന്മാരുടെ പ്രതിപ്രവർത്തനങ്ങളിലൂടെ സംജാതമായ പ്രതി-ചിന്തകൾ 68-നെ വീണ്ടും ജീവിപ്പിക്കുകയും വിമർശനവിധേയമാക്കുകയും ചെയ്യുന്നുണ്ട്. യൂറോപ്പിന്റെ ഏകീകൃതത്വത്തിൽ നിന്നുമകന്ന് ഒട്ടനവധി രാജ്യങ്ങൾക്കുള്ളിലെ (പലസ്തീൻ, മധ്യേഷ്യ, ഇന്ത്യ, ചൈന) രാഷ്ട്രീയന്തരീക്ഷങ്ങൾ അറിയുവാനുള്ള വിപുലമായ ആശയരൂപീകരണത്തിന്റെ തുടക്കമിതോടെയായിരുന്നു. എന്തുകൊണ്ടോ അധിനിവേശാധിഷ്ഠിത ആധുനികതയുടെ പിൻഗാമികൾക്ക് ചിന്തയുടെ പുതിയ മേഖലകളിലേക്ക് കടക്കുവാൻ സാധിച്ചിട്ടില്ല. ഒരു വശത്ത് ഉത്തരാധിനിവേശിതമായ (Post Colonial) പരികല്പനകൾ നമ്മെ രൂപപ്പെടുത്തിയെടുക്കുമ്പോൾ, മറുവശത്ത് അബോധ രൂപകങ്ങളാൽ നമ്മൾ നമ്മളെത്തന്നെ കാണാൻ വയ്യാത്ത വേലികൾ കെട്ടുന്നു. ആഗോളീകരണ കാലത്ത് നമ്മെ അലട്ടുന്നത് വിമർശം (Critique) സാധ്യമാവാത്ത ചിന്തകളുടെ അപര്യാപ്തതയാണ്. സ്റ്റേറ്റ് തരുന്ന ഏറ്റവും നൂതനമായ 5G മൊബൈലാണെങ്കിലും മറ്റേതു പാക്കേജാണെങ്കിലും നമുക്കത് പഥ്യം തന്നെ. ആഗോള തമ്പുരാക്കന്മാരുടെ കണ്ണുകളിലൂടെ അരിച്ചു നീങ്ങുന്ന നാം എത്രയോ നിരീക്ഷണ വലയങ്ങൾക്കുള്ളിൽ കുടുങ്ങിയാണ് ദിനചര്യകൾ ചെയ്തു പോരുന്നത്. സ്വാതന്ത്ര്യം പിച്ചപാത്രമെന്ന് പറഞ്ഞ കവിവചനം പോലും പഴമയുടേതായിത്തീർന്നിരിക്കുന്നു.

മുട്ടിനു മുട്ടിനു നടന്നുകൊണ്ടിരിക്കുന്ന ഒട്ടനേകം സമരങ്ങളിലും പ്രക്ഷോഭങ്ങളിലും ദേശ-രാഷ്ട്ര സ്വഭാവങ്ങളെ നാം ചെറുക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അനേകം ഉപദേശീയതലങ്ങലിലൂടെയും മതഭ്രാന്തിലൂടെയും ഏകശിലാത്മകമാക്കിത്തീർക്കുവാൻ ശ്രമിക്കുന്ന ഇന്ത്യയുടെ നാനാത്വത്തിലെ ഏകത്വം വെറും പൊള്ളയാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. എന്നാൽ പലപ്പോഴും പല തിരിച്ചറിവുകളും സ്വാതന്ത്ര്യമെന്ന സങ്കൽപ്പനത്തെ പാടേ നമ്മിൽ നിന്നും വിമലീകരിക്കുകയാണ് ചെയ്യുന്നത്. ദലിത്-ആദിവാസി പ്രതിഷേധങ്ങളിൽ നിന്നും സ്വത്വ-ലിംഗ നീതിക്കായുള്ള ഒട്ടനവധി ചെറുസമരങ്ങളുടെ ഭൂമികക്കുള്ളിലും സമർത്ഥമായി പ്രതിനിധാനങ്ങളെ ഉത്പാദിപ്പിക്കുന്നതോടൊപ്പം അവയുടെ കർത്താക്കളെ ഭീഷണി മൂലം അകറ്റി നിർത്താമെന്നും പിന്നീട് ആഖ്യായികകൾ വിറ്റു കാശാക്കാമെന്നുമാണ് മലയാളത്തിൽ വിവാദ നോവലുണ്ടാക്കിയ വർത്തമാന പരിച്ഛേദം. ഇതെല്ലാം നടക്കുമ്പോഴും ഒരിക്കലും മോചിതരാകാത്തവരുടെ ദീനരോദനങ്ങൾ നമ്മുടെ കാതുകളിലേക്കെത്തുന്നില്ലേ?

അത് കേൾക്കണമെങ്കിൽ ചിന്തയുടെ സ്വാതന്ത്ര്യവും മറു ചിന്തകളുടെ ഹസ്തദാനവും ആവശ്യമാണു താനും!

ക്ഷീണപ്പെട്ട തടവുകാരൻ

—ഷോർഷ് പെരക്

‘Thus you think you can see a bridge galloping’.

Jacques Raubaud

ഈ കഥ എവിടെ നിന്നാണ് വന്നതെന്ന് ഞാൻ മറന്നു പോയി, എനിക്കതിന്റെ ആധികാരികത ഉറപ്പ് തരനാവില്ല, അതിന്റെ സാങ്കേതിക പദത്തിന്റെ കൃത്യത നിശ്ചയവുമില്ല. എന്നിരുന്നാലും അത് എന്റെ ഉദ്ദേശം മികച്ച രീതിയിൽ വരച്ചിടാൻ പര്യാപ്തമാണ്.

ഫ്രഞ്ചുകാരനായ ഒരു യുദ്ധത്തടവുകാരൻ അർദ്ധരാത്രിയിൽ അവനെ ജർമ്മനിയിൽനിന്ന് കൊണ്ടുപോകുന്ന തീവണ്ടിയിൽ നിന്നും രക്ഷപ്പെടുന്നതിൽ വിജയിച്ചു. ആ രാത്രിക്ക് കടുപ്പമുള്ള കറുപ്പായിരുന്നു. തടവുകാരൻ അവന്റെ ചുറ്റുപാടുകളെക്കുറിച്ച് അജ്ഞനായിരുന്നു. അയാൾ തോന്നിയതുപോലെ മുന്നിലേക്ക് കുറേ നടന്നു. ഏതോ ഒരു നിമിഷത്തിൽ അയ്യാളൊരു നദിക്കരയിൽ എത്തി. അവിടെ അപ്പോൾ ഒരു സൈറന്റെ മുരൾച്ച ഉണ്ടായിരുന്നു. കുറച്ച് സമയമിടിപ്പുകൾക്ക് ശേഷം അതുവഴി കടന്നു പോയ ബോട്ട് ഉയർത്തിയ തിരകൾ കരയിലടിച്ച് തകർന്നു. സൈറസിന്റെ മുരൾച്ചയും വെള്ളത്തിന്റെ തെറിച്ചിൽ ശബ്ദവും വേർതിരിച്ചെടുത്തതിൽ നിന്നും രക്ഷപ്പെട്ടവൻ നദിയുടെ വീതി അനുമാനിച്ചു. എത്ര വീതിയുണ്ടെന്ന് മനസ്സിലാക്കി, അയാളത് റൈൻ നദിയാണെന്ന് തിരിച്ചറിയുകയും അത് തിരിച്ചറിഞ്ഞതുകൊണ്ട് അയാൾക്ക് എവിടെയാണന്ന് മനസ്സിലാവുകയും ചെയ്തു.

പരിഭാഷ: ഉണ്ണി ആർ.

ഇനിയും മരിച്ചിട്ടില്ലാത്ത 'സ്വാതന്ത്ര്യം'

—കെ. എം. സീതി

'സ്വാതന്ത്ര്യം' കാല ദേശാന്തരങ്ങളിൽ സർവ്വസമ്മതമായി ചിട്ടപ്പെടുത്താത്ത ഒരു വ്യവഹാരഭൂമികയാണ്. മനുഷ്യൻ സ്വന്തം ശരീരത്തിൽനിന്നും വ്യക്തി ബന്ധങ്ങളിലേക്കും, സമൂഹത്തിലേക്കും, രാജ്യാന്തര മണ്ഡലങ്ങളിലേക്കും ആവശ്യാനുസരണം വിന്യസിക്കുന്ന രാഷ്ട്രീയ ഊർജ്ജം കൂടിയാണത്. കത്തിച്ചാൽ ആളിക്കത്താവുന്ന ആന്തരികോർജ്ജം അതിനുണ്ട്. കെടുത്തിയാലും കനൽക്കട്ടപോലെ പിന്നെയും എരിഞ്ഞുകൊണ്ടിരിക്കും. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള കരുതൽ രാഷ്ട്രീയ ജൈവഘടനയിൽ അന്തർവർത്തിയായ ഒരു പ്രതിഭാസമാണ്.

അതിജീവനത്തിൽനിന്നും ഭൂമിയുടെ വിഭവങ്ങൾക്ക് മേലുള്ള അവകാശ / അധികാരസ്ഥാപനം, അതിനെ ഉല്ലംഘിക്കുന്ന ആധിപത്യപ്രവണതകൾ, ആധിപത്യത്തെ സാധൂകരിക്കുന്ന സാമൂഹിക നിയന്ത്രണ സംവിധാനങ്ങൾ, ഇവയെല്ലാം മനുഷ്യന്റെ രാഷ്ട്രീയ ശരീരത്തിൽ ചരിത്രാതീതകാലം മുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ശാസ്ത്രവും മതവും ഇതിന്റെ ഗതീയതയെ വ്യത്യസ്തമായി നിർണ്ണയിക്കുമ്പോൾ, രാഷ്ട്രീയം അതിന്റെ വൈരുദ്ധ്യാത്മകതയ്ക്കുമേൽ പുതിയ ഉടമ്പടികൾ ഉണ്ടാക്കുന്നു. സമ്പത്തും സാങ്കേതികവിദ്യയും ഈ ഉടമ്പടികൾക്കു വേണ്ട ഭൗതികസാഹചര്യം ഒരുക്കുന്നു. സംസ്കാരം ഇതിനുവേണ്ട ബൗദ്ധികാടിത്തറ സൃഷ്ടിക്കുന്നു. വിലപേശൽ അവസാനിക്കുന്നിടത്തു സമരമുഖങ്ങൾ രൂപപ്പെടുന്നു. രാഷ്ട്രീയ സാംസ്കാരിക ബലതന്ത്രം പരാജയപ്പെടുന്ന ഇടങ്ങളിൽ 'സ്വാതന്ത്ര്യം' ഒടുങ്ങാത്ത ദാഹമായി മനുഷ്യരിൽ ഉപവസിക്കും. മറ്റൊരു ഉരുൾപൊട്ടലിനായുള്ള അമിതഭാരം മനുഷ്യൻ അപ്പോഴും വഹിച്ചുകൊണ്ടിരിക്കും.

പാശ്ചാത്യ ആധുനികതയുടെ കൂടെപ്പിറപ്പായി കരുതുന്ന പുതിയ സ്വാതന്ത്ര്യസങ്കൽപങ്ങൾ അവകാശങ്ങളെക്കുറിച്ചും നീതിയെക്കുറിച്ചും തുല്യതയെക്കുറിച്ചും വ്യവഹരിക്കുമ്പോൾ തന്നെയാണ് അതിനെതിരെയുള്ള തിട്ടൂരങ്ങൾ അധിനിവേശത്തിലൂടെ പാശ്ചാത്യേതര സമൂഹങ്ങളിലേക്കു കെട്ടിയിറക്കിയത്. എന്നാൽ 'അധിനിവേശ-ആധുനികത' ആത്യന്തികമായി അതിനെതിരെയുള്ള സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾക്ക്തന്നെ കാരണമായി. ദേശീയതയും ആധുനികതയും ഇണചേർന്ന പുതിയ സങ്കൽപ്പങ്ങൾ ഇത്തരത്തിൽ വ്യത്യസ്തമായി വിവിധസമൂഹങ്ങളിൽ ആവിഷ്കൃതമായി. പക്ഷെ ഇതിനുള്ളിലെ വൈരുധ്യങ്ങൾ ഒന്നൊന്നായി മറനീക്കിപുറത്തുവന്നുകൊണ്ടിരുന്നു. മതം, വംശീയത, ജാതി, ഗോത്രം തുടങ്ങിയ സ്വത്വരൂപങ്ങൾ സങ്കീർണ്ണമായി ഇടകലർന്ന രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങളാണ് മിക്കവാറും രാജ്യങ്ങളിൽ നിലനിന്നത്. ഇന്നും നിലനിൽക്കുന്നത്. വൈവിധ്യമാർന്ന സ്വാതന്ത്ര്യസങ്കൽപ്പങ്ങൾക്ക് ഇതുകളമൊരുക്കി.

മുതലാളിത്തം വികസന-ഉൽപ്പാദന വ്യവസ്ഥയായും ജനാധിപത്യം രാഷ്ട്രീയ പ്രതിബദ്ധതയായും അംഗീകരിച്ച രാജ്യങ്ങളിൽ സ്വാതന്ത്ര്യം അദൃശ്യമായ വിലക്കുകളിലൂടെ തളർത്തപ്പെടുകയോ അട്ടിമറിക്കപ്പെടുകയോ ചെയ്തു. പൗരസമൂഹങ്ങളിൽ ഇത് പുതിയ തിരിച്ചറിവുകൾക്കു കാരണമായി. സോഷ്യലിസ്റ്റ് പരീക്ഷണങ്ങളിലൂടെ കടന്നുപോയ രാജ്യങ്ങളിൽ 'സ്വാതന്ത്ര്യം' പ്രത്യക്ഷത്തിൽതന്നെ സമീകരിക്കപ്പെട്ട ഒരു പ്രത്യയശാസ്ത്രബോധമായി നിലനിർത്തി. പൗരസമൂഹത്തിന്റെ അഭാവം 'സ്വാതന്ത്ര്യ'ത്തിനുമേൽ വീണ ഇരുണ്ടമറയായി.

മുതലാളിത്വത്തിന്റെ പ്രതിസന്ധി കാലാന്തരത്തിൽ വിപണി പ്രത്യയശാസ്ത്രത്തിന്റെ 'സ്വാതന്ത്ര്യ'മായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ, 'ചരിത്രത്തിന്റെ അന്ത്യം' കുറിക്കാനായി 'സ്വതന്ത്ര'ചിന്തകരും രംഗത്തെത്തി. 'അതിരുകളില്ലാത്ത ലോകം', 'പ്രത്യയശാസ്ത്രം തോറ്റ നൂറ്റാണ്ട്' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഈ 'നവസ്വാതന്ത്ര്യ'ത്തിന്റെ കച്ചവടസാധ്യതകൾ കൂട്ടി.

മനുഷ്യരിൽനിന്നും ഭരണഘടനകളിൽനിന്നും, മനുഷ്യാവകാശ ഉടമ്പടികളിൽ നിന്നും 'സ്വതന്ത്ര'മായ മൂലധനം രാജ്യാന്തരവിപണിയുടെ 'സ്വാതന്ത്ര്യം' ഉദ്ഘോഷിക്കുന്ന പരമാധികാര ശക്തിയായി. സമ്പത്ത് വ്യവസ്ഥകളും ഭരണകൂടങ്ങളും ഈ ശക്തികൾക്ക് മുമ്പിൽ കുമ്പിട്ടുനിന്നു. 'പതാക പോകുന്നിടത്തു വ്യാപാരം' എന്ന അവസ്ഥയിൽ നിന്നും 'വ്യാപാരം പോകുന്നിടത്തു പതാക' എന്ന സ്ഥിതിയായി. നവലിബറലിസം അങ്ങനെ സാമൂഹിക ഡാർവിനിസത്തിന്റെ അചഞ്ചലമായ പ്രത്യയശാസ്ത്ര രൂപമായി. 'എല്ലാവർക്കും ഒരുപോലെ മത്സരിക്കാനും ഒരുപോലെ ജയിക്കാനും കഴിയുന്ന' നവലോക സ്വപ്നങ്ങൾ ആത്യന്തികമായി ശക്തന്മാരുടെ സ്വപ്നങ്ങളായി. സ്വാതന്ത്ര്യം അവരുടെ സ്വാതന്ത്ര്യമായി.

മൂന്നാംലോകം ഒന്നാംലോകവുമായി ചേർന്നു ഓടാൻ തുടങ്ങിയതോടെ കിതപ്പിന്റെ വേഗതയും കൂടി. എന്നാൽ വികസനത്തിന്റെയും സമൃദ്ധിയുടേയും സ്വർഗ്ഗരാജ്യങ്ങൾ തന്നെ ഒന്നൊന്നായി തങ്ങളുടെ ബലതന്ത്രങ്ങൾ മാറ്റിയെഴുതാൻ തുടങ്ങിയപ്പോൾ മൂന്നാംലോകത്തിന്റെ ഓട്ടം ആഗോളമൈതാനങ്ങൾക്കുള്ളിലെ വാരിക്കുഴികളിൽ അവസാനിപ്പിക്കേണ്ടിവന്നു. കമ്പോള സ്വാതന്ത്ര്യത്തിന്റെ കാറ്റേറ്റ് വാടാതെനിന്ന എടുപ്പുകളുടെ എണ്ണം അങ്ങിനെ കുറഞ്ഞുവന്നു. പതാകകൾ താഴ്ത്തി ദുഃഖാചരണം നടത്താനുള്ള ദുരന്തങ്ങൾ ഈ 'സ്വാതന്ത്ര്യ'ത്തിന്റെ പുതുയുഗത്തിൽ ആവർത്തിച്ചുകൊണ്ടേയിരുന്നു. സ്ത്രീകളും കുട്ടികളും വൃദ്ധരും മത-വംശീയ ന്യൂനപക്ഷങ്ങളും ഗോത്രസമൂഹങ്ങളും ഈ ദുരന്തങ്ങൾ എറ്റെടുക്കാൻ വിധിക്കപ്പെട്ടു.

യുനിസെഫിന്റെ കണക്കുപുസ്തകത്തിൽ കാൽലക്ഷത്തോളം കുഞ്ഞുങ്ങൾ നിത്യവും മരിച്ചുകൊണ്ടിരിക്കുന്ന ലോകത്താണ് സ്വാതന്ത്യ്രത്തിനുവേണ്ടി വീണ്ടും വീണ്ടും ദാഹിക്കുന്നത്. ഈ കാൽ ലക്ഷം കുട്ടികൾക്ക് നിത്യവും 'മരിക്കാനുള്ള സ്വാതന്ത്ര്യം' നൽകുന്നതിൽ മുഖ്യപങ്കുവഹിക്കുന്നത് 800 ദശലക്ഷത്തിലേറെവരുന്ന ലോകത്തിലെ ദരിദ്രരിൽ ദരിദ്രരാണ്. അവരിൽ ഭൂരിഭാഗവും ജീവിക്കുന്നത് ഇന്ത്യയും നൈജീരിയയും ബംഗ്ലദേശും ഉൾപ്പെടുന്ന 'വികസ്വര' രാജ്യങ്ങളിലാണ് എന്നത് മറനീക്കിവന്ന യാഥാർത്ഥ്യം! മറുഭാഗത്ത്, ആഗോളതലത്തിൽ ഒരു ശതമാനം സമ്പന്നരാണ് ലോകസമ്പത്തിന്റെ 82 ശതമാനവുംകൈക്കലാക്കിയിരിക്കുന്നത്. ഇന്ത്യയിലാകട്ടെ ഒരു ശതമാനം സമ്പന്നർ 73 ശതമാനം സമ്പത്തും കൈയടക്കിവെച്ചിരിക്കുന്നു.

പ്രാന്തസ്ഥരായവരുടെയും പുറന്തള്ളപ്പെട്ടവരുടെയും കണക്കുകൾ വേറെ. 70 ദശലക്ഷം മനുഷ്യർ ഇങ്ങനെ സ്വന്തം രാജ്യങ്ങളിൽനിന്നും ബഹിഷ്കൃതരായി അലഞ്ഞുതിരിഞ്ഞു നടക്കുന്നു. 26 ദശലക്ഷത്തോളം ഇത്തരം മനുഷ്യർക്ക് 'അഭയാർത്ഥികൾ' എന്ന പദവിയുണ്ട്. ഇതിൽ പകുതിയിലേറെ പേർ 18 വയസ്സിനു താഴെ. 10 ദശക്ഷത്തോളം പേർക്കു രാജ്യം തന്നെ ഇല്ലാത്ത അവസ്ഥ. ഇവർക്ക് പൗരത്വം, ദേശീയത, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സഞ്ചാരസ്വാതന്ത്ര്യം തുടങ്ങിയവയ്ക്കു അർഹതയില്ല. ഓരോ രണ്ടു സെക്കന്റിലും ഒരാൾ ഇങ്ങനെ പ്രാന്തസ്ഥനായി മാറുകയാണ്. യുദ്ധങ്ങളിലും ആഭ്യന്തരകലാപങ്ങളിലും കൊല്ലപ്പെടുന്നവരുടെ കണക്ക് ഒരു ലക്ഷത്തിലേരെയാണ്.

സ്വാതന്ത്ര്യത്തിന്റെ ഈ കാലഘട്ടത്തിൽ 30 ദശലക്ഷം അടിമകൾ ലോകത്തുണ്ട്. അടിമവ്യാപാരം നിലനിൽക്കുന്ന രാജ്യങ്ങൾ നിരവധി. ഇന്നു തീവ്രവാദസംഘടനകൾ വരെ അടിമവ്യാപാരം നടത്തുന്നു. ഉദാഹരണമായി 'ബോക്കോ ഹറാം' എന്ന ആഫ്രിക്കൻ സംഘടനയിലെ തീവ്രവാദികൾ പറയുന്നത് അവരുടെ മതം അടിമത്വം നിയമാനുസൃതമാക്കിയിട്ടുണ്ടെന്നാണ്! പെൺകുട്ടികളെ വിദ്യാലയങ്ങളിൽ അയക്കുന്നത് പോലും അവർ വിലക്കുന്നു. തൊട്ടടുത്ത പാക്കിസ്താനിലും ചില പ്രദേശങ്ങളിൽ ഇത് നടക്കുന്നു. വടക്കുപടിഞ്ഞാറൻ പ്രവിശ്യകളിൽ നൂറുകണക്കിന് സ്ത്രീകളാണ് തീവ്രവാദികൾ തീയിട്ടു നശിപ്പിച്ചത്. ഇതേ കാരണം പറഞ്ഞാണ് ഇറാഖിലും സിറിയയിലും ആവിർഭവിച്ച 'ഇസ്ലാമിക് സ്റ്റേറ്റ്' തീവ്രവാദികളും അടിമവ്യാപാരം വ്യാപകമായി നടത്തിവന്നത്. ആയിരക്കണക്കിന് യസീദി സ്ത്രീകളും കുട്ടികളും ഇസ്ലാമിക് സ്റ്റേറ്റിന്റെ അടിമവ്യാപാരത്തിന് ഇരകളായി.

മതതീവ്രവാദവും വംശീയതയും ജാതീയതയും വർഗീയതയും മനുഷ്യന്റെ പൊതുഇടങ്ങളെ അപ്രസക്തമാക്കിക്കൊണ്ടിരിക്കുന്നു. വർഗരാഷ്ട്രീയ തിരിച്ചറിവുകൾ ഒരു ഘട്ടത്തിൽ സാമൂഹികവിഷയങ്ങളെ അർത്ഥപൂർണ്ണമായി വിലയിരുത്താൻ സഹായിച്ചിരുന്നു. ആ സ്ഥാനത്തു ഇടുങ്ങിയ / പതുങ്ങിയ സ്വതബോധങ്ങൾ സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വിലയിടുന്നു. ഈ സംഘർഷാത്മക ഘട്ടത്തിൽ ഒരു നല്ല ഇടനിലക്കാരനാകാൻപോലും കഴിയാതെ ഭരണകൂടം ചങ്ങാത്ത മുതലാളിത്വത്തിന്റെ പ്രത്യക്ഷരക്ഷകരാകുന്നു.

ഭരണകൂട സ്ഥാപനങ്ങൾ ഈ പുത്തൻകമ്പോള 'സ്വതന്ത്ര്യ'ത്തിന്റെ പ്രാദേശിക വിൽപ്പനകേന്ദ്രങ്ങളാകുന്നു. അപ്പോഴും, ഇനിയും... മരിച്ചിട്ടില്ലാത്ത 'സ്വാതന്ത്ര്യം' പുതിയൊരു ഘടികാരവും വാശത്ത ഭൂമിയും തേടി യാത്ര തുടരുന്നു.

പെയിന്റിംഗ്, കന്യാസ്ത്രീമഠത്തിലെ അത്താഴവിരുന്ന്

—ടോം വട്ടക്കുഴി

കണ്ടതും അറിഞ്ഞതും അനുഭവിച്ചതും ജീവിച്ചതും ഉൾക്കൊണ്ടതുമൊക്കെ ആയവയിൽനിന്നാണ് എന്റെ കല രൂപപ്പെട്ടുവരുന്നത്. ജനിച്ചുവളർന്ന ജീവിതസാഹചര്യങ്ങളുടേയും സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക ചുറ്റുപാടുകളുടേയും നിഴൽപ്പാടുകൾ എന്റെ ചിത്രങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. സ്വച്ഛമായ തടാകത്തിൽ അതിനടുത്തുള്ള കാഴ്ചകൾ പ്രതിഫലിക്കുമെന്നപോലെ ചുറ്റുവട്ടത്തുള്ള മണ്ണിലെ ധാതുക്കളും ലവണങ്ങളും ഉൾച്ചേരുമെന്നപോലെ, എന്റെ കല ഞാൻ ജീവിക്കുന്ന കാലത്തിന്റെ പ്രതിഫലനങ്ങൾ തുടിപ്പുകൾ ഉൾക്കൊള്ളുന്നവയാണ്. കല ഒരു അടയാളപ്പെടുത്തലാണ്- കാലത്തിന്റെ, സംസ്കാരത്തിന്റെ, ചിന്തയുടെ, ഭാവുകത്വത്തിന്റെ ഒക്കെയുള്ള അടയാളപ്പെടുത്തൽ. ഇവിടെ അറിവല്ല മറിച്ച് അവബോധമാണ്, അനുഭൂതിയാണ് കലയുടെ ഭൂമികയായി വർത്തിക്കുന്നത്. സങ്കുചിതമായ വർഗീയ-ജാതീയ-ദേശീയവാദത്തിലേക്കോ അതിന്റെ അടിസ്ഥാനത്തിലുള്ള വേലികെട്ടിത്തിരിക്കലുകളിലേക്കോ അല്ല മറിച്ച് മാനവികതയിലൂന്നിയ ജീവിത ദർശനത്തിലേക്കാണ് എന്റെ കല ഉന്നം വെക്കുന്നത്. സ്വന്തം മണ്ണിൽ നാരായവേരുറപ്പിച്ച് പാർശ്വവരുകൾ പല കാലങ്ങളിലേക്കും ദേശങ്ങളിലേക്കും അവയുടെ സംസ്കാരങ്ങളിലേക്കും ദൃശ്യഭാഷകളിലേക്കും പായിച്ച് വളവും വെള്ളവും സ്വാംശീകരിച്ച് ആകാശത്തിന്റെ വിശാലതയിലേക്ക്, സ്വാതന്ത്ര്യത്തിലേക്ക്, ശാഖകൾ നീട്ടി വിരിച്ച് വളരുന്ന ഫലവൃക്ഷമാണ് കല. അതിന്റെ ശിഖരങ്ങൾ വെട്ടിയരിയപ്പെടാതിരിക്കട്ടെ.

എഴുത്തിന്റെ ഋതുക്കൾ

—കാൾ ഒവ് നൊസ്ഗർ

എനിക്ക് ആവർത്തനം ഇഷ്ടമാണ്. ചെയ്ത കാര്യം തന്നെ മുൻപുചെയ്ത സമയത്ത് മുൻപു ചെയ്ത ഇടത്ത് എല്ലാ ദിവസവും ചെയ്യാനാണ് എനിക്കിഷ്ടം. ആവർത്തനങ്ങളിൽ എന്തോ ഒന്ന് സംഭവിക്കുന്നുണ്ട്. എപ്പോഴെങ്കിലും ഒരു പോലുള്ള ദിവസങ്ങളിലൂടെ അടിഞ്ഞുകൂടിയ മാറ്റമില്ലയ്മയുടെ കൂമ്പാരം വഴുതിയുടയുവാൻ തുടങ്ങും. അവിടെനിന്നാണ് എഴുത്ത് തുടങ്ങുന്നത്. മെല്ലെയുള്ള കണ്ണിൽപ്പെടാത്ത ഈ പ്രക്രിയയുടെ നിത്യമായ ഒരു ഓർമ്മപ്പെടുത്തലാണ് എന്റെ ജനാലയിൽകൂടിയുള്ള കാഴ്ച. ദിവസവും ഞാൻ കാണുന്നത് ഒരേ പുൽത്തകിടി, ഒരേ ആപ്പിൾ മരം, ഒരേ വില്ലോ. മഞ്ഞുകാലത്ത് നിറങ്ങൾ മങ്ങിയും ഇലകൾ ഇല്ലാതെയും വസന്തകാലത്ത് തോട്ടം പച്ച നിറംകൊണ്ട് വിയർപ്പുമുട്ടും. ഇത് ഞാൻ എന്നും കാണുന്നുണ്ടെങ്കിലും മറ്റൊരു സമയസീമയിൽ നടക്കുന്ന ഒന്നു പോലെ, കൂടുതൽ ഉച്ചസ്ഥായിയിലുള്ള ശബ്ദങ്ങൾ കാതുകൾക്ക് പിടിച്ചെടുക്കാനാവാത്തതുപോലെ, അവ എന്റെ കണ്ണുവെട്ടിക്കുന്നു. ഈ മാറ്റങ്ങൾ എന്റെ ശ്രദ്ധയിൽപെടുന്നില്ല. പുറകേ പൂക്കളുടേയും പഴങ്ങളുടേയും ചൂടിന്റേയും കിളികളുടേയും മെല്ലെയുള്ള വിസ്ഫോടനം, നാം വേനൽ എന്നുവിളിക്കുന്ന ഭ്രാന്തമായ വളർച്ച വന്നണയുന്നു. ഒരു കാറ്റും മഴയും വരുന്നു. വീണുകിടക്കുന്ന ആപ്പിളുകൾ മരച്ചുവട്ടിൽ തന്നെ ഉരുകിപ്പോകുന്നു. ഇലകൾ കട്ടിവെച്ച് തവിട്ടു നിറമാകുന്നു. മരകൊമ്പുകളിൽ നഗ്നത വിടരുന്നു. കിളികൾ പറന്നകലുന്നു വീണ്ടും മഞ്ഞുകാലം.

എന്റെ ചെറുപ്പകാലത്ത് ഒരു വ്യക്തിക്ക് ആകെ ആവശ്യമുള്ളത് ഒരു പൂന്തോട്ടവും ഒരു വായനാമുറിയുമാണെന്ന സിസെറോവിന്റെ വാക്കുകൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. തികച്ചും മുഷിപ്പനും മദ്ധ്യവയസ്കനും ബൂർഷ്വാ സ്വഭാവമുള്ളതും! അതിൽ നിന്ന് എത്രയും അകലെ നിൽക്കാമോ അത്രയും എനിയ്ക്ക് നല്ലതെന്ന് കരുതി. എന്റെ അച്ഛനും സ്വന്തം പൂന്തോട്ടത്തിലും സ്റ്റാമ്പ് ശേഖരണത്തിലും മുഴുകിയിരുന്നു എന്നതുകൊണ്ടും കൂടിയാവാം. ഇന്ന് ഞാനും മുഷിപ്പിനും മദ്ധ്യവയസ്കനും ആയതുകൊണ്ട് ഞാൻ അതുമായി സമരസപ്പെട്ടിരിക്കുന്നു. പൂന്തോട്ടങ്ങളും സാഹിത്യവുമായുള്ള ബന്ധം- അനിർവചനീയവും അതിരുകളില്ലാത്തതുമായ ഒരു ചെറുകൃഷിയിടങ്ങൾ- എനിക്കിന്നു കാണാനാവുന്നുണ്ട്. എന്നുമാത്രമല്ല ഞാൻ അത് പരിപാലിക്കുകയും ചെയ്യുന്നു. വെർനെർ ഹെയ്സൻബർഗിന്റെ ഒരു ജീവചരിത്രം വായിക്കുകയാണ് ഞാൻ-അതിൽ, ആ പൂന്തോട്ടത്തിൽ എല്ലാമുണ്ട്. തന്മാത്രകളും മഹാപരിവർത്തനങ്ങളും അനിശ്ചിതത്വസിദ്ധാന്തവും എല്ലാം. ഞാൻ ജീനുകളെക്കുറിച്ചും ഡി. എൻ. ഏയെക്കുറിച്ചുമുള്ള ഒരു പുസ്തകം വായിക്കുന്നു. അതും അവിടെയുണ്ട്. ഞാൻ ബൈബിൾ വായിക്കുന്നു. അതാ അവിടെ പകലിന്റെ ഊഷ്മളതയിൽ പൂന്തോട്ടത്തിൽ നടക്കാനിറങ്ങിയ സർവ്വേശ്വരനായ ദൈവത്തിന്റെ ശബ്ദം കേൾക്കുന്നു. 'പകലിന്റെ ഊഷ്മളതയിൽ' എന്ന പ്രയോഗം എനിക്കു വലിയ ഇഷ്ടമാണ്. അത് എന്റെയുള്ളിൽ എന്തോ തട്ടിയുണർത്തുന്നുണ്ട്. സൂര്യപ്രകാശമുള്ള വേനൽപ്പകലുകളിലെ ആഴമുള്ള നാശമില്ലെന്നു തോന്നിക്കുന്ന ഒരു അനുഭവം. പിന്നീട് ഉച്ചനേരങ്ങളിൽ കടലിൽ നിന്ന് കാറ്റടിക്കുന്നു. നിഴലുകൾക്ക് നീളംവെക്കുന്നു. സൂര്യൻ ആകാശത്ത് പതുക്കെത്താഴുന്നു. എവിടെയോ കുട്ടികൾ ഉറക്കെച്ചിരിക്കുന്നത് കേൾക്കാം. ഇതെല്ലാം പകലിന്റെ ഊഷ്മളതയിലാണ്, ജീവിതത്തിന്റെ മദ്ധ്യത്തിലാണ്. ഇതെല്ലാം അവസാനിക്കുമ്പോൾ ഞാൻ ഇവിടെയില്ലാതാവുമ്പോൾ അപ്പോഴും ഈ കാഴ്ച ഇവിടെയുണ്ടാവും. എന്റെ ജനാലയിലൂടെ പുറത്തേക്കു നോക്കുമ്പോൾ ഞാൻ കാണുന്നതും ഇതാണ്. അതിൽ ഒരു പ്രത്യേക ആശ്വാസം അടങ്ങിയിട്ടുണ്ട്—നാം കടന്നുപോകുന്ന വഴി ലോകത്തെ ശ്രദ്ധിച്ചുനോക്കുന്നതിലും ലോകം നമ്മെ ശ്രദ്ധിക്കാതിരിക്കുന്നതിലും.

പരിഭാഷ: പ്രസന്ന കെ. വർമ്മ

സത്യം സമത്വം സ്വാതന്ത്ര്യം

—പ്രഭാകരൻ

ചെറിയ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ, മാതൃഭാഷയെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ദിവസവും വൃത്തിയായി, നല്ല കൈയ്യക്ഷരത്തോടുകൂടി, വാക്കുകളുടെ അകലം തെറ്റിക്കാതെ, ഇരട്ട വര കോപ്പി പുസ്തകത്തിൽ കോപ്പി എഴുതിക്കൊണ്ട് പോകണമായിരുന്നു.

അന്നന്ന് എഴുതിക്കൊണ്ടു വന്ന കോപ്പി പുസ്തകങ്ങൾ നോക്കി മാർക്കിട്ട്, എഴുതിക്കൊണ്ട് വരാത്തവർക്കുള്ള ശിക്ഷ വിധിച്ച്, എഴുതിക്കൊണ്ടുവന്ന ചില കോപ്പികളെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞു കൊണ്ടാണ് ക്ലാസ്സ് തുടങ്ങുക പതിവ്.

അധികമൊന്നും എഴുതാനുണ്ടാവില്ല. ഗാന്ധിജി നമ്മുടെ രാഷ്ടപിതാവ്. ഗുരു ദൈവതുല്യൻ. കാള കിടക്കും കയറോടും. വല്ലഭന് പുല്ലും ആയുധം. ഈ മട്ടിൽ പഴംചൊല്ലുകളും ആപ്തവാക്യങ്ങളും ഒക്കെയായി ഏന്തെങ്കിലും ഒന്ന്. അത് പേജ് നിറയെ ആവർത്തിച്ച് എഴുതണം എന്നുമാത്രം.

ഞങ്ങളുടെ വീട്ടിൽ എനിക്ക് മുൻപേ സ്കൂളിന്റെ പടികടന്നവർ പലരുമുണ്ടായിരുന്നു. അവർ എഴുതിപ്പോന്നവ തന്നെയായിരുന്നു ഞാനും കോപ്പി എഴുത്തിനായി തെരഞ്ഞെടുത്തിരുന്നത്.

സത്യം സമത്വം സ്വാതന്ത്ര്യം

ക്ലാസിൽ ആദ്യം നോക്കുന്ന പുസ്തകമാണ് കോപ്പി പുസ്തകമെങ്കിലും സ്കൂളിൽ പോവുമ്പോൾ ഏറ്റവും ഒടുവിൽ എഴുതിത്തീർക്കുന്നത് കോപ്പിയായിരിക്കും. അത് വെറും മൂന്ന് വാക്കിൽ ഒരുക്കാനാവുന്നത് വലിയ ആശ്വാസം തന്നെ. വലിയ വലിയ പ്രപഞ്ച സത്യങ്ങൾ ബീജമന്ത്രങ്ങളിലല്ലെ സത്യത്തിന്റെ ഘോര വനങ്ങളെ ഗർഭം ധരിച്ചിരിക്കുന്നത്.

കുടുംബക്കാരെല്ലാം കോൺഗ്രസുകാരും വീട്ടിൽ വായിക്കുന്നത് മാതൃഭൂമി പത്രമായതിനാലും ആവും ഞങ്ങളെല്ലാം കോപ്പി എഴുതാൻ സത്യം സമത്വം സ്വാതന്ത്ര്യം എന്നത് തെരഞ്ഞെടുത്തതെന്ന് എനിക്ക് തോന്നായ്കയില്ല. ഇന്ത്യനിങ്കിൽ, കേരളമെന്ന് അക്കാലത്ത് തോന്നിച്ചിരുന്ന ലാന്റ്സ്കേപ്പിനും താഴെ മഴവില്ലിന്റെ ആകൃതിയിൽ എഴുതിയ അതേ വാചകങ്ങൾ. സത്യം സമത്വം സ്വാതന്ത്ര്യം.

ഇ. എം. എസ് സത്യസന്ധനായ സ്വാതന്ത്ര്യസമരപോരാലിയാണെന്നതിന് എനിക്കക്കാലത്ത് കേട്ട ചില ഇ. എം. എസ് കഥകൾ ധാരാളം മതിയായിരുന്നു. ഇ. എം. എസ് തുടങ്ങി സഖാക്കളിൽ പലരും ഒളിവിൽ കഴിഞ്ഞ, പാർട്ടിയെ നിരോധിച്ചിരുന്ന കാലത്ത് സഖാവിന് അടിയന്തിരമായി ഒരു ഷെൽട്ടർ മാറി മറ്റൊരിടത്തേക്ക് പോവേണ്ടതുണ്ടായിരുന്നു. കോൺഗ്രസുകാരും പുള്ളിക്കാരും ഹിന്ദുമഹാസഭക്കാരും ഒറ്റുകാരായി വിലസുന്ന കാലം. ചെറുപ്പക്കാരനായ ഇ. എം. എസ് ഒരു മുറുക്കാൻ കടക്കോ കലുങ്കിനടുത്തോ മറ്റോ നിൽക്കുമ്പോൾ മഫ്ടിയിൽ രണ്ട് കോന്തന്മാർ വന്നു നിൽക്കുന്നത് ശ്രദ്ധയിൽപെട്ടു. പോലീസ് ആണെന്ന് ബോധ്യമായി. എന്താണ് പറയുക? താൻ ആരാണെന്ന് തിരിച്ചറിഞ്ഞാലോ? പേര് ചോദിച്ചാൽ എന്ത് പറയും? മാറ്റിപ്പറയാൻ മനസും ധർമ്മവും.... അനുവദിക്കുന്നില്ല.

നമ്പൂതിരിയാണെന്നും മഹാകേമനും ആൾമാറാട്ടം വരെ വശമുണ്ടെന്നും ഒക്കെ പറഞ്ഞു കേട്ട പാവം പോലീസുകാർ നിനച്ചു ഈ കറുത്ത് കുറുതായി ചെറിയ കോങ്കണ്ണും കോന്ത്രപ്പല്ലും ഉള്ള ഇവൻ ആ പറഞ്ഞുകേട്ട മട്ടുള്ള വീരനൊന്നുമല്ല... ന്നാലും അധികം കണ്ടിട്ടില്ലാത്ത ഒരുത്തനെ കണ്ടിട്ട് ചോദിച്ചില്ലെന്നും പറഞ്ഞില്ലെന്നും വേണ്ടെന്ന് കരുതി

പോലീസ് 'എവ്ടന്നാ?'

'കൊറച്ച് വടക്ക്ന്ന'

'പേര്...'

'ശങ്കരൻ'

ഇ. എം. എസ് കളവു പറഞ്ഞില്ല. ഇത് നല്ല തിയ്യന്റെ പേരുതന്നെ എന്ന നിഗമനത്തിൽ പോലീസുകാർ അവരുടെ പാട്ടിനു പോയി.

ഞാൻ കോപ്പി എഴുത്ത് നിറുത്തി. വലിയ ക്ലാസുകളിലെ പാഠപദ്ധതിയിൽ ഇത്തരം തമാശകൾക്കെവിടെ നേരം?

നമ്മുടെ ഭരണഘടനയുടേ നിർമ്മിതിയുടെ വേളയിൽ ഏറ്റവും സൗമ്യമായും ഏറെ ദൃഢമായും മുഴങ്ങിക്കേട്ട വാക്കുകളിൽ ഏറെത്തവണ ഉച്ചരിക്കപ്പെട്ടത് ഈ മൂന്ന് വാക്കുകൾ തന്നെ.

സത്യം, ധർമ്മം, ദൈവം, സമൂഹം എന്നീ വാക്കുകൾ ഗാന്ധിജിയും സർദാർ പട്ടേലും ഒക്കെ അധികം ഉച്ചരിച്ചപ്പോൾ അംബേദ്കർ ഇന്ത്യയുടെ ഗ്രാമാന്തരങ്ങളിൽ മണ്ണിൽ കുഴിമാന്തികൾ തീർത്ത് അതിൽനിന്നും ഭക്ഷണം കഴിക്കുന്ന പതിനായിരക്കണക്കിൽ വരുന്ന കറുത്ത മനുഷ്യരുടെ അസ്പർശരുടെ കണക്കുകളായിരുന്നു പറഞ്ഞിരുന്നത്.

സ്വാഭാവികമായും സമത്വം എന്ന ആശയത്തിന്റെ ചരിത്രപരമായ കടമയുടേയും സ്വാതന്ത്ര്യം എന്ന പരമമായ ആഹ്ലാദത്തിന്റെയും ലോകത്തേക്കുള്ള പ്രയാണമായിരുന്നു അത്.

സ്വാതന്ത്ര്യം, അത് പരമമായ അർത്ഥത്തിൽ അനുഭവിക്കുന്നത് കലാകാരന്മാരാണെന്ന് വേണം അവർക്കും കലാസൃഷ്ടികൾക്കും നേരെയുള്ള സമീപകാല കടന്നാക്രമണങ്ങൾ കൊണ്ട് അനുമാനിക്കാൻ.

സത്യാന്വേഷികളും സ്വാതന്ത്ര്യമോഹികളുമായ മാനുഷർക്ക്, സ്വതന്ത്രമായ നീക്കങ്ങൾക്ക് നേരെയുള്ള വിലക്ക് മരണത്തിനു തുല്യമാണ്.

സത്യവും സമത്വവും സ്വാതന്ത്ര്യവും പുലരുന്ന 'എവിടെ മനസ്സ് ഭയരഹിതവും ശിരസ്സ് സമുന്നതവും ആണോ, അറിവ് സ്വതന്ത്രമാണോ ആ സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേക്ക് എന്റെ നാട്ട് ഉണരേണമേ...'

—പ്രാർത്ഥനകൾക്കൊപ്പം വരുമോ സായുധ സമരങ്ങൾ...?

അതിമനോഹരമായ ഒരു വേനൽക്കാലദിവസത്തിന്റെ തുടക്കം

—ദനീൽ ഖാർമ്സ്

കോഴി കൂവിയതും തിമൊഫെയ് തന്റെ ജനാലയിലൂടെ പുരപ്പുറത്തേക്ക് എടുത്തു ചാടി ആ നേരം താഴെ വഴിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന ഏവരെയും ഞെട്ടിച്ചു. കർഷകനായ കാരിത്തോൺ തന്റെ നടത്തം നിർത്തി ഒരു കല്ലെടുത്ത് തിമോഫെയ്ക്ക് നേരെ എറിഞ്ഞു. തിമൊഫെയ് പെട്ടെന്ന് അപ്രത്യക്ഷനായി. 'എന്തൊരു സാമർഥ്യക്കാരൻ!' ആൾക്കൂട്ടം ചിരിച്ചു, അപ്പോൾ സുബോവ് എന്നയാൾ ഒരൊറ്റ ഓട്ടമോടി തന്റെ തല മതിലിൽ കൊണ്ടിടിച്ചു. 'എന്റമ്മോ!' വീങ്ങിയ കവിളുള്ള ഒരു കർഷകസ്ത്രീ അലറി. പക്ഷെ കൊമാറോവ് ഈ സ്ത്രീക്ക് പെട്ടെന്നൊരു തട്ടുവെച്ച് കൊടുത്തപ്പോൾ അവർ മോങ്ങിക്കൊണ്ട് ഒരു വാതിലിനകത്തേക്ക് ഓടിക്കയറി. ഫെറ്റല്യൂഷിന്റെ അടുത്ത് ചെന്ന് 'ഇന്നാടാ പൊണ്ണത്തടിയാ, നിനക്കുമിരിക്കട്ടെ!' എന്ന് പറഞ്ഞ് അയാളുടെ പള്ളയ്ക്ക് കുത്തി. ഫെറ്റല്യൂഷിൻ മതിലിൽ ചാരി എക്കിട്ടമിടുവാൻ തുടങ്ങി. അപ്പോൾ റൊമാഷ്കിൻ മുകളിലെ തന്റെ ജനാലയിൽനിന്ന് ഫെറ്റല്യൂഷിന്റ് തല ലക്ഷ്യമാക്കി തുപ്പി. ഇതേ സമയം, അധികം ദൂരത്തല്ലാതെ, വലിയ മൂക്കുള്ള ഒരു സ്ത്രീ അവരുടെ കുട്ടിയെ ഒരു വെള്ളത്തോട്ടികൊണ്ട് അടിക്കുകയായിരുന്നു. യുവതിയായ തടിച്ചുരുണ്ട ഒരമ്മ അവരുടെ മക്കളുടെ കോമളമായ കുഞ്ഞുമുഖം മതിലിൽ ഉരച്ചുകൊണ്ടിരുന്നു. തന്റെ മെലിഞ്ഞ കാൽ ഒടിഞ്ഞ ഒരു കുഞ്ഞുപട്ടി ഫുട്പാത്തിൽ നീണ്ടു നിവർന്നുകിടന്നു. ഒരു കൊച്ചുപയ്യൻ എന്തോ വൃത്തികെട്ട സാധനം ഒരു കോളാമ്പിയിൽ നിന്ന് എടുത്തു തിന്നുന്നുണ്ടായിരുന്നു. പലചരക്കുകടയിൽ പഞ്ചസാരയ്ക്ക് വേണ്ടി ഒരു വലിയ വരിയുണ്ടായിരുന്നു. ഉച്ചത്തിൽ തെറി വിളിച്ചുകൊണ്ട് സ്ത്രീകൾ തങ്ങളുടെ സഞ്ചികൾകൊണ്ട് ഉന്തും തള്ളും ഉണ്ടാക്കി. കർഷകനായ കാരിത്തോൺ സ്വൽപ്പം മദ്യം അകത്താക്കിയതിന്റെ ചൂടിൽ സ്ത്രീകളുടെ മുൻപിൽ തന്റെ പാന്റ്സ് അഴിച്ച് അശ്ലീലം പറഞ്ഞുകൊണ്ട് നിന്നു.

അങ്ങനെ തുടങ്ങി അതിമനോഹരമായ ഒരു വേനൽക്കാല ദിവസം.

പരിഭാഷ: ഷിറോൺ ആന്റണി

കലാകുശലനായ അയാളുടെ വാച്ച്

—ദനീൽ ഖാർമ്സ്

കലാകുശലനായ സീറോവ്, ഒബ്വോഡ്നി കനാലിലേക്ക് ചെന്നു. വിശേഷിച്ചെന്താ? റബ്ബർ വാങ്ങാൻ. എന്തിനാണ് റബ്ബർ...? സ്വയം ഒരു റബ്ബർ ബാൻഡാവാൻ. റബ്ബർ ബാൻഡ് എന്തിനാണയാൾക്ക്...? വലിച്ചു നീട്ടാൻ. അതിനാണ്. നടക്കട്ടെ. വേറെന്താ? വേറെയിതാണ്. കലാകുശലനായ സീറോവ് തന്റെ വാച്ച് തല്ലിത്തകർത്തു. അസ്സലായിട്ടോടുന്ന വാച്ചായിരുന്നു. പക്ഷേ അയാളത് നശിപ്പിച്ചു. വേറെന്താ...? ഇതല്ലാതെ ഒന്നുമില്ല. ഒന്നുമില്ലെന്നു പറഞ്ഞാൽ അത്രതന്നെ. അസ്ഥാനത്തു കൊണ്ട് നിന്റെയാ തൊലിഞ്ഞ മോന്തയിട്ട് ഒരയ്ക്കാതിരുന്നാൽ മതി! കരുണാമയനേ കനിവുണ്ടാകണമേ!

അവിടെയാണേൽ ഒരു കിഴവിയുണ്ടായിരുന്നു. തള്ള ഇരുന്നിരുന്ന് അടുപ്പേലെരിഞ്ഞു. കണക്കായിപ്പോയി! കലാകുശലനായ സീറോവിന് അങ്ങനെയേ കരുതാനൊക്കൂ.

ഹയ്യ! മഷിക്കുപ്പി കാണാതെ പോയിരുന്നേൽ ഞാൻ എഴുതിയങ്ങ് തകർത്തേനേ...

ദനീൽ ഖാർമ്സ് (1905–1942) റഷ്യൻ സാഹിത്യകാരൻ. സോഷ്യൽ റിയലിസത്തിന്റെ വേലിക്കു പുറത്തുള്ളതെല്ലാം ഭരണകൂടം വിലക്കേർപ്പെടുത്തിയ കാലത്ത് ബാലസാഹിത്യമെഴുതി പ്രശസ്തനായി. റഷ്യൻ ഫ്യൂച്ചറിസ്റ്റ് ധാരയുടെ ആശയങ്ങൾ ഉൾക്കൊണ്ട് എഴുതിയ സർറിയൽ, അബ്സേർഡ് രചനകളെല്ലാം വെളിച്ചം കണ്ടത് മരണശേഷം. ബാലസാഹിത്യത്തിൽ സോഷ്യൽ സോവിയറ്റ്, മെറ്റിരിയലിസ്റ്റിക് മൂല്യങ്ങൾ കുറഞ്ഞു പോയതിന്റെ പേരിൽ 1931-ൽ നാടുകടത്തപ്പെട്ടു. തിരിച്ചെത്തി സർക്കാർ നിയന്ത്രിത പ്രസാധനശാലയിൽ ജോലി ചെയ്യുന്നതിനിടയിൽ വീണ്ടും അറസ്റ്റ്. 1942-ൽ ലെനിൻഗ്രാഡ് ഉപരോധകാലത്ത് ജയിലിൽ കിടന്ന് വിശന്നു മരിച്ചു.

പരിഭാഷ: പ്രദീപ് എം. നായർ

സ്നേഹിതന്റെ ഉത്തരേഷ്യക്കാർക്ക്

—അന്ന അഖ്മതോവ

'ഈ വിരുന്നിലേക്ക് ഞങ്ങൾക്കായി
ബറാബസിനെ തുറന്നുവിട്ട്'
എന്ന് ആക്രോശിച്ചവരുണ്ട്, അവർ തന്നെയാണ്
സോക്രട്ടീസിനോട്
ശൂന്യവും ഇടുങ്ങിയതുമായ തടവറയിൽ
വിഷം കഴിക്കാൻ കൽപ്പിച്ചതും.

അവരാണ് അവരുടെ നിഷ്കളങ്കമായ
അപഖ്യാതി പറഞ്ഞു പരത്തുന്ന വായിലേക്ക്
വിഷമിറ്റിക്കേണ്ടത്,
പീഡനത്തിന്റെ ഈ മധുര പ്രണയികൾ,
അനാഥരെയുണ്ടാക്കുന്നതിൽ നിപുണർ.

പരിഭാഷ: ഉണ്ണി ആർ

ഒരു ചോദ്യം:

—സുഗതകുമാരി

ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച പരിസ്ഥിതി പ്രവർത്തക എന്ന നിലയിലാണ് ടീച്ചർ അറിയപ്പെടുന്നത് അതേസമയം ആഴമുള്ള മതവിചാരങ്ങളും ആത്മീയതയും കൊണ്ടുനടക്കുന്ന ഒരു കവി കൂടിയാണ് ടീച്ചർ. താങ്കളുടെ കവിതയിലും മറ്റ് എഴുത്തുകളിലും അത് കാണുകയും ചെയ്യാം. ടീച്ചറിന്റെ ആത്മീയതയും പാരിസ്ഥിതിക ഇഷ്ടങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് വിശ്വസിക്കുന്നുണ്ടോ?

എനിക്ക് അറിഞ്ഞുകൂടാ എന്ന് പറയുന്നതാണ് സത്യം. കാരണം അത് സ്വാഭാവികമാണ്, എന്നു പറഞ്ഞാൽ ജനിച്ചപ്പോൾ മുതലുള്ള ഒരാവേശമാണത്. ഞാനെന്റെ കുട്ടിക്കാലത്തെ ചില കാര്യങ്ങൾ ഓർമ്മിക്കുകയാണ്. കുറേ വിഡ്ഢിത്തരമുണ്ടെങ്കിലേ കുറേ ഭ്രാന്തുണ്ടെങ്കിലേ ഇങ്ങനെയൊക്കെ ചിന്തിക്കാൻ ഒക്കൂ. കുട്ടിക്കാലത്തേ പ്രകൃതിയോടുള്ള ബന്ധം, അതിനോടുള്ള അറിഞ്ഞു കൂടാത്ത ഒരു ആത്മബന്ധം, എന്തോ ഒരുഅലിഞ്ഞു ചേരൽ, അതിന്റെ വേദന, പങ്കിടൽ എന്നിവയൊക്കെ എനിക്ക് വളരെ സ്വാഭാവികമായി ഉണ്ടായതാണ്. ഒന്നും വായിച്ചിട്ടോ അതിന്റെയൊരു ആത്മീയപശ്ചാത്തലം മനസ്സിലാക്കിയിട്ടോ ചിന്തിച്ചിട്ടോ അല്ല. ഒരു ചെറിയ ഉദാഹരണം. മഴ പെയ്യുമ്പോൾ ഞാൻ കണ്ടിട്ടുണ്ട് ഉറുമ്പിൻ കൂട്ടുകൾ ഒഴുകി വരുന്നത്. ഞാനത് കണ്ട് തിണ്ണയിൽനിന്ന് കരയും. അത് വെള്ളത്തിൽ മുങ്ങിച്ചാകുകയാണെന്ന പരിഭ്രമം എനിക്ക് സഹിക്കാനാവുമായിരുന്നില്ല. അത് നീന്തിക്കയറിക്കൊള്ളുമെന്നോ അത് പ്രകൃതിയുടെ നിയമമാണെന്നോ ജനനവും മരണവും അനുസ്യൂതം തുടരുമെന്നോ ഒന്നും തിരിച്ചറിവുണ്ടായിരുന്നില്ലല്ലോ. ഞാൻ ആ പടിയിൽ ഇറങ്ങിയിരുന്ന് പകുതി നനഞ്ഞും പകുതി നനയാതെയും ഒക്കെയിരുന്ന് ഒരു പ്ലാവില എടുത്ത് കോരിയെടുത്ത് ആ ഉറുമ്പുകളെ രക്ഷിക്കുമായിരുന്നു. കരയിലേക്ക് പിടിച്ച കയറ്റുമായിരുന്നു. പക്ഷേ കുറേക്കഴിയുമ്പോൾ ഞാൻ ക്ഷീണിക്കും. അപ്പോൾ ഞാൻ ഉറക്കെ കരയും. അത് സഹിക്കാൻ എനിക്ക് പറ്റുമായിരുന്നില്ല. എന്റെ ജീവിതം മുഴുവൻ ഇതൊരു മാതൃകയായി കാണിക്കാം. ഇതുപോലെയാണ് എന്റെ മുഴുവൻ ജീവിതവും.

പ്രകൃതിയും ഈശ്വരനും രണ്ടല്ല. ഒന്നാണ്. ഈ ജനന മരണ പ്രവാഹം ഇങ്ങനെ തുടർന്നുകൊണ്ടേയിരിക്കും. അതിനൊരു മാറ്റം വരുത്താൻ നമ്മൾ ആരുമല്ല. നമ്മുടെ കൈയ്യ് അതിനു ബലമില്ല എന്നല്ല, നമ്മുടെ മനസ്സിനും ബുദ്ധിയ്ക്കും അവിടെ എങ്ങും ചെന്നെത്താനും ആവില്ല. പക്ഷേ എന്തോ ചെയ്യാനുള്ള ഒരു നിയോഗമുണ്ട്. മാറി നിൽക്കാനൊക്കുന്നില്ല. അതുകൊണ്ട് ഇതൊക്കെ കാണുമ്പോൾ വേദനിച്ചു പോകുന്നു പ്രവർത്തിച്ചു പോകുന്നു. അത്രേയുള്ളൂ. അന്ന് ആ ഉറുമ്പുകളെ കോരിയെടുക്കാൻ ശ്രമിച്ച് ഉറക്കെ കരഞ്ഞു പോയ ആ കുട്ടി, ഇപ്പോ ഉറക്കെ കരയുന്നില്ല എന്നേയുള്ളൂ. ഇന്നും ഇതുപോലെ നമ്മുടെ എല്ലാ വിലപ്പെട്ടതും വലിയ വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയ്ക്കൊണ്ടേയിരിക്കുകയാണ്. അതിനെ ആരെങ്കിലുമൊക്കെ പിടിച്ചു കേറ്റാൻ ശ്രമിക്കുകയാണ്. എന്തിനെ പിടിച്ചു കയറ്റും...? ഏതു കാടിനെ, ഏതു മലയെ, ഏതു കുന്നിനെ, ഏതു വയലിനെ രക്ഷിക്കാൻ നമുക്ക് കഴിയും. നൂറു യുദ്ധങ്ങളിൽ പങ്കെടുക്കുമ്പോൾ രണ്ടെണ്ണത്തിലായിരിക്കും ജയിക്കുക. ബാക്കി മുഴുവൻ തോറ്റുപോവുകയാണ്. പക്ഷേ തോറ്റാലും മനസ്സ് തളരരുത്. അവിടെ ആത്മീയത ഉണ്ടായിരിക്കണം. അവിടെ നമ്മുടെ മതമുണ്ടായിരിക്കും. നമ്മുടെ വിശ്വാസമുണ്ടായിരിക്കും. ആത്മീയമായ അടിത്തറയുണ്ടായിരിക്കും. അതുകൊണ്ടാവും മനസ് തളർന്നു പോകാത്തത്. ഗീതാവചനം അല്ലെങ്കിൽ ഗാന്ധിജിയുടെ വാക്കുകൾ, വിവേകാനന്ദന്റെ വാക്കുകൾ... ഇങ്ങനെയൊന്നുമല്ല വേണ്ടത് എന്നു പറയുന്നു, ആ ഒരു കരുത്ത്... ആരാണ് ഞങ്ങൾക്കിതൊക്കെ പറഞ്ഞു തന്നത്...? വലിയ മനുഷ്യർ ഇവിടെ ഉണ്ടായിരുന്നു. അവർ വെളിച്ചം ചൊരിഞ്ഞ് സൂര്യനെപ്പോലെ മുന്നിൽ നിന്നു ഒരു കാലത്ത്. അതിൽ നിന്നൊക്കെ, ഈ ചെടികൾ പ്രകാശസംശ്ലേഷണത്തിലൂടെ ഊർജ്ജം സംഭരിക്കുന്നു എന്നു പറയുന്നതുപോലെ എന്നെപ്പോലുള്ള ചെറിയ ചെടികളും ഉർജ്ജം സംഭരിച്ചു. അത്രേയുള്ളൂ. അല്ലാതെ ഇതിനൊക്കെ ഒരു വലിയ ആത്മീയമായ അടിത്തറ മനപൂർവ്വം ഒന്നും ഉണ്ടാക്കിയതല്ല. ഉണ്ടായതാണ്. അത് പ്രകൃതിദത്തമാണ്. ഈ ചുറ്റുപാടിൽ അങ്ങനെയേപറ്റൂ.

കരഞ്ഞിട്ട് കാര്യമില്ല എന്നറിയാം. ഈ മഹാപ്രവാഹം. അന്ന് ഉറുമ്പുകൾ ഒഴുകിപ്പോയെന്ന് പറഞ്ഞു. ഇന്ന് കാലാവസ്ഥാമാറ്റം, ഭൂമിയ്ക്ക് ചൂടുപിടിക്കുന്നു എന്നും സമുദ്രത്തിന്റെ തലം ഉയർന്നു എന്നും മഹാഹിമപാളികൾ ഉരുകി പിന്മാറിക്കൊണ്ടേയിരിക്കുകയാണെന്നും ഹിമാലയത്തിൽ പാറക്കെട്ടുകൾ തെളിയുന്നു എന്നും ഒക്കെ പറയുമ്പോൾ ഓരോ ദിവസവും ഒന്നോ രണ്ടോ ജീവിവർഗ്ഗങ്ങൾ ഈഭൂമിയിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുമ്പോൾ നമുക്കതിനെ തടയാനാവുമോ...? പറ്റുന്നില്ല. പിടിച്ചു നിർത്താൻ നമുക്ക് സാധിക്കുന്നില്ല. എങ്കിലും കൊച്ചുകൊച്ചു കാര്യങ്ങൾ നമുക്ക് ചെയ്യാൻപറ്റും. ഒരു സൈലൻറ് വാലി, ഒരു പൂയംകുട്ടി, ഒരു പത്ത് കാടുകളുടെ പേര് എനിക്കിങ്ങനെ പറയാം. പിടിച്ചു നിറുത്തിയത്. അത്രയൊക്കെയേ പറയാൻ പറ്റുന്നുള്ളൂ. സൈലന്റ്വാലി മുതൽ ആറുമുളവരെയുള്ള ഒരുപാട് സമരങ്ങൾ. കൊച്ചുകൊച്ചു യുദ്ധങ്ങൾ ജയിച്ചു. ഒരുപാട് വലിയ യുദ്ധങ്ങൾ തോറ്റുകൊണ്ടേയിരിക്കുന്നു. അത് ഒരു പ്രവചനത്തിന്റെ ശബ്ദത്തിൽ പറയാൻ സാധിച്ചു എന്ന് എനിക്കിപ്പോൾ അഭിമാനമുണ്ട്. കാരണം, ഏതാണ്ട് പത്ത് നാൽപതു വർഷം മുൻപ് സൈലന്റ്വാലി സമരം തുടങ്ങിയപ്പോൾ എഴുത്തുകാർക്ക് ഒരു സംഘടന വേണമെന്നും എഴുത്തുകാരെ ഇതിൽ ബന്ധപ്പെടുത്തണം എന്നും ഒക്കെ ആഗ്രഹിച്ച് ഞാൻ എൻ. വി. കൃഷ്ണവാര്യരുടെ, ഞങ്ങളുടെ ശക്തിയായ, വഴികാട്ടിയായ എൻ. വി. യുടെ മുന്നിൽ പോയി. അദ്ദേഹമാണ് എഴുത്തുകാരുടെ മുവ്മെന്റിനു, കൂട്ടായ്മയ്ക്ക് തുടക്കം കുറിക്കുന്നത്. കേരളത്തിലെ എന്നല്ല, ലോകത്തിലെ തന്നെ എഴുത്തുകാരുടെ പ്രസ്ഥാനം ആയിരുന്നു അത്. അതുപോലെ ഒരു കൂട്ടായ്മ പിന്നെ ഉണ്ടായിട്ടില്ല. അന്ന് എഴുത്തുകാരെ എല്ലാം വിളിച്ചുകൂട്ടി 'പ്രകൃതി സംരക്ഷണ സമിതി' ഉണ്ടാക്കി. അന്നു മുതൽ ഇന്നുവരെ ഞാനാണതിന്റെ സെക്രട്ടറി. അന്ന് കേരളത്തിലെ എല്ലാ എഴുത്തുകാർക്കും ഞാനെഴുതിയ ഒരു വാചകമുണ്ട്. 'തോൽക്കുന്ന യുദ്ധത്തിനും പടയാളികൾ വേണമല്ലോ.'

അന്ന് സൈലൻറ് വാലി ജയിച്ചപ്പോൾ തോൽക്കുന്ന യുദ്ധമെന്ന് പറയുന്നത് വെറുതെ ആയില്ലേ എന്ന് ചിലർ ചോദിച്ചു. ഞാൻ പറഞ്ഞു, സൈലൻറ് വാലി മാത്രമേ രക്ഷപെട്ടൊള്ളൂ. ബാക്കി കാടുകൾ നോക്കൂ, പശ്ചിമഘട്ടം നോക്കൂ. ഹിമാലയത്തിനു എന്തു സംഭവിക്കുന്നു. സൈലന്റ് വാലി ഒരു പ്രതീകം മാത്രമായിരുന്നു. നശിക്കുന്ന പ്രകൃതിയുടെ പ്രതീകം. ആ ജല സമൃദ്ധി, ആ കുന്തിപ്പഴ, ആ അനന്തമായ ജൈവവൈവിധ്യം അതൊന്ന് പിടിച്ചു നിർത്തുക ഞങ്ങളുടെ ഒരു സ്വപ്നമായിരുന്നു. പക്ഷേ അതു മാത്രം പോരല്ലോ. വികസനത്തിന്റെ പേരിൽ പ്രപഞ്ചം മുഴുവൻ വിനാശം വിതച്ചുക്കൊണ്ടിരിക്കുകയല്ലേ. മേധപട്കർ 'വികാസ് നഹീ ഹേ, വിനാശ് ഹേ' എന്ന് വിളിച്ചു പറയും. നാലുപാടും നോക്കുമ്പോൾ ഇതാണോ വികസനം.? എന്തുനേടി...? ഒരുപാട് കോർപ്പറേറ്റുകൾ വളർന്നു വളർന്നു വരുന്നു. അവർ നമ്മെ വിഴുങ്ങിക്കൊണ്ടേയിരിക്കുന്നു. ഭൂമിയെ കടിച്ച് ചവച്ച് തിന്നുകൊണ്ടേയിരിക്കുന്നു. മാർപാപ്പയുടെ ഒരു ചാക്രിക ലേഖനം അടുത്തിടെ വന്നു. 'ഭൂമിയുടെ നിലവിളി കേൾക്കൂ, ദാരിദ്രത്തിന്റെ നിലവിളി കേൾക്കൂ. നമ്മൾ ഭൂമിയെ ഒരു മാലിന്യ കൂമ്പാരമായി മാറ്റിക്കഴിഞ്ഞു. നിലവിളിച്ചുകൊണ്ട് ഭൂമി സർവ്വനാശത്തിലേക്ക് ഉരുളുകയാണ്.' പക്ഷേ ആ വാചകം ആരു കേട്ടു...? ആര് ശ്രദ്ധിച്ചു...? മാർപാപ്പ ഇപ്പോഴാണിത് പറഞ്ഞത്. ഞങ്ങളിതുകഴിഞ്ഞ് പത്തു നാൽപത് വർഷങ്ങളായി പറഞ്ഞു നടക്കുന്നു. ആരും കേൾക്കുന്നില്ല. ഇപ്പോഴും പരിഹാസമാണ്. പുച്ഛത്തിന്റെ ഒരു ചിരിയാണ്. എങ്കിലും ഒരു നിയോഗം പോലെ എല്ലാംകൊണ്ടു നടക്കുന്നു.

സാക്ഷ്യപ്പെടുത്തൽ

—അനിത തമ്പി

കുഞ്ഞുങ്ങൾ അമ്മമാർക്കരികിലേക്ക്
ചെമ്മരിയാടുകൾ ഇടയനോട്
പറവകൾ അന്തിവെട്ടത്തിലൂടെ
സ്വർണ്ണവിരലുകളാൽ പ്രഭാതം
നിരത്തിയതൊക്കെയും സായാഹ്നമേ
നീ വിളിക്കുന്നു
തിരികെ വയ്ക്കാൻ

നീ വിളിക്കുന്നു
തിരികെ വയ്ക്കാൻ
വിടുതലില്ലാത്ത തുടരൊഴുക്കിൽ
വാക്കുകൾ ആദിശബ്ദത്തിലേക്ക്
ആയുധങ്ങൾ അയിർമണ്ണിനോട്
ചോര, നിരന്തര സന്ധ്യയുടെ

ശോശ ജോസഫ്



ഡ്രോയിംഗ്,

പെൻ, പേപ്പർ, 2018

സ്റ്റാലിനെതിരെ

—ഓസിപ് മന്ദേൽസ്റ്റാം

ജീവി കാൽച്ചോട്ടിലെ
രാഷ്ട്രത്തെയറിയാതെ;
ആവില്ല കേൾക്കാനൊന്നും
പത്തടിയകലത്തും.
എങ്കിലും, അറിയാതെ-
യോതിടുമോരോ വാക്കും
ചെന്നു മുട്ടുന്നു ക്രെംലിൻ-
കുന്നു വാണിടുന്നോനിൽ.
അവന്റെ വിരലുകൾ
പഴുതാരകൾ പോലെ,
അവന്റെ വാക്കോരോന്നും
തുക്കക്കെട്ടികൾ പോലെ.
അവന്റെ പെരുംപാറ്റ-
ച്ചിരിമീശമേൽ പുച്ഛം;
അവന്റെ പെരുംബൂട്ടി-
ന്നറ്റത്തു പൊന്നോലക്കം

അവന്നു ചുറ്റും പേടി-
ത്തുറികൾ, അല്പൻമാരും
കരഞ്ഞു ചിണുങ്ങുന്നു,
മുരണ്ടു വാലാട്ടുന്നു.
അവനാപ്പരിഷയെ-
ച്ചാട്ടുന്നു, രസിയ്ക്കുന്നു,
അപമാനിച്ചും കുത്തി-
നോവിച്ചും വെന്നീടുന്നു.
അവൻ തറയ്പ്പു തന്റെ
തീർപ്പുകൾ ലാടം പോലെ
അവർ തൻ അരക്കെട്ടിൽ,
നെറ്റി, കൺ, പുരികത്തിൽ.
അവന്നീയരുംകൊല-
യോരോന്നും പാനോത്സവം
അവന്റെ താന്നാടിന്റെ
വിരിപൗരുഷാനന്ദം

ഓസിപ്പ് മന്ദേൽസ്റ്റാം: 1891–1938 സ്റ്റാലിന്റെ കിരാതഭരണത്തിന്ന് വെട്ടാവെളിയായി സ്തുതിപാടുന്നവരുടെ കവിതകൾ മാത്രം പ്രസിദ്ധീകരിച്ചിരുന്ന കാലത്ത് അമർഷത്തിന്റേയും ആത്മനിന്ദയുടെയും പരകോടിയിൽ രചിക്കപ്പെട്ടതാണ് ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയകവിതകളിലൊന്നായി വാഴ്ത്തപ്പെടുന്ന 'എപ്പിഗ്രാമാ കോൺട്റാ സ്റ്റാലിൻ' എന്ന ഈ കവിത. മന്ദേൽസ്റ്റാം പതിനാറുവരിയിൽ എഴുതി ഒപ്പിട്ടു നൽകിയ സ്വന്തം മരണവാറണ്ട്. ഒന്നോ രണ്ടോ സുഹൃത്ത് സദസ്സുകളിൽ ചൊല്ലിയതേയുള്ളൂ. ഒറ്റുകൊടുക്കപ്പെടുമെന്ന അറിവോടെയാണ് ചൊല്ലിയതും. തുടർന്നുണ്ടായ ചോദ്യം ചെയ്യലും ജയിൽവാസവും നാടുകടത്തലും ഹൃദയാഘാതവും ആത്മഹത്യാശ്രമവും കിഴക്കൻ സൈബീരിയയിലെ ക്യാമ്പിലെ മരണവും ലോകസാഹിത്യചരിത്രത്തിലെ ഏറ്റവും ദാരുണമായ ഒരു ജീവിതനാടകത്തിലെ അന്ത്യരംഗങ്ങളാണ്.

പരമ്പരാഗതശൈലിയിൽ വൃത്തവും പ്രാസവും ദീക്ഷിച്ച് എട്ടുവരി വീതമുള്ള രണ്ടു ഖണ്ഡങ്ങളായി രചിയ്ക്കപ്പെട്ട ഈ കവിതയ്ക്ക് ഇംഗ്ലീഷിൽ എത്ര പരിഭാഷകളുണ്ടെന്ന് എണ്ണിത്തിട്ടപ്പെടുത്തുക വിഷമം. സംഘനനമാണ് മന്ദേൽസ്റ്റാമിന്റെ കവിതകളുടെ മുഖമുദ്ര. വാക്കുകളുടെ നിരുക്തത്തിലെ നിരന്തരമായ ശ്രദ്ധയും സാഹിത്യസൂചനാ സമൃദ്ധിയും മന്ദേൽസ്റ്റാമിന്റെ കവിതകളെ അതിസങ്കീർണ്ണവും ദുരഭിഗമ്യവുമാക്കുന്നു. എങ്കിലുമൊന്നുണ്ട്–അവയുടെ അവിസ്മരണീയത. ഒരുതവണ മാത്രം കേട്ട ഒറ്റുകാർക്കുപോലും കവിതചൊല്ലിക്കൊടുക്കാൻ വിഷമമുണ്ടായില്ലത്രേ. മന്ദേൽസ്റ്റാമാട്ടേ, ജഡ്ജിയുടെ പേന മേടിച്ച് കോടതിമുറിയിൽ വച്ച് തന്നെ കവിത ഓർമ്മയിൽനിന്ന് പകർത്തിക്കൊടുത്തു.

പരിഭാഷ: ആത്മാരാമൻ

മനസ്സ് എന്ന ഭാരം

—ആർ. നന്ദകുമാർ

ഇവിടത്തെ വിഷയം അത്ര കാലികമല്ല. കാലാതീതവും അല്ല. മനുഷ്യപ്രകൃതത്തിന്റെ ആധാരശിലയായ ഞാൻ എന്ന ബോധത്തെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങൾ മാത്രം. പലപ്പോഴും ഈ വിഷയങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്ന ചിന്തകളിലൊക്കെ ചില പൊരുത്തങ്ങളും സമാനതകളും ഒരു നിഴലാട്ടം പോലെ മനസ്സിലൂടെ കടന്നു പോയിട്ടുണ്ട്. അവയൊക്കെ കൂട്ടിച്ചേർത്ത് വായിച്ചപ്പോൾ ഒരു സത്യബോധനത്തിന്റെ യോജിപ്പിന്റെ ദിശയിലേക്കാണ് ചൂണ്ടുന്നതെന്ന് മനസ്സിലായി. ആ കൂട്ടിച്ചേർത്തു വായനയുടെ അനുഭവം പുന:സൃഷ്ടിക്കാനായി താഴെക്കൊടുക്കുന്ന അഞ്ച് ഉദ്ധരണങ്ങളിലൂടെ എനിക്ക് പറയാനുള്ളത് സംക്ഷേപിക്കുന്നു.
ഈ ഉദ്ധരണങ്ങൾ ഓരോന്നും ചിന്തയുടെ ഒരേ ദിശയിലേക്ക് നയിക്കുന്ന ചുണ്ടുപലകകളായിരുന്നു എനിക്ക്. (ഭാഷയിലെ ലിംഗഭേദങ്ങൾ ന്യായീകരിക്കുന്നില്ലെങ്കിലും നിലനിറുത്തിയിരിക്കുന്നു. അവൻ, അവളും കൂടിയാണ്, മറിച്ചും.)

1. മനുഷ്യൻ അവനവനായിട്ട് സംസാരിക്കുമ്പോൾ ഒട്ടും തന്നെ അവൻ അല്ലാതാവുന്നു. അവന് ഒരു മുഖംമൂടി കൊടുക്കുക, അവൻ നിങ്ങളോട് സത്യം പറയും.

   ഓസ്കാർ വൈൽഡ്

2. എന്ത്? മഹാന്മാരെന്നോ? അവരവരുടെ ബോധ്യങ്ങൾക്കൊത്ത നടന്മാരെ മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ.

   ഫ്രീഡ്റീഹ് നീത്ഷേ

3. അവനവൻ എന്താണോ എന്നതിനെ അവൻ എന്തല്ലയോ (അഥവാ, എന്താണോ എന്നതിന്റെ നിഷേധം) അതിൻവിധം അവതരിപ്പിക്കുന്ന രീതിയാണ് നിഷേധം.

   ഴാക് ലകാൻ

4. ബോധമനസ്സിൽ നിന്ന് പിൻവലിഞ്ഞ ഒരു ആശയത്തിന്റെയോ ബിംബത്തിന്റെയോ ഉള്ളടക്കം ബോധമനസ്സിലേക്ക് തിരിച്ചു വന്നേക്കാം, അത് നിരാകരിക്കപ്പെട്ടുമെന്ന വ്യവസ്ഥയിൽ.

   അനിക ലമേയ്ർ

   (നിഷേധം എന്ന ഫ്രൊയിഡിയൻ പരികല്പനയെ വിശദീകരിച്ചുകൊണ്ട്)

5. ഈഗോ ഒരു ചോദന അല്ല തന്നെ. ഒരു കെട്ടുകഥ അതിന്റെ തന്നെ കാപട്യങ്ങളുമായി ഒത്തുകളിക്കുന്നതാണ് അത്. ഈ അർത്ഥത്തിൽ ഈഗോ പ്രത്യയശാസ്ത്രത്തിന്റെ സ്വസ്ഥാനമാണെന്ന് പറയാം. അതായത്, പ്രത്യയശാസ്ത്രം ആത്മരതി ആയതുകൊണ്ട്, "ഞാൻ ആയിരിക്കുക" എന്ന കെട്ടിയടച്ച തീർപ്പ് ലക്ഷ്യമാക്കിയുള്ള ഒരു പ്രബല വ്യവഹാരം ആയതുകൊണ്ട്.

   എല്ലി റാഗ്ലാൻഡ് – സള്ളിവൻ

   (ലകാനിയൻ ആശയങ്ങളെ വിശദീകരിച്ചുകൊണ്ട്)

ഒരു ശിശു തന്റെ ശരീരത്തിന്റെ പ്രതിച്ഛായയിൽ സ്വയം തിരിച്ചറിയുന്ന ദർപ്പണ ദശയെപ്പറ്റിയുള്ള പഠനത്തിൽ ഫ്രോയ്ഡ് പറയുന്ന പ്രവചന സ്വഭാവമുള്ള ഒരു നിരീക്ഷണമുണ്ട്. അവനവനെ തിരിച്ചറിയുന്നതിലൂടെ ഞാൻ എന്ന ഭാവവും എന്റെ സ്വത്വബോധവും ആർജ്ജിക്കുമ്പോൾ തന്നെ അവൻ സ്വയം അന്യവത്കൃതനാവുകയും ചെയ്യുന്നു എന്ന്. സംസ്കാരവും ന്യൂറോസിസും തമ്മിലുള്ള ബന്ധം ഇവിടെ തുടങ്ങുന്നു.

ജൈവപരിണാമ പ്രക്രിയയിൽ മനുഷ്യൻ എന്ന ജീവിക്ക് പ്രകൃത്യാ കൈവന്ന ജൈവഘടനാപരമായ സിദ്ധിയാണ് മസ്തിഷ്കം. മനുഷ്യപ്രകൃതിയിൽ ഉൾച്ചേർന്ന സഹജവാസനകളുടെയും ജൈവചോദനകളുടെയും മൂലസ്ഥാനവും നിയന്ത്രണകേന്ദ്രവുമായ മസ്തിഷ്കം, കൂട്ടായ ജീവിതമേല്പിച്ച ആവശ്യങ്ങളുമായും വ്യഗ്രതകളുമായും നിരന്തരമായി പ്രതിപ്രവർത്തിച്ചതിലൂടെ രൂപപ്പെട്ട് വന്നതാണ് മനസ് എന്ന സാംസ്കാരിക ലബ്ധി. സ്വത്വബോധത്തിന്റെയും ഞാൻ എന്ന തിരിച്ചറിവിന്റെയും പ്രഭവസ്ഥാനമായ മനസ്സ്, ജൈവ പരിണാമത്തിൽനിന്ന്, സംസ്കാരിക പരിവർത്തനത്തിലേക്ക്, ചരിത്രപൂർവ്വ കാലത്ത് നിന്ന് ചരിത്രകാലത്തിലേക്ക് ഉള്ള മനുഷ്യ മസ്തിഷ്കത്തിന്റെ വളർച്ചയും തുടർച്ചയുമാണ്. ഈ മനസ്സ് ഇന്ന് അതിന് തന്നെ ഭാരമായി മാറിക്കഴിഞ്ഞു. മനുഷ്യൻ നേടിയ സംസ്കാരത്തിന് ബാധ്യതപ്പെട്ട വിലയാവാം അത്.

ഇവൻ എന്റെ പ്രിയ സിജെ വിവർത്തനം ചെയ്യുമ്പോൾ

—ജി. അരുണിമ



റോസി തോമസ് 'ഇവൻ എന്റെ പ്രിയ സിജെ' എഴുതുമ്പോൾ ഭർത്താവ് സി. ജെ. തോമസ് മരിച്ചിട്ട് ഏകദേശം ഒരു പതിറ്റാണ്ട് കഴിഞ്ഞിരുന്നു. ഈ ജീവചരിത്രം എന്തുകൊണ്ട് എഴുതുന്നു എന്നതിനെക്കുറിച്ച് ഫ്രസ്വമായ മുന്നുരയിൽ ചെറിയൊരു പരാമർശമുണ്ടെങ്കിലും (സിജെയെക്കുറിച്ച് പച്ചയായി എഴുതാൻ) ഈ പുസ്തകം തന്നെ ഒരു ഇടപെടലാണെന്നതു വ്യക്തമാണ്. പതിറ്റാണ്ടുകൾക്കുമുൻപു നടന്ന സമാനമായൊരു ശ്രമത്തിൽനിന്നു (ബി. കല്യാണി അമ്മ എഴുതിയ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജീവചരിത്രപരമായ വ്യാഴവട്ട സ്മരണകൾ) വ്യത്യസ്തമാണ് റോസിയുടെ പുസ്തകം.

ഭർത്താവിന്റെ ജീവിതത്തെക്കുറിച്ച് അതിനകത്തു നിന്നൊരാളുടെ ആവിഷ്കാരമായി ഉദ്ദേശിച്ച പുസ്തകം വലിയ രീതിയിൽ ആ സംക്ഷേപത്തെ മറികടക്കുന്നുണ്ട്. ഇത് ഒരേസമയം, ഒരാണിന്റെയും വിവാഹത്തിന്റെയും ജീവചരിത്രവും സഖാക്കളുടെയും സമകാലീനരുടെയും ജീവിതങ്ങളിലൂടെയുള്ള ഒരു കാലത്തിന്റെ ക്വിക്സോട്ടിക് ആയ പുനരാവിഷ്കരണവും എളുപ്പത്തിലുള്ള നിർവ്വചനങ്ങൾക്ക് അതീതമായ ഒരു പ്രണയകഥയുമാണ്. ആത്മവീര്യം കൊണ്ടും കൂസലില്ലായ്മ കൊണ്ടും എഴുതിയിരിക്കുന്ന ഈ പുസ്തകം ആർദ്രതയെയും നർമത്തെയും ചേർത്തു വയ്ക്കുന്നു. തങ്ങളുടെ സഹനങ്ങളെക്കുറിച്ച് വലിയ ആർജവത്തോടെ സംസാരിക്കുകയും ചെയ്യുന്നു.

സി. ജെ. തോമസിനെ ഈ തരത്തിൽ അവതരിപ്പിക്കുന്നതിലൂടെ റോസി തോമസ്, ഭാര്യമാരെക്കുറിച്ചു മാത്രമല്ല എഴുത്തുകാരികളെക്കുറിച്ചു കൂടിയുള്ള ആളുകളുടെ പ്രതീക്ഷകളെ പൊളിക്കുന്നു. ഈ ജീവചരിത്രം എത്രത്തോളം സിജെയെക്കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും ഉള്ളതാണോ അത്രതന്നെ എഴുത്തുകാരിയെന്ന നിലയിലുള്ള റോസിയുടെ ആത്മനിഷ്ഠതയെക്കുറിച്ചുകൂടിയുള്ളതാണ്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'ഇവൻ എന്റെ പ്രിയ സിജെ' പരമ്പരയായി വരുന്നതിന് ഒരു പതിറ്റാണ്ടു മാത്രം മുൻപ് കെ. സരസ്വതി അമ്മ 'പുരുഷന്മാരില്ലാത്ത ലോകം' എന്ന പേരിൽ വിവാദങ്ങളുയർത്തിയ ഒരു പ്രബന്ധസമാഹാരം ഇറക്കിയിരുന്നു. ഭാഷയും സാഹിത്യവും മുതൽ വിവാഹവും ലൈംഗികതയും ശരീരവും ജോലിയും വരെ ഒന്നുകിൽ സ്ത്രീൾക്കു പ്രവേശനമില്ലാത്ത ഇടങ്ങളായി നിർവ്വചിച്ചിക്കപ്പെടുകയോ അല്ലെങ്കിൽ അവർക്ക് ആത്മാവിഷ്കാരത്തിനോ കർതൃത്വബോധത്തിനോ സ്വത്വപൂർത്തിക്കോ ഇടം അനുവദിക്കാതിരിക്കുകയോ ചെയ്യുന്നതുമൂലം സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സരസ്വതിഅമ്മ അതിൽ ശക്തമായി എഴുതിയിരുന്നു.

റോസി തോമസ് എം. പി. പോളിന്റെ മകളും സി. ജെ. തോമസിന്റെ ഭാര്യയുമായിരുന്നതുകൊണ്ട് സാഹിത്യ, സാംസ്കാരിക ചുറ്റുപാടിനകത്ത് സ്വസ്ഥയായിരുന്നിരിക്കാമെങ്കിലും അവരുടെ മരണത്തിനു ശേഷമാണ് റോസി എഴുത്തുജീവിതം തുടങ്ങിയത് എന്നതു പ്രധാനമാണ്. ആണത്ത ഉത്കണ്ഠകളുടെ പല വശങ്ങളെയും 'ഇവൻ എന്റെ പ്രിയ സിജെ' അഭിസംബോധന ചെയ്യുന്നുണ്ട്, പ്രത്യേകിച്ചും സ്ത്രീകളെയും ഭാര്യമാരെയും കുറിച്ചുള്ള സിജെയുടെ പ്രതീക്ഷകളെ സംബന്ധിച്ച്. അദ്ദേഹത്തിന്റെ ജീവിതമെഴുതുമ്പോൾ ഇങ്ങനെ ചെയ്യുന്നതിലൂടെ റോസി തോമസ് തന്റെ പ്രതിരോധ പ്രവർത്തനത്തെ എഴുതുന്നതിൽക്കൂടിയാണ് ഭാഗഭാക്കാകുന്നത്.

റോസി തോമസിന്റെ 'ഇവൻ എന്റെ പ്രിയ സിജെ' പോലുള്ള ഒരു പുസ്തകത്തിന്റെ ഇംഗ്ലീഷ് വിവർത്തനം അധിനിവേശാനന്തര ഇന്ത്യയിൽ അപ്പോൾ എന്താണ് അർത്ഥമാക്കുന്നത്? വിവർത്തന പഠനങ്ങളുടെ മേഖലയിലെ ക്രിയാത്മകവും സമൃദ്ധവുമായ ഇടപെടലുകൾ തെളിയിക്കുന്നതുപോലെ, ഈ ചോദ്യത്തെ പലവഴികളിൽ അഭിസംബോധന ചെയ്യാം. സാഹിത്യചരിത്രങ്ങളുടെ സൌന്ദര്യശാസ്ത്രപരവും പ്രത്യയശാസ്ത്രപരവുമായ പ്രകരണത്തിന് അകത്തുവച്ച്, യഥാർത്ഥകൃതിയും വിവർത്തനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ജി. എൻ. ദേവി സംസാരിക്കുന്നുണ്ട്. യഥാർത്ഥകൃതിക്ക് മറ്റൊരു താൽക്കാലികമായ, പ്രത്യയശാസ്ത്രപരമായ ഇടത്തിൽവച്ചു പുതുജീവൻ പകരുന്നതിനുള്ള ശ്രമമായി അദ്ദേഹം വിവർത്തനത്തെക്കുറിച്ചു പറയുന്നു

മറ്റൊരു തരത്തിൽ പറഞ്ഞാൽ വിവർത്തനമെന്നതു കേവലം പുനരുല്പാദനമോ അല്ലെങ്കിൽ യഥാർഥകൃതിയെ മറിച്ചിടാനുള്ള ശ്രമമോ അല്ല. ഒരുപക്ഷേ യഥാർത്ഥകൃതിയുടെ സത്തയ്ക്ക് ഈ പുതിയ രൂപത്തിൽ അതു ജീവൻ കൊടുക്കുന്നു. മാർക്കേസ് തൊട്ട് മഹാശ്വേതാദേവി വരെയുള്ള ലോകത്തിലെ ഏറ്റവും അസാധാരണരായ എഴുത്തുകാരെ വിവർത്തനത്തിലൂടെ വായിച്ചിട്ടുള്ള ആളെന്ന നിലയ്ക്ക് വിവർത്തനം ആവശ്യമല്ല, അത്യന്താപേക്ഷിതമാണ് എന്നാണ് എന്റെ വിശ്വാസം. ഇതുപോലൊരു പുസ്തകം ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള വിപുലമായ ഇംഗ്ലീഷ് വായനക്കാരുടെ ഇടയിൽ പ്രചരിച്ചാൽ ജീവചരിത്രത്തെക്കുറിച്ചുള്ള സജീവമായ ചർച്ചകളുണ്ടാവുമെന്ന സാധ്യത മാത്രമല്ല, മറിച്ച് 'ഇന്ത്യൻ' ജീവിതങ്ങളെ ഏകരൂപീയമായോ അധീശത്വപരമായോ വായിച്ചെടുക്കുന്നതിന് അതു തടയിടുകയും ചെയ്യും.

പെണ്ണെഴുത്ത്, വീട്ടകങ്ങളിലെ അടുപ്പം തുടങ്ങിയ ആശയങ്ങളെ സങ്കീർണമാക്കുന്ന തരത്തിൽ എഴുത്തുകാരിയെയും ഭാര്യയെയും വായിച്ചെടുക്കാനുള്ള സാധ്യതകൂടി തുറക്കുന്നതാണ് കൂസലില്ലായ്മയും നർമ്മവും അടുപ്പവുമെല്ലാം ചേർത്തെഴുതുന്ന റോസി തോമസിന്റെ അനന്യമായ ശൈലി. ആത്യന്തികമായി ഇതു കൂടി, അസാധാരണനായ ഒരെഴുത്തുകാരനെ തന്റെ കാലത്തെ വിശാലമായ സാഹിത്യം, സാംസ്കാരിക, സാമൂഹിക ലോകത്തു സ്ഥാനപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ സാഹിത്യ, സാംസ്കാരിക ചരിത്രത്തിന്റെ പുനർവായനയും കാലത്തെയും രാഷ്ട്രീയത്തെയും സ്വാധീനങ്ങളെയും കുറിച്ചുള്ള പുനരാലോചനയും സാധ്യമാക്കുന്നുണ്ട് 'ഇവൻ എന്റെ പ്രിയ സി ജെ' അതിനുമപ്പുറമായി, ധൈഷണികവും രാഷ്ട്രീയവുമായ ഇടങ്ങൾ ഉപരോധത്തിലാഴ്ന്ന രാഷ്ട്രീയ കാലാവസ്ഥയിൽ, സൌന്ദര്യാത്മകവും സാംസ്കാരികവുമായ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സഹായിക്കുന്ന ഇതുപോലൊരു കൃതി ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്.

പരിഭാഷ: ബിജീഷ് ബാലകൃഷ്ണൻ

പരിഭാഷകരുടെ രണ്ടാം പൗരത്വം

—ഫാത്തിമ, ഇ. വി.

സ്വാതന്ത്ര്യം എന്നത് വിവർത്തകർക്ക് എത്ര വലിയ കിട്ടാക്കനിയാണെന്ന് വിവർത്തനത്തിന്റെ ആദ്യനാളുകളിൽ തിരിച്ചറിഞ്ഞതേയില്ല; പ്രത്യേകിച്ച് ഭാഷാ–സംസ്കാരങ്ങളുടെ നിരന്തരമായ ആദാനപ്രദാനങ്ങളിലും അർത്ഥങ്ങളുടെ സ്വൈര്യമില്ലായ്മകളിലും അതിർത്തിലംഘനങ്ങളിലും (അതിവർത്തനങ്ങളിലും) അവയുടെ വ്യാപനങ്ങളിലും അഭിരമിച്ച് വിവർത്തനവഴി തിരഞ്ഞെടുത്ത ആദ്യകാലങ്ങളിൽ. ഏറെ താമസിയാതെ തന്നെ മൊഴിമാറ്റ പ്രക്രിയയിൽ അന്തർലീനമായി കിടക്കുന്ന സ്വാതന്ത്ര്യരാഹിത്യം, അതിലുപരിയായി, മലയാളിക്ക് വിവർത്തനത്തിനോടുള്ള കാഴ്ചപ്പാടിന്റെ ഹിപ്പോക്രസിയോടടുത്തു നിൽക്കുന്ന സന്ധിശത അസ്വസ്ഥതയോടെയാണെങ്കിലും തിരിച്ചറിയാനായി. മലയാളിയുടെ വിവർത്തന ബോധ്യങ്ങളുടെ അതിർത്തികൾ എത്രമാത്രം പരിമിതമാണെന്ന് ചിന്തിച്ച് തുടങ്ങിയത് വിവർത്തനത്തിന്റെ എന്നുമാത്രമല്ല വിവർത്തനം എന്ന പ്രക്രിയയുടെ തന്നെ രാഷ്ട്രീയം എന്നു സ്വയം ചോദിക്കാൻ പ്രേരിപ്പിച്ചതും അതുതന്നെ.

പരിഭാഷാ ആഘോഷങ്ങൾ തന്ന ഊർജ്ജത്തിലൂടെയും മൊഴിമാറ്റ പ്രക്രിയയിലൂടെയും സ്വയം നിർണ്ണയിക്കപ്പെട്ടതെന്ന് പറയാവുന്ന തരത്തിൽ വിവർത്തനവുമായി അത്ര ഗാഢമായി ബന്ധപ്പെട്ടു കിടക്കുന്നതാണ് മലയാള സാഹിത്യചരിത്രം തന്നെ. മലയാളത്തിന്റെ 'ഭാഷാ പിതൃത്വം' സ്ഥാനപ്പെട്ടത് പോലും വിവർത്തനത്തിലൂടെയാണെന്നത് ശ്രദ്ധയമാണ്. തമിഴിന്റെ ദേശ്യഭേദങ്ങൾ സംസ്കൃതവത്ക്കരണത്തിന്റെ കുത്തൊഴുക്കിൽ കടപുഴക്കപ്പെടുന്ന അവസ്ഥയിലെത്തിയപ്പോൾ തമിഴ് – സംസ്കൃതങ്ങളുടെ കലർപ്പുകളിൽ നിന്ന് വീണ്ടെടുത്ത/ മുക്തമാക്കിയെടുത്ത ഒരു സ്വതന്ത്രാസ്തിത്വത്തിലേക്ക് മലയാളഭാഷയെ പരിവർത്തിപ്പിച്ചത് അതിലെ വിവർത്തന പ്രക്രിയകളുടെ നൈരന്തര്യമായിരുന്നു.

പിന്നീട് മലയാളത്തിന്റെ സാംസ്ക്കാരിക രാഷ്ട്രീയ പരിസരങ്ങളെ നിർണ്ണയിക്കുന്നതിലും വിവർത്തന പ്രക്രിയയും വിവർത്തിതപാഠങ്ങളും വലിയ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വിവർത്തനത്തിന്റെ നൂറ്റാണ്ട് എന്നു പോലും വിശേഷിപ്പിക്കപ്പെട്ട 20-ാം നൂറ്റാണ്ടിന്റെ അവസാനഭാഗങ്ങളിൽ ഉണ്ടായ 'ട്രാൻസ്‌ലേറ്ററി ടേൺ' ഒട്ടൊന്നുമല്ല ലോകത്തേയും മലയാളത്തേയും സ്വാധീനിച്ചിട്ടുള്ളത്. പ്രാദേശിക ഭാഷകളിലേക്കും വിദേശഭാഷകളിലേക്കും ഉയർന്നതോതിൽ വിവർത്തനങ്ങൾ പ്രസിദ്ധീകരിക്കപ്പെടുകയും, വിവർത്തിതകൃതികളുടെ പ്രസാധനത്തിന് മാത്രമായി വേറിട്ട ഇംപ്രിന്റ്സ് നിലവിൽ വരികയും ചെയ്ത ഈ ഘട്ടത്തിൽ പോലും മലയാളിക്ക് തന്റെ നിവർത്തന തുടങ്ങളോടും പാരമ്പര്യത്തോടും, വിവർത്തകരോടും ഉള്ള കാഴ്ചപ്പാടിന്റെ സ്വഭാവമെന്ത് എന്ന് പുനരാലോചിക്കേണ്ടതുണ്ട് എന്ന് തോന്നുന്നു.

അവസാനത്തെ ചന്ദ്രോച്ചാരം

—നിക്കനോർ പാർറ

ഇഷ്ടമാണെങ്കിലും അല്ലെങ്കിലും
നമുക്ക് മൂന്നു വഴികളാണുള്ളത്.
ഭൂതം വർത്തമാനം ഭാവി.

മൂന്നെണ്ണം പോലുമില്ല
തത്വജ്ഞാനികൾ പറഞ്ഞതുപോലെ
കഴിഞ്ഞകാലം പോയിമറഞ്ഞു
സ്വാതന്ത്ര്യത്തിന്റെ മാനിഫെസ്റ്റോ
അത് നമ്മുടെ ഓർമകളിൽ മാത്രമാണുള്ളത്.
ഇതളുകൾ കൊഴിഞ്ഞ പനിനീർപൂവിൽനിന്ന്
ഒരിതൾകൂടി പറിക്കാനാവില്ലല്ലോ.

അപ്പോൾ രണ്ട് ചീട്ടുകളാണ്
കളിക്കാനുള്ളത്;
വർത്തമാനവും ഭാവിയും.

എന്നാൽ രണ്ടെണ്ണം പോലുമില്ല
കാരണം എല്ലാർക്കുമറിയാം
വർത്തമാനം എന്നൊന്ന് ഇല്ലെന്ന്
പക്ഷെ അത് പോയിമറയുന്നു
യൌവനം പോലെ.

പറഞ്ഞുവന്നത്
നമുക്ക് ഭാവി മാത്രമേയുള്ളൂ
ഒരിക്കലും വരാത്ത ആ ഭാവിക്കായി
ഞാനെന്റെ ഗ്ലാസ് ഉയർത്തുന്നു
അത് മാത്രമാണ്
നമുക്കായുള്ളത്.

പരിഭാഷ: റാഫേൽ ജോസഫ്

ഫോട്ടോ

—രാമു അരവിന്ദൻ

കുറച്ച് നാളുകൾക്ക് മുമ്പ് കേരളത്തിലെ കുറേ സ്ഥലങ്ങൾ ഡോക്യുമെന്റ് ചെയ്യാനായി പിന്നെ ആളുകളും, കെട്ടിടങ്ങളും മരങ്ങളും, പരസ്യങ്ങളും മറ്റും ചേർന്നുണ്ടാക്കുന്ന അവയുടെ സ്വഭാവം പകത്താനും വേണ്ടി ഞാൻ ഫോട്ടോസ് എടുത്തിരുന്നു.

അത് എഡിറ്റ് ചെയ്തു കൊണ്ടിരിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടു. സ്ത്രീകളുടെ സാന്നിദ്ധ്യം പടങ്ങളിൽ പൊതുസ്ഥലങ്ങളെപ്പോലെ കുറവാണ്. അതല്ലെങ്കിൽ സ്ത്രീകൾ മിക്കപ്പോഴും ഗ്രൂപ്പുകളായി വേർതിരിഞ്ഞാണ് നിൽക്കുന്നത്. എന്താണിങ്ങനെ? സമയം പോകുംതോറും ഇതിന്റെ വൈചിത്ര്യം കൂടി വരുന്നു.

വള്ളത്തോൾ, മോഹിനിയാട്ടം, മലയാളി സ്ത്രീ സ്വത്വനിർമ്മിതി: ചില വായനകൾ

—കാവ്യകൃഷ്ണ, കെ. ആർ.

തിരഞ്ഞെടുത്ത അവതരണ കലകളെ ഇന്ത്യയുടെ പാരമ്പര്യ/ ശാസ്ത്രീയ കലാരൂപങ്ങളായി പുനരുജ്ജീവിപ്പിക്കുക എന്നത് ഇന്ത്യൻ ദേശീയതയുടെ പ്രധാന അജണ്ടകളിൽ ഒന്നായിരുന്നു. തെന്നിന്ത്യയിൽ കലകളുടെ നവോത്ഥാനത്തിന്റെയും നവീകരണത്തിന്റെയും കേന്ദ്രം മദ്രാസ് ആയിരുന്നു. സദിർ എന്ന ദേവദാസി നൃത്തരൂപം ഭരതനാട്യം ആയി രൂപാന്തരം പ്രാപിച്ചതിന്റെ ചരിത്രത്തെയും രാഷ്ട്രീയത്തെയും കുറിച്ച് ഇന്ന് ധാരാളം അക്കാദമിക പഠനങ്ങൾ ലഭ്യമാണ്. കേരളത്തിൽ നിന്ന് രണ്ടു കലാരൂപങ്ങളാണ് കേന്ദ്ര സംഗീത നാടക അക്കാദമിയുടെ 'ശാസ്ത്രീയ' ഇന്ത്യൻകലകളുടെ പട്ടികയിൽ ഇടം നേടിയത്; കഥകളിയും മോഹിനിയാട്ടവും. എന്നാൽ കഥകളിയുടെയോ മോഹിനിയാട്ടത്തിന്റെയോ സാമൂഹിക ചരിത്രത്തെ സൈദ്ധാന്തികമായി അവലോകനം ചെയ്യുന്ന പഠനങ്ങൾ നന്നേ കുറവാണെന്നു തന്നെ പറയാം.'മോഹിനിയാട്ടവും മലയാളി സ്ത്രൈണതയുടെ നിർമ്മിതിയും' എന്ന വിഷയത്തെകുറിച്ച് ഗവേഷണം നടത്തിയപ്പോൾ അറിയാനിടയായ ചില വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളീയ / ഇന്ത്യൻ ആധുനികതയെ കുറിച്ചുള്ള ചില ചിന്തകളാണ് ഇവിടെ കുറിക്കുന്നത്. കേരളീയ കലകളുടെ നവീകരണത്തിന് ചുക്കാൻ പിടിച്ച, കലാമണ്ഡലത്തിന്റെ സ്ഥാപകരിൽ ഒരാളും, അതിലുപരി മലയാളത്തിലെ ദേശീയതയുടെ കവി എന്ന് അറിയപ്പെടുകയും ചെയ്യുന്ന വള്ളത്തോൾ നാരായണ മേനോൻ, മോഹിനിയാട്ടത്തെ കണ്ടെത്താനും നവീകരിക്കാനും ചെയ്ത ശ്രമങ്ങളെയും, അതിനാൽ നേരിടേണ്ടി വന്ന പ്രതിസന്ധികളെയും വിവാദങ്ങളെയും കുറിച്ചുള്ള ആർക്കൈവൽ മെറ്റീരിയൽസ് പുനർവായിക്കുക വഴി, കലയും നവോത്ഥാനവും കൂടിച്ചേർന്ന ഇടങ്ങളിൽനിന്ന് ഉരുത്തിരിയുന്ന, ലിംഗം, ജാതി എന്നീ സ്വത്വങ്ങളുമായി ബന്ധപ്പെട്ട കേരളീയ ആധുനികതയിൽ ദൃശ്യമാകുന്ന ചില വിള്ളലുകളും വൈരുധ്യങ്ങളും വായിച്ചെടുക്കാനുള്ള ശ്രമമാണിവിടെ നടത്തുന്നത്.

'കേരളീയകല'കളുടെ പുനരുജ്ജീവനത്തിന്റെ കേന്ദ്രബിന്ദുക്കൾ വള്ളത്തോളും, കലാമണ്ഡലം എന്ന 'പൊതു' സ്ഥാപനത്തിന്റെ തുടക്കവും ആണെന്നതിൽ തർക്കം ഇല്ല. പാരമ്പര്യ കലകളെ നവീകരിക്കാനും നിലനിർത്താനും ശ്രമിച്ചില്ലെങ്കിൽ, ആധുനികതയുടെ കടന്നുകയറ്റത്തിൽ അവ എന്നെന്നേക്കുമായി ഇല്ലാതാകും എന്ന ആശങ്കയും; ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തകൻ എന്ന നിലയിൽ, ടാഗോറിന്റെ നേതൃത്വത്തിൽ കൊൽക്കത്തയിലും, കൂടാതെ മദ്രാസിലും, ദേശീയതയുടെ ഭാഗമായി നടക്കുന്ന കലകളുടെ നവീകരണത്തെക്കുറിച്ചുള്ള അറിവും, സ്വതവേ കഥകളിയിൽ തത്പരനായ വള്ളത്തോളിനെ 1930-ൽ ആൺകുട്ടികളെ കഥകളി പഠിപ്പിക്കാനായി കലാമണ്ഡലം എന്ന സ്ഥാപനം തുടങ്ങാൻ പ്രേരിപ്പിച്ചു എന്നു കരുതാം.

പെൺകുട്ടികളെ മോഹിനിയാട്ടം പഠിപ്പിക്കാൻ കൂടി കലാമണ്ഡലം ഉപയോഗിക്കാം എന്നും അതുവഴി മോഹിനിയാട്ടത്തെ കണ്ടെത്തുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യാം എന്നും ഉള്ള ആശയം വള്ളത്തോൾ നടപ്പിലാക്കുന്നത് 1932-ൽ ആണ്. അത് വരെ വള്ളത്തോളിന്റെ കലാപ്രവർത്തനങ്ങളെ പ്രശംസിച്ചിരുന്ന ഭരണകൂടവും, സാഹിത്യ സാംസ്കാരിക സുഹൃത്തുക്കളും, പെൺകുട്ടികളെ ദാസിയാട്ടം എന്ന് പേരുകെട്ട് പോയ മോഹിനിയാട്ടം പഠിപ്പിക്കാൻ ഒരു 'പൊതു' സ്ഥാപനത്തിൽ മഹാകവി ശ്രമിക്കുന്നതിനെതിരെ ശക്തമായി പ്രതിഷേധിക്കുക തന്നെ ചെയ്തു. 1932-നും 1950-നും ഇടയിൽ പലതവണ മുടങ്ങിപ്പോകുകയും വീണ്ടും തുടങ്ങുകയും ചെയ്തിട്ടുണ്ട് കലാമണ്ഡലത്തിലെ മോഹിനിയാട്ടം കളരി. 1938-ൽ കൊച്ചി രാജ്യം കലാമണ്ഡലത്തിൽ മോഹിനിയാട്ടം പഠിപ്പിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവിറക്കി. 1935-നും 1940-നും ഇടയിൽ ഇറങ്ങിയ വിശ്വരൂപം, സഞ്ജയൻ തുടങ്ങിയ രാഷ്ട്രീയ ആക്ഷേപഹാസ്യ മാസികകളിലൂടെ സഞ്ജയൻ എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന എം. ആർ. നായർ വള്ളത്തോളിനെ കണക്കിന് പരിഹസിക്കുന്ന കാർട്ടൂണുകളും കുറിപ്പുകളും എഴുതി. കൊച്ചി സഭയ്ക്ക് വിശദമായ മറുപടി നൽകി മോഹിനിയാട്ടം പഠിപ്പിക്കാനുള്ള അനുമതി വീണ്ടെടുത്ത വള്ളത്തോൾ നടത്തിയ പ്രസംഗവും അതിനോട് അനുബന്ധിച്ച സഞ്ജയൻ എഴുതിയ കുറിപ്പും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. കലയും സദാചാരവും മുൻപിൽവച്ച് ഇതിൽ ഏതു തിരഞ്ഞെടുക്കും എന്ന് ദൈവം ചോദിച്ചാൽ താൻ കല തിരഞ്ഞെടുക്കും എന്ന് വള്ളത്തോൾ തന്റെ പ്രസംഗത്തിൽ വിമർശകർക്കുള്ള മറുപടി ആയി പറയുകയുണ്ടായി. കലയുടെ പേരിൽ അശ്ലീലം വളർത്താൻ ശ്രമിച്ചാൽ അത് ഏതു മഹാകവിയുടെ കൈയാണെങ്കിലും വെട്ടുകതന്നെവേണം എന്ന് സഞ്ജയൻ എഴുതി. (കഥ)'കളി ഭ്രാന്ത് മൂത്ത വള്ളത്തോളിന് തനി ഭ്രാന്ത്' ആയി എന്ന തലക്കുറിയോടെ പ്രസിദ്ധീകരിച്ച കാർട്ടൂണിൽ, ഓരോ മോഹിനിയാട്ട നർത്തകിക്കും പിന്നിൽ തക്കം പാർത്തിരിക്കുന്ന കാമകിങ്കരന്മാരെ വള്ളത്തോൾ കാണുന്നില്ലെന്നു സഞ്ജയൻ ചൂണ്ടിക്കാട്ടി. സഞ്ജയന്റെ ആശങ്കകൾ ശ്ലീലം / അശ്ലീലം, നൃത്തം / കല, സദാചാരം, സ്ത്രീ, 'ശരീരം', 'പൊതു ഇടം', 'സ്വകാര്യ ഇടം' എന്നിവയും ആയി ബന്ധപ്പെട്ടതാണ് എന്ന് മനസ്സിലാക്കാം. സദാചാരത്തിന്റെയും നിലപാടുകളുടെയും പേരിൽ പുസ്തകങ്ങളും സിനിമകളും നിരോധിക്കപ്പെടുകയും, ആവിഷ്കാര സ്വാതന്ത്ര്യം ഹനിക്കപ്പെടുകയും എഴുത്തുകാർ കൊലപ്പെടുകയും ചെയ്യുന്ന കാലത്ത്, വള്ളത്തോൾ സ്വതന്ത്ര ഇന്ത്യ രൂപപ്പെടുന്നതിന് എകദശം ഒരു പതിറ്റാണ്ടു മുൻപ് കലകൾക്കു വേണ്ടി എടുത്ത ശക്തമായ നിലപാട് ശ്രദ്ധേയമാണ്.

എന്നാൽ വള്ളത്തോൾ കൊച്ചിസഭയ്ക്ക് കൊടുത്ത വിശദീകരണ മറുപടിയുടെ ഉള്ളടക്കത്തിലും, അദ്ദേഹം മോഹിനിയാട്ടത്തിന്റെ പരിഷ്കരണത്തിനായി നിർദ്ദേശിച്ച മാറ്റങ്ങളും സൂക്ഷ്മമായി പുനർവായിക്കേണ്ടതുണ്ട്. മോഹിനിയാട്ടത്തിലെ അശ്ലീലതകൾ എല്ലാം തുടച്ചുനീക്കി 'നല്ല വീട്ടിൽ' പിറന്ന പെൺകുട്ടികളെ പഠിപ്പിക്കാനും അവർക്കു അവതരിപ്പിക്കാനും ഉതകുന്ന രീതിയിൽ മാറ്റി തീർക്കുകയും അതുവഴി മോഹിനിയാട്ടത്തെ പുനരുജ്ജീവിപ്പിക്കുകയും നിലനിർത്തുകയും ആണ് തന്റെ ലക്ഷ്യം എന്നും ആയിരുന്നു കൊച്ചി സഭയ്ക്ക് വള്ളത്തോൾ നൽകിയ വിശദീകരണത്തിന്റെ ഉള്ളടക്കം. കലാമണ്ഡലത്തിൽ വെച്ച് മോഹിനിയാട്ടത്തെ 'അശ്ലീലങ്ങളിൽ' നിന്ന് മോചിപ്പിക്കാനും ശാസ്ത്രീയവത്ക്കരിക്കാനും വള്ളത്തോൾ നൽകിയ നിർദേശങ്ങളെക്കുറിച്ച കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ മോഹിനിയാട്ടം: ചരിത്രവും ആട്ടപ്രകാരവും' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. ശരീര അഭിനയത്തിലും സാഹിത്യത്തിലും നൃത്ത ഇനങ്ങളിലും രംഗക്രമീകരണത്തിലും 'സഭ്യ'മായതിനെ നിലനിർത്തുന്നതിലും 'അസഭ്യ'മായതിനെ ഒഴിവാക്കുന്നതിലും പ്രത്യേകം ശ്രദ്ധപതിപ്പിച്ചു എന്ന് അദ്ദേഹം നിർദ്ദേശിച്ച മാറ്റങ്ങളിൽ നിന്ന് മനസ്സിലാക്കാം.

ശൃംഗാര അഭിനയത്തിന്റെയും, ശൃംഗാര പദങ്ങളുടെയും അതിപ്രസരം ഒഴിവാക്കുക, നർത്തകിയും കാണികളും തമ്മിൽ ഇടപഴകാൻ സാധ്യത നൽകുന്ന നൃത്തഇനങ്ങൾ വേണ്ടെന്നുവയ്ക്കുക. പക്കമേളക്കാർ നിർത്തകിക്ക് പിന്നിൽ നിൽക്കുന്നതിനു പകരം രംഗവേദിയുടെ വശത്തു കച്ചേരിയുടെ മാതൃകയിൽ ഇരുത്തുക, ദ്രുതചലനങ്ങൾ ഒഴിവാക്കി ലാസ്യ പ്രധാനമായ കലയായി മോഹിനിയാട്ടത്തെ പരിപോഷിപ്പിക്കുക, ചമയങ്ങളിലും ആഹാര്യത്തിലും കേരളീയത കൊണ്ടുവരിക തുടങ്ങിയവ ആയിരുന്നു നിർദേശങ്ങളിൽ ചിലത്.

കൂടാതെ കലാമണ്ഡലത്തിൽ മോഹിനിയാട്ടത്തിനു ആദ്യ വിദ്യാർത്ഥിനി ആയി ഒരു'നല്ല കുടുംബത്തിൽ' പിറന്ന നായർ പെൺകുട്ടി തന്നെ വേണം എന്ന് വള്ളത്തോൾ നിർബന്ധം പിടിച്ചതിനെക്കുറിച്ചും, എങ്കിൽ മാത്രമേ പിന്നീടുള്ള ബാച്ചുകളിൽ പഠിക്കാൻ നല്ല കുട്ടികളെ കിട്ടുകയും അത് വഴി മോഹിനിയാട്ടത്തിന്റെ പേരുദോഷം മാറുകയും അത് നിലനിൽക്കുകയും ചെയ്യും എന്നതുമായിരുന്നു അദ്ദേഹത്തിന്റെ വാദം എന്ന് കലാമണ്ഡലത്തിന്റെ ചരിത്രത്തിൽ സൂചിപ്പിക്കുന്നു. (മോഹിനിയാട്ടത്തിനു സംഭവിച്ച പേരുദോഷവും നായർ മാതൃദായ സമ്പ്രദായവും തമ്മിൽഉള്ള ബന്ധവും അതിന്റെ പ്രശ്നവത്ക്കരണവും തത്ക്കാലം മറ്റൊരവസരത്തിലേക്കായി മാറ്റിവെക്കാം.) മോഹിനിയാട്ടവും ജാതിയും, മറ്റൊരു തരത്തിൽ ശാസ്ത്രീയ നൃത്തവും ജാതിയും, ജാതിയും ശരീര ചലനങ്ങളും തമ്മിൽ ഇന്ന് നാംപ്രശ്നവത്കരിക്കുന്ന പല കാര്യങ്ങളുടെയും ഉറവിടം, കലയുടെ നവീകരണ ചരിത്രത്തിന്റെ വിള്ളലുകളിൽ നിന്ന് നമുക്ക് വായിച്ചെടുക്കാം.

ആധുനികതയുടെ കടന്നുവരവോടെ പാരമ്പര്യ കലാരൂപങ്ങൾ താരതമ്യേന 'സ്വകാര്യ' ഇടങ്ങളായ ക്ഷേത്രത്തിലെ കൂത്തമ്പലങ്ങൾ, കൊട്ടാര അകത്തളങ്ങൾ, പ്രമാണിമാരുടെ വീടുകൾ എന്നിവിടങ്ങളിൽ നിന്ന് 'പൊതു'വായതും മതനിരപേക്ഷവും എന്ന് കരുതപ്പെടുന്ന ആധുനിക സ്റ്റേജ് വേദിയിലേക്കും കലാമണ്ഡലം പോലുള്ള പൊതു സ്ഥാപനങ്ങളിലേക്കും ചേക്കേറുകയാണ് ഉണ്ടായത്.

ആധുനികത ലിംഗ / ജാതി സ്വത്വങ്ങളെ സംബന്ധിച്ച ഒരു സമൂഹത്തിൽ ഉണ്ടാക്കുന്ന ആകുലതകളുടെ പശ്ചാത്തലത്തിൽ, സഞ്ജയന്റെ ആക്ഷേപഹാസ്യങ്ങളും, വള്ളത്തോളിന്റെ മോഹിനിയാട്ടത്തെ 'അശ്ലീലങ്ങളിൽ' നിന്ന് 'ശുദ്ധീകരിക്കാനുള്ള' ശ്രമവും മധ്യവർഗ വരേണ്യ സ്ത്രീ 'ശരീരം' 'പൊതു' ഇടത്തിൽ എങ്ങനെ പെരുമാറണം എന്നും എങ്ങനെ അവതരിപ്പിക്കപ്പെടണം എന്നും ഉള്ളതിനെ സംബന്ധിച്ചു ഉണ്ടായത് വ്യത്യസ്തം എന്ന് തോന്നാമെങ്കിലും മറ്റൊരു തരത്തിൽ പറഞ്ഞാൽ വള്ളത്തോൾ മോഹിനിയാട്ടത്തെ രൂപകല്പന ചെയ്യുക മാത്രമല്ല, പൊതു ഇടത്തിൽ അവതരിപ്പിക്കാവുന്ന, അതോടൊപ്പം തന്നെ മധ്യവർഗ വരേണ്യ മലയാളി സ്ത്രീയ്ക്ക് അനുവദനീയമായ ശരീര ചലങ്ങളുടെയും പെരുമാറ്റങ്ങളുടെയും ഉത്തുംഗ മാതൃക വാർക്കുക കൂടി ആയിരുന്നു എന്ന് പറയാം.

സൂക്ഷ്മമായ വായനയിൽ വള്ളത്തോളിൽ ദൃശ്യമാകുന്ന പല വൈരുധ്യങ്ങൾ ഉണ്ട്. വള്ളത്തോളും സഞ്ജയനും എടുത്ത നിലപാടുകൾ യഥാർത്ഥത്തിൽ രണ്ടു ധ്രുവങ്ങളിലാണോ എന്ന് സംശയിക്കാനിടം നൽകുന്നവയാണ് അതിൽ പലതും. കലയും സദാചാരവും വച്ച് നീട്ടിയാൽ കല തിരഞ്ഞെടുക്കും എന്ന് പറഞ്ഞ വള്ളത്തോൾ തന്നെയാണ്, സദാചാരത്തിന്റെ പേരിൽ മോഹിനിയാട്ടത്തിൽ അശ്ലീലത കണ്ടെത്തുന്നതും ശുദ്ധീകരിക്കുന്നതും. സ്ത്രീകൾക്ക് പൊതുവേദിയിൽ നൃത്തം ചെയ്യാൻ അവസരത്തിനായി വാദിച്ച അദ്ദേഹം തന്നെയാണ്, സ്ത്രീയ്ക്ക് പൊതുവേദിയിൽ എന്ത് അവതരിപ്പിക്കാം എന്നും, എങ്ങനെ അവതരിപ്പിക്കാം എന്നും, ഏതൊക്കെ പാടില്ല എന്നും നിർദേശിച്ചത്. കേരളവും ഭാരതവും രൂപംകൊള്ളുന്നതിനു മുൻപേ, കേരളത്തെയും ഭാരതത്തെയും മാതാവായി/ ശക്തിയായി പുകഴ്ത്തി കവിതയെഴുതിയ ക്രാന്തദർശിയായ വള്ളത്തോൾ ആണ്; ചാരിത്ര്യം ആണ് സ്ത്രീയുടെ ഏറ്റവും വലിയ സ്വത്തു എന്നു പറഞ്ഞതും, അത് സംരക്ഷിക്കാത്ത സ്ത്രീകളെ കുലടകളായി ചിത്രീകരിച്ചതും, തന്റെ മാനത്തെ അപായപ്പെടുത്താൻ ശ്രമിക്കുന്ന അന്യമതസ്ഥരെ നേരിടാൻ ആഹ്വാനം ചെയ്തതും – ഭാരത സ്ത്രീകൾതൻ ഭാവശുദ്ധി, പാട്ടിൽ പൊതിഞ്ഞ തീക്കൊള്ളി, കൊച്ചു സീത, നായർ സ്ത്രീയും മുഹമ്മദീയനും തുടങ്ങിയ കവിതകൾ അതിനു ദൃഷ്ടാന്തങ്ങളാണ്.

മൃതാവസ്ഥയിലായിരുന്ന, പഠിപ്പിക്കാൻ അധ്യാപകരെയോ പഠിക്കാൻ കുട്ടികളെയോ, സാമൂഹ്യ സാഹചര്യങ്ങളാൽ കിട്ടാനില്ലാതിരുന്ന ഒരു നൃത്തരൂപത്തെ പുനരാവിഷ്കരിച്ചു മോഹിനിയാട്ടമായി വളർത്തിയ വള്ളത്തോളിന്റെ ശ്രമം അഭിനന്ദനീയം തന്നെ. എന്നാൽ അതിനെകുറിച്ചല്ല; വള്ളത്തോളിൽ കാണുന്ന ജാതി/ ലിംഗസ്വത്വങ്ങളെ സംബന്ധിച്ച വൈരുധ്യങ്ങൾ കേരളീയ / ഇന്ത്യൻ ആധുനികതയുടെ തന്നെ വൈരുധ്യങ്ങളായി വായിക്കാൻ കഴിയുമോ എന്നാണ് ഇവിടെ ശ്രമിച്ചത്. മലയാളി സ്ത്രീയെ ജോലി ചെയ്യാൻ അനുവദിക്കുക വഴി സ്വയം പുരോഗമനവാദികൾ എന്ന് വിശ്വസിക്കുന്ന കേരള സമൂഹം ആറു മണിക്ക് ശേഷം അവളെ പൊതു ഇടങ്ങളിൽ കാണാൻ താത്പര്യപ്പെടുന്നില്ലെന്നതും, സ്ത്രീയുടെ തൊഴിൽ ഒരു സാമ്പത്തിക സ്രോതസ്സായല്ലാതെ അവളുടെ സ്വാതന്ത്ര്യമോ, അവകാശമോ, സ്വത്വ നിർമിതിയുമായോ ബന്ധപ്പെടുത്തി ഇന്നും സമൂഹം അംഗീകരിക്കുന്നില്ല എന്നുള്ളതും ഇന്നും നിലനിൽക്കുന്ന വൈരുധ്യങ്ങളുടെ ബാക്കി പ്രേതങ്ങളിൽ ഒന്ന് മാത്രമാണ്.

കലയുടെ നവോഥാന ചരിത്രത്തെ ലിംഗ / ജാതി സ്വത്വ നിർമിതിയും ആധുനികതയുടെ വൈരുധ്യങ്ങളും ആയി കൂട്ടിച്ചേർത്തു വായിക്കുമ്പോൾ പല സമകാലീനസമസ്യകളുടെയും വേരുകളിലേക്കു വഴിതെളിക്കാൻ നമ്മെ സഹായിച്ചേക്കാം. സിനിമാറ്റിക് ഡാൻസിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയ വിലക്കിനെയും, അത് വഴി നിലനിർത്തപ്പെടുന്ന ശാസ്ത്രീയ കലകളുടെ വരേണ്യതയുടെയും രാഷ്ട്രീയം കൂടുതൽ തെളിമയോടെ മനസ്സിലാക്കാൻ നമ്മുക്ക് കഴിഞ്ഞേക്കാം. കേരളാ ടൂറിസത്തിന്റെ പരസ്യത്തിൽ തുടങ്ങി, മലയാള സിനിമ ഗാനരംഗങ്ങൾ മുതൽ കറി മസാലയുടെ പരസ്യത്തിൽവരെ മലയാളി സ്ത്രീയെ പ്രതിനിധീകരിക്കുന്ന മോഹിനിയാട്ട നർത്തകിയുടെ രൂപം വഹിക്കുകയും ധ്വനിപ്പിക്കുകയും ചെയ്യുന്ന ലിംഗ / ജാതി സംജ്ഞകളെക്കുറിച്ച് ചിന്തിക്കാൻ ഒരുപക്ഷേ ഇത്തരം ഒരു പുനർവായന സഹായകമാകാം.

പെണ്ണൊരുമ്പെട്ടാൽ

—ശാന്തി രാജശേഖർ

ജെ. ദേവികയുടെ 'പെണ്ണൊരുമ്പെട്ടാൽ' ലോകം മാറുന്നു: ലിംഗനീതിയുടെ വിപ്ലവങ്ങൾ' എന്ന പുസ്തകം "കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടാകുന്നതെങ്ങനെ" എന്ന അവരുടെതന്നെ ആദ്യ പുസ്തകത്തിന് ഒരു രണ്ടാംഭാഗം എന്ന നിലയ്ക്ക് അടുത്തിടെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതാണ്. പൊളിറ്റിക്കൽ സയൻസ് എന്ന സാമൂഹ്യ ശാസ്ത്ര ശാഖയുടെ പ്രാധാന്യം വളരെ ലളിതമായി അവതരിപ്പിച്ചുകൊണ്ട്, ആഗോളരാഷ്ട്രീയ പശ്ചാത്തലത്തിൽ ലിംഗഭേദം, രാഷ്ട്രീയം, ജനാധിപത്യം എന്നിവയുടെ ബന്ധം എപ്രകാരം ഉണ്ടാകുന്നു എന്ന് പുസ്തകം അനാവരണം ചെയ്യുന്നു.

സ്ത്രീയുടെ കർമ്മമണ്ഡലങ്ങളെ കുറിച്ചുള്ള ചരിത്ര പഠനങ്ങൾ പൊതുവെ നിലനിൽക്കുന്ന അക്കാദമിക മേഖലകളിൽനിന്ന് പിന്തള്ളപ്പെടുകയോ കൃത്യമായി പരിഗണിക്കപ്പെടാതിരിക്കുകയോ ആണ് പതിവ്. സ്ത്രീകളുടെ പ്രവർത്തനപരത 'കുടുംബം' എന്ന ചട്ടക്കൂടിനുള്ളിൽ നിയന്ത്രിക്കപ്പെടുന്നു എന്ന സമൂഹത്തിന്റെ പൊതു കാഴ്ചപ്പാട് തന്നെയാവാം അക്കാദമിക തലത്തിലും സ്ത്രീ ചരിത്രപഠനങ്ങൾ അർഹിക്കുന്ന പ്രാധാന്യം ഇല്ലാതെ തഴയപ്പെടുന്നത്. അതുകൊണ്ട് തന്നെ സ്ത്രീകൾക്ക് കടന്ന് ചെല്ലാനും സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാനും ഉള്ള ഇടങ്ങളെപറ്റിയും സമൂഹത്തിലെ കാഴ്ചപ്പാട് മുൻവിധികളോടെയാണ്. ചില പ്രത്യേക പ്രവർത്തനമേഖലകൾ പുരുഷകേന്ദ്രീകൃതമായി തന്നെ നിലനിൽക്കുകയോ സ്ത്രീകളുടെ കടന്ന് വരവിനെ നെറ്റിചുളിച്ചുകൊണ്ട് സ്വീകരിക്കപ്പെടുകയോ സ്വീകരിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നു. അതിലൊരു പ്രധാന മേഖലയാണ് രാഷ്ട്രീയം. സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ തന്നെ, രാഷ്ട്രതന്ത്രപഠനം, സ്ത്രീകളുടെയും ലിംഗഭേദത്തിന്റെയും ചരിത്രത്തിനു പൊതുമണ്ഡലത്തിലോ അക്കാദമിക തലങ്ങളിലോ ഉള്ള പ്രാധന്യമില്ലായ്മക്ക് ഉള്ള ഒരു പരിഹാരം എന്ന നിലയിലാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഒരു കാലഘട്ടം വരെ മനസ്സിലാക്കപ്പെട്ടിരുന്ന വർഗരാഷ്ട്രീയം മാത്രമല്ല, ഫെമിനിസം എന്ന ആശയം മുന്നോട്ട് വയ്ക്കുന്നതും സംബോധന ചെയ്യുന്നതുമായ, സമൂഹത്തിൽ നിലനില്ക്കുന്ന എല്ലാ അധികാരബന്ധങ്ങളെയും സംഘർഷങ്ങളെയും രാഷ്ട്രീയമായി മനസ്സിലാക്കാൻ സഹായിക്കുന്ന രീതിയിലാണ് ചർച്ച മുന്നോട്ട് പോകുന്നത്.

ലിംഗഭേദം, അവയുടെ പഠനം എന്നിവ സ്കൂൾ കോളേജ് അക്കാദമിക തലത്തിൽനിന്നു പിന്തള്ളപ്പെടാൻ കാരണം അവ ഫെമിനിസം എന്ന തത്വശാസ്ത്രത്തിന്റെ നിലപാടുകൾ ആയത് കൊണ്ട് കൂടിയാവാം. "പെണ്ണൊരുമ്പെട്ടാൽ ലോകം മാറുന്നു ലിംഗനീതിയുടെ വിപ്ലവങ്ങൾ" എന്ന പുസ്തകം ആ അർത്ഥത്തിൽ ഒരു ഫെമിനിസ്റ്റ് പുസ്തകം തന്നെയാണ്. ജെ. ദേവിക എന്ന സ്ത്രീപക്ഷ എഴുത്തുകാരിയുടെ വീക്ഷണങ്ങളിലൂടെ തന്നെ വളരെ ലളിതമായി അവതരിപ്പിക്കുന്ന, ഉന്നതതലത്തിൽ പൊളിറ്റിക്കൽ സയൻസൊ: മറ്റു സാമൂഹ്യ ശാസ്ത്രവിഷയങ്ങളോ പഠിക്കുന്നവരെ ഉദ്ദേശിച്ചല്ലാതെ "പത്ത്–പന്ത്രണ്ട് ക്ലാസ് വിദ്യാഭ്യാസവും, പൊതുകാര്യങ്ങളിൽ താൽപര്യവും, പൊതുജീവിതത്തോട് ഇഷ്ടവും കൈമുതലായുള്ള ഒരു വ്യക്തിയെ, പ്രത്യേകിച്ച് സ്ത്രീകൾക്ക്" അവരുടെതായ ബൌദ്ധികതലത്തിൽ നിന്നുകൊണ്ട് തന്നെ അനായസേന തന്നെ ഗ്രഹിക്കാൻ പറ്റുന്ന തരത്തിലാണ് ഫെമിനിസം എന്ന ആശയ പദ്ധതി ഈ പുസ്തകത്തിന്റെ ക്രേന്ദ്രബിന്ദു ആകുന്നത്. എന്നാൽ ഫെമിനിസം നേരിട്ട് ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. ആഗോള രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ചർച്ച മുന്നോട്ട് പോകുന്നത് എന്നത് ഈ പുസ്തകത്തെ "കുലസ്ത്രീയും ചന്തപ്പെണ്ണും" എന്ന പുസ്തകത്തിൽ നിന്നു വ്യത്യസ്തമാക്കുന്നു. കേരളത്തിലെ സ്ത്രീരാഷ്ട്രീയ ഇടപെടലുകൾ ആദ്യപുസ്തകത്തിൽ കൃത്യമായി വിവരിക്കപ്പെട്ടിരുന്നത് കൊണ്ട് തന്നെ അതിന്റെ തുടർച്ച എന്നോണം ആഗോളരാഷ്ട്രീയത്തിലെ ശക്തമായ സ്ത്രീ സാന്നിധ്യങ്ങളുടെ ആഖ്യാനം സമകാലീന രാഷ്ട്രീയ ഇടങ്ങളെ കുറിച്ചുള്ള ഒരു അവബോധം വായനക്കാരിൽ ഉണ്ടാക്കി എടുക്കാൻ സഹായിക്കുന്നു. രാഷ്ട്രീയം ഉൾപ്പെടെ ഉള്ള പൊതുരംഗപ്രവർത്തനത്തെ കുറിച്ചുണ്ടാകാൻ ഇടയുള്ള എല്ലാത്തരം സംശയങ്ങൾക്കും "ഫെമിനിസ്റ്റ് രാഷ്ട്രീയപഠനങ്ങളുടെയും, ചിന്തയുടെയും വെളിച്ചത്തിൽ" ഒരു മറുപടി എന്നോണമാണ് ഓരോ അധ്യായത്തിലൂടെയുമുള്ള വായന സാധ്യമാക്കുന്നത്.

രാഷ്ട്രീയം സ്ത്രീകൾക്ക് ആവശ്യമുണ്ടോ എന്ന ചോദ്യം ഉണ്ടാകുന്നതിനു പ്രധാനകാരണം സ്ത്രീയുടെ നൈസർഗിക ഇടം, അവരുടെ ജന്മവാസനകൾ അനുസരിച്ച് "കുടുംബം" അല്ലേ എന്ന ചിന്തയിൽ നിന്നു തന്നെ ആണ്. പുരുഷന്റെ ജന്മസ്വഭാവം അവനെ പുരുഷത്വത്തിന്റെ പ്രതീകമായി പുറലോകം അടക്കി വാഴാൻ പ്രാപ്തനാക്കുന്നു എന്ന അംഗീകരിക്കൽ കൂടി ഉണ്ടതിൽ. പക്ഷെ കുടുംബത്തിലും സ്ത്രീകൾക്ക് അധികാരബന്ധങ്ങളുടെ അവസാന കണ്ണിയിൽ അടിപ്പെട്ടു കിടക്കേണ്ടതായും വരുന്നു. പൊതുരംഗത്ത് ആയാലും കുടുംബത്തിലായാലും ലിംഗജനാധിപത്യം നടപ്പിലാകേണ്ടത് സ്ത്രീകളുടെ പ്രവർത്തനമേഖലയുടെ വികാസത്തിന് അത്യന്താപേക്ഷിതം ആണെന്ന് എഴുത്തുകാരി ഓർമ്മിപ്പിക്കുന്നുണ്ട്. എന്നിരുന്നാൽ തന്നെയും മറ്റു പല ബാഹ്യ ഇടപെടലുകൾ മൂലം നിലവിലെ രാഷ്ട്രീയ ഇടത്തിനു സംഭവിക്കുന്ന ശോഷണം സ്ത്രീക്കോ പുരുഷനോ ആവശ്യമായതുണ്ടോ എന്ന് ചിന്തിക്കാനും പ്രേരിപ്പിക്കുന്നു.

രാഷ്ട്രീയ ഇടങ്ങളിലേക്ക് സ്ത്രീകളുടെ കടന്ന് വരവും, ഇടപെടലും, സ്ത്രീകളുടെ പ്രശ്നങ്ങളെ കൃത്യമായി നോക്കികണ്ട് പരിഹാരത്തിനായി അവർക്ക് തന്നെ പ്രവർത്തിക്കാൻ കഴിയും എന്ന ധാരണ ഒരു മിഥ്യ ആയിട്ട് തന്നെ നിലനില്ക്കുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും സ്ത്രീകളുടെ രാഷ്ട്രീപാർട്ടികൾ വിരളമായി രൂപം കൊണ്ടെങ്കിലും അവയൊക്കെയും സ്ത്രീപ്രശ്നങ്ങളിൽ കൃത്യമായ നിലപാടെടുക്കുന്നതിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. "ഫെമിനിസ്റ്റ് വീക്ഷണങ്ങൾക്ക് ഇടം നല്കുന്ന രാഷ്ട്രീയ വ്യവസ്ഥ" വളരെ കുറവാകുന്നത് കൊണ്ടാണ് ഇങ്ങനെ ഒരു അവസ്ഥ വരുന്നത്. അതെപ്പോഴും സ്ത്രീകളുടെ രാഷ്ട്രീയ സംഘടിത പ്രവർത്തനങ്ങളെ പിന്നോട്ടടിക്കുന്നു എന്നത് വിമർശനമായി ചൂണ്ടികാണിക്കപ്പെടുന്നുണ്ട്. അതേസമയം തന്നെ ആഗോളതലത്തിൽ തന്നെ പലപ്പോഴായി സ്ത്രീകൾ കൊളുത്തിയ വിപ്ലവജ്വാലകൾ ഇപ്പോഴും കെടാതെ ജ്വലിച്ചു കൊണ്ടിരിക്കുന്നു.

ഫെമിനിസം എന്നത് "കുടുംബംകലക്കി" ആയ ഒരു ആശയവാദം ആണെന്ന പൊതുധാരണ കേരളത്തിലെ ജനങ്ങൾക്കിടയിൽ ഉണ്ട്. ഫെമിനിസം എന്ന തത്വചിന്ത മുന്നോട്ട് വയ്ക്കുന്ന ആശയം എന്താണെന്ന് കൃത്യമായ ധാരണ ഇല്ലാത്തതു കൊണ്ടുണ്ടാകുന്ന തെറ്റിദ്ധാരണ ആണിത്. "ആൺകോയ്മയിൽ അധിഷ്ഠിതമായ കുടുംബ അടിത്തറയെ" ഉടച്ചുവാർത്ത "ജനാധിപത്യ മൂല്യങ്ങൾ" ഉൾക്കൊള്ളിക്കുക എന്നതാണ് "ഫെമിനിസം' മുന്നോട്ട് വയ്ക്കുന്ന ആശയം. അത് നടപ്പിലാക്കപ്പെട്ടെങ്കിൽ മാത്രമേ കുടുംബം "സമൂഹത്തിന്റെ അടിത്തറ ആകള്ളൂ"എങ്കിൽ മാത്രമേ കുടുംബം എന്ന പരിമിതിയിൽനിന്നു സ്ത്രീകൾക്കും പുറം ലോകത്തേക്ക് വരാൻ കഴിയുകയുള്ളൂ. എന്നാൽ പഴയതിൽ നിന്നു വ്യത്യസ്തമായി കുടുംബത്തിലെ സ്ത്രീയുടെ നിലകൾ പലതരം ഇടപെടലുകൾ മൂലം പുനർ നിർവചിക്കപ്പെടുന്നുണ്ട്. അത് പുതിയ അവസരങ്ങളും സ്ത്രീകൾക്ക് നല്കുന്നു. പക്ഷെ, "സ്ത്രീകളുടെ ഗാർഹിക ഉത്തരവാദിത്വത്തിന്റെ ഭാരം കൂട്ടുക" ആണോ ഇതിന്റെ ഫലം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഫെമിനിസ്റ്റ് രാഷ്ട്രീയ ചിന്താധാരകൾ പുതിയ കുടുംബനിർമ്മിതിക്ക് ശ്രമിക്കുമ്പോഴും, കുടുംബമൂല്യങ്ങളിൽ തളച്ചിടപ്പെടുക എന്നത് സ്ത്രീയുടെ കർമ്മമേഖലകൾക്ക് തടസ്സമായി ഇന്നും നിലനില്ക്കുന്നു. ഈ പരിമിതികൾക്കുള്ളിൽനിന്നു പുറത്തു വന്നിട്ടുള്ള, രാഷ്ട്രീയമായി സമുന്നത നേതാവായി ഉയർന്നിട്ടുള്ള "സ്ത്രീകളും ലിംഗവിവേചനങ്ങളിൽ നിന്നു രക്ഷപെട്ടു" എന്നും പറയാറായിട്ടില്ല എന്നും ഉദാഹരണസഹിതം ചൂണ്ടികാണിക്കപ്പെടുന്നുണ്ട്. ഇവിടെയാണ് ഫെമിനിസവും രാഷ്ട്രീയവും ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത. പക്ഷെ, പലപ്പോഴും അത്തരത്തിലുള്ള ഒത്തുചേരൽ പ്രാവർത്തികമാകാറില്ല എന്നത് ഒരു സത്യം തന്നെ ആണ്.

ഫെമിനിസം എന്ന തത്വചിന്ത മുന്നോട്ടുവയ്ക്കുന്ന "സ്ത്രീ സ്വാതന്ത്ര്യം" എന്ന ആശയം സമൂഹത്തിനു പലപ്പോഴും ദഹിക്കുന്നതല്ല. "പിതൃമേധാവിത്വ വ്യവസ്ഥ"യോട് ചേർന്നുപോകുന്ന സ്ത്രീകൾക്ക് "സുരക്ഷ" ലഭിക്കുകയും അല്ലാതെയുള്ള, ശബ്ദമുയർത്തുന്ന സ്ത്രീകൾ "സ്ത്രീത്വത്തിനും സുരക്ഷക്കും പുറത്തായിപോകുന്നു എന്ന് കാണാം". ഇനിയും നിലനില്ക്കുന്ന അസമത്വങ്ങൾക്ക് "സ്ത്രീശാക്തീകരണ"വും, "സ്ത്രീവിമോചനവും" വ്യത്യസ്ത രീതിയിൽ ആണെങ്കിൽ കൂടിയും, പരിഹാരമായി കാണുന്നുമുണ്ട്. എന്നാൽ കേരളത്തിൽ സ്ത്രീശാക്തീകരണം "സ്ത്രീകളെ ഫലപ്രദമായി ഒന്നിച്ചു ചേർക്കുന്നതായി കാണുന്നില്ല" പകരം "സർക്കാരിന്റെ പല ഉത്തരവാദിത്തങ്ങളും വഹിക്കാൻ വേണ്ടി ഒറ്റപ്പെട്ട സ്ത്രീകളെ തയാറാക്കൽ ആണ്". എന്നാൽ അതിന് പുറത്തുള്ള ഫെമിനിസ്റ്റ് സ്ത്രീത്തൊഴിലാളി സംഘടനകളുടെ ലക്ഷ്യം "ഈ പറഞ്ഞ കൂട്ടായ്മ ബോധമാണ്".



ആഗോളതലത്തിൽ സമകാലീക രാഷ്ട്രീയത്തിൽ ഇടപ്പെട്ടുകൊണ്ടിരിക്കുന്ന സ്ത്രീകൾ സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ, അവർ തുടങ്ങി വച്ച വിപ്ലവപ്രസ്ഥാനങ്ങൾ, സമരങ്ങൾ എന്നിവയുടെ വിശദമായ എന്നാൽ ലളിതമായ ആഖ്യാനം അതാത് കാലങ്ങളിലെ രാഷ്ട്രീയ സാഹചര്യം എപ്രകാരം ലിംഗാധികാര സാന്നിധ്യം അറിയിക്കുന്നു എന്നതിനെക്കുറിച്ചുള്ള അവബോധം വായനക്കാരിൽ ഉണ്ടാക്കാൻ ഈ പുസ്തകം സഹായിക്കുന്നു എന്നത് എഴുത്തുകാരിയുടെ നേട്ടം തന്നെ ആണ്. ലോകമാകമാനം വളർന്നു പടർന്ന ഒരു ആശയസംഹിത സ്ത്രീകളെ എപ്രകാരം ഒരുമിച്ചു നിർത്തുന്നു എന്നത് "ഫെമിനിസം" എന്ന തത്വചിന്തയെ കൂടുതൽ മനസ്സിലാക്കാനും സഹായിക്കുന്നുണ്ട്. സാധാരണക്കാരായ, സ്കൂൾ വിദ്യാഭ്യാസം മാത്രമുള്ള ഏതൊരാൾക്കും അനായാസേന മനസ്സിലാക്കാൻ കഴിയുന്ന ലളിതമായ അവതരണം, വളരെ പ്രാധാന്യമുള്ള ചിന്തകളെ വായനക്കാർക്ക് വളരെ പെട്ടെന്ന് ഉൾക്കൊള്ളാൻ സഹായിക്കുന്നു. എങ്ങനെയാണ് ലിംഗഭേദം, രാഷ്ട്രീയം, ജനാധിപത്യം എന്നിവ ബന്ധപ്പെട്ടു നില്ക്കുന്നത് എന്നും സമകാലീക രാഷ്ട്രീയത്തിൽ ഫെമിനിസത്തിനുള്ള പ്രാധാന്യവും വളരെ ആഴത്തിൽ, വിമർശനനാത്മകമായി തന്നെ ചർച്ച ചെയ്യുന്ന പുസ്തകമാണ് ജെ. ദേവികയുടെ "പെണ്ണൊരുമ്പെട്ടാൽ ലോകം മാറുന്നു: ലിംഗനീതിയുടെ വിപ്ലവങ്ങൾ".

‘ഒറ്റപ്പെട്ട ആനന്ദങ്ങളി’ൽ നിന്ന്

—ഹാരി മാത്യസ്

സെവ്വിയയിലെ കത്തീഡ്രലിൽ ഒരു കുമ്പസാരക്കൂടിന കത്ത് മുട്ടിന്മേൽനിന്ന്, ഇരുപത്തിയൊന്നുകാരിയായ ഒരു യുവതി തന്റെ ദുശ്ശീലമായ സ്വയംഭോഗത്തെപ്പറ്റി വിവരിച്ചുപറയുകയാണ്. പാതിരി അവൾക്ക് പാപമോചനം നല്കവേ, അവൾ എഴുന്നേറ്റുനിന്ന്, പാവാടയുയർത്തി, താനപ്പോൾ ഏറ്റുപറഞ്ഞുകൊണ്ടിരുന്ന പാപം ആ നിമിഷംതന്നെ അനുഷ്ഠിക്കുകയായിരുന്നുവെന്ന് വെളിപ്പെടുത്തി.

മുക്ഡെനിലെ തന്റെ മാളികമുറിയിൽ പുൽപ്പായയിലിരുന്ന് വാങ് വെയുടെ മനോഹരമായി തീർത്ത ഒരു കവിത ധ്യാനിച്ചുകൊണ്ട് ഒരാൾ സ്വയംഭോഗം ചെയ്യുകയാണ്. കവിതയുടെയും സ്വയംഭോഗത്തിന്റെയും സുഖങ്ങൾ വെളിപാടിന്റെ ഒരൊറ്റ നിമിഷത്തിൽ ഒന്നിപ്പിക്കാനാണ് ജീവിതത്തിലുടനീളം ഈ “സംന്യാസിയായ ആസക്തൻ” ശ്രമിച്ചിട്ടുള്ളത്. തന്റെ അറുപതാം വർഷത്തിലെ ഈഷ്മളമായ ഈ വസന്തകാല പ്രഭാതത്തിൽ അത്യുന്നതമായ ആ സംലയനം ഒടുവിൽ കൈപ്പിടിയിലെത്തിയേക്കുമെന്ന് അയാൾക്ക് തോന്നി.

ലോകത്തിലെ ഏറ്റവും വലിയ സ്വയംഭോഗി, ബൂദപെഷ്റ്റിൽ താമസിക്കുന്ന അയാൾ, എന്നും ചെയ്യാറുള്ളതുപോലെ ജോലി കഴിഞ്ഞെത്തിയ ഉടനെ സ്വയംഭോഗം ചെയ്യുകയാണ്. വലിയൊരു അപ്പാർട്മെന്റിലാണ് അയാൾ താമസിക്കുന്ന.ത് ഹംഗേറിയൻ കോമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ അംഗമാണ് അയാൾ. മാത്രമല്ല, അറുപത്തിയഞ്ചിൽ എത്തിനിൽക്കുന്ന അയാൾ നല്ല ആരോഗ്യവാനും പ്രസാദാത്മകമായ നർമ്മ ബോധമുള്ളവനുമാണ്. കഠിനാധ്വാനം നിറഞ്ഞ മറ്റൊരു ദിവസത്തിന് ശേഷം, നേരെ തന്റെ വായനാമുറിയിൽ ചെന്ന്, നിലത്ത് പരവതാനി വിടർത്തിയപ്പോൾ അതിൽ ഇരുപത് ചതുരശ്ര അടി വലിപ്പത്തിലുള്ള ലോകത്തിന്റെ ഭൂപടം തെളിഞ്ഞുവന്നു. ഭൂപടത്തിന്റെ ഒത്ത മധ്യത്തിലാണ് ഹംഗറി; കൃത്യമായി പറഞ്ഞാൽ, ബൂദപെഷ്റ്റ്; കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ, അയാൾ തന്റെ ശുക്ലം ഭൂപടത്തിലേക്ക് ഒഴുകുന്നതും നോക്കി അയാളങ്ങനെ നിന്നു; തന്റെ വിത്ത് തെറിച്ചുവീണ ഇടങ്ങളിൽ ഉണ്ടാകാനിടയുള്ള ഹംഗറിക്കാരെ ഓർത്ത് ചിരിച്ചു കൊണ്ടങ്ങനെ... ഈ നിമിഷം ലാബുകളും സർവ്വകലാശാലകളും കച്ചവടസ്ഥാപനങ്ങളും ബാങ്കുകളും പിടിച്ചടക്കുന്ന ഹംഗറിക്കാരെ. ഇന്ന് ബൂദപെഷ്റ്റ്; നാളെ ലോകം തന്നെ! അങ്ങനെ ലോകം കുറേക്കൂടി സമത്വസുന്ദരമായിത്തീരും.

മുപ്പത്തിയഞ്ചു വയസ്സുള്ള ഒരാൾ ഗാസയിലെ ഭേദപ്പെട്ടൊരു ഫ്ളാറ്റിലിരുന്ന് രതിമൂർച്ഛ അനുഭവിക്കാൻ പോവുകയാണ്. അയാൾ സ്വയംഭോഗത്തിലാണ്, എന്നാൽ ഒരു വസ്തുവോ കൈയ്യോ അയാളുടെ വലിഞ്ഞുമുറുകി നിൽക്കുന്ന ലിംഗത്തിൽതൊടുന്നില്ല: വൃത്താകൃതിയിൽ ക്രമീകരിച്ചിട്ടുള്ള, മുടിയുണക്കാൻ ഉപയോഗിക്കുന്ന അഞ്ച് യന്ത്രങ്ങളുടെ ഇളംചൂടു കാറ്റ് ക്രേന്ദബിന്ദുവിലേക്ക് ഒഴുകുന്നുണ്ട്. ചെവിയിൽ അയാൾ മെഴുകുരുളകൾ തിരുകിയിട്ടുണ്ട്.

ഒക്കിനാവയിലെ നാഹയിൽ അറുപതു വയസ്സുള്ള ഒരു സ്ത്രീ തന്റെ പ്രിയപ്പെട്ട പൂച്ചയ്ക്ക് ഒരു പെൺ സയാമീസ് മുന്നിലിരുന്ന് സ്വയംഭോഗം ചെയ്യുകയാണ്. സ്ത്രീ കിടക്കുന്ന പായയുടെ അറ്റത്ത് ചുരുണ്ടുകൂടിയ പൂച്ചയുടെ നോട്ടത്തിലുള്ളത് ചെറിയൊരു വെറുപ്പ് കലർന്ന ഉദാസീനതയാണ്. ഈ നോട്ടമാണ് സ്ത്രീയെ ഉത്തേജിപ്പിക്കുന്നത്, അവിടെ പൂച്ചയുടെ സാന്നിധ്യത്തിനുള്ള കാരണവും ആ നോട്ടംതന്നെ. പെട്ടെന്ന് പൂച്ച കോട്ടുവായിട്ടു. എരിയുന്ന എണ്ണയിൽ മുക്കിയ മാവുപുരട്ടിയ ചെമ്മീൻ പോലെ സ്ത്രീ രതിമൂർച്ഛയിലേക്ക് വീണു.

അറുപത്തിയെട്ടു വയസ്സുള്ള ഒരാൾ കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന കിടക്കയിൽകിടന്ന് സ്വയംഭോഗം ചെയ്യുകയാണ്. കെട്ടിയടുക്കിയ പെട്ടികളും അലങ്കോലമായ അകസ്സാമാനങ്ങളും നിറഞ്ഞ ആ മുറി കെയ്റ്റ് ടൗണിനെ അഭിമുഖീകരിക്കുന്ന സുന്ദരമായ ഒരു വീട്ടിനകത്താണ്; അയാളിപ്പോൾ ആ വീട് സ്വന്തമാക്കിയതേയുള്ളൂ. ജീവിതത്തിലുടനീളം, എപ്പോഴെല്ലാം താമസം മാറുന്നുവോ അപ്പോഴെല്ലാം പുതിയ താമസസ്ഥലത്തുവെച്ച് ഒന്ന് സ്വയംഭോഗം ചെയ്താലേ അയാൾക്കതിനെ വീടായി കരുതാൻ കഴിയൂ. ഈ സ്വഭാവം തുടരാൻ ഭാര്യ അയാളെ ഉത്സാഹിപ്പിക്കാറുണ്ട്.

ഹാരി മാത്യസ് (1930-2017). റെയ്മൊണ്ട് കെനോയും ഈതാലോ കൽവീനോയുമെല്ലാം അംഗങ്ങളായിരുന്ന, ഫഞ്ച് സാഹിത്യ കൂട്ടായ്മയായ “ഉലീപ്പോ”യിൽ അംഗമായിരുന്ന ഒരേയൊരു അമേരിക്കൻ എഴുത്തുകാരൻ. ഷോർഷ് പെരക് മാത്യൂസിനേയും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. മാത്യൂസ് CIA ചാരനാണ് എന്നൊരു തെറ്റായ വാർത്ത പടർന്നപ്പോൾ അതൊരിക്കലും അദ്ദേഹം നിഷേധിക്കാൻ പോയില്ല. പകരം തന്റെ CIA ദിനങ്ങളെപ്പറ്റി ആത്മകഥ എഴുതുകയും ചെയ്തു. “ഒറ്റപ്പെട്ട ആനന്ദങ്ങളി”ൽ മാത്യസ് ലോകത്തിലെ ഏറ്റവും ഏകാന്തമായ പ്രവൃത്തികളിലൊന്നിനെ എഴുത്തിലെ അടക്കിപ്പിടിക്കലുമായി യോജിപ്പിക്കുകയാണ്.

പരിഭാഷ: സച്ചു തോമസ്

സ്വാതന്ത്ര്യം തന്നെ ജീവിതം

—ബി. രാജീവൻ

സ്വാതന്ത്ര്യത്തെ കുറിച്ചുള്ള ചിന്തകൾ പുതിയ മാനങ്ങളിലേക്കുയരേണ്ട ഒരു സന്ദർഭമാണിത്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ മുൻ മാതൃകകളിൽ ഒന്നും ഒതുങ്ങാത്ത പുതിയ തരം വെല്ലുവിളികളെയാണ് ഇന്ത്യൻ ജനതയുടെ ജീവിത സ്വാതന്ത്ര്യം ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യത്തെ കുറിച്ചുള്ള പാശ്ചാത്യ ആധുനികതയുടെ ലിബറൽ ജനാധിപത്യ സങ്കൽപ്പങ്ങൾക്കോ സ്റ്റാലിനിസ്റ്റ് മാർക്സിസത്തിന്റെ ധാരണകൾക്കോ നേരിടാൻ ആവാത്തവയാണ് ഇന്ന് ഉയർന്നു വന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ. ഈ സന്ദർഭത്തിൽ സ്വാത്രന്ത്ര്യമെന്ന ജീവിതശക്തി വിശേഷത്തേയും മൂല്യത്തേയും കുറിച്ചുള്ള പുതിയ അന്വേഷണങ്ങൾക്ക് ആമുഖമായി ചില ആശയങ്ങൾ സൂചിപ്പിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്.

മനുഷ്യരുടെ രാഷ്ട്രീയവും ധാർമ്മികവും സർഗ്ഗാത്മകവുമായ സ്വതന്ത്ര പ്രവർത്തനങ്ങളെ മുഴുവൻ നിഷ്ക്രിയമാക്കുന്ന ഒരു അധികാര ബന്ധ മാതൃകയെ ആണ് നാം ഫാസ്സിസം എന്ന് വിളിക്കുന്നത്. ഇത് മുകളിൽ നിന്നുള്ള അടിച്ചമർത്തുന്ന അധികാര പ്രയോഗമെന്നതിനെക്കാൾ താഴെ നിന്നുതന്നെ മനുഷ്യരെ പിടികൂടുകയും അവരെ പിണിയാളുകൾ ആക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ അധികാര രൂപമാണ്. അതായത് ഫാസിസം മുകളിൽ നിന്നുള്ള ശക്തി പ്രയോഗത്തിലൂടെ മനുഷ്യരെ കീഴ്പെടുത്തുകയും അടിമകൾ ആക്കുകയും ചെയ്യുന്ന ഒരു ഭരണകൂടാധികാര രൂപമല്ല. അടിമത്തം സ്വയം ഇച്ഛിക്കുന്ന ഒരു ജനവിഭാഗത്തെ സൃഷ്ടിക്കുകയും അവരിലൂടെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സൂക്ഷ്മ രാഷ്ട്രീയ രൂപമാണ്. മത രാഷ്ട്രീയവാദത്തിലൂടെ രാജ്യത്തെ വർഗ്ഗീയമായി വിഭജിക്കുകയും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെ ഇത്തരം സ്വയം അടിമപ്പെട്ട അന്ധമായ ആൾക്കൂട്ടത്തെ അഴിച്ചുവിടുകയും ചെയ്യുന്ന ഈ ഫാസിസ്റ്റ് ശൈലി ഇന്ത്യൻ രാഷ്ട്രീയത്തിലും ഇന്ന് ശക്തിപ്പെട്ടു കൊണ്ടിരിക്കുന്നു.

ഈ സന്ദർഭത്തിൽ നാം പ്രത്യേകം ഓർക്കേണ്ട ഒരു വസ്തുത എല്ലാ എതിർപ്പുകളെയും അതിജീവിച്ചു കൊണ്ട് സംഘപരിവാർ ഇന്ത്യൻ രാഷ്ട്രീയത്തിൽ കൈവരിച്ച വിജയത്തെ കുറിച്ചാണ്. ഗാന്ധിവധത്തെ തുടർന്ന് നിരോധിക്കപ്പെടുകയും ജനങ്ങൾ തന്നെ അവഗണിക്കുകയും ചെയ്ത ഒരു മത രാഷ്ട്രീയ പ്രസ്ഥാനം ഇന്ന് ബഹുഭൂരിപക്ഷം സംസ്ഥാനങ്ങൾ അടക്കം ഇന്ത്യ ഭരിക്കുന്ന ഒരു രാഷ്ട്രീയ ശക്തിയായി വളർന്നു പന്തലിച്ചിരിക്കുന്നു. ഇതിനുമപ്പുറം നേരത്തെ സൂചിപ്പിച്ചതുപോലെ ജനങ്ങളുടെ സ്വാതന്ത്ര്യ ബോധത്തെ അടിത്തട്ടിൽ നിന്നും കാർന്നു തിന്നുന്ന ഒരു ഫാസിസ്റ്റ് രാഷ്ട്രീയ ശക്തിയായി അത് രൂപാന്തരപ്പെടുകയും ചെയ്തിരിക്കുന്നു. ഇതിൽ നിന്ന് വ്യക്തമാകുന്നത് കഴിഞ്ഞ ഏഴു പതിറ്റാണ്ടു കാലമായി ലിബറൽ ജനാധിപത്യ വാദികളും ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളും അടക്കമുള്ള മതനിരപേക്ഷ ജനാധിപത്യ, രാഷ്ട്രീയക്കാർ സംഘ്പരിവാറിനെതിരെ നടത്തിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയാശയ പ്രചാരണങ്ങൾ മുഴുവൻ നിഷ്ഫലമായിപ്പോയി എന്നാണ്; മറ്റൊരു രീതിയിൽ പറഞ്ഞാൽ മതനിരപേക്ഷതയേയും ജനാധിപത്യത്തേയും കുറിച്ചുള്ള പുരോഗമനപരവും യുക്തിഭദ്രവുമായ ആശയങ്ങൾ ഒന്നും ബഹുഭൂരിപക്ഷംവരുന്ന ഇന്ത്യൻ ഗ്രാമീണ ജനജീവിതത്തെ സ്പർശിക്കാതെ പോയി എന്നാണ്. അതെ സമയം ദീർഘകാലത്തെ ഭരണവർഗ്ഗ ചൂഷണങ്ങൾക്ക് കീഴ്പ്പെട്ട് സ്വാതന്ത്ര്യത്തെ കുറിച്ചുള്ള സ്വപ്നങ്ങൾ തന്നെ ഇല്ലാതായി ആത്മഹത്യയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഗ്രാമീണ ദരിദ്ര-കർഷക ജനജീവിതത്തിലേക്ക് സംഘപരിവാറിന്റെ മതവൈകാരിക രാഷ്ട്രീയം വേഗത്തിൽ പടർന്നു കയറാൻ തുടങ്ങുകയും ചെയ്തു.

അതിനാൽ ഇന്ത്യൻ ജനജീവിതത്തെ പിടികൂടിയിരിക്കുന്ന ഈ രാഷ്ട്രീയ രോഗാതുരതയിൽനിന്നും അഥവാ പാരതന്ത്ര്യത്തിന്റെ രാഷ്ട്രീയത്തിൽ നിന്നും അതിനെ മോചിപ്പിക്കുന്നതിനുള്ള ഫലപ്രദമായ പുതിയ മാർഗ്ഗങ്ങൾ നമുക്ക് പരീക്ഷിക്കേണ്ടിയിരിക്കുന്നു. ഈ വിധമൊരു പുതിയ പരീക്ഷണത്തിന്റെ ഘട്ടത്തിൽ നമുക്ക് വേണ്ടത് സ്വാതന്ത്ര്യം എന്ന മനുഷ്യാനുഭവത്തെ കുറിച്ചുള്ള ചില തിരിച്ചറിവുകളാണ്. സ്വാതന്ത്ര്യം ഒരു ജനതയെ സംബന്ധിച്ചിടത്തോളം അമൂർത്തവും യുക്ത്യധിഷ്ഠിതവുമായ ഒരാശയത്തിൽ ഒതുങ്ങിനിൽക്കുന്ന ഒന്നല്ല.

സ്വാതന്ത്ര്യത്തെ കുറിച്ചുള്ള പാശ്ചാത്യ തത്വചിന്തകളിലെ നിർവ്വചനങ്ങളിൽ ഏറ്റവും പ്രസിദ്ധമായത് ഹെഗലിന്റെ നിർവ്വചനമാണ്. 'അനിവാര്യത' (Necessity) യുടെ അംഗീകരണമാണ് സ്വാതന്ത്ര്യം എന്ന ഹെഗലിന്റെ നിർവ്വചനം സ്വാതന്ത്ര്യത്തെ അമൂർത്തമായ യുക്തിയുടെ തലത്തിലേക്ക് ഒതുക്കി നിർത്തുന്നതിന് കാരണമായിട്ടുണ്ട്. മാറ്റമില്ലാത്ത അഥവാ മാറ്റാനാവാത്ത പ്രകൃതിയുടെ പ്രവർത്തനങ്ങളാണ് അനിവാര്യതകൾ. ഈ അനിവാര്യതകളെ അംഗീകരിച്ചുകൊണ്ട് അവയിൽ ബോധപൂർവ്വം കടന്നു പ്രവർത്തിക്കുന്നതിലൂടെയാണ് മനുഷ്യൻ പ്രകൃതിയുടെ അനിവാര്യതകളെ സ്വാതന്ത്ര്യമാക്കി മാറ്റിയത്. അതുകൊണ്ടാണ് മറ്റു ജീവജാലങ്ങളെല്ലാം പ്രകൃതിയുടെ അനിവാര്യതകൾക്കു കീഴ്പ്പെട്ടു ജീവിക്കുമ്പോൾ മനുഷ്യൻ ആകാശത്തിൽ പക്ഷിയെപ്പോലെ പറക്കാനും സമുദ്രത്തിൽ മത്സ്യത്തെപ്പോലെ സഞ്ചരിക്കാനും സ്വാതന്ത്ര്യമുള്ള ഒരു ജീവിയായി മാറിയത്. മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി അറിവിലൂടെയും പ്രയോഗത്തിലൂടെയും മനുഷ്യൻ പ്രകൃതിയിൽ ആർജ്ജിക്കുന്ന അധികസിദ്ധികളെയാണ് ഈ നിർവ്വചന പ്രകാരം സ്വാതന്ത്ര്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

എന്നാൽ യുക്തിയുടേയും ശാസ്ത്രത്തിന്റെയും മണ്ഡലങ്ങളിൽ മനുഷ്യർ പ്രകൃതിക്കുമേൽ ആർജ്ജിക്കുന്ന വിജയങ്ങൾ എന്നതിനുപരി മനുഷ്യരുടെ ജീവിതാധികാരത്തിന്റെ ശക്തികളുമായി ബന്ധിപ്പിച്ച സ്വാതന്ത്ര്യത്തെ വിലയിരുത്താൻ ഈ നിർവ്വചനത്തിന് കഴിയാതെ പോയി. മനുഷ്യനേയും പ്രകൃതിയേയും വ്യക്തിയേയും സമൂഹത്തേയും യുക്തിയേയും ഭാവനയേയും ചിന്തയേയും വികാരത്തേയും വിപരീതങ്ങളാക്കി തീർക്കുന്ന പാശ്ചാത്യ മുഖ്യധാരാ ആധുനികതയുടെ പരിമിതികളിൽ കുടുങ്ങിക്കിടക്കുന്ന ഒരു സ്വാതന്ത്ര്യ നിർവ്വചനമാണിത്. ഇന്നും നമ്മുടെ അന്വേഷണങ്ങൾക്ക് പാശ്ചാത്യ ആധുനികതയുടെ, ബാഹ്യപ്രകൃതിയേയും മനുഷ്യ പ്രകൃതിയേയും വിപരീതങ്ങളായി കരുതുന്ന ദ്വൈതസങ്കൽപ്പത്തിൽനിന്നും പുറത്തുകടക്കാൻ ആയിട്ടില്ല. അതിനാൽ വ്യക്തിയെന്ന നിലയിലും സമൂഹമെന്ന നിലയിലും ഉള്ള മനുഷ്യരുടെ ജീവിത സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഒരു സ്വാതന്ത്ര്യാന്വേഷണത്തിലേക്ക് മറ്റൊരു വിചാര മാതൃകയിലൂടെ നമുക്ക് കടന്നുചെല്ലേണ്ടിയിരിക്കുന്നു.

അതിന് ഇന്ന് ലോകം ഉറ്റുനോക്കുന്നത് ഹെഗലിനും ഒരു നൂറ്റാണ്ടുമുമ്പ് മനുഷ്യരുടെ ജീവിതാനുഭവമെന്ന നിലയിൽ സ്വാതന്ത്ര്യത്തെ സമീപിച്ച സ്പിനോസയുടെ ചിന്തയിലേക്കാണ്. പാശ്ചാത്യ മുഖ്യധാരാ ആധുനികതയുടെ ബദൽ ധാരയുടെ വക്താവ് ആയാണ് ഇന്ന് സ്പിനോസ അറിയപ്പെടുന്നത്. പ്രകൃതിക്കും മനുഷ്യനും ഇടയിൽ ശരീരത്തിനും മനസ്സിനും ഇടയിൽ വ്യക്തിക്കും സമൂഹത്തിനും ഇടയിൽ യുക്തിക്കും വികാരത്തിനും ഇടയിൽ ആധുനിക പാശ്ചാത്യചിന്ത സൃഷ്ടിച്ച വിടവിനെ ഇല്ലാതാക്കുന്ന ഒരു സമീപനമാണ് സ്പിനോസ കൈക്കൊണ്ടത്.

ഈ സന്ദർഭത്തിൽ എടുത്തുപറയേണ്ടത് മനസ്സിനും ശരീരത്തിനും ഇടയിലും യുക്തിക്കും ഭാവനയ്ക്കും ഇടയിലും ചിന്തയ്ക്കും വികാരത്തിനും ഇടയിലും സൃഷ്ടിക്കപ്പെട്ട വൈപരീത്യത്തെ മറികടക്കാൻ പോന്നവിധം സ്പിനോസ നടത്തിയ ഒരു കണ്ടുപിടുത്തത്തെ കുറിച്ചാണ്. മനുഷ്യശരീരത്തെ ഒരു ജൈവയന്ത്രമായും മനുഷ്യന്റെ മാനസിക ജീവിതവുമായി ബന്ധപ്പെട്ട ചിന്തയെയും ഭാവനയെയും വികാരങ്ങളെയും ഒക്കെ മറ്റൊരു അയഥാർത്ഥ നിഷ്ക്രിയ വ്യാപാരവുമായി വേർതിരിക്കുന്ന ആധുനിക പാശ്ചാത്യചിന്ത മനുഷ്യജീവിതത്തിന്റെ ക്രിയാത്മകമായ ആവിഷ്കാരശക്തികളെ അവഗണിക്കുകയാണ് ചെയ്തത്. മനുഷ്യജീവിതത്തിന്റെ ഈ ആവിഷ്കാരശക്തികളെ വീണ്ടെടുക്കാനുള്ള ശ്രമത്തിലൂടെയാണ് സ്പിനോസ പാശ്ചാത്യ ചിന്തയുടെ ദ്വൈതങ്ങളെ നേരിട്ടത്. ഈ ശ്രമവുമായി ബന്ധപ്പെട്ട് സ്പിനോസ കണ്ടെത്തിയ ഒരു പരികല്പനയാണ് ഭാവശക്തി (Affect) എന്നത്. ഒരു ശരീരം മറ്റു ശരീരങ്ങൾക്കുമേൽ ചെലുത്തുന്ന ശക്തിയുടേയോ മറ്റു ശരീരങ്ങളുടെ സമ്മർദ്ദത്തെ സഹിക്കുന്നതിനുള്ള ഒരു ശരീരത്തിന്റെ ശക്തിയുടേയോ ഏറിയും കുറഞ്ഞുമുള്ള പ്രകൃതി സഹജമായ ആവിഷ്കാരത്തെയാണ് ഭാവശക്തി (Affect) എന്നതുകൊണ്ട് സ്പിനോസ അർത്ഥമാക്കുന്നത്. ഈ ആവിഷ്കാരം മാനസികമെന്നോ ശാരീരികമെന്നോ വേർതിരിക്കാൻ ആവാത്ത ഒരു യാഥാർഥ്യമാണ്.

യുക്തി / ഭാവന, ചിന്ത / വികാരം, എന്നീ വൈപരീത്യ സങ്കൽപ്പങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് അവയ്ക്ക് ആസ്പദമായി പ്രവർത്തിക്കുന്ന ഒന്നാണ് ഈ യാഥാർഥ്യം. വ്യക്തിയുടെ വസ്തുനിഷ്ഠമോ ആത്മനിഷ്ഠമോ ആയ ബോധകേന്ദ്രത്തിൽ ഒതുങ്ങാത്ത ഈ ശക്തി പ്രതിഭാസം ഒരു തീവ്ര യാഥാർഥ്യമാണ് (Intensive Reality). മറ്റു ശരീരങ്ങളോടും ശക്തികളോടും ബന്ധപ്പെട്ട ഒരു ശരീരത്തിന്റെ ക്രിയാത്മകമോ നിഷ്ക്രിയമോ ആയ പ്രവർത്തനത്തിന് ആസ്പദം വ്യക്തി ബോധകേന്ദ്രത്തിൽ ഒതുങ്ങാത്ത ഈ തീവ്രയാഥാർഥ്യമാണ്. മനുഷ്യ വ്യക്തികളെ മറ്റു വ്യക്തികളിലേക്കു സംക്രമിപ്പിക്കുന്നതിനും സുഖ–ദുഃഖങ്ങളിലൂടെ കടത്തിക്കൊണ്ടുപോകുന്നതിനും കാരണമായി വർത്തിക്കുന്നത് ഈ ശാരീരിക ശക്തിയുടെ അഥവാ ഭാവശക്തിയുടെ ഏറ്റക്കുറച്ചിലുകൾ ആണ്.

അനിവാര്യതയുടെ (necessity) അംഗീകരണമാണ് സ്വാതന്ത്ര്യം എന്ന ഹെഗലിലൂടെ പ്രസിദ്ധമായ സ്വാതന്ത്ര്യ നിർവ്വചനം യഥാർത്ഥത്തിൽ സ്റ്റോയിക്കുകൾ അവതരിപ്പിച്ച ഒരു നിർവ്വചനമായിരുന്നു. എന്നാൽ ഹെഗലിന്റെ യുക്തിപരമായ സ്വാതന്ത്ര്യ വ്യാഖ്യാനത്തിൽനിന്ന് വ്യത്യസ്തമായി അനിവാര്യതയുടെ അംഗീകാരമെന്ന ആശയത്തെ സ്പിനോസ മറ്റൊരുതരത്തിലാണ് വികസിപ്പിച്ചത്. ബാഹ്യപ്രകൃതിയുടെ അനിവാര്യതകളെ മനുഷ്യർ അംഗീകരിക്കുന്നതിലൂടെയാണ് സ്വാതന്ത്ര്യം സൃഷ്ടിക്കപ്പെടുന്നതെന്ന സങ്കൽപ്പത്തോട് മനുഷ്യപ്രകൃതിയുടെ അനിവാര്യതകളെ കൂടി സ്പിനോസ കൂട്ടിച്ചേർത്തു. ഇങ്ങനെയാണ് സ്വാതന്ത്ര്യം എന്ന സങ്കൽപ്പത്തെ അപൂർണ്ണമാക്കിത്തീർത്ത മനുഷ്യ / പ്രകൃതി വിരുദ്ധതയെ സ്പിനോസ പരിഹരിച്ചത്.

ഇവിടെയാണ് ഭാവശക്തി (Affect) എന്ന പരികൽപ്പനയുടെ പ്രാധാന്യം. ഇതിലൂടെ ആത്മനിഷ്ഠത / വസ്തുനിഷ്ഠത, വികാരം / വിചാരം എന്നീ ദ്വന്ദങ്ങളിൽ തടഞ്ഞുനിന്ന (ഉദാ: ദക്കാർത്തെ) മനുഷ്യപ്രകൃതിയെ കുറിച്ചുള്ള സങ്കൽപ്പത്തെ സ്പിനോസ മാറ്റിമറിച്ചു. മനുഷ്യന്റെ ആന്തരിക പ്രകൃതിയും ബാഹ്യപ്രകൃതിയും തമ്മിൽ നിലനിന്ന വൈരുദ്ധ്യത്തിന്റെ സ്ഥാനത്ത് ഭാവശക്തിയെന്ന തീവ്ര (Intense) പ്രകൃതി പ്രതിഭാസത്തെ സ്പിനോസ പ്രതിഷ്ഠിച്ചു. വികാരമെന്നോ വിചാരമെന്നോ ഒരു മാനസിക വ്യാപാരത്തെ നിർണ്ണയിക്കുന്നത് ഭാവശക്തി പ്രയോഗത്തിന്റെ ഏറ്റക്കുറച്ചിലുകൾ ആണ് എന്ന് വന്നു. അവിടെ വൈരുദ്ധ്യമില്ല.

ഭാവശക്തിക്ക് ക്രിയാത്മകമോ നിഷ്ക്രിയമോ ആയ നിലകൾ ഉണ്ട്. ബാഹ്യപ്രകൃതിയുടെയോ സമൂഹപ്രകൃതിയുടെയോ വ്യക്തിപ്രകൃതിയുടെയോ അനിവാര്യതകളെ ക്രിയാത്മകവും സർഗ്ഗാത്മകവുമായി ഭാവശക്തികൾ അംഗീകരിക്കുന്നതിലൂടെയാണ് മനുഷ്യർ ജീവിതത്തിൽ സ്വതന്ത്രരായി തീരുന്നത്. ഇതരശക്തികൾക്കുമേൽ ക്രിയാത്മകമായി പ്രയത്നിക്കാൻ ആവാതെ അവക്ക് കീഴ്പ്പെട്ടു നിൽക്കുന്ന ഭാവശക്തികളുടെ നിഷ്ക്രിയാവസ്ഥയാണ് പാരതന്ത്ര്യം. അങ്ങനെ ഭാവശക്തികളുടെ ക്രിയാത്മകതയും സർഗ്ഗാത്മകതയും മനുഷ്യരെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുമ്പോൾ നിഷ്ക്രിയത വൈകാരികമായ അടിമത്തത്തിലേക്കാണ് തള്ളിവീഴ്ത്തുന്നത്. ഈ വിധം വീണു പോകുന്ന ഒരു ജനതയാണ് സ്വയം അടിമത്തത്തെ ഇച്ഛിക്കുന്നതിലൂടെ ഫാസിസ്റ്റ രാഷ്ട്രീയത്തിന്റെ ഇരയായി തീരുന്നത്.

ഈ അവസ്ഥയിൽ നിന്ന് ഒരു ജനതയെ കരകയറ്റുന്നതിന് പഴയ ദ്വന്ദ വൈപരീത്യങ്ങളിൽ നിന്ന് മുക്തമായ പുതിയ ബദൽ മാഗ്ഗങ്ങൾ (alternatives) തുറക്കേണ്ടിയിരിക്കുന്നു. യുക്തിവിചാരത്തിന്റെ തലത്തിൽ മാത്രമൊതുങ്ങുന്ന, ജനാധിപത്യത്തേയും മതനിരപേക്ഷതയേയും കുറിച്ചുള്ള സെമിനാറുകൾക്കോ മേളകൾക്കോ ബോധവത്ക്കരണ പ്രഭാഷണങ്ങൾക്കോ ഒന്നും ഈ പുതിയ ബദൽ മാഗ്ഗങ്ങൾ തുറക്കുന്നതിൽ കാര്യമായി ഒന്നും ചെയ്യാനാവില്ല. അവയ്ക്കൊന്നും ഒരു ജനതയുടെ നിലനില്പിന്റെ ഘടനയെ മൗലികമായി സ്പർശിക്കാൻ ആവില്ല എന്നതാണ് അതിനുകാരണം. ഏഴ് പതിറ്റാണ്ടു കാലമായി സംഘ്പരിവാറിനെതിരെ ബുദ്ധിജീവികൾ നടത്തിക്കൊണ്ടിരിക്കുന്ന അമൂർത്താശയ പ്രചാരണത്തിന്റെ ഫലം തന്നെ ഇതിനു തെളിവാണ്. ഒരു ജനതയുടെ പതിച്ചുപോയ ഭാവശക്തികളെ ക്രിയാത്മകതയിലേക്ക് ഉയർത്തണമെങ്കിൽ അവരുടെ കർത്തൃത്വ ഘടന (Dispositif) തന്നെ പരിവർത്തിപ്പിക്കേണ്ടിയിരിക്കുന്നു. അതിനാൽ ആശയവൈപരീത്യത്തിന്റെ മാഗ്ഗങ്ങൾ ഉപേക്ഷിച്ച് പുതിയ കർത്തൃത്വ ഘടനകളുടെ അതീന്ദ്രിയമെങ്കിലും യഥാർത്ഥമായ പുനർനിർമ്മിതിയിൽ നമുക്ക് ഏർപ്പെടേണ്ടിയിരിക്കുന്നു.

ഇത്തരമൊരു ദൗത്യത്തിൽ സർഗ്ഗാത്മകവും ജനകീയവുമായ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തനത്തിനെന്ന പോലെ കലയ്ക്കും സാഹിത്യത്തിനുമുള്ള സ്ഥാനം അങ്ങേയറ്റം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. കലാസൃഷ്ടികളും സാഹിത്യ സൃഷ്ടികളും മനുഷ്യ ജീവിതത്തിൽ പുതിയ ഭാവശക്തികളെ സൃഷ്ടിക്കുന്ന സാർഗ്ഗാത്മക യന്ത്രങ്ങൾ ആണ്. കലയും സാഹിത്യവും മനുഷ്യജീവിതത്തിന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള മുന്നേറ്റത്തിന് അനിവാര്യമായ അതീന്ദ്രിയ തീവ്ര ശക്തികളുടെ സമരമുഖമാണെന്ന് ഇന്ന് പറയേണ്ടിവരുന്നത് അതുകൊണ്ടാണ്.

പൊറുതിയും പൊറുതികേടും

—ടി. വി. മധു

സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കണം. എങ്ങിനെ തുടങ്ങും? തുടങ്ങാൻപല വഴികളുണ്ട്. തുടങ്ങാതിരിക്കുകയും ചെയ്യാം. എഴുതിത്തുടങ്ങിയാലും പ്രശ്നങ്ങൾ തീരുന്നില്ല. എഴുത്ത് തുടരുന്നത് പല സാധ്യതകൾക്കിടയിലൂടെയാണ്. ഒരു വിരാമചിഹ്നം കൊണ്ട് ഏതു നിമിഷവും ഇത് അവസാനിപ്പിക്കാം. അങ്ങനെയൊരു മറുസാധ്യതയെ ഒഴിവാക്കിക്കൊണ്ടാണ് എഴുത്ത് തുടരുന്നത്. മറ്റൊരു വഴി ഉപേക്ഷിച്ചുകൊണ്ട് ഒരു വഴി തിരഞ്ഞെടുക്കുമ്പോൾ അവിടെ സ്വാതന്ത്ര്യമുണ്ട്; ആ തിരഞ്ഞെടുപ്പ് സ്വേഛാ പ്രേരിതമാണെങ്കിൽ. എനിക്ക് ഈ എഴുത്ത് തുടരാം, നിർത്താം. ഈ ജോലി തുടരാം, ഉപേക്ഷിക്കാം. ഒരു പദവിയിൽ തുടരാം, വിരമിക്കാം. ഈ ജീവിതം തന്നെ ഉപേക്ഷിക്കാം, ആത്മഹത്യ ചെയ്യാം. എന്നെത്തന്നെ വേണ്ടെന്ന്വയ്ക്കാവുന്ന അളവിൽ ഞാൻ സ്വതന്ത്രനാണ് എന്നർത്ഥം. സ്വതന്ത്രരാവാൻ വിധിക്കപ്പെട്ട, അല്ലെങ്കിൽ ശപിക്കപ്പെട്ട ജീവികളാണ് മനുഷ്യർ എന്ന് സാർത്ര് പറയും. മനുഷ്യജീവികളുടെ ഉണ്മയെ സംബന്ധിച്ചുള്ള തത്വചിന്താപരമായ വിശകലനങ്ങളുടെ പശ്ചാത്തലത്തിലാണ് സാർത്ര് ഇങ്ങനെ പറഞ്ഞത്. അതിന്റെ ഭവശാസ്ത്രപരമായ (ontological) വിവക്ഷകളിലേക്ക് ഇവിടെ കടക്കുന്നില്ല.

എഴുത്തിന്റെ കാര്യത്തിലേക്ക് വരാം. ഏതു നിമിഷവും ഉപേക്ഷിക്കാം എന്ന മറുസാധ്യതയെ ഒഴിവാക്കിക്കൊണ്ടാണ് ഈ കുറിപ്പ് എഴുതാനിരിക്കുന്നതെങ്കിൽ എന്റെ ഈ ഇരുപ്പിൽ ഒരു പൊറുതികേടുണ്ട്. ചെയ്യുന്ന പ്രവർത്തിയിൽ ഞാൻ സ്വസ്ഥനല്ല. ഈ അസ്വാസ്ഥ്യം തന്നെയാണ് സ്വാതന്ത്ര്യം. ഒരു കസേര അതിന്റെ 'ഇരുപ്പിൽ' നൽകപ്പെട്ട അവസ്ഥയിൽ 'സ്വസ്ഥ'മാണ്. ഞാൻ അങ്ങനെയല്ല. തുടരണോ വേണ്ടയോ എന്ന ആശങ്കയിൽ കലുഷിതമാണ് എന്റെ ഈ ഇരുപ്പ്. ആശങ്കാകുലമായ ഇരുപ്പിന്റെ നിതാന്തമായ അസ്വാസ്ഥ്യം തന്നെയാണ് എന്റെ ജീവിതം. ഇങ്ങനെയാണെങ്കിൽ സ്വാതന്ത്ര്യത്തിന് മറുപുറമുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്? സ്വാതന്ത്ര്യത്തെ എനിക്ക് ഉപേക്ഷിക്കുവാനാകുമോ? സ്വമനസാലെ അങ്ങനെ ചെയ്യാൻ തീരുമാനിക്കുമ്പോൾ അപ്പോഴും ഞാൻ സ്വതന്ത്രനാണ് എന്നതാണ് അതിലെ വൈപരീത്യം. ബഷീറിന്റെ മതിലുകൾ എന്ന നോവലിലെ കഥാപാത്രത്തെപ്പോലെ 'വൈ ഷുഡ് ഐ ബി ഫ്രീ?' എന്നൊരാൾ ചോദിക്കുമ്പോൾ അയാൾ സ്വതന്ത്രനാണ്. സ്വേച്ഛാപ്രേരിതമായ എനിക്ക് സ്വാതന്ത്ര്യം വേണ്ട എന്നൊരാൾ തീരുമാനിക്കുമ്പോൾ സ്വതന്ത്രയാവുക എന്ന മറുസാധ്യതയെ ഒഴിവാക്കിക്കൊണ്ടാണ് അയാൾ അത് ചെയ്യുന്നത്. സ്വാതന്ത്ര്യം വേണ്ട എന്ന് തീരുമാനിക്കുന്നതിലും സ്വാതന്ത്ര്യമാണ് ഉള്ളതെങ്കിൽ ഒരാൾക്ക് എങ്ങനെ അസ്വതന്ത്രയാവാൻ പറ്റും?

നിങ്ങൾ സഞ്ചരിക്കുന്ന വഴിയിൽ മറികടക്കാനാവാത്ത വിധം ഭീകരമായ മതിലുണ്ടെന്ന് കരുതുക. നിങ്ങൾ മതിലുകളാൽ ചുറ്റപ്പെട്ട് നിൽക്കുന്നു എന്ന് കരുതുക. ഇങ്ങനെയാണ് നിങ്ങളുടെ ലോക ജീവിതമെങ്കിൽ നിങ്ങൾ സ്വതന്ത്രയാണോ....? സാമാന്യമായ അർത്ഥത്തിൽ അല്ല എന്നാണ് ഉത്തരം. എന്നാൽ ഈ സ്ഥിതി വിശേഷത്തെ തെല്ലൊന്ന് വിശകലനം ചെയ്തു നോക്കുക. മറികടക്കുക അസാധ്യമെങ്കിൽ മതിൽ നിങ്ങളുടെ സഞ്ചാരസ്വാതന്ത്രത്തിന് പ്രതിബന്ധമാണ്. എന്നാൽ മറികടക്കാനാവാത്ത പ്രതിബന്ധം എന്ന അർത്ഥം മതിലിനു കൈവരുന്നത് നിങ്ങൾ അടിസ്ഥാനപരമായി സ്വതന്ത്രയാകുന്നതു കൊണ്ടാണെന്ന് വന്നുകൂടെ? സാങ്കല്പികമായി നോക്കിയാൽ മതിൽക്കെട്ടിനകത്തെ ഒരു മരത്തെ 'സംബന്ധിച്ചിടത്തോളം' മതിലിന് അത്തരമൊരു അർത്ഥമില്ല. മറികടക്കുക എന്ന സാധ്യതയെ മുൻകൂറായിത്തന്നെ ഉൾക്കൊള്ളുന്ന ജീവിക്കു മാത്രമേ മതിൽ പ്രതിബന്ധമാകുന്നുള്ളൂ. സ്വാതന്ത്ര്യമാണ് മതിലിനെ പ്രതിബന്ധമാക്കുന്നത്. മറിച്ചല്ല. ഈ നിലപാട് താർക്കികമായി എത്രത്തോളം ഭദ്രമാണ് എന്ന കാര്യമോ പ്രത്യയശാസ്ത്രപരമായി എത്രത്തോളം സ്വീകാര്യമാണ് എന്ന കാര്യമോ ഈ കുറിപ്പിൽ പരിശോധിക്കുന്നില്ല. ഒരു ആശയം എന്ന നിലയിൽ സ്വാതന്ത്ര്യം എന്നത് എത്രത്തോളം സങ്കീർണ്ണമാണ് എന്ന് വ്യക്തമാക്കാനാണ് ഇത്രയും പറഞ്ഞത്. രാഷ്ട്രീയമായ നിലയിൽ പരിശോധിക്കുമ്പോൾ സ്വതന്ത്രമാവുക എന്നാൽ ഒരാൾക്ക് സ്വന്തം ആഭ്യന്തരശേഷികളുടെ പരിധിക്കകത്തു നിന്നുകൊണ്ട് സ്വമേധയാ പ്രവർത്തിക്കാനാവുക എന്നാണ്. ഇവിടെ ലിബർട്ടി (Liberty) എന്ന പദമാണ് യോജിക്കുക. ലിബറൽ ജനാധിപത്യത്തിന്റെയും ആധുനികമായ സാമൂഹിക രാഷ്ട്രീയ സംവിധാനങ്ങളുടെയും കാലഘട്ടത്തിൽ സംഭവിച്ചത് സ്വാതന്ത്ര്യം എന്നത് ഒരു അവകാശ പ്രശ്നമായി മാറി എന്നതാണ്. സ്വാതന്ത്ര്യം മനുഷ്യജീവിയുടെ ജന്മാവകാശമായി മാറി. അഥവാ, നിയമപരമായ പരിരക്ഷയുള്ള അവകാശമായി സ്വാതന്ത്ര്യം എന്ന 'അസ്വാസ്ഥ്യ'മാറി. ഉടലുകളിൽ അവകാശങ്ങളുടെ ഉടുപ്പുണ്ട്, തുടക്കം മുതലേ. ഉടലിൽ ജന്മനാൽ ഇഴകിച്ചേർന്ന ഉടുപ്പെന്ന മട്ടിൽ നാം അത് ധരിക്കുന്നു. അതിനുള്ളിൽ ശിക്ഷിതമായ വഴക്കങ്ങളിൽ വാർത്തെടുക്കപ്പെട്ട ഉടലുകളായി വ്യക്തിയും പൗരനുമൊക്കെ രൂപപ്പെട്ടു. സ്വാതന്ത്ര്യം നമ്മുടെ ജന്മാവകാശമാണ് എന്നു പറയുമ്പോൾ ജനനം കൊണ്ടുതന്നെ നമ്മൾ സ്വതന്ത്രരാണ് എന്നാണല്ലോ. ഇവിടെ ജനനം എന്നത് പ്രാകൃതികമായോ ജൈവശാസ്ത്രപരമായോ ആയ സംഭവമല്ല, മറിച്ച് രാഷ്ട്രീയമായ സംഭവമാണ്.

അരിസ്റ്റോട്ടിലിന്റെ പഴയ വിശേഷണത്തെ പുതിയ മട്ടിൽ ഉപയോഗിച്ചാൽ, ഒരു രാഷ്ട്രീയ മൃഗത്തിന്റെ ജനനത്തെയാണ് അത് അടയാളപ്പെടുത്തുന്നത്. ചുരുക്കത്തിൽ, ഒരു ജൈവശരീരത്തിൽ സ്വാതന്ത്ര്യത്തെ ആലേഖനം ചെയ്യുകയല്ല മനുഷ്യാവകാശ പ്രഖ്യാപനങ്ങൾ ചെയ്തത്. മറിച്ച് സ്വാതന്ത്ര്യത്തിനുള്ള അവകാശത്തെ ജന്മനാൽ തന്നെ ഉൾക്കൊള്ളുന്ന ഒന്ന് എന്ന മട്ടിൽ രാഷ്ട്രീയമായി അന്തർ രേഖിതമായ ശരീരത്തെ നിർമ്മിച്ചെടുക്കുകയാണ്. ആധുനിക സമൂഹങ്ങളുടെ ചരിത്രം രാഷ്ട്രീയമായ ശരീര നിർമ്മിതിയുടെ അതിസൂക്ഷ്മ ബലതന്ത്രങ്ങളുടെ ചരിത്രം കൂടിയാണെന്ന് പല ചിന്തകരും പറയും.

ദേശരാഷ്ട്രങ്ങളുടെയും ജനായത്ത ഭരണക്രമങ്ങളുടെയും സംരക്ഷിത മേഖലകളിൽ മേയുന്ന പൗരൻമാരൊക്കെ സ്വതന്ത്രശരീരികളാണ്. മനുഷ്യാവകാശം ഇവിടെ പൌരാവകാശം തന്നെ. അവകാശങ്ങൾ അന്തർലീനമായി നില്ക്കുന്ന പൗര ശരീരത്തെ നിർമ്മിച്ചെടുത്തുകൊണ്ടാണ് ഇവിടങ്ങളിൽ അധികാരം പ്രയുക്തമാകുന്നത്. ഈ പൗരശരീര നിർമ്മിതിക്ക് ചില അനിവാര്യമായ ഉപാധികളുണ്ട്. ഏതു നിമിഷവും അവ റദ്ദാക്കപ്പെടാം. റദ്ദാക്കപ്പെടാനുള്ള സാധ്യതയെ മുൻകൂറായി ഉൾക്കൊണ്ടുകൊണ്ടാണ് പൗരശരീരങ്ങൾ നിർമ്മിതമാകുന്നത്. വ്യക്തി എന്ന നിലയിൽ നിങ്ങൾക്ക് സ്വാതന്ത്ര്യത്തിനുള്ള അവകാശമുണ്ട്; എന്നാൽ തടവിലടയ്ക്കപ്പെടുമ്പോൾ വലിയൊരളവിൽ അത് റദ്ദാക്കപ്പെടും. നിങ്ങൾക്ക് ജീവിക്കുവാനുള്ള അവകാശമുണ്ട്. എന്നാൽ വധശിക്ഷ നടപ്പാക്കും മുൻപ് അത് സ്വാഭാവികമായും റദ്ദാക്കപ്പെടും. നിങ്ങൾക്ക് സ്വകാര്യതയ്ക്കുള്ള അവകാശമുണ്ട്, എന്നാൽ സുരക്ഷാകാരണങ്ങളാൽ അത് റദ്ദാക്കപ്പെടാം. നാസി കാലഘട്ടത്തിൽ കൂട്ടക്കൊലയ്ക്ക് വിധേയമാക്കുന്നതിനു മുൻപ് ജൂത ശരീരങ്ങളിൽ നിന്ന് ജർമ്മൻ പൗരത്വത്തിന്റെ ഉടയാടകൾ അഴിച്ചുമാറ്റമായിരുന്നു. ഇങ്ങനെ ഉടുപ്പുകൾ അഴിച്ചുമാറ്റിയാൽ ഏതു ശരീരവും വെറും ശരീരമാണ്. അതിനെ എന്തും ചെയ്യാം. പൗരശരീരത്തെ രാഷ്ട്രീയമായി നിർമ്മിച്ചെടുക്കുന്ന നടപടികൾ അതിനെ ഒരു 'വെറും ശരീര'മാക്കി മാറ്റാനുള്ള സാധ്യതയെക്കൂടി മുൻകൂറായി ഉൾക്കൊള്ളുന്നുണ്ട്. സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന അതേ ഉദാരതയുടെ പേരിൽ തന്നെ അത് നിഷേധിക്കാൻ ആധുനിക ലിബറൽ ജനായത്ത ഭരണക്രമങ്ങൾക്കാവുന്നതും ഇതുകൊണ്ടാണ്.

ഇന്ന് വ്യക്തിയുടെ സ്വാതന്ത്ര്യസഞ്ചാരത്തിന്റെ വഴികളിലെല്ലാം 'നിങ്ങൾ നിരീക്ഷണത്തിലാണ്' എന്ന മുന്നറിയിപ്പുണ്ട്. സാതന്ത്ര്യത്തിന്റെ രാഷ്ട്രീയ പ്രയോഗവ്യവഹാരത്തിനുള്ളിലെ വൈരുധ്യത്തെക്കൂടി സൂചിപ്പിക്കുന്നുണ്ട്, ഈ മുന്നറിയിപ്പ്.

നിരീക്ഷണത്തിന്റെ ജൈവ രാഷ്ട്രീയ സങ്കേതിക വിദ്യകൾ ശരീരത്തിലേക്കും അവയവങ്ങളിലേക്കും ഉള്ളറകളിലേക്കുമെല്ലാം കടന്നു ചെല്ലുന്നു. ശരീര ചലനങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ഭരണകൂടത്തിനു ലഭ്യമാക്കാൻ വ്യക്തികൾ ബാധ്യസ്ഥരാവുന്നു. ഓരോ വഴിയും അകത്തേയും പുറത്തേയും തമ്മിൽ അവ്യക്തമായി വേർതിരിക്കുന്ന അതിലോലമായ അതിർവരമ്പുകളായി മാറുന്നു. ഒരു നോട്ടക്കുറവുകൊണ്ട്, നിലനില്പിനേറ്റ രേഖകൾ ഒപ്പിയെടുക്കാനുള്ള മിടുക്കില്ലായ്മകൊണ്ട്, പിടിച്ചു നില്ക്കാനുള്ള ബലക്കുറവുകൊണ്ട്, ഏതു ശരീരവും പുറത്താക്കപ്പെടാം. അവകാശങ്ങൾ അഴിച്ചുമാറ്റപ്പെട്ട വെറും ശരീരങ്ങളായി അവ ആട്ടിയോടിക്കപെടാം. കടിയിറക്കപ്പെടാം, കൂട്ടക്കൊല ചെയ്യപ്പെടാം. ക്ഷണനേരം കൊണ്ട് അഭയാർത്ഥികളോ നുഴഞ്ഞുകയറ്റക്കാരോ ഭീകരവാദികളോ ദേശവിരുദ്ധരോ ഒക്കെയായി മാറാം ഏത് സ്വതന്ത്രശരീരിയും. സാർത്രിന്റെ മുൻപ് സൂചിപ്പിച്ച പ്രസ്താവത്തിലെ ധ്വനിയെ നിഷേധാത്മകമായ അർത്ഥത്തിലെടുത്താൽ സ്വതന്ത്രരാവാൻ ശപിക്കപ്പെട്ട ജീവികളാണോ ആധുനിക മനുഷ്യ ജീവികൾ?

ഹിറ്റ്ലറുടെ ആദ്യ ഫോട്ടോ

—വിസ്ലാവാ സിംബോർസ്കാ

അല്ല, കുഞ്ഞുടുപ്പിട്ട ഈ കൊച്ചു മിടുക്കനാരാണ്?
ഇവനാണ് കുഞ്ഞുഡോൾഫി;
ഹിറ്റ്ലർ ദമ്പതികളുടെ പൊന്നുമോൻ.
ഇവൻ വളർന്നുവലുതാകുമ്പോൾ
നിയമപണ്ഡിതനായിത്തീരുമോ
അതോ വിയന്ന ഓപ്പെറാ ഹൗസിലെ
പ്രധാനപാട്ടുകാരനായിത്തീരുമോ?
ആരുടെ കുഞ്ഞിക്കയ്യാണിത്?
ആരുടേതാണീ കുഞ്ഞിക്കണ്ണ്,
കുഞ്ഞിച്ചെവി, കുഞ്ഞിമൂക്ക്?
ആരുടേതാണ് പാലുകുടിച്ചു നിറഞ്ഞ
ഈ ഉണ്ണിവയറ്?
നമുക്കിപ്പോൾ ഒന്നും അറിഞ്ഞുകൂടാ.

പ്രിന്ററുടെയോ, ഡോക്ടറുടെയോ,
വ്യാപാരിയുടെയോ, പുരോഹിതന്റെയോ?
എവിടേയ്ക്കാണ് ഈ ഉണ്ണിക്കാലുകൾ
ഒടുക്കം നടന്നു ചെല്ലുക,
പുന്തോട്ടത്തിലേയ്ക്കോ, സ്കൂളിലേയ്ക്കോ,
ഓഫിസിലേയ്ക്കോ
അതോ കല്യാണമണ്ഡപത്തിലേയ്ക്കോ,
മേയറുടെ മോളെക്കെട്ടാൻ?

അനമ്പോറ്റിവാവ, അമ്മയുടെ
പുന്നാരമോൻ, തേൻകുടം.
ഒരു കൊല്ലം മുമ്പ് ഇവൻ ജനിച്ചപ്പോൾ
ആകാശത്തും ഭൂമിയിലും ശകുനങ്ങൾക്ക്
ഒരു കുറവുമില്ലായിരുന്നു; വസന്തകാല സൂര്യൻ,
ജനാലയ്ക്കൽ പാടലപുഷ്പങ്ങൾ,
മുറ്റത്ത് ഒരു തെരുപ്പാട്ടുകാരന്റെ
സംഗീതം, ഭാഗ്യ യന്ത്രങ്ങൾ.

പ്രസവത്തിന്നു തൊട്ടുമുമ്പ്
അവന്റെ അമ്മ കണ്ട
പ്രവചനാത്മകമായ സ്വപ്നം.
സ്വപ്നത്തിൽ പ്രാവിനെക്കണ്ടാൽ
ശുഭവാർത്തയാണെന്നർത്ഥം.
അതിനെപ്പിടിച്ചാൽ ഏറെക്കാലമായി
കാത്തിരുന്ന അതിഥിയെത്തുമെന്നും.
ടക്, ടക്, ടക്...
ആരാണവിടെ മുട്ടുന്നത്?
ഡോൾഫിയുടെ കുഞ്ഞുഹൃദയം
മിടിയ്ക്കുന്നതാണത്.

കുഞ്ഞിവായിലൊരു നിപ്പിൾ കരച്ചിൽ നിർത്താൻ,
ഡയപ്പർ വെച്ചുകെട്ട്,
കിലുക്കണ്ടം, കഴുത്തിലൊരു ബിബ്ബ്;
ഈശ്വരാ! നമ്മുടെ ചുന്തരക്കുട്ടന്ന്
കണ്ണുതട്ടല്ലേ! അവൻ നന്നായിരിയ്ക്കുന്നു.

കണ്ടാൽ അവന്റെ
അച്ഛനമ്മമാരെപ്പോലെത്തന്നെ.
കൂടയ്ക്കകത്തുകിടക്കുന്ന പൂച്ചക്കുട്ടിയെപ്പോലെ,
മറ്റേതു കുടുംബ ആൽബത്തിലെയും
കൊച്ചുകിടാങ്ങളെപ്പോലെ.
ശ് ശ് ശ്... കരയല്ലേടാ ചക്കരേ!
ആ കറുത്ത തുണിയുടെ
അടിയിലെ ക്യാമറ ഇപ്പോൾ മോന്റെ പടമെടുക്കും

ക്ലിങ്ങർ സ്റ്റുഡിയോ,
ഗ്രാബെൻസ്ത്രാസ്സ്, ബ്രാവ്നോ.
ബ്രാവ്നോ ചെറുതെങ്കിലും
നല്ല അന്തസ്സുള്ള നഗരമാണ്.
സത്യസന്ധരായ കച്ചവടക്കാർ,
മാന്യരായ അയൽക്കാർ,
പുളിച്ച പൊന്തിയ മാവിന്റെ മണം,
സോപ്പിന്റെ മണം.

ആരും നായ്ക്കളുടെ ഓലിയിടൽ കേൾക്കുന്നില്ല,
വിധിയുടെ കാലൊച്ചകൾ കേൾക്കുന്നില്ല.
ഒരു ചരിത്രാധ്യാപകൻ ഷർട്ടിന്റെ കോളർ അയച്ച്
പിള്ളേരുടെ ഗൃഹപാഠം നോക്കി കോട്ടുവായിടുന്നു.

വിസ്ലാവ സിംബോർസ്ക (1923–2012) ഹിറ്റ്ലറുടെ ആദ്യ ഫോട്ടോയെപ്പറ്റിയാണ് ഈ കവിത. ഭാവിയിലെ ഫ്യൂറർക്ക് അന്ന് ഒരു വയസ്സേ ഉള്ളു. ഫോട്ടോയ്ക്കു താഴെ സ്റ്റുഡിയോയുടെ മേൽവിലാസമുണ്ട്—ജെ. എഫ്. ക്ലിങ്ങർ, ബ്രാവ്നോ, സ്റ്റാറ്റ്ഗ്രാഡെൻ.

ആദ്യചിത്രത്തോടൊപ്പം കുഞ്ഞു പിറന്നതറിയിയ്ക്കുന്ന പത്രവാർത്തയും ചേർക്കുക പതിവാണ്. 1889 മേയ് അഞ്ചിന്ന് ഒരു (പ്രാദേശിക ദിനപത്രത്തിലാണ് അല്ലയ്സ് ഹിറ്റ്ലർക്ക് ഒരു ആൺകുഞ്ഞു പിറന്ന വാർത്ത വന്നത്. എപ്രിൽ 20 ആണ് ഹിറ്റ്ലറുടെ ജനനതീയതി; അതായത് ജനിച്ച് രണ്ടാഴ്ചകഴിഞ്ഞാണ് വാർത്തവന്നത്.

എങ്ങനെയാണ് ഒരു വയസ്സുള്ള ഈ കുഞ്ഞ് അധികാരപ്രമത്തനായ സ്വേച്ഛാധിപതിയായി മാറിയത്? തിന്മയുടെയും ക്രൗര്യത്തിന്റെയും വഴികൾ മുൻകൂട്ടിക്കാണാനാകുമോ?

പരിഭാഷ: ആത്മാരാമൻ

രണ്ട് ചോദ്യങ്ങൾ:

—കെ. എൻ. പണിക്കർ

എ. എം. ഷിനാസ്: ആധുനിക ഇന്ത്യയുടെ ബൗദ്ധിക–സാംസ്കാരിക ചരിത്രമാണ് താങ്കളുടെ സവിശേഷ അവഗാഹ മേഖലകൾ; അക്കൂട്ടത്തിൽ മലബാർ കലാപത്തെക്കുറിച്ചും മറ്റും ശ്രദ്ധേയപഠനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും കഴിഞ്ഞ ഒരു വ്യാഴവട്ടത്തിലേറെയായി താങ്കൾ പ്രാദേശിക ചരിത്ര രചനയുടെ പ്രാധാന്യത്തെപ്പറ്റി പലവട്ടം ഊന്നിപ്പറഞ്ഞിട്ടുണ്ട്. പ്രാദേശിക ചരിത്രം ആഗോളീകരണത്തിനെതിരെയുള്ള ചെറുത്തു നിൽപ്പിന്റെ ഒരു ഉറവിടമാണെന്നും അത് ചരിത്രവിജ്ഞാനത്തിന്റെ ജനാധിപത്യവൽക്കരണത്തിനുള്ള ശക്തമായ ഉപാധിയാണെന്നും ചരിത്രത്തിന്റെ മിതവൽക്കരണത്തിനുള്ള മറുമരുന്നാണെന്നുമൊക്കെയാണ് ഈ ഊന്നലിനു കാരണമായി താങ്കൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ആഗോളീകരണം ലോകമെമ്പാടും 'അപസ്ഥലീകരണ'ത്തിന്[1] Territorialisation—ഒരു നാട്ടുപ്രദേശത്തിന്റെയും ആ പ്രദേശവാസികളുടേയും സാമൂഹിക–രാഷ്ട്രീയ—സാംസ്കാരിക ശീലങ്ങളെയും വഴക്കങ്ങളെയും അതിദ്രുതം തുത്തു കളയുന്ന–വിധേയമാക്കുന്ന ഇക്കാലത്ത് പ്രാദേശിക ചരിത്രജ്ഞാനം കൊണ്ട് ആഗോളീകരണത്തിന്റെ കുത്തൊഴുക്കിനെതിരെ തദ്ദേശിയ സമൂഹങ്ങൾക്ക് പിടിച്ചുനിൽക്കാൻ അത്ര അനായാസം സാധിക്കുമോ?

കെ. എൻ. പണിക്കർ: ആഗോളീകരണത്തിന്റെ മുഖ്യപ്രവണതകളിലൊന്ന് പ്രാദേശികതയെ കൈവശപ്പെടുത്തുകയും അതുവഴി അതിനെ ജഡീകരിക്കുകയും ചെയ്യുകയാണ്. പ്രദേശത്തിനു മേൽ ആഗോളീകരണത്തിന്റെ പ്രഭാവം അതിശക്തമാണ്. എല്ലാ പ്രദേശങ്ങളിലെയും ജനജീവിതം മാറ്റി മറിക്കപ്പെടുന്നു. ആഗോളീകരണത്തിന്റെ ഒരു പ്രധാന പരിണതഫലം പ്രദേശിക സംസ്കൃതികളുടെ നാശമാണ്. അവ പ്രചാരലുപ്തമായിത്തീരുന്നു. അപ്പോൾ ഉയരുന്ന ചോദ്യം പ്രാദേശികസംസ്കാര രൂപങ്ങളെയും വഴക്കങ്ങളെയും ഈ പ്രവണതയിൽനിന്ന് എങ്ങനെ കരകയറ്റി എടുക്കാമെന്നാണ്. പ്രതിരോധം മാത്രമാണ് സാധ്യമായ വഴി. എന്നാൽ ഒരിടത്തും ഭരണവർഗങ്ങളിൽനിന്ന് പ്രതിരോധം ഉയർന്നുവരുന്നില്ല. കാരണം, ഭരണവർഗങ്ങൾ ബഹുരാഷ്ട്ര കുത്തക മൂലധനത്തിന്റെ സഹകാരികളായിതീർന്നിരിക്കുന്നു. പ്രതിരോധം സാധ്യമായ ഏക ഉറവിടം ജനകീയ സംസ്കാരമാണ്. ജനകീയ സംസ്കാരം ആഴ്ന്ന പതിഞ്ഞു കിടക്കുന്ന സ്രോതസ്സാണ് പ്രാദേശിക ചരിത്രം. അതിനാൽ ആഗോളീകരണത്തിനെതിരെയുള്ള ചെറുത്തുനിൽപ്പ് മാറ്റൊലികൊള്ളുന്ന ജ്ഞാനസ്ഥലിയാണ് പ്രാദേശിക ചരിത്രപഠനം. ആഗോളീകരണത്തിന് സർവാത്മനാ അനുകൂലമായി പ്രദേശങ്ങളെ പ്രാന്തവത്കരിക്കുന്നതിനെ തടുക്കാനുള്ള ബൌദ്ധിക വിഭവങ്ങൾ നൽകാൻ ഉറച്ച പ്രാദേശിക ചരിത്രധാരണ ഉപകരിക്കും.

---

1. അപസ്ഥലീകരണവും പുനഃസ്ഥലീകരണവും ഹത്തറിയുടെയും ദെല്യൂസിന്റെയും സങ്കൽപ്പനങ്ങളാണ്.

പ്രാദേശിക ചരിത്രരചന ഒരു ജനാധിപത്യസംരംഭമാണ്. തദ്ദേശീയരുടെ പങ്കാളിത്തം അതിൽ അനിവാര്യമാണ്. പ്രൊഫണൽ ചരിത്രകാരന്മാർ തന്നെയാകണം പ്രാദേശിക ചരിത്രരചന നടത്തേണ്ടതെന്ന് ഞാൻ പറയില്ല. പ്രദേശവാസികൾക്കും അതാവാം. എന്നാൽ അവർക്ക് ചരിത്രരചനയുടെ അടിസ്ഥാന രീതിശാസ്ത്രത്തിൽ പരിശീലനം ലഭിച്ചിരിക്കണം. ചരിത്രരചനയുടെ മൂന്ന് നെടുംതൂണുകൾ, വസ്തുതകൾ, തെളിവുകൾ, സാമാന്യവത്കരണം എന്നിവയത്രെ. എല്ലാ വസ്തുതകളുമാണ് ചരിത്രവസ്തുതകളല്ല. ചരിത്രകാരൻ തിരഞ്ഞെടുക്കുന്നതെന്തോ അതാണ് ചരിത്രവസ്തുത. വസ്തുതകൾ സ്വയം സംസാരിക്കുമെന്നും വസ്തുതകളുടെ ശേഖരണവും സംശോധനവും കഴിഞ്ഞാൽ ചരിത്രകാരന്റെ പണി അവസാനിച്ചുവെന്നുമാണ് സാമാന്യേന ചിലർ വിശ്വസിച്ചുപോരുന്നത്. വസ്തുതകൾ സ്വയം സംസാരിക്കുന്നില്ല. അവയെ സംസാരിപ്പിക്കുന്നത് ചരിത്രകാരനാണ്. ഈ വസ്തുതകളെ സംസാരിപ്പിക്കാനുള്ള വഴി സാമാന്യവത്കരണമാണ്. വസ്തുതകളും അവയെ അടിസ്ഥാനമാക്കിയുള്ള തെളിവുകളുടെയും പിൻബലത്തിലാണ് സാമാന്യവത്കരണം നടത്തേണ്ടത്. സാമാന്യവത്കരണമാണ് ചരിത്രരചനയുടെ ആത്മാവ്. ഇക്കാലത്ത് എഴുതപ്പെടുന്ന മിക്ക പ്രാദേശിക ചരിത്രരചനകളുടെയും പൊതുവായ പോരായ്മ അവയൊന്നും സാമാന്യവത്കരണത്തിലേക്ക് ചെന്നെത്തുന്നില്ല എന്നതാണ്. അതിനാൽ അവയെല്ലാം പ്രാദേശിക വിവരണങ്ങളുടെ സംഗ്രഹം മാത്രമായി തീരുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം പ്രാദേശിക ചരിത്രരചന അടിമുടി വിഷയാന്തരീയ സമീപനം (Inter Disciplinary Approach) ആവശ്യമുള്ള ഒന്നാണെന്നതാണ്.

എ. എം. ഷിനാസ്: ചരിത്രത്തെ മിത്തുവത്കരിക്കുന്നവർക്കുള്ള മറുമരുന്നാണ് പ്രാദേശിക ചരിത്രമെന്ന് താങ്കൾ അഭിപ്രായപ്പെട്ടിട്ടുണ്ടല്ലോ?

കെ. എൻ. പണിക്കർ: ഇന്ന് പൊതുവെ മൂന്നിനം ചരിത്രമുണ്ട്. അക്കാദമിക ചരിത്രം, ജനകീയ ചരിത്രം, ജനപ്രിയമാക്കപ്പെട്ട ചരിത്രം. അക്കാദമിക ചരിത്രം പൊതുജനങ്ങളിലേക്ക് അപൂർവ്വമായാണ് എത്തിച്ചേരുന്നത്. സാമാന്യജനത്തിന്റെ ചരിത്രാവബോധത്തെ കരുപ്പിടിപ്പിക്കുന്നതിൽ അക്കാദമിക ചരിത്രത്തിന് പ്രാന്തസ്ഥാനമായ പങ്ക് മാത്രമേ ഉള്ളൂ. സാമാന്യജനത്തിന്റെ ചരിത്രബോധം ഏറെക്കുറെ ജനകീയ ചരിത്രത്തിന്റെ ഉത്പന്നമാണ്. അത്തരം ചരിത്രങ്ങൾ സാമാന്യജനം അനായാസേന ആന്തരവത്കരിക്കുന്നു. ജനകീയ ചരിത്രത്തിന്റെ പൊതുസ്വഭാവം അതിശയോക്തിയും കാല്പനികതയുമാണ്. ജനകീയ ചരിത്രം ആവിർഭവിക്കുന്നത് സാമൂഹ്യാനുഭവങ്ങളിൽ നിന്നാണ്. അത് തലമുറകളിൽ നിന്ന് തലമുറകളിലേക്ക് വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു.

മൂന്നാമത്തേത്, ജനപ്രിയമാക്കി മാറ്റിയ ചരിത്രം, വളരെ അപകടകരമത്രെ. ജനകീയ ചരിത്രം സമൂഹസൃതികളുടെ സൃഷ്ടിയാണെങ്കിൽ ജനപ്രിയമാക്കപ്പെടുന്ന ചരിത്രം ചില സാമൂഹിക വിഭാഗങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയ–സാമൂഹിക താത്പര്യങ്ങളെ സേവിക്കാൻ വേണ്ടി ജനങ്ങളുടെ ഓർമ്മയിലേക്ക് കരുതിക്കൂട്ടി നിവേശിപ്പിക്കുന്ന ഒന്നാണ്. ഏത് ഇനം വർഗീയചരിത്രവും ഇതിന്റെ ഒന്നാംതരം നിദർശനമത്രെ.

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായമനുസരിച്ച് ഒരു ചരിത്രവിദ്യാർത്ഥിക്ക് സ്വന്തം ഗ്രാമത്തിന്റെയോ സമീപ പ്രദേശങ്ങളുടെയോ ചരിത്രത്തെപ്പറ്റി ഒരു ചുക്കുമറിയില്ലെങ്കിലും ബിരുദം കിട്ടും. മൗര്യ–മുഗൾ ബ്രിട്ടീഷ് ഭരണക്കാലത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അറിവുണ്ടായെന്നു വരാം. അതുമതി ബിരുദസമ്പാദനത്തിന്. സ്വന്തം ഗ്രാമ-പട്ടണ ചരിത്രമോ സമീപ പ്രദേശചരിത്രമോ അവരറിയുന്നില്ല. തൽഫലമായി പ്രതിലോമ രാഷ്ട്രീയ-സാമൂഹിക സ്വരൂപങ്ങൾ പടച്ചുവിടുന്ന ജനപ്രിയമാക്കപ്പെട്ട ചരിത്രം അവർ എളുപ്പം ആന്തരവത്കരിക്കുന്നു. ഈ സാഹചര്യത്തിൽ ശാസ്ത്രീയമായും ജനാധിപത്യപരമായും വീണ്ടെടുക്കപ്പെട്ട പ്രാദേശിക ചരിത്രത്തിന് സുപ്രധാനമായ പങ്കുണ്ട്. ഉദാഹരണത്തിന് വർഗീയതയുടെ കാര്യമെടുക്കാം. അതേപ്പറ്റി ഒരു ചരിത്ര വിദ്യാർത്ഥി അഭിപ്രായ രൂപീകരണം നടത്തുന്നത് ഉത്തരേന്ത്യയിലോ പശ്ചിമേന്ത്യയിലോ എന്ത് നടന്നു എന്നതിന്റെ അടിസ്ഥാനത്തിലാകും; തന്റെ ഗ്രാമത്തിലെയോ പട്ടണത്തിലെയോ അനുഭവം തീർത്തും വ്യത്യസ്തമായിരുന്നാൽതന്നെയും. ഒരു വർഗീയ കലാപവും നടന്നിട്ടില്ലാത്ത താന്താങ്ങളുടെ പ്രദേശത്തിന്റെ അനുഭവം അവരുടെ കണ്ണിൽപ്പെടില്ല. വർഗീയ മനക്കൂട്ടിന്റെ നിർമിതിയെ ചെറുക്കാൻ പ്രാദേശിക ചരിത്ര ഗ്രാഹ്യം അവരെ സഹായിക്കും.

മേൽപ്പറഞ്ഞ കാര്യങ്ങളോളം തന്നെ പ്രധാനമാണ് 2012-ൽ അന്തരിച്ച വിഖ്യാത ബ്രിട്ടീഷ് മാർക്സിയൻ ചരിത്രകാരനായ എറിക് ഹോബ്സ്ബോമിന്റെ ഒരു നിരീക്ഷണം: "പ്രാദേശിക ചരിത്രം തീർച്ചയായും സൂക്ഷ്മചരിത്രംതന്നെയാണ്. എന്നാൽ അത് ബൃഹത്ചരിത്രത്തിന്റെ പശ്ചാത്തലത്തിലാണ് സ്ഥാനനിർണ്ണയം നടത്തേണ്ടത്. സൂക്ഷ്മദർശിനി ഉപയോഗിക്കുന്നു എന്നതിനർത്ഥം ദൂരദർശിനി അപ്രസക്തമാണെന്നല്ല. കുറെയേറെ ചരിത്രകാരന്മാർ ഇപ്പോൾ സൂക്ഷ്മദർശിനി ഉപകാരപ്രദമാണെന്ന് കരുതുന്നു. അപ്പോഴും ദൂരദർശിനി കാലഹരണപ്പെട്ടു എന്ന് അവർ പറയുന്നില്ല".

പ്രഭാകരൻ

ഓയിൽ പേസ്റ്റൽ, പേപ്പർ, 2018.

സ്വാതന്ത്ര്യം, അരിപ്പക്കടലാസ്

—ദാമോദർ പ്രസാദ്

സോവിയറ്റ് തകർച്ചയ്ക്ക് ശേഷമുള്ള മോസ്കോ നഗരത്തിലെ ബ്ലാക്ക് മാർക്കറ്റിൽ മനുഷ്യന്റെ ഏതവയവും വാങ്ങാൻ കിട്ടുന്നതിനെക്കുറിച്ച സ്വെറ്റ്‌ലാന അലെക്സിയേവിച്ച് 'സെക്കന്റ് ഹാൻഡ് ടൈമിൽ' വിവരിക്കുന്നുണ്ട്. കിഡ്നി, ശ്വാസകോശം, കരൾ, കൃഷ്ണമണി, ഹൃദയവാൽവ്, എന്തിന മനുഷ്യന്റെ തൊലിവരെ വിപണനത്തിൽ ഉണ്ടായിരുന്നു. കമ്യൂണിസത്തിന്റെ തകർച്ചയ്ക്ക് ശേഷം റഷ്യയുടെ അധോലോക സമ്പദ്‌വ്യവസ്ഥ അതിന്റെ നിലനില്പിന് ആധാരമാക്കിയ മാഫിയമൂലധനത്തിന്റെ കൈക്കരുത്തിൽ ശക്തമായ ഒരു സമാന്തര സാമൂഹിക ക്രമം സൃഷ്ടിക്കുകയായിരുന്നു. സോവിയറ്റ് റിപ്പബ്ലിക്കിന്റെ പതനത്തോടെ പൂർണമായും ദാരിദ്ര്യവല്ക്കരിക്കപ്പെട്ട തജകിസ്ഥാൻപോലുള്ള ഇടങ്ങളിൽനിന്ന് അനവധി മനുഷ്യർ തൊഴിൽതേടി മോസ്കോവിലെക്ക് കുടിയേറി. ജീർണിച്ചതും ഇടുങ്ങിയതുമായ ഫ്ളാറ്റുകളിലാണ് കുടിയേറ്റ തൊഴിലാളികളെ പാർപ്പിച്ചിരുന്നത്. കുടിയേറ്റ തൊഴിലാളികളുമായി നടത്തിയ അഭിമുഖത്തിൽ സ്വെറ്റ്‌ലാന ഇത് വിവരിക്കുന്നുണ്ട്. ആധുനിക കാലത്തെ അടിമകൾ എന്നാണ് സ്വെറ്റ്‌ലാന അവരെ വിളിക്കുന്നത്. കുടിയേറ്റ തൊഴിലാളികൾ കൊടിയ ചൂഷണത്തിന് വിധേയമാക്കപ്പെടുന്ന എന്ന മാത്രമല്ല എവിടത്തേയും പോലെ വംശവെറിയുടെയും ആൾക്കൂട്ട അക്രമണത്തിന്റെയും ഇരയാക്കപ്പെടുകയും ചെയ്യുന്നു.

ഉത്തര കമ്യൂണിസ്റ്റ് രാഷ്ട്രവും നവമൂലധന വ്യവസ്ഥയുമായുള്ള സന്ധിയിൽ താറുമാറാക്കപ്പെട്ട ലോകത്തിൽ മറ്റൊരു അധോലോക ക്രമം പിറവിയെടുക്കുകയിരുന്നു. അത് ഏതാണ്ട് പത്തൊൻപതാം നൂറ്റാണ്ടിലെ പ്രാകൃത മൂലധന സഞ്ചയത്തിന്റെ കാലത്തെ അനുസ്മരിപ്പിക്കുന്നു. അടിമത്ത മൂലധനം എങ്ങിനെയാണോ മുതലാളിത്തത്തിന്റെ വികസനത്തിന് സഹായകമായത് സമാനമായ രീതിയിൽ ആധുനിക അടിമത്ത ക്രമം സൃഷ്ടിക്കപ്പെടുകയും നവലോക വ്യവസ്ഥയ്ക്ക് അനുപൂരകമാകുംവിധം അത് ലോകമൊട്ടാകെ വ്യാപിപ്പിക്കുകയുമായിരുന്നു. ഇതെല്ലാം റഷ്യൻ കേന്ദ്രിത മാഫിയ മൂലധനത്തിന്റെ സൃഷ്ടിയാണെന്നല്ല. മറിച്ച്, ആധുനിക അടിമത്ത ക്രമത്തിന് ഒട്ടേറെ സാദൃശ്യങ്ങളുണ്ട്. അത് രാഷ്ട്രങ്ങളെ അതിവർത്തിച്ച് നിൽക്കുന്ന ഒരു വൻമേഖലയാണ്. അടിമത്തം ചരിത്രപുസ്തകത്തിലേക്ക് പിൻവലിഞ്ഞ മനുഷ്യവിരുദ്ധമായ ഏതോ ഭൂതകാലത്തെക്കുറിച്ചുള്ള സ്മരണകളുടെ ഏടുകളല്ല. അത് പണ്ടു നിലനിന്നിരുന്നതിനേക്കാൾ ഉഗ്രമായി ആധുനികതയുടെ സർവ ആഡംബരങ്ങൾക്കുമടിയിൽ സങ്കീർണമായ ഒരു വ്യവസ്ഥയായി അന്താരാഷ്ട്ര തലത്തിൽ വ്യാപിച്ച് കിടക്കുന്നു. എത്ര മിനുക്കിയിട്ടും ഒളിച്ച് വെയ്ക്കാൻ പറ്റാത്ത വിധം അസമത്വങ്ങൾ പെരുകി പരക്കുന്നു. എന്നാൽ പ്രതലങ്ങളിലെ സാമൂഹിക അസമത്വത്തേക്കാൾ ഭീകരമായി ആഴങ്ങളിൽ, കമ്പോള സമൂഹത്തിന്റെ അധോലോകങ്ങളിൽ, ഇരുണ്ട തടവറകളിൽ ഏതാണ്ട് 4.3 കോടി മനുഷ്യർ പരിപൂർണമായും അടിമത്തക്രമത്തിൽ അധിവസിക്കുന്നു എന്നാണ് ആഗോള അടിമത്തസർവേ റിപ്പോർട്ടിൽ പറയുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ലോക രാഷ്ട്രങ്ങൾ അവസാനിപ്പിച്ചു എന്ന് കരുതിയ അടിമത്തം, കൂടുതൽ സങ്കീർണ വ്യവസ്ഥകളോടെ എന്നാൽ, ഏറെ കാര്യക്ഷമമായി നിലനിൽക്കുന്നു. ആധുനിക ലോകത്തെ അടിമത്തം എന്ന് മനുഷ്യാവകാശ പ്രവർത്തകർ ഔപചാരികമായി വിളിക്കുന്ന ഈ തൊഴിൽ വ്യവസ്ഥ, വാസ്തവത്തിൽ പുതിയ മൂലധന ക്രമത്തിലേക്ക് ഉൾച്ചേർക്കപ്പെട്ടിരിക്കുന്നു. 'വാക്ക് ഫ്രീ' എന്ന എൻ ജി. ഓ പുറത്തിറക്കിയ ആഗോള അടിമത്ത റിപ്പോർട്ട് 2018-ൽ ഇന്ത്യയെക്കുറിച്ച് പറയുന്നുണ്ട്. ഒരു ദിവസം എട്ടു ലക്ഷം മനുഷ്യരാണ് ഇന്ത്യയിൽ ആധുനിക അടിമത്തവ്യവസ്ഥയ്ക്ക് കീഴ്പ്പെട്ടു അതിജീവിക്കുന്നത്. സർവേയുടെ മാനദണ്ഡങ്ങൾ തെറ്റും അശാസ്ത്രീയവുമാണ് എന്നാണ് സർക്കാർ നിലപാട്. വസ്തുതകളെ അഭിമുഖീകരിക്കുമ്പോൾ പതിവുപോലെ സ്വീകരിക്കുന്ന നിഷേധാത്മക നിലപാട് തന്നെയാണ് ആധുനിക അടിമത്തത്തിന്റെ കാര്യത്തിലും ഭരണ സംവിധാനം കൈക്കൊണ്ടത്. എൻ ജി ഓവിനെക്കുറിച്ചുള്ള വിമർശനങ്ങൾ വേറെയുമുണ്ട്. എൻ ജി ഓ ഓസ്ട്രേലിയക്കാരൻ ഖനിവ്യവസായിയുടെ താല്പര്യാർത്ഥം തുടങ്ങിയതാണ് എന്നും, ബിൽഗേറ്റ്സ് ഫൗണ്ടേഷനസ് ഈ എൻ ജി ഓയുടെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നുണ്ട് എന്നും വാദങ്ങളുയർത്തി. ഇതൊക്കെ വസ്തുതയാണ്. ഈ പഠനത്തിന് പിന്നിലെ താല്പര്യങ്ങൾ സംശയം ചെയ്യപ്പെടാവുന്നതുമാണ്. എന്നിരുന്നാലും, നവ ലിബറൽ മുതലാളിത്ത ക്രമത്തിന്റെ ഉല്പാദന വ്യവസ്ഥയുടെ സവിശേഷ ഭാഗമാണ് ആധുനിക അടിമത്തം എന്ന യഥാർത്ഥ്യം വിസ്മരിക്കാനാവില്ല. അത്തരമൊരു അവസ്ഥയുടെ അഭാവത്തിൽ മുതലാളിത്തം നിലനിൽക്കില്ല. കുറഞ്ഞ വേതനം കൂടുതൽ ഉല്പാദന ക്ഷമത എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ മുതലാളിത്തക്രമം നിലനില്ക്കുകയുള്ളൂ.

ജാതിയും വർണ്ണവും തന്നെയാണ് ആധുനിക അടിമത്തത്തെയും നിർണയിക്കുന്നതെങ്കിലും അത് കൂടുതൽ സങ്കീർണവും ചൂഷണാധിഷ്ഠിതവുമാകുന്നത് സർക്കാർ സംവിധാനങ്ങളുടെ പരിരക്ഷ ലഭിക്കുന്നതുകൊണ്ടാണ്. ഒരു ഭാഗത്തു രാഷ്ട്രീയ സമൂഹത്തിന്റെ പുറത്താണ് ഈ ദരിദ്ര ജനവിഭാഗങ്ങളുടെ അസ്തിത്വം. സവിശേഷമായ ഘെറ്റോവല്ക്കരണത്തിന് ഈ ജനവിഭാഗങ്ങളെ വിധേയപ്പെടുത്തുമ്പോൾ ഈ സമൂഹം തന്നെ പല സർക്കാർ പദ്ധതികളുടെയും ഉണഭോക്താക്കൾ എന്നനിലയിൽ ഭരണ നിർവഹണ നടപടികൾക്കും വിധേയമാണ്. സർക്കാർ പദ്ധതികൾ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിന്റെ ഭാഗമായി ഇവർ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയപ്പെടുന്നു. അതേസമയം സാക്ഷരതയുടെയൊക്കെ അഭാവത്താൽ രജിസ്റ്ററുകളിൽ പേര് ഉൾപ്പെടാതെ പോകുന്നതിനാൽ സർക്കാർ അനുവദിച്ച നൽകുന്ന പൗരത്വ പ്രമാണങ്ങളായ വ്യക്തി നിർണയ രേഖകൾ ലഭിക്കാതെയും പോകുന്നു. ഇതിന്റെ പരിണിത ഫലം 'പൗരത്വ പരീക്ഷ' ഒരു കുടുംബത്തിൽ തന്നെ ഒരാൾക്ക് ലഭിക്കുകയും മറ്റൊരാൾക്ക് ലഭിക്കാതെയും പോകുന്നു എന്നതാണ്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന അരക്ഷിതാവസ്ഥ അവരെ കൂടുതൽ ചൂഷണ വ്യവസ്ഥയ്ക്ക് പിടിച്ചെറിഞ്ഞുകൊടുക്കുന്നു. ദേശീയ പോപ്പുലേഷൻ രജിസ്റ്ററിന്റെ അടിസ്ഥാനത്തിലുള്ള ജനസംഖ്യ നിർണയം ബംഗാളിലും ആസാമിലും ഈ അവസ്ഥയെ കൂടുതൽ സങ്കീർണവും കലുഷിതവുമാക്കുന്നു. സർക്കാരിന്റെ തൊഴിൽ നിയമ വ്യവസ്ഥകൾ അനുസരിച്ച് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഒട്ടനവധി സ്ഥാപനങ്ങളിലും ആപത്കരമായ തൊഴിൽ മേഖലകളിലും (ഉദാഹരണത്തിന്: പാറമടകൾ) ജോലിക്ക് നിയോഗിക്കപ്പെടുന്നത് പലപ്പോഴും ഔദ്യോഗിക പൗരത്വ രജിസ്റ്ററിൽനിന്ന് പുറന്തള്ളിയ ഈ നിസ്സഹായരായ മനുഷ്യരാണ്. അപകടമെന്തെങ്കിലും സംഭവിച്ചാൽ ഒരു ചെറിയ നഷ്ടപരിഹാരം പോലും അവർക്ക് ലഭിക്കാതെ പോകുന്നു. ചിലപ്പോൾ സ്വന്തം ഉറ്റവർക്ക് കാണാൻ മൃതദേഹം പോലും എത്തിക്കാൻ സാധിക്കുകയില്ല.

ഫ്യൂഡൽ വ്യവസ്ഥയിൽ ഒരു ശ്രേണിക്രമത്തിന്റെ ഭാഗമാണ് അടിമത്തം. എന്നാൽ ഇവിടെ അത്തരമൊരു ശ്രേണിയുമില്ല ക്രമവുമില്ല. അതിവിദഗ്ധമായി നിർമ്മിച്ചെടുത്ത അരക്ഷിത അവസ്ഥയാണ് ഇത്. ഇന്ത്യൻ ഫ്യൂഡൽ ക്രമത്തിൽ അടിമത്തം പ്രദേശബദ്ധമായിരുന്നു. സഞ്ചാരങ്ങൾ തടയപ്പെട്ടിരുന്നു. സാധ്യമായത് പലായനങ്ങളാണ്. അറ്റ്‌ലാന്റിക് അടിമത്തകാലത്ത് ആഫ്രിക്കൻ വൻകരകളിൽ നിന്ന് മനുഷ്യരെ അടിമ കപ്പലുകളിൽ തെക്കേ അമേരിക്കയിലേക്ക് പിടിച്ചുകൊണ്ടു പോയിരുന്നു. ആധുനിക അടിമത്തം ഒറ്റയടിക്ക് മനുഷ്യരെ അവരുടെ ആവാസവ്യവസ്ഥയിൽനിന്ന് പിടിച്ചുപറിച്ചെറിയുകയാണ്. പൗരത്വ രേഖകൾ ചിലപ്പോൾ നൽകിയും ചിലപ്പോൾ നിഷേധിച്ചും ഏറ്റവും ദരിദ്ര ജനവിഭാഗത്തിന് മേൽ നിർബന്ധിത പ്രവാസം (Forced Mobility) അടിച്ചേൽപ്പിക്കുന്നു. നവ മൂലധന ക്രമത്തിന് അത്യന്താപേക്ഷിതമായി തീരുകയാണ് ഈ ജൈവരാഷ്ട്രീയ വ്യവസ്ഥ.

ഒരിടത്തുനിന്ന് പറിച്ചെറിഞ്ഞ ശേഷം അലയാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യത്തിലും അന്യരാജ്യങ്ങളിലേക്ക് എളുപ്പത്തിൽ കുടിയേറാൻ രാഷ്ട്രങ്ങൾ അനുമതി നല്കാറില്ല. ശക്തമായ കുടിയേറ്റ വിരുദ്ധ നിയമങ്ങളാണ് രാഷ്ട്രങ്ങൾ ആഗോളവൽക്കരണത്തിന്റെ മൂന്ന് പതിറ്റാണ്ടുകൾക്കപ്പുറം നടപ്പാക്കുന്നത്. സോവിയറ്റ് തകർച്ചയ്ക്ക് മുമ്പ് കിഴക്കൻ ജർമനിയെയും പശ്ചിമ ജർമനിയെയും വേർതിരിക്കുന്ന ബെർലിൻ മതിൽ മുതലാളിത്ത പാശ്ചാത്യ രാഷ്ട്രങ്ങളുടെ ലിബർട്ടി സങ്കൽപ്പത്തിന് അസ്വാസ്ഥ്യം സൃഷ്ടിക്കുന്ന ഒന്നായിരുന്നു. സ്വതന്ത്ര സഞ്ചാരത്തിനുള്ള അവകാശം ലിബർട്ടി സങ്കല്പത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ്. എന്നാൽ ഇന്ന് കുടിയേറ്റത്തെ തടയാൻ അതിർത്തികളിൽ വൻമതിലുകൾ പണിയാനുള്ള ഒരുക്കങ്ങളിലാണ് ലിബറൽ എന്ന് അവകാശപ്പെടുന്ന പാശ്ചാത്യരാഷ്ട്രങ്ങൾ. നേരിട്ട് കുടിയേറ്റ വിരുദ്ധ നിയമം നടപ്പാക്കുന്നത് അന്താരാഷ്ട്ര എതിർപ്പുകളെ ഇടർന്ന് മാറ്റിവെക്കേണ്ടിവരുന്ന സന്ദർഭത്തിൽ മനുഷ്യക്കടത്തിനെതിരെയുള്ള നിയമങ്ങൾ എന്ന വ്യാജേന കുടിയേറ്റ വിരുദ്ധത പ്രയോഗത്തിൽ കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് രാഷ്ട്രങ്ങൾ നടത്തുന്നത്. മനുഷ്യക്കടത്ത് തടയാൻ ലക്ഷ്യം വെച്ചുകൊണ്ടുള്ള ബില്ലിന്റെ കരടുരൂപം ഭാരത സർക്കാർ മുന്നോട്ട് വെച്ചിട്ടുണ്ട്. മനുഷ്യക്കടത്തു വിരുദ്ധ നിയമം ഫലത്തിൽ കുടിയേറ്റ വിരുദ്ധ നിയമമാകുമോ എന്ന് മനുഷ്യാവകാശ പ്രവർത്തകർ ആശങ്കപ്പെടുന്നു.

ആധുനിക അടിമത്തത്തിന്റെ സവിശേഷ രൂപങ്ങളിൽ ഒന്നാണ് മനുഷ്യക്കടത്ത്. സ്ത്രീകളും കുട്ടികളുമാണ് മനുഷ്യക്കടത്തിന്റെ ഏറ്റവും പ്രധാന ഇരകൾ. ആഗോളവത്കരണത്തിനുശേഷം സംഘടിത കുറ്റകൃത്യങ്ങളിൽ മൂന്നാം സ്ഥാനത്താണ് മനുഷ്യക്കടത്ത്. ലോകരാഷ്ട്രങ്ങളിൽ നിന്നുള്ള മാഫിയ മൂലധനം ഏറ്റവുമധികം വിനിമയം ചെയ്യപ്പെടുന്നത് മനുഷ്യക്കടത്തിലാണ്. വളരെ സങ്കീർണമായ ശൃംഖലയാണ് മനുഷ്യക്കടത്തിന്റേത്. ലൈംഗിക അടിമത്തത്തിലേക്കാണ് സ്ത്രീകളെയും കുട്ടികളെയും തള്ളുന്നത്. തട്ടിക്കൊണ്ടുപോകലും, ഒളിച്ചുകടത്തലുമൊക്കെ ഇതിന്റെ ഭാഗമാണ്. ഇത് മാത്രമല്ല, അന്താരാഷ്ട്ര തലത്തിൽ വൻകിട ആശുപത്രികളുമായി ബന്ധപ്പെട്ടിരിക്കുന്ന മനുഷ്യാവയവ കച്ചവടത്തിനും മനുഷ്യക്കടത്തിൽ വലിയ പങ്കുണ്ട്. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ റഷ്യയിൽ അധീശത്വം സ്ഥാപിച്ച മാഫിയ മൂലധനത്തിന്റെ പ്രധാന കൊയ്ത്തുകളിൽ ഒന്നായി മാറിയ അവയവക്കച്ചവടം ലോക രാഷ്ട്രങ്ങളിലേക്ക് എളുപ്പം വ്യാപിക്കുകയായിരുന്നു. സ്വെറ്റ്‌ലാന അലെക്സിയേവിച്ച് 'സെക്കന്റ് ഹാൻഡ് ടൈമി'ൽ ഒരിടത്ത് ഇത് വിവരിക്കുന്നു. റഷ്യയിൽ അനധികൃതമായി കുടിയേറിയ താജിക്കിസ്ഥാനിൽ നിന്നുള്ളവർ കൊലചെയ്യപ്പെടുക മാത്രമല്ല, അവരുടെ ശരീരങ്ങൾ വീട്ടിൽ തിരികെയെത്തുമ്പോൾ ആന്തരിക അവയവങ്ങളെല്ലാം നീക്കം ചെയ്തിരിക്കും. അന്താരാഷ്ട്രതലത്തിൽ വ്യാപിച്ച കിടക്കുന്ന മൂലധന മാഫിയ അതിന്റെ കോർപറേറ്റ് ബന്ധങ്ങളിലൂടെ ആധുനിക അടിമത്തത്തെ ഒരു സങ്കീർണ വ്യവസ്ഥയായി നിലനിർത്തുന്നു. ആരോഗ്യമേഖലയിലെ വൻകിടക്കാരുടെ പിന്തുണ ലഭ്യമല്ലാതെ മനുഷ്യ അവയവക്കടത്തു സാധ്യമല്ല. കാരണം അവയവങ്ങളുടെ പ്രധാന ഉപഭോക്താവ് അന്തരാഷ്ട്ര മെട്രോ നഗരങ്ങളിലെ സമ്പന്നരാണ്.

അതിജീവിക്കാൻ പറ്റാതെ വരുന്ന സാഹചര്യത്തിലാണ് മനുഷ്യർ അനധികൃതമായ കുടിയേറ്റത്തിന് നിർബന്ധിക്കപ്പെടുന്നത്. കുടിയേറ്റം എന്നതിനേക്കാളുപരി അത് പലായനമാണ്. ഒന്നാം ലോകത്തിലേക്കുള്ള പലായനം. ഇടനിലക്കാർ വഴി സാധ്യമാകുന്നു. ഇതര സംസ്ഥാന തൊഴിലാളി കേരളത്തിലേക്ക് വരുന്നതും തൊഴിൽ ഇടനിലക്കാർ വഴിയാണ്. പെട്ടെന്ന് സംഘടിപ്പിക്കപ്പെടുന്ന രേഖകളാകുന്നതുകൊണ്ട് മിക്കവാറും അത് വ്യാജമായിരിക്കും. ഇതാണ് ഇടനിലക്കാർ മുതലെടുക്കുന്നത്. അധികൃതരുടെ കണ്ണ് വെട്ടിച്ച വേണം കാര്യങ്ങൾ ചെയ്യാൻ. ഒരർത്ഥത്തിൽ എപ്പോഴും ഒളിവു ജീവിതമാണ്. സഞ്ജയ് സഹോട്ടയുടെ 'ഓടി പോയവരുടെ വർഷം' (year of runaways) എന്ന നോവലിൽ ബീഹാറിൽ നിന്ന് അമേരിക്കയിലേക്ക് തൊഴിൽ തേടി കുടിയേറിയ ടോച്ചിയുടെ ജീവിതം പോലെയാണത്. തൊട്ടുകൂടായ്മയിൽ നിന്നുള്ള പലായനം കൂടിയായിരുന്നു അത്. പക്ഷേ ജാതി ഒഴിയാ ഭൂതമാണ്. അത് പിന്തുടരുക തന്നെ ചെയ്യും. അതിനൊപ്പം ക്ലേശകരമായ ജീവിതവും. നിർമാണ തൊഴിലാളിയാണയാൾ. തനിക്ക് ലഭിച്ചിരിക്കുന്ന ഇടുങ്ങിയതും ദ്രവിച്ചതുമായ ഫ്ളാറ്റിൽ ഏതുനേരവും റെയ്ഡ് പ്രതീക്ഷിച്ചിരിക്കണം. സർവേലൻസ് വ്യവസ്ഥയ്ക്ക് ഇരയാകുമ്പോഴും കുറഞ്ഞ വേതനത്തിന് കഠിനാദ്ധ്വാനം ചെയ്യുന്നു. പൗരത്വ നിഷേധത്തിലൂടെയാണ് ആധുനിക അടിമത്തം പ്രവർത്തിക്കുന്നത്. സാമൂഹിക ക്രമത്തിൽനിന്ന് പൂർണമായും ഒരാൾ വിച്ഛേദിക്കപ്പെടുന്നു. സമൂഹത്തിന്റെ അധോതലങ്ങളിലേക്ക് ഒറ്റയടിക്ക് തള്ളപ്പെടുകയാണ്. പൗരത്വരേഖകൾ ഇല്ലാത്തതിനാൽ ഇടനിലക്കാരന്റെ ഏതു വ്യവസ്ഥകളും പാലിക്കാൻ നിർബന്ധിതനാണ്. അത് അടിമക്കരാർ വ്യവസ്ഥയിലേക്ക് ഒരാളെ കുടുക്കിയിടുന്നു. വല്ലാത്തൊരു അരക്ഷിതാവസ്ഥയാണത്. രഹസ്യ കമ്പോളത്തിൽ കൈമാറ്റം ചെയ്യപ്പെടുകയും ഇടനിലക്കാരനോട് അയാളോട് ബന്ധിക്കപ്പെട്ടിരിക്കുകയും ചെയ്യപ്പെടുന്നു. ഈ രീതിയിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഒരു അവകാശവും ലഭ്യമായിരിക്കില്ല. അഭ്യന്തര യുദ്ധങ്ങൾ നടക്കുന്ന പല രാജ്യങ്ങളിലും ദുരന്തമുതലാളിത്തം (disaster capitalism) കൈപിടിയിലാക്കിയിരിക്കുന്നത്. കെട്ടിട നിർമാണം തുടങ്ങി ഏറെ ക്ലേശകരമായ പല തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നത് പല ഏഷ്യൻ രാഷ്ട്രങ്ങളിൽനിന്നും കുടിയേറിയ മനുഷ്യരാണ്. മരണപ്പെടുന്നതിനു കണക്കുപോലും കാണില്ല.

മറ്റ് തടസ്സങ്ങളില്ലാതെ അധ്വാനം വാങ്ങാനും വിൽക്കാനുമുള്ള വ്യവസ്ഥയാണ് മുതലാളിത്തം മുന്നോട്ട് വെയ്ക്കുന്നത്. വിൽക്കുന്ന അധ്വാനത്തിന് ന്യായമായ കൂലി എന്നാണ് പ്രമാണം. തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നത് ചൂഷണത്തെ നിയന്ത്രിക്കാനാണ്. എന്നാൽ അനധികൃത കുടിയേറ്റമായതുകൊണ്ട് നിയമ വ്യവസ്ഥയുടെ പുറത്താണ് തന്റെ അസ്തിത്വം എന്നുള്ളതുകൊണ്ട് ബന്ധിതനായ തൊഴിലാളിക്ക് നിയമ സംവിധാനത്തെ ആശ്രയിക്കാനും കഴിയില്ല. കുടിയേറ്റ പ്രതിസന്ധിക്ക് കാരണം ഇരകളാണ് എന്ന മട്ടിലാണ് പ്രചാരണം. എന്നാൽ മുതലാളിത്ത വ്യവസ്ഥതന്നെ സൃഷ്ടിക്കുന്ന പ്രതിസന്ധിയായി ഇത് മനസ്സിലാക്കപ്പെടുന്നില്ല. ഭരണനിർവഹണ ശാസ്ത്രമായി (governmental sciences) വിപര്യം സംഭവിച്ച സാമൂഹ്യശാസ്ത്രം പരിഷ്കാര നടപടികളാണ് പരിഹാര മാർഗമായി അവതരിപ്പിക്കുന്നത്. കുടിയേറ്റക്കാരുടെ കണക്കെടുക്കുക, അവരെ പിൻതിരിപ്പിക്കുക, അവരെ തൊഴിൽ നൈപുണ്യത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിക്കുക എന്നതാണ് ഭരണ നിർവഹണശാസ്ത്ര പദ്ധതികൾ മുന്നോട്ട് വെയ്ക്കുന്ന പരിഹാര മാർഗങ്ങൾ.

കുടിയേറ്റ പ്രതിസന്ധിയുടെ മൂലകാരണം അത് നവമൂലധന ക്രമവുമായി ബന്ധപ്പെട്ടിരിക്കുന്ന എന്നതാണ്. സേവനാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന എന്ന നിലയിൽ പ്രസന്ന ഭാവത്തിൽ ഇടതമ്പോഴും ഉത്തര മുതലാളിത്തത്തിൽ സംഭവിക്കുന്നത് പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്ന വ്യവസായശാലകൾ എല്ലാം തന്നെ ഒന്നാം ലോക രാഷ്ട്രങ്ങളിൽനിന്ന് മറ്റിടങ്ങളിലേക്ക് മാറ്റുക എന്നതാണ്. ഏറ്റവും ക്ലേശകരവും ആപൽക്കരവുമായ വ്യവസായങ്ങൾ ഇന്നുംനിലനിൽക്കുന്നുണ്ട്. ആഗോള മുതലാളിത്തത്തിന്റെ ഭാഗമായി ഉപഭോഗം ചെയ്യപ്പെടുന്ന ഉല്പന്നങ്ങൾ തന്നെയാണ് ഇവിടെയും നിർമിക്കുന്നത്. വിലകുറഞ്ഞ ഉൽപ്പന്നങ്ങൾ വിവിധ സാമ്പത്തിക തട്ടിലുള്ളവർക്ക് വേണ്ടി നിർമിക്കപ്പെടുകയാണ്. അത്തരം ആപൽക്കരമായ വ്യവസായങ്ങളിലാണ് നഗരങ്ങളിലേക്കും ഇതര പ്രദേശങ്ങളിലേക്കും കുടിയേറിയ തൊഴിലാളികളെ ബന്ധിപ്പിക്കുന്നത്. സേവനാധിഷ്ഠിത വ്യവസായങ്ങൾക്കാണ് ഉത്തര മുതലാളിത്തത്തിൽ പ്രത്യക്ഷത്തിൽ പ്രാമുഖ്യമെങ്കിലും ഏറെ ദുഷ്കരമായ അധ്വാനം ആവശ്യപ്പെടുന്ന വ്യവസായങ്ങളൊക്കെ പിന്നാമ്പുറങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

മുതലാളിത്തത്തിന് അതിന്റെ ആവിർഭാവ കാലം മുതൽ തന്നെ അടിമത്തവുമായി ഗാഢ ബന്ധമാണുള്ളത്. സ്വെൻ ബേക്കർട് പരുത്തിയുടെ സാമ്രാജ്യം: ആഗോള മുതലാളിത്തത്തിന്റെ ചരിത്രം എന്ന പുസ്തകത്തിൽ (Empire of Cotton: A new history) പറയുന്നത് മൂന്ന് നീക്കങ്ങളാണ് പുതിയ ആഗോള സാമ്പത്തിക വ്യവസ്ഥയെ സൃഷ്ടിച്ചതും മൂലധനാധിപത്യത്തിന് വഴിയൊരുക്കിയതും എന്നതാണ്. സാമ്രാജ്യത്വ വിപുലീകരണം, വിഭവങ്ങളും ഭൂമിയും പിടിച്ചെടുക്കൽ, അടിമത്തം. ഈ മൂന്ന് ഹിംസാത്മകമായ പ്രക്രിയയെ ത്വരിതഗതിയിൽ യുദ്ധസന്നാഹങ്ങളോടെ കൊണ്ടുപോകാൻ കഴിയില്ലായിരുന്നെങ്കിൽ മുതലാളിത്തിന്ന പകരം മറ്റൊരു വ്യവസ്ഥ ഭൂമുഖം ദർശിക്കുമായിരുന്നു. ഘട്ടം ഘട്ടമായുള്ള ചരിത്രത്തിന്റെ വികാസത്തിന്റെ നിയമങ്ങളെ എപ്പോഴേ സാമൂഹ്യ ചിന്ത നിരാകരിക്കേണ്ടതായിരുന്നു.

മുതലാളിത്തം ലിബറൽ സ്വാതന്ത്ര്യ സങ്കൽപം അവതരിപ്പിച്ചു എന്നത് വാസ്തവമാണ്. വ്യക്തിയാണ് അതിലെ സവിശേഷ ഏകകം. വ്യക്തി സ്വാതന്ത്ര്യമാണ് അതിൽ പ്രധാനം. അത് സ്വകാര്യ സ്വത്തവകാശത്തിനുമേലുള്ള സ്വാതന്ത്ര്യമാണ്. വ്യക്തിയുടെ അവകാശങ്ങളെ സംരക്ഷിക്കാൻ എന്ന ഭാവേന നിയമങ്ങൾ പ്രാബല്യത്തിൽ വന്നത് സ്വകാര്യ സ്വത്തു സംരക്ഷിക്കുന്നതിനാണ്. മുതലാളിത്തം അതിന്റെ സ്വാതന്ത്ര്യ സങ്കൽപ്പത്തെ പ്രധാനമായും രണ്ടു വ്യവഹാരങ്ങളായാണ് പൊതുബോധ്യമാക്കി മാറ്റിയത്. ഒന്ന് വ്യക്തിസ്വാതന്ത്ര്യം, രണ്ടാമത്തേത് സാംസ്കാരിക പരിഷ്കാരം. വ്യക്തി സ്വതന്ത്ര്യം നിദാനമായത് ലിബറൽ കാഴ്ചപ്പാടാണ്. ഇത് യൂറോപ്പിൽ ആവിർഭവിച്ചത് പ്രബുദ്ധത പാരമ്പര്യവുമായി ബന്ധപ്പെട്ടാണ്. പ്രബുദ്ധതയും അടിമത്തവും ചരിത്രപരമായ ഒരേ കാലത്തിന്റെ സന്തതികളാണ്. പ്രബുദ്ധത പാരമ്പര്യം സൃഷ്ടിച്ച ഏറ്റവും ഉന്നതമായ സ്വാതന്ത്ര്യ സങ്കല്പമാണ് റൂസ്സോവിന്റെ മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, എന്നാൽ അവൻ എവിടെയും ചങ്ങലയിലാണ് എന്നുള്ളത്.

കോളനീകരിക്കപ്പെട്ട രാഷ്ട്രങ്ങളിലെ അനേക ലക്ഷം ജീവിതങ്ങൾ മനുഷ്യൻ എന്ന പരിഗണനയിൽ വന്നിരുന്നില്ല. അക്കാലത്തു തന്നെ യൂറോപ്യൻ പ്രബുദ്ധതയുടെ എതിരെന്നോണം പ്രവർത്തിച്ച കാൽപനിക ഭാവനയിൽ കോളനീകരിക്കപ്പെട്ട പ്രദേശങ്ങളിലെ മനുഷ്യരാണ് കാട്ടാളന്മാർ (savages). കാട്ടാളന്മാരെ പരിഷ്കരിച്ച മനുഷ്യരാക്കിയതിനശേഷം മാത്രമേ സ്വാതന്ത്ര്യം ഉണ്ടയുടെ തന്നെ സവിശേഷതയായി അവർക്ക് അനുഭവവേദ്യമാകുകയുള്ള എന്നതാണ് പ്രബുദ്ധത പാരമ്പര്യം പ്രചരിപ്പിച്ച ലോകബോധം. മനുഷ്യൻ എന്ന സങ്കല്പത്തിൽ സ്ത്രീയും പരിഗണിക്കപ്പെട്ടിരുന്നില്ല. ഒരു വേള ലിബറൽ ചിന്തയുടെ ഭാഗമായി വികസിതമായ സ്വകാര്യ / പൊതു ലോകം എന്ന വേർതിരിവിൽ, മുൻപുതന്നെ നിലനിന്നിരുന്ന ലിംഗ അടിസ്ഥാനത്തിലെ തൊഴിൽ വിഭജനത്തെ കൂട്ടതൽ മയപ്പെടുത്തി. സ്ത്രീയുടെ സ്വാതന്ത്ര്യം എന്നുള്ളത് ഗാർഹിക (domesticity) പ്രശ്നമായി. സ്വകാര്യത ജാഗ്രതയോടെ സംരക്ഷിക്കേണ്ട ഇടവും; പൊതുലോകം തർക്കങ്ങൾക്കും യുദ്ധങ്ങൾക്കും ഏറ്റുമുട്ടലിനും വേദിയായും മാറിക്കഴിഞ്ഞിരുന്നു. ഈ ലിബറൽ സ്വതന്ത്ര സങ്കല്പത്തിന്റെ തുടർച്ചയാണ് സ്വന്തം (യൂറോപ്പ്) രാഷ്ട്രം സ്വകാര്യസ്ഥലവും കോളനീകരിക്കപ്പെട്ട പ്രദേശങ്ങൾ പൊതുഇടമായും വിഭാവനം ചെയ്യപ്പെട്ടത്. പൊതുലോകത്തിനും അതീതമായി നിഗൂഢ പ്രദേശങ്ങൾ നിലക്കൊണ്ടു. ആക്രമോത്സുകമായ അധിനിവേശം ആവശ്യപ്പെടുന്ന ഇടങ്ങളാണ് ഇത്. മനുഷ്യസമ്പർക്കത്തിനും അതീതമായൊരു ഇടം. ഇന്നത്തെ നവ ലിബറൽ ക്രമം അതിനെ പുനരുല്പാദിപ്പിക്കുന്നുണ്ട്. ഇന്നത്തെ ഇരുണ്ട പ്രദേശങ്ങൾ അമേരിക്കൻ രാഷ്ട്രീയ മാതൃക പിന്തുടരാത്ത രാജ്യങ്ങളാണ്. ഇതുപോലെ നവ ലിബറൽക്രമം ആഭ്യന്തരമായും ഇത് സൃഷ്ടിക്കുന്നത് പൗരത്വ പ്രമാണങ്ങളുടെ അടിസ്ഥാനത്തിലാണ്. രേഖകൾ നിഷേധിക്കപ്പെടുന്നവർ അധോലോകങ്ങളിലേക്ക് അന്തർധാനം ചെയ്യുന്നു. വിഭജിതമായ സ്വാതന്ത്ര്യ സങ്കല്പമാണ് ലിബറലിസത്തിന്റേത്. അസമത്വത്തെ അഭിമുഖീകരിക്കുമ്പോഴും അടിമത്തത്തെ അത് മനസ്സിലാക്കുന്നില്ല. ഈയൊരു പരിമിതി മാർക്സിലും നിലനിൽക്കുന്നുണ്ട്. 'ജൂതപ്രശ്നത്തിൽ', മുതലാളിത്തവും പണവും മനുഷ്യനെ മനുഷ്യനിൽനിന്ന് അന്യവൽക്കരിച്ച മനുഷ്യാവസ്ഥയെ രാഷ്ട്രീയവിമോചനത്തിലൂടെ മനുഷ്യനിലേക്ക് തിരിച്ചെത്തുന്ന വലിയ സ്വാതന്ത്ര്യ സങ്കല്പം മുന്നോട്ട് വെയ്ക്കുന്നുണ്ട്. എന്നാൽ അക്കാലത്തുതന്നെ തെക്കേ അമേരിക്കയിലെ തോട്ടങ്ങളിൽ അടിമവേലയ്ക്ക് ഇരയാക്കപ്പെട്ടിരുന്ന കറുത്ത വർഗക്കാർ പണത്തിന്റെ അടിസ്ഥാനത്തിലുള്ള അന്യവൽക്കരണമല്ല നേരിട്ടിരുന്നത്.

വർണ്ണത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിലുള്ള വിവേചനത്തിന്റെയും അടിമത്തത്തിന്റെയും സങ്കീർണതകൾ സാമ്പത്തിക അസമത്വത്തിന്റെ പരിമിത ധാരണകളിൽ ഉൾക്കൊള്ളാൻ പറ്റുന്നതല്ല. ഫൂക്കോവിന്റെ സ്വാതന്ത്ര്യ സങ്കൽപത്തിൽ തടവറയുടെ നിഴൽപറ്റി കിടന്നിരുന്നു. മുതലാളിത്തം പുനർനിർമ്മിച്ച ശിക്ഷാ വ്യവസ്ഥയെ വിശദീകരിക്കാൻ ഫൂക്കോ ജെറമി ബെന്താമിൽ നിന്ന് സ്വീകരിച്ച സങ്കൽപനമാണ് Panoption. ഇതൊരു വിസ്തൃതമായ സർവേലെൻസ് വ്യവസ്ഥയാണ്. ഇന്ന് പൗരത്വ രേഖകളെ അടിസ്ഥാനമാക്കിയുള്ള പരിശോധനാക്രമത്തെ ഫൂക്കോവിന്റെ വിവരണങ്ങളെ മുൻനിർത്തി വിശദീകരിക്കാറുണ്ട്. പക്ഷേ, ഫൂക്കോ എതിരിട്ടത് യൂറോപ്പിലെ ബൂർഷ്വാ ഘടനകളെയാണ്. അതിന്റെ പരിധികളിൽ നിന്നാണ് ശിക്ഷണ വ്യവസ്ഥയെ വിശദീകരിച്ചത്. സമകാലിക മുതലാളിത്തത്തിന്റെ ഘടനകളിൽനിന്ന് വിമോചിതമായ ലോകത്തെ ഗ്രീക്ക് ജീവിതചര്യകളിലാണ് ഫൂക്കോ കണ്ടെത്തിയത്. അടിമത്തം സമൂഹശരീരത്തിന്റെ ഭാഗമാക്കിയ സംസ്കാരമാണ് ഗ്രീക്കുകാരുടേത്. ആധുനിക അടിമകളുടെ ജീവിതം ഭരണകൂട-കോർപ്പറേറ്റ് സർവേലെൻസിനും പുറത്താണ്. "അനധികൃത" കുടിയേറ്റക്കാരുടെ ആവശ്യമായി തീരുന്നു ഭരണകൂടത്തിന്റെ രജിസ്റ്ററിലേക്ക് പേര് ചേർക്കപ്പെടേണ്ടത്. അതിൽനിന്ന് അവരെ ബഹിഷ്കൃതമാക്കേണ്ടത് ഭരണകൂടത്തിന്റെയും. സ്വകാര്യത ഇടങ്ങിയ ലിബറൽ മൂല്യങ്ങൾ ഉയർത്തി പൗരത്വ രേഖകൾക്കെതിരെ നിലകൊള്ളുന്ന മധ്യവർഗ ആക്ടിവിസ്റ്റ് സമീപനത്തിന്റെ കാഴ്ചയിലൂടെ "അനധികൃത പൗരത്വത്തെ" മനസ്സിലാക്കാൻ കഴിയില്ല.

കുടിയേറ്റത്തിന്റെയും അഭയാർഥികളുടെയും പ്രശ്നത്തിനെ നേരിടുമ്പോൾ തകർന്നടിയുകയാണ് യൂറോപ്പിന്റെ ലിബറൽ സ്വാതന്ത്ര്യ സങ്കല്പങ്ങൾ എല്ലാം തന്നെ. കുടിയേറ്റവും അഭയാർഥി പ്രശ്നവും ആധുനിക അടിമത്തവും ഇന്ത്യയും അഭിമുഖീകരിക്കുന്ന വലിയ പ്രശ്നമാണ്. വികസിത മുതലാളിത്തമായി ഉയരാൻ വെമ്പൽകൊള്ളുന്ന ഇന്ത്യൻ ഭരണകൂടം ഭരണഘടനയ്ക്ക് പുറത്ത് നിന്നാണ് ഈ പ്രശ്നത്തെ നേരിടുന്നത്. ഭരണഘടന പ്രധാനം ചെയ്യുന്ന മൗലികാവകാശങ്ങളാണ് ഇന്ത്യയുടെ ലിബറൽ ജീവിതത്തിന്റെ അടിസ്ഥാനം. പക്ഷെ ചരിത്രപരമായി ഭാരതീയൻ പൂർവ്വാർജിതമായി ലഭിച്ച സ്വാതന്ത്ര്യ സങ്കൽപം എന്താണ്? പ്രാചീന ചിന്തയനുസരിച്ച് വിധി വിഹിതമായി ലഭിച്ച കർമ്മമനുഷ്ഠിച്ച് ജീവന്മുക്തി നേടുന്നതാണ് മോചനമാർഗം. ഭാരതീയ സങ്കല്പത്തിൽ ആരും സ്വതന്ത്രരായി ജനിക്കുന്നില്ല. അവർ ജാതി-വർണ്ണ വ്യവസ്ഥയുടെ അടിമത്ത ഘടനയിലേക്കാണ് പിറക്കുന്നത്. അതുകൊണ്ട് ഒരർത്ഥത്തിൽ മനുഷ്യനായി തന്നെ പിറക്കുന്നില്ല. ജനനാൽ തന്നെ പല ശ്രേണിയിലാണ് ജീവിതങ്ങൾ. അത് സ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്. സമത്വസങ്കല്പമില്ലാത്ത സ്വാതന്ത്ര്യ സങ്കൽപം അപൂർണമാണ്. സമത്വത്തിന്റെ അടിസ്ഥാനമില്ലാതെ സ്വാതന്ത്ര്യ സങ്കല്പത്തിന് സാധുതയില്ല. ജാതി നിലനിൽക്കെ സമത്വം അസാധ്യമാണ്. ശരാശരി ഇന്ത്യക്കാരൻ എന്തെങ്കിലും വിധം സ്വാതന്ത്ര്യ സങ്കൽപം നൽകിയത് 'സ്വരാജി'ന്റെ ആഹ്വാനത്തെ തുടർന്നാണ്. 'സ്വരാജ്' എന്റെ ജന്മാവകാശമാണ് എന്നതാണ് ഇന്ത്യൻ ബൂർഷ്വാസി ഭാരതീയർക്ക് മുമ്പിൽ അവതരിപ്പിച്ച പ്രധാന സ്വാതന്ത്ര്യ സങ്കൽപം. ജന്മംകൊണ്ടു സ്വതന്ത്രരാവുകയില്ലെങ്കിലും ഇന്ത്യക്കാർ എന്ന നിലയിൽ ഏവരും സഹോദരരായി ഭാവിക്കുന്നു. ഗാന്ധി അതിനെ 'ഹിന്ദ് സ്വരാജിലേക്ക്' വികസിപ്പിച്ചു. 'സ്വരാജ്' എന്ന വിശേഷണത്തിൽ തന്നെ അതിർത്തികൾ രേഖപ്പെടുത്തിയിരിക്കുന്നു. 'സ്വരാജ്' അതിലെ ഭൂരിപക്ഷം അധിവസിക്കുന്നവരുടെ സ്വാതന്ത്ര്യമാണ്. സ്വരാജ് എന്നതും സ്വദേശി എന്നതും പരസ്പരം ചേർന്ന് പോകുന്ന സങ്കല്പങ്ങളാണ്. അതിൽ വിദേശിയെക്കുറിച്ചുള്ള ധാരണകൾ ഉള്ളടങ്ങിയിരിക്കുന്നു. സ്വരാജിന്റെ പരിധിക്കകത്തു മാത്രമേ സഹോദര്യമുള്ളൂ. 'ഗ്രാമ സ്വരാജ്' എന്ന സങ്കല്പം ഇതിന്റെ തുടർച്ചയാണ്. ഗ്രാമങ്ങൾ അടിച്ചമർത്തപ്പെട്ട, അവർണ്ണർക്ക് കാരാഗൃഹങ്ങളാണ്. അതുകൊണ്ടാകണം, ഫൂലെയും അംബേദ്കറും സ്വരാജിനെ ആദർശവൽക്കരിക്കാതിരുന്നത്. സ്വരാജിന് ഉൾക്കൊള്ളേണ്ടവരും പുറത്തുപോകേണ്ടവരുമുണ്ട്. രാഷ്ട്രീയ-കമ്പോള സമൂഹം ബഹിഷ്കരിച്ച് അടിമവേലകളിൽ ബന്ധിക്കപ്പെട്ടിരിക്കുന്നവർ സ്വരാജിന്റെ പരിധിക്ക് പുറത്താണ്. 'പാകിസ്ഥാനിലേക്ക്' 'കബറിസ്ഥാനിലേക്ക്' എന്നൊക്കെ ആക്രോശിച്ച മനുഷ്യരെ ആട്ടുന്ന സാംസ്കാരിക ഹൈന്ദവ ദേശീയതയുടെ രാഷ്ട്രീയത്തിന്റെ അടരുകളിൽ സ്വരാജിന്റെ സങ്കല്പനം പറ്റിച്ചേർന്നിരിക്കുന്നു. മാർക്സ് ആഹ്വാനം ചെയ്തതുപോലെ മനുഷ്യനെ മനുഷ്യനിലേക്ക് തിരിച്ചെത്തിക്കുന്ന സ്വാതന്ത്ര്യത്തിന്റെ സാർവലൗകികത സ്വരാജ് നിരാകരിക്കുന്നു. വർണ്ണത്തിനും ജാതിക്കും മതത്തിനുമതീതമായി മനുഷ്യർക്ക് മനുഷ്യരെ അറിയാൻ പറ്റാത്ത ഏതൊരു സങ്കല്പവും നിരാകരിക്കപ്പെടേണ്ടതാണ്.

വംശീയ ആക്രമണങ്ങൾക്കും ആൾക്കൂട്ട കൊലപാതകങ്ങൾക്കും പ്രത്യേകമായ പരിരക്ഷയും അർദ്ധ നിയമപരമായ അംഗീകാരവും (quasi legal legitimacy) ലഭിക്കുന്നതിലെ ഒരു ഘടകം 'സ്വരാജ്' അല്ലെങ്കിൽ 'സ്വരാഷ്ട്രം' എന്ന മിഥ്യാ ബോധത്തിൽ നിന്നുമാണ്. 'ദളിതരും മുസ്ലിമുകളും കുടിയേറ്റക്കാരും പ്രവാസി തൊഴിലാളികളും 'സ്വരാജ്' ഉൾക്കൊണ്ടവരല്ല. വംശവെറിയുടെയും ആൾക്കൂട്ട കൊലപാതകങ്ങളുടെയും ഉത്ഭവം ചെന്നെത്തുന്നത് പതിനെട്ടു-പത്തൊൻപത് നൂറ്റാണ്ടുകളിലെ അടിമത്ത ഘട്ടത്തിലാണ്. ലിഞ്ച് എന്ന ആൾക്കൂട്ട കൊലപാതക രീതിതന്നെ വെള്ളക്കാരന്റെ വിജിലന്റ് സ്ക്വാഡുകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. കോൾസൺവൈറ്റ്ഹെഡിന്റെ 'അണ്ടർഗ്രൗണ്ട് റെയിൽറോഡ്' (Colson Whitehead: Underground Railroad) എന്ന അടിമത്ത വിരുദ്ധ നോവലിൽ അത്തരമൊരു സ്ക്വാഡ് പ്രവർത്തനം വിവരിക്കുന്നുണ്ട്. പശു സംരക്ഷകരുടെ നൃശംസതകളെ അതോർമിപ്പിക്കും. കോളിൻവൈറ്റ്ഹെഡിന്റെ നോവലിലെ ഒരു കഥാപാത്രം അവരുടെ ഹിംസാത്മികതകളെ വിവരിക്കുന്നപോലെ: അടിമകളുടെ ഉടമകളുടെ കാവൽക്കാർ എന്നനിലയിൽ അവരായിരുന്നു നിയമം; വെളുത്ത, കടിലരായ, ദയാഹീനർ. വെള്ളക്കാരുടെ ഇടയിൽ ഏറ്റവും താഴെത്തട്ടിൽനിന്നുള്ളവരാണ് ഇവർ. അവർക്ക് കറുത്ത വർഗക്കാരെ വെടിവെച്ച കൊല്ലാൻ അധികാരമുണ്ട്. അടിമ ഗ്രാമങ്ങളിൽ എപ്പോൾ വേണമെങ്കിലും പ്രവേശിച്ച് അവിടങ്ങളിലെ സ്വതന്ത്ര മനുഷ്യരുടെ വീടുകൾ അതിക്രമിക്കാം, ക്ലേശപ്പെട്ടു സമ്പാദിച്ച വസ്തുങ്ങളും മറ്റും അവർ മോഷ്ടിക്കും. സ്ത്രീകളെ ലൈംഗികമായി ആക്രമിക്കും... അടിമ കലാപങ്ങളെ അമർച്ചചെയ്യാൻ പട്രോൾ സംഘങ്ങൾ സ്വകാര്യ പട്ടാളമായി പ്രവർത്തിക്കും. ഹിംസ സ്വകാര്യവല്ക്കരിക്കപ്പെടുന്നു. സ്വെൻബെകേർട്ട് പരുത്തിയുടെ സമ്രാജ്യത്വത്തിൽ വിശദീകരിക്കുന്നത് ഇപ്രകാരമാണ്: വലിയതോതിൽ ആയുധധാരികളും സ്വകാര്യലാഭേച്ഛയിൽ മാത്രം ഉന്നം വെയ്ക്കുന്ന മുതലാളിമാർ യൂറോപ്യൻ ആധിപത്യത്തിന്റെ പ്രതീകങ്ങളായി. അവർ സ്വന്തമായി ഒരു സ്വകാര്യ സേനയെ നിലനിർത്തിയിരുന്നു. സ്വകാര്യവല്ക്കരിച്ച ഹിംസയായിരുന്നു അവരുടെ അടിസ്ഥാന യോഗ്യതകളിൽ ഒന്ന് (Privatised violence was one of their core competence). പുതുതായി പിറവിയെടുത്ത മൂലധന വ്യവസ്ഥയുടെ തുടിക്കുന്ന ഹൃദയം അടിമത്തമായിരുന്നു എന്ന് സ്വെൻബെകേർട്ട് പറയുന്നു.

ചൂഷണ മണ്ഡലം കൂടുതൽ കൂടുതൽ വിസ്തൃതമാക്കുന്നതിനോടൊപ്പം അടിച്ചമർത്തലിന്റെ സാമൂഹികഘടന മുതലാളിത്തം പുനരുല്പാദിപ്പിച്ചുകൊണ്ടിരിക്കും. ചൂഷണത്തിനെതിരെയുള്ള സംഘടിത പ്രക്ഷോഭങ്ങൾ മുതലാളിത്തത്തെ കൂടുതൽ കൂടുതൽ പ്രതിരോധിച്ച നിർത്തി. ഇതിന്റെ ഭാഗമായാണ് അടിമത്തം നിരോധിക്കപ്പെട്ടത്, തൊഴിൽ നിയമങ്ങൾ പ്രാബല്യത്തിൽ വന്നത്. ഔദ്യോഗിക തലത്തിൽ ഈ പ്രതിരോധത്തിന് വിധേയമായാണ് മുതലാളിത്ത വ്യവസ്ഥ പ്രവർത്തിക്കുന്നതെങ്കിലും അതിന്റെ ലാഭകരമായ നിലനില്പിന് നിയമങ്ങൾ പ്രതിരോധങ്ങളാകാത്ത അധോതലങ്ങളെ സൃഷ്ടിച്ചു. തൊഴിലാളികളുടെ ചോറ്റു പട്ടാളം അധിവസിക്കുന്ന അധോതലങ്ങൾ രാഷ്ട്രീയ സമൂഹത്തിന് പുറത്താണ് നിലനിൽക്കുന്നത്. ഇന്ത്യ പോലുള്ള രാജ്യത്ത് ജാതിയുമായി ഇഴുകിചേർന്നിരിക്കുന്ന മുതലാളിത്തമാണ് നിലവിലുള്ളത്. ജാതിയും മുതലാളിത്തവും എന്നത് അതിമാരകമായ ചേരുവയാണ്. ഇത് രണ്ടിനെയും മറികടക്കുന്നതായിരിക്കണം ജനാധിപത്യപരമായ വിമോചന സങ്കൽപം. ജനാധിപത്യപരമായ വിമോചന സങ്കല്പത്തിന് ആധാരമാക്കേണ്ടത് ഉയർന്നതും ഉൽകൃഷ്ടവുമായ സ്വാതന്ത്ര്യ ബോധമാണ്. അത്തരമൊരു ഉദാത്തമായ (sublime) സ്വാതന്ത്ര്യ ബോധം എങ്ങിനെയുള്ളതാണ്? എന്താണത്? അത് ബഷീറിലുണ്ടായിരുന്ന സ്വാതന്ത്ര്യ ബോധമാണോ?

"യു ആർഫ്രീ" തടവറയിൽനിന്ന് മോചിതനാകുന്നു എന്ന വാർത്ത കേൾക്കുമ്പോൾ ബഷീർ നടുങ്ങിപ്പോവുകയാണ്. 'വൈ ഷുഡ് ഐ ബി ഫ്രീ. ഹു വാണ്ട്സ് ഫ്രീഡം' എന്ന പ്രതി ചോദ്യം മതിലുകളിൽ തട്ടി പ്രതിധ്വനിക്കുകയാണ്.

"സ്വതന്ത്രൻ...! സ്വതന്ത്ര ലോകം...! ഏതു സ്വതന്ത്ര ലോകം? വൻ ജയിലിലേക്കുവേണമല്ലോ പോകാൻ? ആർക്ക് വേണം ഈ സ്വാതന്ത്ര്യം?"

ദേശീയ സമരത്തിന്റെ പരിസരത്തിൽ ജയിലിനു പുറത്തെ വൻ ജയിൽ എന്നത് അനേക പ്രതിധ്വനികൾ ഉള്ള ചോദ്യമായിരുന്നു. ഇക്കാലമത്രയും കഴിഞ്ഞിട്ടും ആ ചോദ്യത്തിന്റെ അലയൊലികൾ നിലയ്ക്കുന്നില്ല. ആർക്ക് വേണം സ്വാതന്ത്ര്യം എന്നതിൽ നീതി എന്തായിരിക്കണം എന്ന എക്കാലത്തെയും അന്വേഷണങ്ങളിൽ, എന്നാൽ വിവരണങ്ങൾക്ക് വിധേയമാകാത്തതും ചരിത്രസന്ധികളോട് എപ്പോഴും മാറ്റുരച്ചുകൊണ്ട് വികസ്വരമാകുന്നതുമായ സ്വാതന്ത്ര്യ സങ്കല്പമുണ്ട്. അതാണ്ആ ചോദ്യത്തിലെ 'സ്വാതന്ത്ര്യത്തിന്റെ' ഉദാത്തത.

ബറോഡ: രണ്ട് കാലങ്ങൾ രണ്ട് അനുഭവങ്ങൾ

—ജോൺസ് മാത്യു

Nasreen Mohamedi, പേപ്പർ, പെൻ & കോഫി, 2018.

ബറോഡയിലെ ഫാക്കൽറ്റി ഓഫ് ഫൈൻ ആർട്സിൽ ചിത്രകലാ വിദ്യാഭ്യാസത്തിനായി ചേരുവാനുള്ള അഭിരുചി പരീക്ഷക്ക് 1986 ജൂലൈയിൽ കൈയിലുണ്ടായിരുന്ന സ്യൂട്ട് കേസുമായി പ്രഭാകരനെ അന്വേഷിച്ചു ചെന്നത് ഒന്നാം വർഷ ബി. എഫ്. എ. ക്ലാസ്സിലേക്കായിരുന്നു. നസ്രീൻ മൊഹമ്മെദിയെന്ന (Nasreen Mohamedi 1937–1990) ചിത്രകാരിയായിരുന്നു ക്ലാസ്സിലെ അദ്ധ്യാപിക. പാക്കിസ്ഥാനിൽ ജനിച്ച് ഇന്ത്യയിൽ സ്ഥിരതാമസമാക്കിയ അവർ സവിശേഷമായ ശൈലിയിൽ അതിസൂക്ഷ്മമായ രേഖാഗണിത ഘടനകളാൽ അമൂർത്ത സംഗീത സാന്ദ്രമായ അസാധാരണ ആകൃതികൾ സൃഷ്ടിച്ചു. ആധുനിക ഇന്ത്യൻ ചിത്രകലയിൽ ശ്രദ്ധേയയായ ചിത്രകാരിയാണ് അവർ എന്നൊന്നും അന്നെനിക്കറിയില്ലായിരുന്നു.

വി. എസ്. ഗൈറ്റോണ്ട്, എം. എഫ്. ഹുസൈൻ, തയ്യബ് മേത്ത തുടങ്ങിയ സമകാലികരായിരുന്ന ചിത്രകാരന്മാരുമായുള്ള സമ്പർക്കവും ലണ്ടൻ, ന്യൂയോർക്, ഡോക്യുമെന്റ്, കാസ്സെൽ തുടങ്ങിയ അന്താരാഷ്ട്ര കലാപരിസരങ്ങളിൽ നടത്തിയ പ്രദർശനങ്ങളും നസ്രീൻ മൊഹമ്മെദിക്ക് ചിത്രകാരിയെന്ന നാട്യവും പരിവേഷവും ഉണ്ടായിരുന്നില്ല.

നാഡീവ്യൂഹ അപചയമെന്ന അസാധാരണ രോഗം കീഴടക്കിക്കൊണ്ടിരുന്ന ആ അവസ്ഥയിലും അവർ കസേരകൈപിടിയിൽ സ്കെച് പുസ്തകം മുട്ടുകൈക്കൊണ്ടു അമർത്തിവച്ച് അനിയന്ത്രിതമായി വിറച്ചുകൊണ്ടിരിക്കുന്ന ശരീരത്തെമറികടന്ന് നേർരേഖ വരയ്ക്കുന്ന ധ്യാനത്തിലേർപ്പെട്ടിരിക്കുമ്പോഴാണ് കേരളത്തിൽ നിന്ന് പ്രഭാകരനെ തേടി അവർക്കു മുൻപിൽ ഞാൻ എത്തിയത്. ഇളം തവിട്ടുനിറമുള്ള സാരി ധരിച്ചുകൊണ്ട് പുഞ്ചിരിക്കുന്ന മെലിഞ്ഞു നീണ്ട മുഖവുമായി അവർ കസേരയിൽ ഇരിക്കുകയായിരുന്നു.

ക്ലാസ് സമയത്ത് അനുവാദമില്ലാതെ കയറിയപ്പോഴുണ്ടായ മുൻകാല അനുഭവങ്ങൾ നാട്ടിൽ അനവധിയുണ്ടെങ്കിലും നസ്രീന്റെ സ്നേഹം നിറഞ്ഞ പെരുമാറ്റം എന്റെ ഭാഷാ പരിമിതിയും യാത്രാക്ഷീണവും നൊടിയിടയിൽ അപ്രത്യക്ഷമാക്കി. കോളേജ് വളപ്പിലൊരു വീട്ടിൽ താമസിച്ചിരുന്ന പ്രഭാകരനെ കണ്ടെത്തുവാൻ മനീഷ പരേഖ് എന്നുപേരുള്ള ഒന്നാം വർഷ വിദ്യാർത്ഥിനിയെ എന്നോടൊപ്പം നസ്രീൻ പറഞ്ഞു വിട്ടത് അവരുടെ വാത്സല്യത്തോടുകൂടിയ ഉത്തരവാദിത്തപരമായ പെരുമാറ്റമായിരുന്നു. അദ്ധ്യാപികയുടെ ഉത്തരവാദിത്ത പരിധികളിൽ പെടാത്ത ഈ പ്രവൃത്തി അവരുടെ സവിശേഷമായ വ്യക്തിത്വത്തെയും സ്വതന്ത്ര ചിന്തയുടെയും മനോഹരമായ പ്രതിഫലനമായിരുന്നു. അവർ പിന്നീട് എന്റെ ഒന്നാം വർഷ അദ്ധ്യാപികയായിരുന്നു.

വർഷങ്ങൾക്ക് ശേഷം ചിത്രകാരനായ സുരേന്ദ്രൻനായരുമായൊരു അഭിമുഖം നടത്തുവാൻ ബറോഡയിലെത്തിയപ്പോൾ മാറിയ രാഷ്ട്രീയ പരിസരം അനുഭവിക്കാനിടയായി.

സമ എന്ന പ്രദേശത്ത് നിന്നും സുരേന്ദ്രന്റെ വീട്ടിലേക്ക് അതിരാവിലെ ഓട്ടോ കാത്തുനിൽക്കുകയായിരുന്ന ഞാനും ഹോചിമിൻ, ബാബുമോൻ, അരുൺ വി. സി എന്നീ കൂട്ടാളികളും റോഡിൽ വച്ച് കൈയ്യിലൊരു മുട്ടൻ വടിയുമായി നടന്നിരുന്ന ആ പ്രദേശത്തുകാരനായ ഒരാൾ ഞങ്ങളോട് സൗഹൃദ സംഭാഷണങ്ങൾ നടത്തികൊണ്ടു അടുത്തുള്ള കാളീക്ഷേത്രം സന്ദർശിക്കുവാൻ നിർബന്ധിച്ചു. സമയക്കുറവുള്ളതിനാൽ അഭിമുഖസംഭാഷണം കഴിഞ്ഞതിന് ശേഷമാകാമെന്ന് പറഞ്ഞു സമാധാനിപ്പിച്ചു. ഓട്ടോ സംഘടിപ്പിച്ചു തന്നതിന് ശേഷം ഡ്രൈവറോടൊപ്പം കയറിയിരുന്ന് ഓരോരുത്തരുടെയും പേരുകൾ ചോദിച്ചു മനസ്സിലാക്കിയപ്പോൾ ഞാൻ ക്രിസ്ത്യാനിയാണോ എന്ന ചോദ്യത്തിലുടക്കി നിന്നു. മുൻകാല വംശീയ കലാപചരിത്ര ശകലങ്ങൾ നൊടിയിടയിൽ എന്നിലൂടെ കടന്നുപോയെങ്കിലും അയാളുടെ ചോദ്യങ്ങൾക്ക് എല്ലാം മറുപടി നൽകി.

വൈകുന്നേരം കാളീക്ഷേത്രം കാണാമെന്ന അയാളുടെ നിർബന്ധത്തിന് വഴങ്ങിഅയാൾ ഓട്ടോയിൽ നിന്നുമിറങ്ങിയപ്പോൾ ഞങ്ങൾ യാത്ര തുടർന്നു. അഭിമുഖംപല കാരണങ്ങളാൽ നീണ്ടു പോയതിനാൽ തിരിച്ചുള്ള വരവ് ചരിത്ര വിദ്യാർത്ഥിയായിരുന്ന അഭിരാമിന്റെ ബ്രേക്ക് ഇല്ലാത്ത ബൈക്കിലായിരുന്നു. രാത്രി ഏഴുമണിയോടെ ഓരോരുത്തരെയും സമയിലെ കെ. പി. റെജിയുടെ വീട്ടിൽ ഇറക്കുന്ന ഡ്രൈവൻ ജോലിക്കിടയിൽ റോഡരുകിൽനിന്നും കൈകൊട്ടി വിളിച്ച കാളീക്ഷേത്ര വഴികാട്ടി മറുപടിക്കു കാത്തുനിൽക്കാതെ ബൈക്കിനു പുറകിൽ കയറിയിരുന്ന് കാളീക്ഷേത്രത്തിലേക്ക് പോകുവാൻ നിർബന്ധം പിടിച്ചു.

എന്തുപറയണമെന്നറിയാതെ മരവിച്ച ചിന്തകൾ എന്നിലെ ചേതനയെ ഗ്രസിക്കുന്നതോടൊപ്പം ചുറ്റുപാടുമുള്ള ചലനാത്മക യാഥാർഥ്യത്തെ ഒരുവേള സാൽവദോർ ഡാലിയുടെ ‘The Persistence of Memory’ എന്ന ചിത്രത്തെ ഓർമ്മപ്പെടുത്തി. ബൈക്കിന് പുറകിലിരുന്ന മനുഷ്യനോട് അശ്രദ്ധമായി ക്ഷേത്രത്തിനകത്ത് പ്രവേശിക്കുന്നതിനെക്കുറിച്ചു സൂചിപ്പിച്ചപ്പോൾ കുറച്ചു നേരത്തെ മാനത്തിന് ശേഷം മടിച്ചുകൊണ്ട് അയാൾ ഞാൻ ശുദ്ധിയായി വരുന്നത് വരെ കാത്തിരിക്കാമെന്നേറ്റ് ബൈക്കിൽ നിന്നും ഇറങ്ങി. കയ്യിലെ മുട്ടൻ വടിയുമായി റോഡരുകിൽ ഇറങ്ങിയ ആ മനുഷ്യനോട് എനിക്ക് സഹതാപം തോന്നി.

നോബൽ സമ്മാനം

—ബോറിസ് പാസ്റ്റർനാക്

കൂട്ടിലടയ്ക്കപ്പെട്ട മൃഗത്തെപ്പോലെ
ഞാൻ ഒറ്റപ്പെട്ടിരിയ്ക്കുന്നു-
എന്റെ ചങ്ങാതിമാരിൽ നിന്നും,
എന്റെ സ്വാതന്ത്ര്യത്തിൽ നിന്നും,
എന്റെ സൂര്യനിൽ നിന്നും.
വേട്ടക്കാർ മുന്നേറുകയാണ്;
എനിയ്ക്കു പോകാൻ ഒരിടമില്ല.
ഇരുണ്ട കാടും, കുളക്കരയും,
വെട്ടിവീഴ്ത്തിയൊരു മരത്തിന്റെ മുരടും മാത്രം.
മുന്നോട്ടു പോക വയ്യ; പിന്നോട്ടും.
എന്റെ കഥ കഴിഞ്ഞിരിയ്ക്കുന്നു.
ഞാൻ കൊള്ളക്കാരനോ
കൊലയാളിയോ ആണോ?
ഇങ്ങനെ അധിക്ഷേപിയ്ക്കപ്പെടാൻ
എന്തു തെറ്റാണു ഞാൻ ചെയ്തത്?

എന്റെ നാടിന്റെ കഥ പറഞ്ഞ്
ഞാൻ ലോകത്തെയാകെ കരയിച്ചു.
എങ്കിലും, എന്റെ ശവക്കുഴിയെത്തൊട്ടു
നിൽക്കുമ്പോഴും ഞാൻ വിശ്വസിയ്ക്കുന്നു,
ക്രൂരതയെയും കലഹങ്ങളെയും
ഇരുട്ടിന്റെ ശക്തികളെയും
വെളിച്ചത്തിന്റെ ചൈതന്യം
കീഴ്പ്പെടുത്തുമെന്ന്.

വേട്ടക്കാർ അടുത്തടുത്തു വരുകയാണ്,
തെറ്റായ ഇരയെ ഉന്നം വെച്ചുകൊണ്ട്.
എനിക്ക് വിശ്വസ്തരും സത്യസന്ധരുമായ
സഹായികളാരുമില്ല.
എന്റെ കഴുത്തിൽ കുരുക്കു മുറുകുമ്പോൾ
ഒരു നിമിഷത്തേയ്ക്കെങ്കിലും
എന്റെ കണ്ണീരു തുടയ്ക്കാൻ
ആരെങ്കിലും എന്റെ
അടുക്കലുണ്ടായിരുന്നെങ്കിലെന്നു
ഞാൻ ആശിയ്ക്കുന്നു.

ബോറിസ് പാസ്റ്റർനാക് (1890–1960) പത്തുപന്ത്രണ്ടു കൊല്ലം മുമ്പുതന്നെ പലതവണ പരിഗണിയ്ക്കപ്പെട്ടിരുന്നുവെങ്കിലും തൊള്ളായിരത്തി എമ്പെത്തെട്ടിലാണ് പാസ്റ്റർനാക്കിന് സാഹിത്യത്തിനുള്ള നോബൽ പ്രഖ്യാപിക്കപ്പെട്ടത്. സമ്മാനം തിരസ്കരിച്ചുകൊണ്ടുള്ള പ്രസ്താവന ഇറക്കണമെന്ന പാർട്ടി തീട്ടൂരം പിറ്റേന്നു തന്നെയെത്തി. പാസ്റ്റർനാക്കിസ് വഴങ്ങിയില്ല, കേന്ദ്രകമ്മിറ്റിയുടെ സാംസ്കാരികവിഭാഗത്തിന്റെ അധ്യക്ഷനെക്കാണാൻ പോയതുമില്ല.

റൈറ്റേഴ്സ് യൂണിയന്റെ സമ്മേളനത്തിൽ പങ്കെടുത്തില്ലെങ്കിലും സമ്മാനത്തുക സമാധാനസംരക്ഷണ സമിതിയ്ക്ക് നൽകാമെന്ന് എഴുതി അറിയിച്ചു. ഒരു ഫലവുമുണ്ടായില്ല. അധിക്ഷേപങ്ങളും ഭീഷണികളും തുടർന്നു. ഒടുവിൽ 'തിരസ്കാരത്തെ അനാദരമായിക്കാണരുതേ' എന്ന അപേക്ഷയോടെ നോബൽ സമ്മാനം സ്വീകരിക്കുന്നില്ലെന്ന് കമ്മിറ്റിയെ അറിയിച്ചു. പാസ്റ്റർനാക് സംരക്ഷണസമിതിയുടെ ആധ്യക്ഷ്യം താൻ ഏറ്റെടുക്കുമെന്ന് ജവഹർലാൽ നെഹറു ക്രൂഷ്ചേവിനെ ഫോൺ ചെയ്തു പറഞ്ഞില്ലായിരുന്നെങ്കിൽ പാസ്റ്റർനാകിസിനെ അപ്പോൾതന്നെ നാടുകടത്തിയേനേ.

ഭീതിയുടെയും വിഷാദത്തിന്റെയും ഈ പശ്ചാത്തലത്തിലാണ് പാസ്റ്റർനാക്ക് ഈ കവിതയെഴുതിയത്.

പരിഭാഷ: ആത്മാരാമൻ

പക്ഷം പിടിച്ചേ മതിയാകൂ

—ഏലി വീസൽ

ഞാൻ ഓർക്കുന്നു: ഇന്നലെയാണ് അതു നടന്നത്. അല്ലെങ്കിൽ അനന്തകാലങ്ങൾക്കു മുൻപ്. ചെറുപ്പക്കാരനായ ഒരു ജൂതപ്പയ്യൻ രാത്രിയുടെ സാമ്രാജ്യം കണ്ടെത്തി. അവന്റെ പരിഭ്രാന്തി എനിക്ക് ഓർമയുണ്ട്. അവന്റെ പ്രാണസങ്കടം എനിക്ക് ഓർമയുണ്ട്. അതെല്ലാം സംഭവിച്ചതു വളരെ വേഗത്തിലായിരുന്നു. ഒറ്റ തിരിച്ച ഇടങ്ങൾ. നാടുകടത്തൽ. അടച്ചുകെട്ടിയ വാഗൺ. ഞങ്ങളുടെ ജനതയുടെ ചരിത്രവും മനുഷ്യരാശിയുടെ ഭാവിയും കുരുതി കൊടുക്കാൻ ഉദ്ദേശിച്ചുള്ള ഭീതിദമായ അൾത്താര.

ഞാൻ ഓർക്കുന്നു: അവൻ അച്ഛനോടു ചോദിച്ചു: "ഇതു ശരിയാകുമോ? ഇത് ഇരുപതാം നൂറ്റാണ്ടാണ്, മധ്യകാലമല്ല. ഇങ്ങനെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യാൻ ആര് അനുവദിക്കും? ലോകത്തിന് എങ്ങനെ നിശ്ശബ്ദമായിരിക്കാൻ പറ്റും?

ഇപ്പോൾ കുട്ടി എന്റെ നേർക്കു തിരിയുന്നു: 'പറയൂ' അവൻ ചോദിക്കുന്നു: "എന്റെ ഭാവിയോടു നിങ്ങൾ എന്താണു ചെയ്തത്? നിങ്ങളുടെ ജീവിതം കൊണ്ട് നിങ്ങളെന്താണു ചെയ്തത്?"

ഞാൻ ശ്രമിച്ചിട്ടുണ്ടെന്ന് ഞാൻ അവനോടു പറയുന്നു. ഓർമയുടെ ജീവസ്സു കാത്തു സൂക്ഷിക്കാൻ ശ്രമിച്ചെന്ന്. മറക്കുമായിരുന്നവരോടു പൊരുതാൻ ശ്രമിച്ചിട്ടുണ്ടെന്ന്. കാരണം നമ്മൾ മറന്നാൽ നമ്മളും കുറ്റക്കാരാണ്. നമ്മളും കൂട്ടുത്തരവാദികളാണ്.

നമ്മൾ എത്ര നിഷ്കളങ്കരായിരുന്നുവെന്ന് പിന്നെ ഞാൻ അവനോടു വിശദീകരിച്ചു. ലോകം അറിഞ്ഞിരുന്നിട്ടും നിശ്ശബ്ദത പാലിച്ചു. എവിടെ, എപ്പോൾ മനുഷ്യർ ദുരിതവും അപമാനവും അനുഭവിക്കുന്നുണ്ടോ അപ്പോഴൊന്നും നിശ്ശബ്ദനായിരിക്കില്ലെന്ന് ഞാൻ പ്രതിജ്ഞയെടുത്തത് അതുകൊണ്ടാണ്. നാം പക്ഷം പിടിച്ചേ മതിയാകൂ. ഒരിക്കലും ഇരയെയല്ല, അടിച്ചമർത്തുന്നവനെയാണ് നിഷ്പക്ഷത സഹായിക്കുന്നത്. നിശ്ശബ്ദത ധൈര്യമേകുന്നത് പീഡകനാണ്, ഒരിക്കലും പീഡിതനല്ല. ചിലപ്പോൾ നാം ഇടപെട്ടേ മതിയാകൂ.

മനുഷ്യജീവിതങ്ങൾ വംശനാശത്തിലാകുമ്പോൾ, മനുഷ്യാന്തസ്സ് അപായസ്ഥിതിയിലാകുമ്പോൾ ദേശീയ അതിർത്തികളും സംവേദനക്ഷമതയും അപ്രസക്തമാകുന്നു. വർഗം, മതം അല്ലെങ്കിൽ രാഷ്ട്രീയ വിശ്വാസങ്ങളുടെ പേരിൽ എവിടെയൊക്കെ ആണും പെണ്ണും പീഡിപ്പിക്കപ്പെടുന്നുണ്ടോ, ആ നിമിഷം തന്നെ അവിടം പ്രപഞ്ചത്തിന്റെ കേന്ദ്രമാകണം.

എന്റെ ജനതയുടെ ഓർമയിലും പാരമ്പര്യത്തിലും ആഴത്തിൽ വേരോടിയ ഒരു ജൂതനായതുകൊണ്ട് തീർച്ചയായും എന്റെ ആദ്യ പ്രതികരണം ജൂതരുടെ ഭീതികളോടും ജൂതരുടെ ആവശ്യങ്ങളോടും ജൂതപ്രതിസന്ധികളോടുമാണ്. ഞങ്ങളുടെ ജനതയുടെ പരിത്യാഗങ്ങളും ഏകാന്തതയും ശീലിച്ച ആഘാതമേറ്റൊരു തലമുറയിൽ പെട്ടയാളാണല്ലോ ഞാൻ. ജൂത മുൻഗണനകളെ ഞാൻ എന്റേതാക്കാതിരിക്കുന്നത് അസ്വഭാവികമാകും: ഇസ്രായേൽ, സോവിയറ്റ് ജൂതർ, അറബി നാടുകളിലെ ജൂതർ. പക്ഷേ അതുപോലെ എനിക്കു പ്രധാനമായ മറ്റുള്ളവരുമുണ്ട്. എന്റെ നോട്ടത്തിൽ സെമിറ്റിക് വിരുദ്ധതപോലെ ജൂഗുപ്സാവഹമാണ് വർണ വിവേചനം. ജോസഫ് ബിഗുനെ തടങ്കലിലാക്കിയതുപോലെ കളങ്കിതമാണ് എനിക്ക് ആന്ദ്രെ സഖാറോവിന്റെ ഒറ്റപ്പെടലും. സോളിഡാരിറ്റിക്കും അതിന്റെ നേതാവ് ലേ വലേസയ്ക്കും വിയോജിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്നതും അതുപോലെ. നെൽസൺ മണ്ടേലയുടെ തീരാത്ത തടവും അതുപോലെ.

നമ്മുടെ ശ്രദ്ധയ്ക്കായി കരഞ്ഞുവിളിക്കുന്ന അനീതിയും ദുരിതവും ഏറെയുണ്ട്. വിശപ്പിന്റെയും വംശീയതയുടെയും രാഷ്ട്രീയ പീഡനത്തിന്റെയും ഇരകൾ. ഇടതും വലതും ഭരിക്കുന്ന ഒട്ടേറെ നാടുകളിൽ തടവുകാരായ എഴുത്തുകാരും കവികളും. എല്ലാ ഭൂഖണ്ഡങ്ങളിലും മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നു. സ്വതന്ത്രരായവരേക്കാളുമുണ്ട് അടിച്ചമർത്തപ്പെട്ടവർ.

പിന്നെ പലസ്തീൻകാർ. അവരുടെ നിർഭാഗ്യകരമായ അവസ്ഥയോടു വൈകാരികതയുള്ള ആളാണ് ഞാൻ. പക്ഷേ അവരുടെ മുറകളെ ഞാൻ അപലപിക്കുന്നു. അക്രമവും തീവ്രവാദവുമല്ല ഉത്തരം. അവരുടെ ദുരിതത്തിന്റെ കാര്യത്തിൽ വേഗം തന്നെ എന്തെങ്കിലും ചെയ്തേ മതിയാകൂ. ജൂതരെ വിശ്വാസമായതുകൊണ്ട് ഞാൻ ഇസ്രായേലിൽ പ്രത്യാശ പുലർത്തുന്നു. ഇസ്രായേലിന് ഒരു അവസരം കൊടുക്കുക. അവളുടെ ചക്രവാളങ്ങളിൽ നിന്ന് വിദ്വേഷവും അപകടവും നീക്കപ്പെടട്ടെ, വിശുദ്ധ നാടുകളിലും പരിസരത്തും സമാധാനമുണ്ടാകും.

അതെ, എനിക്കു വിശ്വാസമുണ്ട്. ദൈവത്തിലുള്ള വിശ്വാസം, അവന്റെ സൃഷ്ടിയിൽപ്പോലുമുള്ള വിശ്വാസം. അതില്ലെങ്കിൽ ഒരു പ്രവർത്തനവും സാധ്യമാവില്ല. എല്ലാത്തിലും വച്ച് ഗൂഢമായ അപകടമായ ഉപേക്ഷയ്ക്കുള്ള ഏക പ്രതിവിധിയാണ് പ്രവർത്തനം. ആൽഫ്രാഡ് നൊബേലിന്റെ പൈതൃകത്തിന്റെ അർഥവും ഇതുതന്നെയല്ലേ? അദ്ദേഹത്തിന്റെ യുദ്ധഭീതി, യുദ്ധത്തിന് എതിരായ പരിചയായിരുന്നില്ലേ?

ചെയ്യാൻ ഒരുപാടുണ്ട്. ചെയ്യാൻ ആകുന്നവയും ഒരുപാടുണ്ട്. റൗൾ വാലെൻബെർഗിനെയോ ആൽബെർട്ട് ഷ്വൈയിറ്റ്സറെപ്പോലെ സ്വഭാവദാർഢ്യമുള്ള ഒരുവ്യക്തിക്ക് വ്യത്യാസമുണ്ടാക്കാൻ കഴിയും. ജീവിതവും മരണവും പോലുള്ള വ്യത്യാസം. ഒരു വിമതൻ പോലും ജയിലിൽ കഴിയുന്നിടത്തോളം നമ്മുടെ സ്വാതന്ത്ര്യം സത്യമായിരിക്കില്ല. ഒരു കുട്ടിക്കെങ്കിലും വിശപ്പ് ഉള്ളിടത്തോളം നമ്മുടെ ജീവിതങ്ങൾ പ്രാണസങ്കടത്താലും ലജ്ജയാലും നിറയും. എല്ലാത്തിലും ഉപരിയായി ഈ ഇരകളെല്ലാം അറിയേണ്ടത് അവർ ഒറ്റയ്ക്കല്ലെന്നാണ്; നമ്മൾ അവരെ മറക്കുന്നില്ലെന്ന്, അവരുടെ ശബ്ദങ്ങൾ അമർച്ച ചെയ്യപ്പെട്ടപ്പോൾ നമ്മുടേത് അവർക്കു നല്കമെന്ന്, അവരുടെ സ്വാതന്ത്ര്യം നമ്മുടേതിനെ ആശ്രയിച്ചാണെങ്കിൽ, നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ഗുണം അവരുടേതിനെ ആശ്രയിച്ചിരിക്കുമെന്ന്.

1986 ഡിസംബർ 10-ന് സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം ഏറ്റുവാങ്ങിക്കൊണ്ട് ഏലി വീസൽ നടത്തിയ പ്രഭാഷണത്തിൽ നിന്നുള്ള ഭാഗം. നാസികളുടെ ഗ്യാസ് ചേംബറുകളെ അതിജീവിച്ച എഴുത്തുകാരനാണ് അദ്ദേഹം.

പരിഭാഷ: ബിജീഷ് ബാലകൃഷ്ണൻ

പോസ്റ്റുകാർഡ് സ്കെച്ച്

—ചിന്നൻ

സുഗതകുമാരി: കവി, പരിസ്ഥിതി പ്രവർത്തക; ജി. അരുണിമ: ചരിത്ര ഗവേഷക, പരിഭാഷക, ജെ. എൻ. യു വിൽ പ്രൊഫസർ; അനിത തമ്പി: കവി, പരിഭാഷക; ഡോ. കാവ്യ കൃഷ്ണ: കെ. ആർ. അസിസ്റ്റന്റ് പ്രൊഫസർ ഐ. ഐ. റ്റി വാരണാസി; പ്രസന്ന കെ. വർമ: പരിഭാഷക; കൃഷ്ണ അനുജൻ: ന്യൂയോർക്കിലെ കൊളംബിയ യൂണിവെഴ്സിറ്റിയിൽ പരിസ്ഥിതി പഠനത്തിൽ ഗവേഷക; ഗായത്രി ആറ്റൂർ: വിജയവാഡ എൻ. ഐ. ഡിയിൽ വിദ്യാർത്ഥി; ഡോ. ജ്യോതി ഗോപ: പരിഭാഷക; ശോശ ജോസഫ്: ചിത്രകാരി; വിസ്ലാവ സിംബോർസ്ക: റഷ്യൻ കവി; അന്ന അഖ്മതോവ: റഷ്യൻ കവി; ശാന്തി രാജശേഖരൻ ഗവേഷക; കെ. എൻ. പണിക്കർ: ചരിത്രകാരൻ; ആർ. നന്ദകുമാർ: കലാചരിത്രകാരൻ; സക്കറിയ: കഥാകൃത്ത്, നോവലിസ്റ്റ്, സാമൂഹ്യനിരൂപകൻ; എൻ. എസ്. മാധവൻ: കഥാകൃത്ത്, നോവലിസ്റ്റ്, ഫുട്ബോൾ എഴുത്തുകാരൻ; മേതിൽ: കഥാകൃത്ത് നോവലിസ്റ്റ്, ജന്തുസ്വഭാവത്തിൽ ഗവേഷകൻ; ഇ. പി. ഉണ്ണി: ദി ഇന്ത്യൻ എക്സ്പ്രസ്സിൽ ചീഫ് പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റ്, കാർട്ടൂൺ ഗവേഷകൻ; ഡോ. വിനോദ് കെ. ജോസ്: എക്സിക്യൂട്ടീവ് എഡിറ്റർ കാരവൻ മാഗസിൻ; സന്തോഷ് ഏച്ചിക്കാനം: കഥാകൃത്ത്, തിരക്കഥാകൃത്ത്; ഇ സന്തോഷ് കുമാർ: കഥാകൃത്ത്, നോവലിസ്റ്റ്; സി. എസ്. വെങ്കിടേശ്വരൻ: പരിഭാഷകൻ. പ്രഭാകരൻ: ചിത്രകാരൻ, എഴുത്തുകാരൻ; അലക്സ് മാത്യു: ശില്പിയും ചിത്രകാരനും; പ്രിയരഞ്ജൻലാൽ: ഗ്രാഫിക് ആർട്ടിസ്റ്റ്; ജോൺസ് മാത്യു: ചിത്രകാരൻ; എൻ. എൻ. റിംസൺ: ശില്പിയും ചിത്രകാരനും; ടോം വട്ടക്കുഴി: ചിത്രകാരൻ; രാമു അരവിന്ദൻ: ഫോട്ടോഗ്രാഫർ, കമ്മ്യൂണിക്കേഷൻ ഡിസൈനർ, ബാംഗ്ലൂരിലെ ലാൻഡ്റ്റിറിന്റെ ഡയറക്ടർ; ആത്മാരാമൻ: കവി, പരിഭാഷകൻ; അനൂപ് മാത്യു തോമസ്: ആർട്ടിസ്റ്റ്; ബിജീഷ് ബാലകൃഷ്ണൻ: പരിഭാഷകൻ, പത്രപ്രവർത്തകൻ; പ്രദീപ് എം. നായർ: ചലച്ചിത്ര സംവിധായകൻ; റാഫേൽ ജോസഫ്: കവി, പരിഭാഷകൻ; മുരളി ചീരോത്ത്: വിഷ്വൽ ആർട്ടിസ്റ്റ്; കെ. എം. സീതി: മഹാത്മാഗാന്ധി സർവ്വകലാശാലയുടെ രാജ്യാന്തര പഠന വകുപ്പിൽ അദ്ധ്യാപകൻ; എം. എച്ച്. ഇല്യാസ്: ചലച്ചിത്ര സാംസ്കാരിക പഠനങ്ങളിൽ ഗവേഷകനും ചിന്തകനും; എ. എം. ഷിനാസ്: ചരിത്ര ഗവേഷകൻ; ഡെന്നീസ് ജോസഫ്: പരിഭാഷകൻ; ചന്ദ്രമോഹൻ എസ്.: ദളിത് കവി, ഇംഗ്ലീഷിൽ എഴുതുന്നു; ചിന്നൻ: ചിത്രകാരൻ; പി. കൃഷ്ണനുണ്ണി: സാംസ്കാരിക ചിന്തകൻ; ടി. എം. യേശുദാസൻ: പരിഭാഷകൻ, സാമൂഹ്യസാംസ്കാരിക ചിന്തകൻ; കെ. പി. കൃഷ്ണകുമാർ: ശിൽപ്പി, റാഡിക്കൽ പെയിന്റേഴ്സ് ആന്റ് സ്ൾപ്റ്റേഴ്സ് ഗ്രൂപ്പിലെ അംഗമായിരുന്നു, 1989-ൽ ആത്മഹത്യ ചെയ്തു; ശ്രീധർ വിജയകൃഷ്ണൻ: പിടിയാനകളുടെ സമൂഹ ജീവിതത്തെക്കുറിച്ചും പ്രജനന ശാസ്ത്രത്തെക്കുറിച്ചുമാണ് ഡോക്ടറേറ്റ് ഗവേഷണം; ഷിറോൺ ആന്റണി: പരിഭാഷകൻ; ബോറിസ് പാസ്റ്റർനാക്: റഷ്യൻ എഴുത്തുകാരൻ; ഓസിപ് മന്ദേൽസ്റ്റാം: റഷ്യൻ കവി; ഹാരി മാത്യൂസ്: അമേരിക്കൻ എഴുത്തുകാരൻ; നികനോർപാർറ: ലാറ്റിനമേരിക്കൻ കവി; സി. പി. കവാഫി: ഗ്രീക്ക് കവി; ദാനിൽ ഹാംസ്: റഷ്യൻ എഴുത്തുകാരൻ; ഷോർഷ് പെരക്: ഫ്രഞ്ച് എഴുത്തുകാരൻ; യോൻ ഫോസെ: നോർവീജിയൻ എഴുത്തുകാരൻ; കാൾ ഒവ് നൊസ്ഗർ: നോർവീജിയൻ എഴുത്തുകാരൻ; ഷെനെ: ഫ്രഞ്ച് എഴുത്തുകാരൻ.

□

ഉണ്ണി ആർ

കഥാകൃത്തും തിരക്കഥാകൃത്തുമാണ്. തിരുവനന്തപുരത്ത് താമസം. കോട്ടയത്തിനടുത്ത് കുടമാളൂരിൽ ജനിച്ചു. അച്ഛൻ എൻ. പരമേശ്വരൻ നായർ. അമ്മ കെ. എ. രാധമ്മ. ഭാര്യ അനു ചന്ദ്രൻ. മകൾ സരസ്വതി.

ബെന്യാമിൻ

പുതിയ തലമുറയിലെ മലയാളി ചെറുകഥാകൃത്തും നോവലിസ്റ്റുമാണ് ബെന്യാമിൻ. പ്രവാസിയായ ഇദ്ദേഹം ബഹ്റൈനിലാണ് താമസിക്കുന്നത്. സ്വദേശം പത്തനംതിട്ട ജില്ലയിലെ പന്തളത്തിനടുത്ത് കുളനട. ആനുകാലികങ്ങളിൽ കഥകളും നോവലുകളും എഴുതുന്നു. യഥാർത്ഥ നാമം ബെന്നി ഡാനിയേൽ. "ആടു ജീവിതം" എന്ന നോവലിന് 2009-ലെ മികച്ച നോവലിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്. നിരവധി പുരസ്കാരങ്ങൾ. അനേകം നോവലുകളും കഥാസമാഹാരങ്ങളും.

കാലിഗ്രഫി: എൻ. ഭട്ടതിരി

(വിവരങ്ങൾക്കും ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വിതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014